# ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ



ആദിനായകനായ സർവ്വേശ്വരൻ
ആദത്തിൻസുതനായ്ചമച്ചെന്നേയും
ആയതിനെന്തു കാരണം ദൈവമെ!
ആദ്യഹീനനാം നിന്റെ ദയതന്നെ!!

ഇഹലോകത്തിൽ കാണും മൃഗത്തെപ്പോൽ
ഇക്കാമിയായയെന്നേയുംചെയ്യെങ്കിൽ
ഇതെന്തിനെന്നു നിന്നോടുണർത്തിപ്പാൻ
ഇഹലോകെ പരലോകെ യാരുള്ളു ।

വാല്യം രണ്ട്

## സാഹിത്യകൃതികൾ

## ചാവറയച്ചന്റെ

# സാഹിത്യകൃതികൾ

## ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ

**എഡിററർ: ഫാ. ഇസഡ്. എം. മൂഴൂർ സി. എം. ഐ.**
**(കൺവീനർ, ഭാഷാപരിശോധക സമിതി)**

സി. എം. ഐ. പ്രസാധക കമ്മിററി

(Malayalam)

CHAVARAYACHENTE SAMPOORNA KRUTHIKAL

(Volume II. Sahithyakruthikal)

**Edited by Fr. Z.M. Moozhoor C.M.I.**

First Edition 1981

Second Edition 1986

Third Edition 2014

Published by
St. joseph's press Mannanam

Printed at
St. joseph's press Mannanam

Price Rs. **120.00**

Distribution : San Jos Books, Mannanam

## പുന: പ്രസാധനത്തെപ്പററി രണ്ടുവാക്ക്

ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ കേരളസഭയുടെ അഭിമാന പാത്രമാണ്. കഴിഞ്ഞ നൂററാണ്ടിൽ അദ്ദേഹം കേരള സഭയുടെ ആദ്ധ്യാത്മിക നേതൃത്വം ഏറെറടുത്തു. കേരള സഭയുടെ വളച്ച് ഉദ്ദേശം ചെയ്തു അതിൻെറ ആദ്ധ്യാത്മികതയ്ക്കു സഹായിക്കാനാണ് ''ആദ്ധ്യാത്മിക'' കൃതികൾ തയ്യാറാക്കിയതു്, സ്വജീവിതാനുഭവത്തിൽ നിന്നു്.

1984-ഏപ്രിൽ 7-ാം തീയതി ജോൺ പോൾ II- മാർപ്പാപ്പാ ദൈവദാസനായ ചാവറയച്ചനെ ''ധന്യൻ'' എന്ന പദവിയിലേയ്ക്കുയർത്തി. 1985 മേയ് 9-ാം തീയതി അദ്ദേഹത്തെ ''വാഴ്ത്തപ്പെട്ടവൻ'' എന്നു വിളിക്കുന്നതിനുള്ള വ്യവസ്ഥയായ അത്ഭുതത്തിനു് ഒപ്പുവച്ചു അംഗീകരിച്ചു. ഔദ്യോഗിക പ്രഖ്യാപനം മാർപാപ്പായുടെ കേരള സന്ദർശനാവസരത്തിൽ കോട്ടയത്തുവച്ചാകും. ഈ അവസരത്തിൽ ചാവറയച്ചൻെറ ''ആദ്ധ്യാത്മികകൃതികൾ'' പുനഃ പ്രസാധനം ചെയ്യണമെന്നു് പലരും ആവശ്യപ്പെട്ടു.

അതനുസരിച്ചാണു് നാമകരണ നടപടിയോടുകൂടിയുള്ള ആഘോഷങ്ങളുടെയും കർമ്മ-നവീകരണ പദ്ധതികളുടെയും നിയന്ത്രണങ്ങൾക്കായി നിയമിതമായ സ്റ്റീയറിംഗ് കമ്മിററി ഈ ഉത്തരവാദിത്വം ഏറെറടുത്തതു്. ഭാഷയിൽ കാര്യമായ വ്യത്യാസമൊന്നും വരുത്തിയിട്ടില്ല. ''വാഴ്ത്തപ്പെട്ടവൻ'' എന്ന ഔദ്യോഗിക പ്രഖ്യാപനം ഇതേവരെ ഉണ്ടായിട്ടില്ലാത്തതിനാൽ ഈ ഗ്രന്ഥത്തിലും അതുപേക്ഷിച്ചിരിക്കുന്നു.

ചാവറപിതാവിൻെറ ആദ്ധ്യാത്മിക ചൈതന്യം ഉൾക്കൊള്ളുവാൻ മലയാള മക്കൾക്കു് ഈ ഗ്രന്ഥം സഹായകമാകട്ടെ.

സ്റ്റീയറിംഗ് കമ്മിററിക്കുവേണ്ടി

എറണാകുളം ഫാ. ജോസഫ് നീലങ്കാവിൽ, സി.എം.ഐ.
15-1-1986 കൺവീനർ

# ഉള്ളടക്കം


അവതാരിക

പ്രസാധകക്കുറിപ്പ്

ആത്മാനുതാപത്തിനുള്ള ആമുഖം

ആത്മാനുതാപം

മരണവീട്ടിൽ പാടുന്നതിനുള്ള പാനയുടെ ആമുഖം

മരണവീട്ടിൽ പാടുന്നതിനുള്ള പാന

അനസ്താസ്യായുടെ രക്തസാക്ഷ്യത്തിനുള്ള ആമുഖം

അനസ്താസ്യായുടെ രക്തസാക്ഷ്യം

# അവതാരിക

ലോകചരിത്രമെന്നതു് ഇക്കാണായ വിശാലവിശ്വത്തിന്റെ ചരിത്രമല്ല, പ്രത്യുത, വ്യക്തിയുടെ അഥവാ വ്യക്തികളുടെ ചരിത്രമാണു്. മനുഷ്യൻ എന്ന പ്രതിഭാസമില്ലാത്ത ലോകം ലോകമല്ല; അതിനു ചരിത്രവുമില്ല. ഭൂത ഭാവി വർത്തമാനങ്ങളെ സ്വന്തം ജീവിതാനുഭവങ്ങളുടെ അനശ്വരചൈതന്യംകൊണ്ടു് പ്രശോഭപൂർണ്ണമാക്കുന്ന വ്യക്തികളുടെ ചരിത്രംതന്നെയാണു്, വികസ്വരവും നിത്യവിസ്മയവുമായ പ്രപഞ്ചത്തിന്റെ ചരിത്രം. മറ്റൊരുവാക്കിൽ, ജനിച്ചും വളർന്നും പ്രകൃതിയുടെ ഒഴുക്കിനൊത്തു നീങ്ങുന്ന ശരാശരി മനുഷ്യന്റെ സങ്കല്പങ്ങളേയും മാനദണ്ഡങ്ങളേയും അതിജീവിക്കുകയും, അവയ്ക്കുപരി ഉത്തുംഗമായി നിലകൊള്ളുകയും ചെയ്യുന്ന സമുൽകൃഷ്ടവ്യക്തിത്വത്തിന്റെ ഉടമകളാണു് വിശ്വചരിത്രത്തിന്റെ വിധാതാക്കൾ. കാലത്തിൽ കാലൂന്നിയവർ ജീവിച്ചാലും അവരുടെ കാഴ്ചപ്പാടും ജീവിതലക്ഷ്യവും കാലാതീതമായിരുന്നതിനാൽ അവർ ചിരംജീവികളായിത്തീരുന്നു.

കാലഘട്ടത്തെ അതിജീവിക്കുകയും, സ്വന്തം വ്യക്തിത്വത്തിന്റെ വശ്യശക്തികൊണ്ടു് ത്രികാലങ്ങളെ പ്രകാശമാനമാക്കുകയും ചെയ്ത ഞങ്ങളുടെ സഭാസ്ഥാപകനായ ദൈവദാസൻ ചാവറ കുരിയാക്കോസ് ഏലിയാസച്ചന്റെ ചരിത്രം കേരള ക്രൈസ്തവസമൂഹത്തിന്റെ ഒരു കാലഘട്ടത്തിന്റെ മുഴുവനും ചരിത്രമാണു്. സാമൂഹ്യസാംസ്കാരികരംഗത്താകട്ടെ, സർവ്വോപരി ആധ്യാത്മികരംഗത്താകട്ടെ ക്രാന്തദർശിയും മനുഷ്യസ്നേഹിയും, പുണ്യപുരുഷനും ആയ ചാവറയച്ചന്റെ സമുജ്ജ്വലവ്യക്തിത്വം മനസ്സിലാക്കുക കേരളചരിത്രം പഠിക്കുന്നവർക്കൊക്കെ ഒഴിച്ചുനിർത്താനാവാത്ത ഒന്നത്രെ.

ചേന്നങ്കരി ഇടവകാതിർത്തിയിലെ കൈനകരി ചാവറ കുടുംബത്തിൽ ക്രിസ്തുവർഷം 1805 ഫെബ്രുവരി 10-ാം തീയതി കുരിയാക്കോസ് ഏലിയാസച്ചൻ ജനിച്ചു. നാട്ടുനടപ്പനുസരിച്ചുള്ള വിദ്യാഭ്യാസം നിർവ്വഹിച്ചശേഷം 1815 ൽ പള്ളിപ്പുറം സെമിനാരിയിൽചേർന്നു് വൈദികപഠനം ആരംഭിച്ചു. അക്കാലയളവിൽ മാതാപിതാക്കളും ഏകസഹോദരനും മരണമടഞ്ഞു. സഹോദരപുത്രിയുടെ സംരക്ഷണമടക്കം കുടുംബകാര്യങ്ങൾ നിർവ്വഹിക്കേണ്ട ചുമതല അദ്ദേഹത്തിനുണ്ടെന്നറിയിച്ചു് ബന്ധുജനങ്ങൾ പള്ളിപ്പുറത്തെത്തി. സെമിനാരിവിട്ടു് വീട്ടിലെത്തുവാൻ അവർ അദ്ദേഹത്തെ നിർബന്ധിച്ചു. പക്ഷേ, നിശ്ചയദാർഢ്യത്തോടെ വൈദികജീവിതത്തിനു സ്വയം അർപ്പിച്ച അദ്ദേഹം ആ നിർബന്ധത്തിനു വഴങ്ങിയില്ല. കുരിയാക്കോസച്ചൻ വൈ

ദികപഠനം തുടന്നു. 1829_ൽ പൗരോഹിത്യം സ്വീകരിച്ചു. കുറെ നാൾ ചേന്നങ്കരിയിലും പുളിങ്കുന്നിലും താമസിച്ചു. പാലയ്ക്കൽ തോമ്മാ മല്പാന്റെയും പോരൂക്കര തോമ്മാ മല്പാന്റെയും സഹകരണത്തോടുകൂടി സി. എം. ഐ. സഭയുടെ സ്ഥാപനത്തിനു വേണ്ടി ചാവറയച്ചൻ അക്ഷീണം പരിശ്രമിച്ചു. 1831_ൽ മാന്നാനം കേന്ദ്രമാക്കി സി. എം. ഐ. സഭയ്ക്കു് അടിസ്ഥാനമിട്ടു. 1841_ൽ പാലയ്ക്കൽ തോമ്മാ മല്പാനും 1846_ൽ പോരൂക്കര തോമ്മാ മല്പാനും ദിവംഗതരായതോടുകൂടി സന്യാസസമൂഹത്തിന്റെ നേതൃത്വം ചാവറയച്ചൻ ഏറ്റെടുക്കേണ്ടിവന്നു.

1855 മുതൽ 1871 വരെ പ്രിയോർ ജനറാളായി ചാവറയച്ചൻ സി. എം. ഐ. സഭയെ സ്തുത്യർഹമായവിധം ഭരിച്ചു. 1861_ൽ സുറിയാനി കത്തോലിക്കരുടെ വികാരി ജനറാളായി അദ്ദേഹം നിയമിക്കപ്പെട്ടു.

1861_63 കാലഘട്ടം കേരളസഭയെ സംബന്ധിച്ചിടത്തോളം ഒരു കൊടുങ്കാറ്റിലൂടെ കടന്നുപോരലായിരുന്നു. സഭയെ ഉലച്ച ശീശ്മ കൊടുങ്കാററിനെ തടയുവാനും സുപഥാവിലൂടെ സഭയെ നയിക്കുവാനും ചാവറയച്ചന്റെ സുശക്തമായ നേതൃത്വത്തിനു കഴിഞ്ഞു. 1864 മുതൽ ചാവറയച്ചന്റെ പ്രവർത്തന കേന്ദ്രം കൂനമ്മാവു് ആയിരുന്നു. 1871 ജനുവരി 3_ാം തീയതി അദ്ദേഹത്തിന്റെ പാവനാത്മാവു് നിത്യസമ്മാനം സ്വീകരിക്കുവാൻ ഇഹലോകം വെടിഞ്ഞു. ഇപ്പോൾ അദ്ദേഹത്തിന്റെ നാമകരണനടപടികൾ ത്വരിതമായി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

ചാവറയച്ചന്റെ സമുന്നത വ്യക്തിത്വത്തിന്റെ മധുരദീപ്തമായ ഘടകം അദ്ദേഹം സാക്ഷാൽ ദൈവത്തിന്റെ മനുഷ്യനായിരുന്നു എന്നതാണു്. ദൈവപരിപാലനയിൽ അടിയുറച്ച വിശ്വാസം, സംഭവബഹുലമായ ആ ജീവിതത്തിന്റെ ഓരോ സ്പന്ദനത്തിലും ദർശിക്കാമായിരുന്നു. ദൈവം സ്നേഹനിധിയായ നല്ലപിതാവാണു്, അദ്ദേഹത്തിനു്. സ്നേഹവാത്സല്യങ്ങൾ കരകവിഞ്ഞൊഴുകുന്ന ആ പിതാവിനെ "എന്റെ പ്രിയ അപ്പാ" എന്നു് ഒരു പിഞ്ചുപൈതലിനെപ്പോലെ വിളിക്കുവാൻ ഭക്തിയാൽ തരളിത ഹൃദയനായ ആ ദൈവത്തിന്റെ മനുഷ്യനു് കഴിഞ്ഞു. ദൈവത്തിന്റെ അനുപമമായ സ്നേഹത്തെ സ്വാർത്ഥത തീണ്ടാത്ത മാതൃസ്നേഹത്തോടും അദ്ദേഹം തുലനപ്പെടുത്തുന്നുണ്ടു്. ഉറങ്ങിക്കിടക്കുന്ന ശിശുവിനെ ഉണർത്തി, ആവശ്യപ്പെടാതെ തന്നെ സ്തന്യം ദാനം ചെയ്യുന്ന അമ്മയെപ്പോലെ, നമ്മുടെ ആവശ്യങ്ങൾ നാം കാണുന്നതിനുമുമ്പുതന്നെ കണ്ടു് നമുക്കു നന്മകൾ ചൊരിയുന്ന ദൈവത്തെ ചാവറയച്ചൻ കാണിച്ചുതരുന്നു. ദൈവപരിപാലന ദൈവത്തിൽ വിശ്വസിക്കുന്ന ആർക്കും അനുഭവവേദ്യമാക്കുന്ന ലളിതസുഭഗവും ശാലീനവും ആയ കല്പന! തത്വ

ശാസ്ത്രത്തിന്റെ നിഗൂഢമേഖലകൾക്കോ, ശാസ്ത്രമേഖലയിലെ പരീക്ഷണങ്ങൾക്കോ അഭിഗമ്യമല്ലാത്ത പ്രമേയം ചാവറയച്ചന് അനുദിനജീവിതാനുഭവത്തിന്റെ ഉൾക്കാമ്പായിരുന്നു.

സഹജരെ മറന്നുള്ള ഒരു ദൈവാഭിമുഖ്യമായിരുന്നില്ല ചാവറയച്ചന്റേത്. അദ്ദേഹത്തിന്റെ ഈശ്വരോന്മുഖതയുടെ മുഖം പരോന്മുഖതയായിരുന്നു. സന്യാസസഭാ സ്ഥാപനത്തിന്റെ തന്നെ ലക്ഷ്യം ദ്വിമുഖമായിരുന്നു. "സ്വന്തം വിശുദ്ധിയും സഹോദരങ്ങളുടെ നന്മയും." സ്വന്തം ദൈവവിളിയെക്കുറിച്ചു ചിന്തിക്കുന്ന വേളയിൽ ഈ വസ്തുത വ്യക്തമാക്കുന്നുണ്ട്. "ദൈവം നൽകിയിട്ടുള്ള അപരിമിതമായ ദാനങ്ങൾ തന്റെ സഹോദരന്മാർക്കായും ആണെന്ന് അദ്ദേഹം ചിന്തിക്കുന്നു. ഇതു വെളിവാകുന്ന നിരവധി സംഭവങ്ങൾ അദ്ദേഹത്തിന്റെ നാളാഗമക്കുറിപ്പുകൾ ഉൾക്കൊള്ളുന്നുണ്ട്. ദൈവത്തിന്റെ സ്വാധാനദായകരായ മനുഷ്യൻ മറ്റുള്ളവർക്കും അതേ സമാധാനം നൽകുന്നു. അബ്ദീശോ മെത്രാന്റെ മാനസാന്തര സമയത്തെ ദൈവദാസന്റെ സമീപനം ഇതിനുദാഹരണമാണ്.

അധികാരത്തോടുള്ള വിധേയത്വം തികഞ്ഞ ക്രൈസ്തവ വീക്ഷണത്തോടും ലക്ഷ്യബോധത്തോടുംകൂടി ചാവറയച്ചൻ പുലർത്തുന്നുണ്ട്. സഭാശ്രേഷ്ഠന്മാരെയും രാഷ്ട്രീയാധികാരികളെയും ദൈവത്തിന്റെ പ്രതിനിധികളായി കാണാനും അവരെ ബഹുമാനിക്കാനും അദ്ദേഹം ഉത്സുകനായിരുന്നു. സഭാസേവനമായിരുന്നു അദ്ദേഹത്തിന്റെ ജീവിതത്തിലെ ഒരു മുഖ്യമൂലം.

ചില ചരിത്രവസ്തുതകൾ കലവറയില്ലാതെ ചാവറയച്ചൻ എഴുതുന്നത് സവിശേഷശ്രദ്ധയാകർഷിക്കുന്നു. ഏതാനും ചിലർക്ക് മാനക്ഷയത്തിന് കാരണമായെങ്കിലും മറ്റു പലരുടെയും നന്മയെ ഓർത്തു മാത്രമാണ് അദ്ദേഹം അതു പ്രതിപാദിക്കുന്നത്. സത്യത്തോടുള്ള ആഭിമുഖ്യവും സഹജരുടെ നന്മയും ചാവറയച്ചന്റെ ചിന്തയിൽ ഒളിരുകിയ പ്രകാശരേണുക്കളാണ്. ദൈവത്തിന്റെ മനുഷ്യനെന്ന നിലയിൽ ദൈവദാസന് എല്ലാ മനുഷ്യരിലും ദൈവത്തെ കാണുവാനും ആത്മതുല്യം സ്നേഹിക്കുവാനും കഴിഞ്ഞു.

ദൈവസ്നേഹം സഹജസ്നേഹത്തിലൂടെ പ്രകാശിതമാകണമെന്നും, അതിനുള്ള ഉപാധികൾ സഹജരുടെ സാമൂഹ്യവും സാംസ്കാരികവുമായ മണ്ഡലങ്ങളിൽ സേവനമർപ്പിക്കുകയുമാണെന്ന് ചാവറയച്ചൻ വിശ്വസിച്ചു. പരസ്നേഹപ്രവൃത്തി ചെയ്യാൻ കഴിയാത്ത ദിവസം വ്യർത്ഥതയുടേയും നഷ്ടബോധത്തിന്റെയും പ്രതീകമാണെന്ന് അദ്ദേഹം വ്യക്തമാക്കിയിരുന്നു.

കേരളത്തിൽ കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾക്ക് അടിസ്ഥാനമിട്ടത് പണ്ഡിതനും ദീർഘവീക്ഷണചതുരനും സ്ഥി

രോത്സാഹിയുമായിരുന്ന ചാവറയച്ചൻ തന്നെയാണ്. മാന്നാനത്തു് 1846-ൽ ഒരു പ്രസ്സ് സ്ഥാപിച്ചുകൊണ്ടു് അതിനു് അദ്ദേഹം തുടക്കം കുറിച്ചു. അന്നു തുടങ്ങിയ മുദ്രണാലയപ്രേഷിതത്വം സഭാംഗങ്ങൾ അഭംഗുരം തുടർന്നുപോരുന്നു. ദീപിക, കർമ്മെലകുസുമം, കുടുംബദീപം തുടങ്ങിയ പത്രമാസികകളിലൂടെയും കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സഭ വക അച്ചടിശാലകളിൽനിന്നും പ്രസിദ്ധീകൃതമാകുന്ന സൽഗ്രന്ഥങ്ങളിലൂടെയും ചാവറയച്ചൻ സമാരംഭിച്ച സമ്പർക്കമാദ്ധ്യമ പ്രവർത്തനങ്ങൾ വികസ്വരമായിക്കൊണ്ടിരിക്കുന്നു.

വിദ്യാഭ്യാസരംഗത്തു് ദൈവദാസൻ അനുഷ്ഠിച്ച ധീരമായ നേതൃത്വത്തിന്റെ ഗുണഫലങ്ങളാണ് കേരളജനത ഇന്നാസ്വദിക്കുന്നതും, അനുഭവിക്കുന്നതും. പൊതുവിദ്യാഭ്യാസരംഗത്തും മതവിദ്യാഭ്യാസരംഗത്തും അദ്ദേഹം ഒരുപോലെ ശ്രദ്ധ പതിച്ചു. ഒന്നേകാൽ ശതാബ്ദത്തിനു മുൻപ് മാന്നാനത്തു് ഒരു സംസ്കൃതവിദ്യാലയം സ്ഥാപിച്ച ആ ക്രാന്തദർശി, എല്ലാ പള്ളികളിലും പള്ളിക്കൂടങ്ങൾ തുടങ്ങണമെന്നു് നിർബന്ധപൂർവ്വം ആവശ്യപ്പെടുകയുണ്ടായി. തന്റെ നിർദ്ദേശം പാലിക്കാത്ത ഇടവകദേവാലയങ്ങൾ അടച്ചിടുമെന്നുപോലും കല്പിച്ചതു് വൈജ്ഞാനിക മണ്ഡലത്തിൽ ഒരു വിപ്ലവം സൃഷ്ടിക്കുന്നതിനുള്ള വിത്തുപാകലായിരുന്നു.

ആതുരസേവനം ചാവറയച്ചന്റെ ജീവിതത്തിലെ അഭിന്ന ഭാഗമായിരുന്നു. കൈനകരിയിൽ അദ്ദേഹം കൊളുത്തിവച്ച ദീപത്തിന്റെ ചിനപ്പുകൾ ആണ് ഇന്നു കേരളത്തിൽ ഉടനീളം സാന്ത്വനപ്രകാശമരുളി നില്ക്കുന്ന ആതുരസേവനത്തിന്റെ ദീപശിഖകൾ. 'ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങൾ എല്ലാവരെയും സ്നേഹിക്കുവിൻ' എന്ന ക്രിസ്തുവിന്റെ ദിവ്യവചനം എന്നും ചാവറയച്ചന്റെ സ്മൃതിപഥത്തിൽ ഉണ്ടായിരുന്നു.

ഭാഷകളിൽ പാണ്ഡിത്യം നേടിയ വിശാരദൻ, പ്രസംഗകൻ, സാഹിത്യകാരൻ മുദ്രണാലയ പ്രേഷിതത്വത്തിന്റെ പ്രണേതാവ്, ഭരണനിപുണൻ തുടങ്ങിയ ഒട്ടേറെ സവിശേഷപദങ്ങൾകൊണ്ടു് അദ്ദേഹത്തെ ബഹുമാനിക്കാൻ കഴിയും. എന്നാൽ ഇവയ്ക്കെല്ലാം ഉപരി, ചാവറയച്ചന്റെ വ്യക്തിത്വം പ്രഫുല്ലമാക്കുന്ന വിലപ്പെട്ട ബഹുമതി അദ്ദേഹം ദൈവാനുഭൂതിയുററ ദൈവത്തിന്റെ മനുഷ്യനായിരുന്നു എന്നതാണ്. ദൈവത്തിന്റെ മനുഷ്യനായി, ദൈവത്തിലേയ്ക്കു് മനുഷ്യരെ നയിച്ച ആധ്യാത്മിക മനുഷ്യനായി അദ്ദേഹത്തെ മനസ്സിലാക്കാത്തിടത്തോളം കാലം ചാവറയച്ചന്റെ ഉൽകൃഷ്ടമായ വ്യക്തിത്വം നാം മനസ്സിലാക്കി എന്നു പറയാനാവില്ല. ആദ്യന്തം അദ്ദേഹം ദൈവത്തിന്റെ മനുഷ്യനായിരുന്നു. ദൈവത്തെ സഹജർക്കു പ്രദാനം

ചെയ്ത പുണ്യപുരുഷനായിരുന്നു. വിരിഞ്ഞു വികസിച്ച അദ്ദേഹത്തിൻെറ ദൈവികമയമായ വ്യക്തിത്വം എല്ലാവരുടേയും ശ്രദ്ധയും ബഹുമാനവും പിടിച്ചുപററി.

ജീവിതവും പ്രവർത്തനങ്ങളും വഴി വിലപ്പെട്ട സേവനങ്ങൾ കേരളത്തിനും കേരളീയർക്കും നൽകിയ ദൈവദാസൻ ചാവറ കുറിയാക്കോസേലിയാസച്ചൻെറ സമ്പൂർണ്ണ കൃതികൾ സി. എം. ഐ. സഭയുടെ 150–ാം വർഷ ജൂബിലി ആഘോഷിക്കുന്ന ഈ അവസരത്തിൽ പ്രകാശനം ചെയ്യാനിടയായതു് സമസ്തകേരളീയരുടെയും ഭാഗ്യമായിക്കരുതാം.

മൂന്നുഭാഗങ്ങളായി സമ്പൂർണ്ണകൃതികൾ സമാഹരിക്കണമെന്നാണു് നേരത്തെ തീരുമാനിച്ചിരുന്നതു്. സി. എം. ഐ. സഭാസ്ഥാപനം പ്രാരംഭപ്രവർത്തനങ്ങൾ കേരളസഭാസേവനത്തിലെ പല സുപ്രധാനസംഭവങ്ങൾ തുടങ്ങിയവയുടെ ഈടുററരേഖകളായ നാളാഗമങ്ങളും ചാവറയച്ചൻെറ കത്തുകളും ഒന്നും രണ്ടും ഭാഗങ്ങളായും ദൈവദാസൻെറ മുദ്രിതകൃതികൾ മൂന്നാംഭാഗമായും പ്രസിദ്ധീകരിക്കണമെന്നു് നിശ്ചയിച്ചിരുന്നുവെങ്കിലും മുദ്രിതകൃതികളിൽ കാവ്യകൃതികളും ഗദ്യകൃതികളും ഉൾപ്പെടുന്നതുകൊണ്ടു് അവയെ രണ്ടായി വിഭജിക്കുന്നതു് കൂടുതൽ നന്നായിരിക്കുമെന്നു് പലരും അഭിപ്രായപ്പെട്ടു. ഗദ്യകൃതികളിൽത്തന്നെ ചില ഭാഗങ്ങൾ നേരത്തേ പ്രസിദ്ധീകരിച്ചിരുന്നവയല്ല. അവയെ ല്ലാം ചേർത്തു് ആധ്യാത്മികകൃതികൾ എന്നപേരിലും കാവ്യകൃതികൾ എല്ലാം സമാഹരിച്ചു് സാഹിത്യകൃതികൾ എന്നപേരിലും ഇപ്പോൾ പ്രസിദ്ധപ്പെടുത്തുകയാണു്.

ആദ്ധ്യാത്മികരംഗത്തു ചാവറയച്ചനുള്ള ശ്രേഷ്ഠവ്യക്തിത്വവും മാഹാത്മ്യവും ഈ കൃതികളിലെല്ലാം തെളിഞ്ഞുനില്ക്കുന്നു. ധ്യാനസല്ലാപങ്ങൾ മാനസികപ്രാർത്ഥനയുടെ നിറകുടമാണു്. ആദ്ധ്യാത്മികാചാര്യൻ എന്നതോടൊപ്പം സദ്ധ്യനനായ കവികൂടിയായിരുന്നു ചാവറയച്ചനെന്നു് പദ്യകൃതികളിലൂടെ കടന്നുപോകുന്ന ഏതൊരാൾക്കും ബോധ്യമാവാതിരിക്കുകയില്ല. ആത്മീയതയുടെ ഈ ദിവ്യസ്രോതസ്സിൽനിന്നു ആവോളം പാനംചെയ്യുവാൻ അനുവാചകർക്കെല്ലാം ഇടയാകട്ടെ എന്നു പ്രാർത്ഥിച്ചു കൊണ്ടു് ഈ ഗ്രന്ഥം ഞാൻ സഹൃദയസമക്ഷം അവതരിപ്പിച്ചു കൊള്ളുന്നു.

ഫാ. തോമസ് അനീസീററസ് ഐക്കര
സി. എം. ഐ.
പ്രിയോർജനറാൾ.

പ്രിയോർജനറാൾ ഭവനം
എറണാകുളം, 11–5–1981.

# പ്രസാധകക്കുറിപ്പ്

സി. എം. ഐ. സഭാസ്ഥാപനത്തിന്റെ 150-ാം വർഷത്തിൽ ദൈവദാസനായ ചാവറ കുറിയാക്കോസ് ഏലിയാസച്ചന്റെ സമ്പൂർണ്ണ കൃതികൾ പുന:പ്രകാശനം ചെയ്യണമെന്ന കാര്യം സി. എം. ഐ. സഭയുടെ ഉന്നതാധികാരകമ്മിററി തീരുമാനിക്കുകയുണ്ടായി. നാളാഗമം, കത്തുകൾ, ഗദ്യകൃതികൾ, പദ്യകൃതികൾ എന്നിവ വിവിധ വാല്യങ്ങളായി പ്രസിദ്ധീകരിക്കുന്നതിനു് പ്രത്യേകം കമ്മിററികൾ നിശ്ചയിക്കുകയും ചെയ്തു. ഫാ. ഇസഡ്, എം. മൂഴൂർ കൺവീനറും ഫാ. ജെ. ററി. മുട്ടത്തു്. ഫാ. കാസ്മിർ എന്നിവർ കമ്മിററിയംഗങ്ങളായുമുള്ള ഒരു സമിതിയാണു് ഗദ്യകൃതികളും പദ്യകൃതികളും പുന:പ്രകാശനം ചെയ്യുന്നതിനു് നിയുക്തമായതു്. മേല്പറഞ്ഞവരോടൊപ്പം അനുഗൃഹീതസാഹിത്യകാരന്മാരായ പ്രൊഫ. മാത്യു ഉലകംതറ, വർഗീസ് കാഞ്ഞിരത്തിങ്കൽ. ഫാ. ഡൊമിഷ്യൻ മാണിക്കത്താൻ എന്നിവരും സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചിട്ടുണ്ടു്. ഓരോ പുസ്തകങ്ങളെക്കുറിച്ചുമുള്ള ലഘുവിവരണങ്ങൾ തയ്യാറാക്കിയതു് ഡോ. ലൂക്കാസ് വിത്തുവട്ടിക്കലാണു്. ചെത്തിപ്പുഴ ആശ്രമത്തിൽ വിശ്രമിക്കുന്ന ബ. പ്ലാസിഡച്ചനെ പദ്യകൃതികൾ വായിച്ചു കേൾപ്പിക്കുകയും അദ്ദേഹത്തിന്റെ ഉൽക്കൃഷ്ടമായ അഭിപ്രായങ്ങൾ പുരസ്കരിച്ചു് ചില തിരുത്തലുകൾ വരുത്തുകയുമുണ്ടായി.

പഴയ മലയാളത്തിൽ ദീർഘാക്ഷരങ്ങൾ ഉണ്ടായിരുന്നില്ല പകരം ഹ്രസ്വമാണു് ഉപയോഗിച്ചിരുന്നതു്. പുതിയ പതിപ്പു് ദീർഘാക്ഷരം വേണ്ടിടത്തു് ദീർഘാക്ഷരം ചേർത്തും പ്രസാധകരുടെ അനവധാനതകൊണ്ടു ഭവിച്ച അക്ഷരപ്പിഴകൾ വൃത്തഭംഗം എന്നിവ തിരുത്തിയും ആണു് തയ്യാറാക്കിയിട്ടുള്ളതു്. ഗദ്യകൃതികളിൽ ധ്യാനസല്ലാപം ഒഴിച്ചുള്ള ലഘുധ്യാനങ്ങൾ മുൻപു പ്രസിദ്ധീകരിച്ചവയല്ല. അവ പ്രസിദ്ധീകരണത്തിനായി പകത്തിയെഴുതിയേൽപ്പിച്ചതു് ബ. ആൻസലം അച്ചനാണു്. അവയിൽ കാര്യമായ ഭേദഗതികൾ വരുത്തിയിട്ടില്ല.

കൺവീനർ.

# ആത്മാനുതാപം

## ആമുഖം

ആത്മാനുതാപം ചാവറയച്ചൻെറ ഒരു പ്രധാന കൃതിയാണെങ്കിലും ഗ്രന്ഥകർത്താവിൻെറ പേരു് കൈയ്യെഴുത്തിൽ ഒരു സ്ഥലത്തും കാണുന്നില്ല. പക്ഷെ, സമകാലീന നാളാഗമങ്ങളിൽ ചാവറയച്ചൻെറ ഈ കൃതിയെപ്പററി പലരും പ്രതിപാദിക്കുന്നുണ്ടു്. ഉദാഹരണത്തിനു് ബ. കുളത്തിൽ സ്ക്കറിയാ എഫ്രേമച്ചൻ, ബ. പാലയ്ക്കുന്നേൽ മത്തായി മറിയമച്ചൻ, ബ. പാറപ്പുറം വർക്കിയച്ചൻ മുതലായവർ. ചാവറയച്ചൻ മരിച്ച കൊല്ലം തന്നെ (1871) ചാവറയച്ചൻെറ ആത്മപിതാവായിരുന്ന ബ. ലെയോപ്പോൾദച്ചൻ, ചാവറയച്ചൻെറ ഒരു ലഘുജീവചരിത്രത്തോടുകൂടി ഈ കൃതിയുടെ ഏതാനും ഭാഗം അച്ചടിച്ചു് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. ജീവചരിത്രത്തിൻെറ ശീർഷകമായി അദ്ദേഹം ചേർത്തിരിക്കുന്നതു് ഇങ്ങനെയാണു്: ''ഈ ഭക്തഗാനങ്ങൾ രചിച്ച പുണ്യാത്മാവിൻെറ സംക്ഷേപ ജീവചരിത്രം.''

## കൈയെഴുത്തുപ്രതി

നമുക്കു് ലഭിച്ചിട്ടുള്ള കൈയെഴുത്തുപ്രതിക്കു് 143 പേജുകളാണുള്ളതു്. (19x12cm) 12 അദ്ധ്യായങ്ങളുണ്ടു്. ഇതിനും പുറമേ ഒരു ഉപസംഹാരവും. ഇതു് മൂലപ്രതിതന്നെയോയെന്നു് ഇനിയും തീർച്ചയായിട്ടില്ല. എന്നിരുന്നാലും ഇതിൽ അങ്ങുമിങ്ങും കാണുന്ന തിരുത്തലുകൾ ചാവറയച്ചൻെറ സ്വന്തം കൈപ്പടയിൽതന്നെയാണെന്നു് വളരെ വ്യക്തമാണു്. ഇതിൽനിന്നും മനസ്സിലാകുന്നതു് ചാവറയച്ചൻ തന്നെ ആരുടെയെങ്കിലും സഹായത്തോടുകൂടി പകർത്തിയതിനുശേഷം ഗ്രന്ഥകാരൻ തന്നെ വായിച്ചുതിരുത്തിയതായിരിക്കണം ഈ കൈയെഴുത്തുപ്രതി.

## ഉള്ളടക്കം

ഈശോയുടെയും തൻെറ അമ്മയായ മറിയത്തിൻെറയും ജീവിതാനുഭവങ്ങളാണു് പ്രതിപാദ്യവിഷയം. ഈശോയുടെയും മറിയത്തിൻെറയും ജീവിതസംഭവങ്ങൾ വർണ്ണിക്കുമ്പോൾ ഗ്രന്ഥ

കാരൻ സ്വന്തം ജീവിതത്തിലേക്ക് ചുഴിഞ്ഞിറങ്ങി ചിന്തിക്കുന്നുണ്ട്, പ്രത്യേകമായി തന്റെ ബാല്യകാലജീവിതത്തിലേക്ക്. അങ്ങനെ ഗ്രന്ഥകാരന്റെ ശൈശവജീവിതത്തിലെ പല സംഭവങ്ങളും ഈ കൃതിയിലൂടെ നമുക്ക് മനസ്സിലാക്കുവാൻ കഴിയുന്നു.

ഈ പദ്യകൃതി രചിക്കുന്നതിൽ ചാവറയച്ചൻ വിവിധ ഭാഷകളിലുള്ള പല കൃതികളോടും കടപ്പെട്ടുന്നുണ്ട്. ഉദാഹരണത്തിന് Maria de Agrada, സ്പാനിഷ് ഭാഷയിൽ രചിച്ചിട്ടുള്ള 'ദൈവത്തിന്റെ നഗരം' എന്ന കൃതിയുടെ ഇററാലിയൻ തർജ്ജിമയോട് കടപ്പാട് പുലർത്തുന്നുണ്ട്. ഇതു് പ്രധാനമായും മറിയത്തിന്റെ ജീവിതസംഭവങ്ങാം വർണ്ണിക്കുമ്പോഴാണ്.

## എഴുതിയകാലം

ചാവറയച്ചൻ, ഈ കൃതി എന്നെഴുതിയെന്നതിനെ സംബന്ധിച്ച് ലയോപ്പോൾഡച്ചൻ ഈ കൃതിയുടെ ആദ്യപ്രസിദ്ധീകരണത്തിൽ ഒരു സൂചന നൽകുന്നുണ്ട്. തന്റെ വിശ്രമത്തിന്റെ അവസാനഘട്ടത്തിൽ, രോഗബാധിതനാവുന്നതിനു മുമ്പ്, 1870 സെപ്ററംബർ മാസത്തോടുകൂടിയാണ് ചാവറയച്ചൻ രോഗശയ്യയെ അവലംബിക്കുന്നതു്. അതിനാൽ 1869, 70 ഈ കൊല്ലങ്ങളിൽ ഇതെഴുതിയെന്നു് കരുതേണ്ടിയിരിക്കുന്നു.

# ആത്മാനുതാപം

## I

**കവി, തനിക്കു് നരജന്മം നൽകിയതിനു് സ്രഷ്ടാവായ ദൈവത്തിനു നന്ദി പറയുകയും ആത്മകഥാരൂപത്തിൽ ശൈശവകാലചരിതം അനുസ്മരിക്കുകയും ദൈവത്തിൽനിന്നു ലഭിച്ച അനുഗ്രഹങ്ങൾക്കു തക്കവണ്ണം പ്രതിനന്ദി പ്രദർശിപ്പിക്കാതെപോയതിൽ അനുതപിക്കുകയും ചെയ്യുന്നു.**

**വൃത്തം ദ്രുതകാകളി.**

ആദിനായകനായ സർവ്വേശ്വരൻ
ആദത്തിൻ സുതനായ്ച്ചമച്ചെന്നെയും
ആയതിന്നെന്തു കാരണം ദൈവമെ!
ആദ്യഹീനനാം നിന്റെ ദയതന്നെ.

ഇഹലോകത്തിൽ കാണും മൃഗത്തെപ്പോ–
ലിക്കൃമിയായയെന്നെയും ചെയ്യെങ്കിൽ,
ഇതെന്തിനെന്നു നിന്നോടുണർത്തിപ്പാൻ
ഇഹലോകെ പരലോകെയാരുള്ളു!

ഈ മഹാവലിപ്പത്തിന്റെ ചിത്തംപോൽ
ഈ മഹാപാപിയായോരടിയനെ,
ഈ മഹത്വത്തിൻ ഛായയിൽ ചെയ്തതും
ഈശനായ നിൻകൃപയതിൻമൂലം.

ഉത്തമനായ നിന്നുടെ ചിത്തത്താൽ
ഉത്ഭവംതന്നു മാനുഷജന്മത്തിൽ.
ഉന്നതനായ നിന്നുടെ സന്നിധേ
ഉന്നതേ കരേറുവാനും ചിത്തമായ്.

ഊഴിയിൽ നരച്ചുരുന്ന കൃമിപോൽ
പൂഴിയാലെന്നെ സൃഷ്ടിച്ചുവെങ്കിലും
ഊനംകൂടാതെ ഭൂമിയിൽ മേവുവാൻ
ഊനഹീനമാം കാവലും തന്നല്ലൊ.

എന്നുടെ ജനനത്തിന്റെ നാൾമുതൽ
എന്നെക്കാത്തുഭരിച്ചു സൂക്ഷിപ്പാനും,
എന്നേരത്തുമെൻ ചാരത്തുനിന്നീയാൾ
എന്നതിനാലെയന്നു ഞാൻ ജീവിച്ചു.

ഒന്നിനും പിടിയാത്തൊരു മാതൃവാൽ
ഒക്കെയും കാത്തുസൂക്ഷിപ്പാൻ സാധ്യമോ?
ഉറക്കിക്കിടത്തിയവൾ പോകുമ്പോൾ
ഉറക്കഹീനനായോരിയാൾകാക്കും.

കരുണാകരനായ സർവ്വേശ്വരാ!
കരകാണാത്ത കൃപയിൻ ദൈവമേ,
കാരുണ്യമോടെയക്കാലമെന്നെ നീ
കരുതിനന്നായ് സ്മരിച്ചുരക്ഷിച്ചല്ലോ

കാരുണ്യൻ നിന്റെ കരുണ ഹേതുവാൽ
കാരണപാപതോയ[1]മാം സ്നാനത്താൽ
കാരുണ്യാഭയും ശേഷം ഗുണങ്ങളും
കാലേയം[2]പോക്കി നൽകിയതുകാലം.

ഇച്ചെറ്റുഗുണമഹത്വമോർക്കുമ്പോൾ
ഇക്കരുണയ്ക്കുകൈമാറെ[3]ന്തുനാഥാ!
ഇങ്ങനെ മമയാത്മാവിൻകേടിനെ
അങ്ങന്നപ്പഴേ തീർത്തുഗുണംനൽകി.

ജ്ഞാനസ്നാനത്താൽ നിന്നുടെ പുത്രനായ്
വാനത്തിൽ മോക്ഷാനന്ദവും തന്നല്ലൊ.
വിശ്വാസികളാം കാരണവന്മാരാൽ
വിശ്വാസിയായിയെന്നെയും തീർത്തുനീ.

പൈതൽക്കാലത്തിൽ തീററിവളർത്തുവാൻ
അയ്യ[4]ക്കൂടാതെ തന്നുമാതാവിനെ.
അന്നവൾക്കു നീ നൽകിയ സ്നേഹത്താൽ
അമൃതപാനംതന്നു വളർത്തുമ്പോൾ,

അതിനോടു കലർത്തി ജപങ്ങളും
അപ്പോൾത്തന്നെ ഗ്രഹിപ്പിച്ചുതന്നവൾ
ദൃഢംവന്നപ്പോൾ ജപങ്ങളൊക്കെയും
ദൃഢതയോടെ പഠിപ്പിച്ചുനിശ്ചയം.

അന്നവളുടെ കാൽക്കലിരുന്നു ഞാൻ
മന്ദമന്ദമറിഞ്ഞു ദൈവത്തെയും.

---

1 കാരണപാപതോയം-ഉത്ഭവപാപം പോക്കുന്ന ജലം. 2 കാലേയം-ഭയം. നാശം, ദോഷം. 3 കൈമാറ്-പ്രതിനന്ദി. 4 അയ്യം-അഴക്ക്, ദുഃഖം.

എന്നവാറ രാത്രി പാതിരാനേരത്തും
മന്ദംനീക്കിയുണർന്നെഴുന്നേററിട്ട്,

മുട്ടുകുത്തി നമസ്ക്കാരം ചെയ്യുമ്പോറ
ഒട്ടുനേരം ഞാൻ മുട്ടിന്മേൽ ചാഞ്ഞിടും.
രാജപം ദേവമാതാവിൻ പ്രാർത്ഥന
രാജരാജനാമീശോതൻ നാമങ്ങറ.

'പരംജ്യോതിയേയീശോയെ രക്ഷിക്ക
പാരിതിൻെറ പുഷ്പമേ ജയാജയാ.'
എന്നീവണ്ണമോരോരോരോജപങ്ങളെ
നന്ദിയോട്ച്ചരിക്കുന്ന നേരത്ത്,
മന്ദമായതു കേട്ടിരുന്നുംകൊണ്ടാ-
സുന്ദരിയുടെ പാദേയുറങ്ങിഞാൻ.

അക്കാലം നാവിളക്കുവാൻനേരത്തു
പൊക്കിക്കാട്ടിപ്പറയിക്കും ദൈവത്തിൽ
ശുദ്ധനാമമാമീശോമറിയവും
ശുദ്ധനായ മാർ യൗസേപ്പിൻ നാമവും.

പിതാവു പുത്രൻ റൂഹാദക്കുദശാ
പിതാവിൻ സുതനരാവതാരവു,
കന്നിതന്നുടെ ശുദ്ധോദരത്തിലായ്
മന്നിൽവന്നു പിറന്നു മനു[1]വായി.

പന്തിയോസിൻെറ നാറകളിൽ കഷ്ടപ്പെ-
ട്ടന്തരിച്ചുകഴിഞ്ഞുയർത്തന്നതും,
ഓരോരോരോദിനേ ചൊല്ലിപ്പഠിപ്പിച്ചു.
അരോചത്തുകൾ[2]കണ്ണാൽപിഡിപ്പിച്ചു.
നോട്ടംകാണുമ്പോറ ഭയപ്പെട്ടമഹം,
ഒട്ടും ദയയില്ലാത്തൊരു കൺകളാൽ.

ഒരു കാലവും യാതൊരു കാരണാൽ
കരുവാലും കരത്താലും തൊട്ടില്ല.
ഒക്കെയും കണ്ണുകൊണ്ടു കഴിച്ചിടും,
ദുഃഖിപ്പിക്കും തോഷിച്ചിടും ചക്ഷുസ്സാൽ.

അങ്ങനെ വളർത്തീടുന്ന കാലത്തിൽ
ഭംഗമെന്യെ ദൈവത്തിന്നുമിഷ്ടൻഞാൻ
ഇങ്ങനെ പഞ്ചവത്സരം ചെന്നപ്പോറ,
അങ്ങൊരു ഗുരുവജ്ഞാനി[3]ശ്രേഷ്ഠനായ്

1 മനു-മനുഷ്യൻ. (മനുഗോത്രജൻ) 2 അരോചത്തുകൾ-രുചിക്കാത്ത പ്പോറ (നീരസമുണ്ടാകുമ്പോറ) 3 അജ്ഞാനി-അക്രൈസ്തവൻ.

അണ്ണാവി[1]യവൻ ചാരത്തിരുന്നിട്ട്
തണ്ഡുലം[2]തന്നിൽ കൈയാൽ വരപ്പിച്ചു.
ചൊല്ലിച്ചു വാതിൽ നാമം തുടങ്ങീട്ട്,
ചൊല്ലിയേനഹം ശുഭാശുഭംവിനാ.

അക്കളരിയിൽ കൂടുന്ന പൈതങ്ങൾ
മിക്കതുമിവർ രണ്ടുനാലെന്നിയേ
അന്നവരുടെ വൃത്തികൾ കണ്ടിട്ടും
അന്നവന്റെ പ്രമാണങ്ങൾ കേട്ടിട്ടും
അജ്ഞാനക്രിയയാകുന്ന സ്നാനവും
സുജ്ഞാനംവിനാ മററും ചെയ്യേനഹം:

അയ്യോ! നാഥനെ! സ്നേഹഗുണനിധേ!
അയ്യംതോന്നുന്നകാലം തുടങ്ങിമേ.
അക്കാലംവരെ നിന്നുടെ തൃക്കണ്ണി–
ന്നൊക്കംവണ്ണം ചരിച്ചേനഹംശിശു.

അന്നുതൊട്ടവരോടു ചരിച്ചിട്ടു,
നന്ദിയൊക്കെ മറന്നേനഹംവൃഥാ;
നിർഗ്ഗുണമായ യജ്ഞാനിക്കൂട്ടത്തിൽ
ദുർഗ്ഗുണമല്ലാതെന്തുഗുണമുള്ളു!

കൺതുറക്കുന്ന കാഴ്ചയും കേൾവിയും
കാണുന്നതൊക്കെ കന്മഷസാധനം[3]
അടക്കമില്ലാതുള്ള കളികളും
നടക്കുന്നതും നഗ്നരൂപം യഥാ.
വചനത്തിലും ദൂഷിതവാക്കുകൾ
അശനത്തിലുമജ്ഞാനാചാരങ്ങൾ.

ഇങ്ങനെ ദശവത്സരം ചെന്നപ്പോൾ
അങ്ങുന്നെന്നെ വിളിച്ചു മഹാദയാൽ
എന്തു മഹാ നിശ്ചയമെന്നുള്ളിൽ
അന്നല്ലെങ്കിലിങ്ങോട്ടു ഗതിയല്ലാ–
യെന്നതുമല്ലായെന്നുടെ വംശത്തിൽ
അന്നൊരു ജനമില്ലായയീയന്തസ്സിൽ.

എന്നന്നേരമൊരുത്തൻ യദൃച്ഛയാ
യൊന്നരമേ, മഹാമാർഗ്ഗമിതേറുവാൻ.
എന്നതുമമ മാതാവിൻ ശ്രോത്രത്തിൽ
ചെന്നുവീണപ്പോൾ നന്നായ്ത്തെളിഞ്ഞവൾ.

പിതൃപുത്രന്മാരിലേകൻ ദൈവത്തിനു
ദാനംചെയ്യുന്നതെത്രയുമുത്തമം,

1 അണ്ണാവി–ആശാൻ. 2 തണ്ഡുലം–അരി. 3 കന്മഷസാധനം–പാപഹേതു.

എന്നുറച്ചു ക്ലേശിച്ചു തുടങ്ങീട്ടു
അന്നുതൊട്ടവരിൽനിന്നു വേർപെട്ടു
ദൈവം തന്നുടെയന്തികേ ചേരുവാൻ
ദയാധിക്യത്തിനാൽ തിരുച്ചിത്തമായ്.

ഇത്ര പാപിയാമെന്നുടെ ഹീനത
തത്രപോക്കിയതെത്ര മഹാചിത്രം!
നിന്നുടെ ദയാധിക്യത്താലന്നെന്നെ,
നിൻപുത്രൻെറ 'കൈത്താതനാം'[1]മാർ ജൂസെ[2]
തൻെറ നാമധേയത്തിൻെറ കോവിലാം
എൻെറ മേയ്‌വിൻ സ്ഥലത്തിങ്കൽ ചേർത്തുനീ.

അന്നവിടത്തിലുള്ള ഗുരുശ്രേഷ്ഠൻ
നന്ദിയോടെന്നെക്കാത്തുവളർത്തീട്ടു,
പൂജകാണ്മാനും ശുശ്രൂഷചെയ്‌വാനും
പൂജ്യമായെന്നെച്ചേർക്കും ദയയോടേ.
പുണ്യമായ് നടന്നീടുവാൻ കാട്ടീടും
തണ്യതൊ[3]ക്കെത്യജിപ്പാൻ പഠിപ്പിക്കും.

---

1 കൈത്താതൻ – വളർത്തുപിതാവ്. 2 മാർ ജൂസെ–മാർ യൗസേപ്പ്.
3 തണ്യത്ത് – ഹീനമായത്.

# II

സ്വന്തം മാതാവിൻെറ ദൈവഭക്തി സ്വഭാവമഹത്വം ഇവയും ശിശുവായ തന്നെ ദൈവമാതാവിനു് അടിമവച്ചതും അക്കാലത്തു നാട്ടിൽ നടമാടിയ ഒരു മഹാമാരിയുടെ പിടിയിൽ പെടാതെ താൻ രക്ഷപ്പെട്ടതും ബാല്യകാലചാപല്യങ്ങൾക്കെതിരെ ഇന്ദ്രിയങ്ങൾ ശരിക്കുപയോഗിക്കാതിരുന്നതിലുള്ള ആത്മദു:ഖവും മറ്റുമാണു് ഈ പാദത്തിൻെറ ഉള്ളടക്കം.

വൃത്തം കേക.

കരുണാനാഥൻ പരൻ കരുതിയടിയനെ
പരമനാഥ തൻെറ യടിമയാക്കി മുന്നം.
ശിശുവാമടിയനെ യമ്മതാൻ വളർത്തുമ്പോൾ
ശയനിപ്പിച്ചു ദൈവജനനി തൻെറ പാദേ—
"ശുദ്ധമാതാവെ, ദൈവജനനീ, കന്നിയമ്മേ,
അശുദ്ധ മമോദര ഫലമാമിതിനെ നീ,
നിന്നുടെ ദാസനായി കൈക്കൊണ്ടു രക്ഷിപ്പാനായ്
ഇന്നു ഞാൻ നിൻെറ തൃപ്പാദത്തിങ്കൽ കാഴ്ചവച്ചേൻ."

എന്നവളുണർത്തിച്ചു, ദാസനായടിയനെ
യന്നുമാതാവിൻ മുൻപിൽ കിടത്തി പ്രാർത്ഥിച്ചപ്പോൾ
ദേവാലയ ശ്രേഷ്ഠനാം ഗുരുവോ, പൂവും നീരും
ദൈവമാതാവിൻ നാമാൽകൊടുത്തു മാതൃകൈയിൽ,

പിടിച്ചു മമ ചെറുകരത്തിലതുനേരം
കൊടുത്തു ചൊല്ലി "മാതൃദാസനായിവനെ നീ
സൂക്ഷിച്ചു വളർത്തുക പാലിച്ചു ഭരിക്ക നീ
സാക്ഷാൽ നിൻസുതനല്ല, മാതാവിൻ ദാസൻ ദൃഢം."

എന്നരുൾചെയ്തു ഗുരുവേല്പിച്ചാ മാതൃകരെ
എന്നവൾ ചൊല്ലിക്കേട്ടു ദൃഢമായതുകാലം.
എന്നുതന്നെയുമല്ല, കന്നിമാസമെട്ടതിൽ
ചെന്നു കുമ്പിടും നാഥെയക്കാലം മാതൃസഹാ.

കൊടുക്കും ദാസ്യപ്പണം മടിക്കാതെക്കാലവു—
മൊടുക്കിയവളുടെ മരണകാലംവരെ.
"നിന്നുടെ നാഥ മാതാവവൾക്കു ദാസൻനീയെ—
യെന്നിതു മനസ്സതിലെപ്പൊഴും സ്മരിക്കണം."

എന്നുള്ള ജ്ഞാനവാക്യം സ്നേഹത്തിൻ വചനവും
അന്നു ചിത്തത്തിലുണ്ടായെങ്കിലും മൂതിന്നപ്പോൾ

ഒക്കെയും മറന്നിട്ടു ദൃക്ക [1] തിൽ കാണുന്നതും,
വാക്കതിൽ വരുന്നതുമിച്ഛിക്കം പറഞ്ഞിടും.

അക്കാലം വൃത്തികളെ സൂക്ഷിക്കമെന്നാകിലോ
ഭോഷ്ക്ക [2] തിലിഷ്ടമത്രേ നന്മയിൽ രസമില്ല.
പാപത്തെച്ചെയ്യോൻ ദൃഢം പാപപോച്ചാരണം ചെയ്യാൻ
പാത്രവാനായിടണം മന്നതിൽ ജ്ഞാനംവിനാ.
പാപത്തിന്നുട്ടബുദ്ധി ദൃഢവുമുപദേശം
താപത്താൽ തീർത്തീടുവാനൊട്ടുമേയില്ല ദൃഢം

അക്കാലം കോംവിയുണ്ടായ് ദിക്കകളൊക്കെയിലും
മുഖ്യമായ് പുറപ്പെട്ടു പുത്തനായ് "വസന്ത"യും [3]
നാട്ടകാം നഗരവും വീഥികാം തെരുവുകാം
വീടുകളൊക്കെയതിൽ രോദനമല്ലാതില്ല.

ദേവാലയത്തിൽ ക്കൂടുന്നേരവും മൃത്യകോംക്കാം.
ആബാലവൃദ്ധത്തോടേ കരച്ചിൽ നിലവിളി
അക്കാലം സർവ്വേശ്വരൻ മേവ്യാധി കല്പിച്ചെങ്കിൽ
ദു:ഖാബ്ധേ വീണതാണു കിടക്ക മർത്ത്യംവിനാ.
സർവ്വേശൻ നീതീശ്വരൻ സർവ്വദയവിൻ നാഥൻ
സർവ്വത്തിൽനിന്നും കാത്തു രക്ഷിച്ചു മമ ജീവൻ.

സർവ്വന്യായത്താലപ്പോഠം ശിക്ഷിപ്പാൻ നീതിതന്നെ
സർവ്വകാരുണ്യത്തോടേ കാത്തല്ലൊ മേ ദൈവമേ.
എന്നെ ശിക്ഷിച്ചീടുവാനോങ്ങിയ തിരുക്കരം
അന്യരിൽ തിരിച്ചതിൽ കാരണമെന്തു നാഥാ.

ഞാൻ തന്നെ കണ്ടും കേട്ടും ബോധിച്ചുമിരിക്കയിൽ
താൻ തന്നെ നീക്കി മമ ശിക്ഷയിൻ കരത്തിനെ.
എന്നെ കാത്തനുഗ്രഹിച്ചീടുന്ന നേരം തന്നെ,
എന്നെക്കാഠം ഗുണവാന്മാർ പലരും വീണീടുന്നു.

മാതാവും പിതാവും തൻമക്കളുമൊരുമിച്ചു
മാവിന്റെ യിലപോലെ വീഴുന്നങ്ങൊരുമിച്ചു
അന്നവരുടെ ഗുണദോഷവും മമാ കൃതി
എന്നതും കൂടെ സൂക്ഷിച്ചീടുകിൽ മമ നാഥാ.

എന്നിതു സർവ്വേശ്വരാ നിൻ കരുണയിൻ കടൽ
അന്തംകൂടാതെ ചിന്തിയെന്റെമേൽ ശുഭം ശുഭം
എന്നതിനെന്തു മൂലമെന്നഹമോർക്കുന്നേരം
നന്ദിഹീനനായിട്ടമെന്റെമേലുള്ള സ്നേഹം.

---

1 ദൃക്ക്—ദൃഷ്ടി. 2 ഭോഷ്ക്ക്—കള്ളത്തരം. 3 വസന്ത—പകർച്ചരോഗം.

എന്നതെന്തിയേ മററു കാരണമൊന്നുമില്ല,
എന്നതിന്നില്ലാഭേദം സർവ്വേശാ ജയ, ജയാ
എന്നുടെ ഹൃദയമേ, സ്മരിക്ക നിന്റെ കൃതി
നന്ദിഹീനതയെത്രയെന്നതുമോർത്തീടുക

നിന്നെ സൃഷ്ടിച്ച കാല_ ദിവസ_നേരമതിൽ
മന്നിലിങ്ങെത്ര പ്രജാസർവ്വേശൻ സൃഷ്ടിചെയ്തു.

എന്നുള്ള പ്രജകളിൽ ചിലരജ്ഞാനമതിൽ
നിന്നുളവായിയവരിപ്പൊഴമജ്ഞാനികൾ
മററവർ യൂദകുലമെന്നതിൽനിന്നും ചിലർ
മററുള്ള ദുർമ്മതത്തിൽ കാരണക്കാരിൽനിന്നും
ഭൂമിയിൽ ജനിച്ചവർ ജനിച്ച കുലം തന്നിൽ
ഭേദംകൂടാതെയിന്നും നടന്നുവലയുന്നു.

എന്നെ നീ സർവ്വേശ്വരാ യന്നതിൽനിന്നു നീക്കി
നിന്നെ സ്നേഹിച്ചീടുന്ന ജനത്തിലെന്നെച്ചേർത്തു
ആയതിനെന്തുമൂലം നിന്നുടെ ദയ തന്നെ
ഞാനതിനെന്തുകൃതോത്തരം[1]ത്തെയണയ്ക്കേണ്ടു!

എന്നുതന്നെയുമല്ല, മന്നിലുണ്ടാകും ജനം
എന്നതിൽ ചില ജനം കാലിനും കൈക്കും കേടും
കണ്ണില്ലാ ചിലർക്ക്യോ ചിലർക്കു കേൾവിഹീനം
കണ്ണുവും നാവും കൊണ്ടും ഫലമില്ലാതെ ചിലർ

ഇങ്ങനെ ജനിക്കുന്നു, പിറക്കുന്നതുപോലെ
അങ്ങനെ മന്നിലവർ ജീവിക്കുന്നഹോ, ദുഃഖം
എന്നുതന്നെയുമല്ല വ്യാധിയെന്നൊരു ദുഃഖം
അന്നപാനത്തിന്നവർ മുട്ടിനാലിരക്കുന്നു

ഇങ്ങനെ ദാരിദ്ര്യത്താലെത്രപേർ ക്ലേശിക്കുന്നു
അങ്ങനെയുള്ളവരിൽനിന്നുമാം രക്ഷിച്ചു നീ.
എന്നതുമെന്തുമൂലം നിൻകരുണയല്ലാതെ.
എന്നതിനാലുമെത്ര നിന്നെ ഞാൻ സേവിക്കണം!

പിന്നെയുമൊരു മഹാ കരുണ നൽകി നീയോ
മന്നവന്മാരും മുഖ്യശ്രേഷ്ഠന്മാർ ദ്രവ്യസ്ഥന്മാർ
മന്നവക്കിണയാകും സമ്പന്നന്മാരും ചിലർ
മന്നിലിങ്ങെത്രയുണ്ടു സകലഗുണനാഥാ,

അപ്പോലെയുള്ള ബഹുമുഖ്യരിൽനിന്നു ഞാനു–
മിപ്പാരിൽ ജനിച്ചെങ്കിൽ മേവിധിയെന്തു നാഥാ
എന്നെ നീ കുറച്ചില്ല പൊക്കിയില്ലിഹലോകെ
എന്നതിനാലല്ലയോ യീവണ്ണം ചരിക്കുന്നു.

1 കൃതോത്തരം—പ്രതിനന്ദി.

എന്നുടെ മാതാവിൻെറ യുദരേയിരിക്കയിൽ
നിന്നുടെ ശാപത്തോടേ മൃത്യുവേവരുത്തുവാൻ
ശത്രുവാം പിശാചവനെത്രയോ ശ്രദ്ധിച്ചയ്യോ
തത്രനീ കാത്തില്ലെങ്കിൽ മൃത്യു സംശയംവിനാ.

ലോകത്തിൽ പിറന്നതിൻശേഷത്തിലവൻ വീണ്ടും
ആലസ്യം കൂടാതിങ്ങു ക്രുദ്ധിച്ചു നടന്നല്ലോ.
അക്കാലം ജ്ഞാനസ്നാനം കൂടാതെ മരിപ്പിപ്പാൻ
മുഷ്ടാകം[1] വണ്ണമവൻ കുഷ്ഠ്റങ്ങൾ[2] വർദ്ധിപ്പിച്ചു
നിൻകരുണയിൻ കട കണ്ണിനാൽ സൂക്ഷിക്കയാൽ
കന്മഷശുദ്ധിത്തോയം[3] കൈക്കൊൾവാൻ ഭാഗ്യംവന്നു
ഇത്തോയത്താലുണ്ടായ നന്മയുംഗുണവൃദ്ധി
ഇത്തരം ലോകത്തിൻെറ നിശ്ചയം പങ്കം കുറും
അപ്പോലെയുള്ള ഗുണമൊക്കെയും വരുത്തീട്ട്
പൊസ്ത്തോയ പുത്രസ്ഥാനം വീണ്ടു നീ തന്നുനാഥാ
എന്നൊരു നേരത്തിങ്കലെന്നുടെ ദേഹീരശ്മ്യാ[4]
അന്നു വാനവന്മാർക്കും തെളിവും സന്തോഷവും
വരുത്തീടുവാൻവണ്ണം ധരിപ്പിച്ചെന്നെ നന്ന
വരപ്പിച്ചെൻെറനാമം തിരുപ്പുസ്തകം തന്നിൽ
അക്കാലമുള്ള ശുദ്ധി ഹൃദയപരമാത്ഥം
ഒക്കെയും ഛേദംചെയ്തു ദുഃഖമേ മഹാകഷ്ടം!
ബോധത്തോടു കൂടവേ വളർന്നു പാപമലം
ക്രോധവുമഹങ്കാരം ശേഷം ദുർഗ്ഗുണങ്ങളും

കാണുന്ന ജനങ്ങൾക്കിതോമനപ്പൈതലിവൻ
ഏഷണിയൊന്നുമില്ലായെന്നു തോന്നിച്ചേനഹം
കരുണയേറും നിൻെറ തിരുവാക്യത്താൽതന്നെ
കരുതിയറിയിച്ചോരുപമയതിൻസമം

കാണുന്നവർക്കു മഹാശോഭയായ്ത്തോന്നീടുന്ന
കാരണവന്മാരുടെ കബറുകളുള്ള്[5] മഹാ–
വെണ്മയായ്ത്തോന്നീടുന്നു വെള്ളക്കുമ്മായത്താലെ
ഒന്മയിൽ പൂശി വെളുപ്പിച്ചീടുന്നതിനാലെ

എത്രയും വെടിപ്പുള്ളതെന്നു തോന്നുന്നു പുറം
തത്രസൂക്ഷിച്ചുതുറന്നകത്തു പാർക്കുന്നേരം
എത്രയും മഹാ കഷ്ടദുർഗ്ഗന്ധം വീശീടുമേ
അത്രയുമല്ലായതിന്നുള്ളകം നോക്കുന്നേരം

---

1 മുഷ്ക്—ശക്തി 2 കുഷ്ഠ്റം—പ്രയാസം, 3 കന്മഷം ശുദ്ധിത്തോയം—പാപംപോക്കുന്ന ജലം (മാമ്മോദീസ) 4 ദേഹീരശ്മ്യം—ആത്മാവിൻെറ പ്രസാദവരത്താൽ 5 കബറ്—കുഴിമാടം (വെള്ളപൂശിയ കുഴിമാടം എന്ന ബൈബിൾ പ്രയോഗം ഇവിടെ സൂചിപ്പിക്കുന്നു.)

എത്രയുമശുദ്ധമാം പുഴക്കളെസ്ഥലികളും
തത്രകാണികൾക്കൊക്കെയെത്രയും വിചിത്രമാം
എന്നതിൻവണ്ണം മമ ഭാഷയും വാക്കുംദ്ദഢം
നല്ലതിൻ വണ്ണമുള്ളതൊന്നുമില്ലല്ലോ നാഥാ.

ജ്ഞാനസ്നാനത്താൽ തവ പുത്രനായ് വച്ചെന്നെ നീ
അജ്ഞാനത്താൽ ഞാൻ മമ ഭാഗ്യത്തെനഷ്ടംചെയ്തു
നിന്നുടെ പുത്രസ്ഥാനം നശിപ്പിച്ചതും ദുഃഖം
എന്നതിൽപരംകഷ്ടം പിശാചിൻ ദാസനായി

അയ്യയ്യോമഹാദുഃഖമെന്നുടെ പാപത്താലെ
അയ്യംകൊണ്ടടിയന്റെ കണ്ണുകൾ താഴുന്നയ്യോ!
മമപിതാവുനീയേ ഭാഗ്യവുമെനിക്കു നീ.
മംഗലംനീയെന്നിയേമറെറാന്നു ഗുണംനാഥാ—

എന്നുടെ സ്നേഹംനീയേ ഭാഗ്യവുമെനിക്കു നീ
നിന്നാലല്ലാതെ ഞാനുമെങ്ങനെ ജീവിക്കുന്നു!
ശ്വാസവുമെനിക്കു നീ യൗവന[1] പാനംനീയേ.
ആശ്വാസം നിന്നിലല്ലാതെവിടെയെനിക്കയ്യോ.

ജ്ഞാനത്തിൻ തോയത്തിങ്കൽ, നീയെന്റെ ദൈവമെന്നും
അജ്ഞാതമൊക്കെപ്പാടെ ത്യജിച്ചുവെന്നും ചൊല്ലി
ജ്ഞാനത്തിൻ ശത്രുവായ നരകപ്പിശാചിനെ
സുജ്ഞാനത്താലെ ത്യജിച്ചവന്റെ ഘോഷങ്ങളും

വിശ്വാസംനിന്റെനേരെ വച്ചുഞാൻ സത്യംചെയ്തു.
വിശ്വാസത്തിന്നു സാക്ഷിയെന്നുടെ പിതൃക്കളും
അന്നേരം മമ ദേഹിക്കുണ്ടായഗുണ വെണ്മ
നേരായികാട്ടീടുവാനുടുത്തേൻവെള്ളവസ്ത്രം.

നൽഗുണവൃത്തികളാൽ കാണുന്നജനങ്ങൾക്കു—
മെൻഗുണം കാട്ടീടുവാൻ കത്തിച്ചതന്നപന്തം
പാപത്താൽ നശിച്ചു ഞാൻ ചീഞ്ഞിടായെന്നു കാണ്മാൻ
നാമത്താൽ ജപിച്ചുള്ള ലവണം സേവിച്ചല്ലൊ.

അനാദ്യഗുണനിധേ, സർവ്വേശാ, പരാപരാ!
അനന്തദയാനിധേ, സർവ്വമംഗലദേവാ!
അന്തമില്ലാത്തനിന്റെ കരുണാബ്ധിയാലെന്നെ
അന്തരിച്ചിടാത്തുള്ള സൃഷ്ടിയായ്ച്ചമച്ചല്ലൊ.

എന്നുടെയാദിപിതാ ചെയ്തൊരുപാപത്താലെ
നന്മയൊക്കെയും നശിപ്പിച്ച ഞാനെന്നാകിലും
നിന്നുടെ നീതിമുന്നം കടനഗണത്തെപ്പോൽ
എന്നെ നീ ശിക്ഷിച്ചില്ലായെന്നുടെ ജനത്തെയും

1 യൗവന-ഭക്ഷണം.

എന്നുതന്നെയുമല്ലാനിന്നുടെ ദയവിനാൽ
അന്നുനീപറഞ്ഞൊത്തുനിന്നുടെ സുതനെയു-

മെന്നതിൻവണ്ണംനാഥാ നിന്നുടെ സുതൻദേവൻ
മന്നിതിൽവന്നു മർത്ത്യകോലവും ചമഞ്ഞല്ലൊ.
ദ്യോവതിൽനിന്നുവന്ന ദേവനും മർത്ത്യനുമായ്
ദ്യേവിനാൽ[1] സൃഷ്ടികൾക്ക സ്നേഹാഗ്രജനുമായി.

എന്നുതന്നെയുമല്ലാ സകലദുഃഖകൃച്ഛ്രം
മന്നിലുള്ളതൊക്കവേ താൻ ക്ഷമിച്ചയ്യോനാഥാ!
ഇതിനാലടിമയെയുയർത്തി മോക്ഷേചേപ്പാൻ
പതീനാംപതി[2] നൃപാ! നിന്നുടെ സ്വേദംമതി

എന്നിരിക്കുമ്പോൾ നിൻെറ സ്നേഹാബ്ധിനിമിത്തമായ്
നിന്ദിഹീനനാമെൻെറ സ്നേഹത്തെ വലിപ്പാനായ്[3]
മുപ്പത്തുമൂന്നുവർഷം വസിച്ചു ഭൂലോകത്തിൽ
അപ്പത്തിൻ[4] സ്ഥലമതിൽ പിറന്നനേരം മുത
ലപ്പിറവിയും സർവ്വനായകാ, ഓർത്തീടുകി-
ലിപ്പോലെയൊരു ദുഃഖപ്പിറവിയുണ്ടായില്ല.

പിതാവു റൂഹാ തൻെറ നടുവിലെഴുന്നള്ളി
പ്രതാപമേറും സ്രാപ്പെ ക്രോവകൾ[5] നവവൃന്ദം.
എപ്പൊഴും നിൻെറ തിരുമുൻപിലാരാധിക്കുന്നു
മുപ്പാരിലുള്ള ഭാഗ്യമൊക്കെയും നിൻെറ സൃഷ്ടി

ഭൂലോകമഹത്വവും ഭൂപതിനൃപന്മാരും
ഭൂമിയൊക്കെയും നിൻെറ നോട്ടത്താൽ ഭ്രമിക്കുന്നു
മാടമാളികാനഗർ ഗോപുരഗൃഹങ്ങളും
നാടുകൾ സമസ്തവും നിന്നുടെയിഷ്ടംയഥാ

മക്കളാം മനുകുലം പൊൽസ്ഥലങ്ങളുള്ള ഭാഗ്യ
മൊക്കെയും വരുത്തുവാൻ നിൻതിരുമനസ്സിനാൽ
പൊക്കമേറുന്ന ഭാഗ്യമൊക്കെയും ത്യജിച്ചു നീ
പൊൽസ്ഥലഞ്ഞരുത്തിനെ തേടുവാൻ മാട്ടിൻകൊട്ടിൽ[6]
വേസരികാള[7] രണ്ടുമൃഗത്തിൻ നടുവതിൽ
കേസരി[8] യൂദാക്കുട്ടിയായി നീ പിറന്നയ്യോ.

---

1 ദ്യേവ്-ദയവിൻെറ ഗ്രാമ്യരൂപം 2 പതീനാംപതി – രാജാധിരാജൻ (സംസ്കൃതവികൃതിരൂപം) 3 വലിപ്പാൻ–വലുതാക്കാൻ (വളർത്താൻ) ഗ്രാമ്യപ്രയോഗം. 4 അപ്പത്തിൻ സ്ഥലം-ബത്ലഹം 5 സ്രാപ്പെ-ക്രോവ-മാലാഖാമാരുടെ വൃന്ദങ്ങൾ 6 മാട്ടിൻകൊട്ടിൽ-കാലിത്തൊഴുത്ത്. 7 വേസരി – വെട്ടിക്കുതിര (കോവർകഴുത) 8 കേസരി-കേസരിയാ ദേശത്ത. (സിംഹം എന്നും അർത്ഥം)

അന്നേരം ശിശുവായ നിന്നുടെ ബാഹുക്കളെ
അന്നേരത്തുള്ള കുളിർപോക്കുവാൻ നീട്ടുന്നയ്യോ:
കാററിനാൽ വിറയ്ക്കുന്നു മഞ്ഞിനാൽ തണുക്കുന്നു
മാററുവാൻ മറയില്ല നീക്കുവാൻ വാതിലില്ല

എന്നുള്ളസ്ഥലമായ തൊഴുത്തിൽ വന്നുപിറ–
ന്നന്നുള്ള ദരിദ്രരിലൊക്കെയും മുഖ്യൻ നീയായ്
അയ്യയ്യോനാഥൻ നീയോ, നിന്നുടെ മാതാനാഥ,
യേശയ്യാവചനം പോൽ ദാവീദ രാജഗോത്ര

മന്നവരുടെ മഹോന്നതമാം മാളികകൾ
മിന്നുന്ന കട്ടിൽമെത്ത കോതട[1]കളില്ലയോ
പട്ടും പട്ടാളികളാൽ കുത്തിയ തലയിണ
പൊട്ടാതെനിറച്ചുള്ള വട്ടമാം ചാവട്ടയും[2]

മെച്ചമാംമമ്മലുകൾ[3] രത്നക്കമ്പിളികളും
ഇച്ഛയാൽ മൂടിക്കൊള്ളുവാൻ മെച്ചമാം പുതപ്പുകൾ
ഇച്ചൊന്നതൊക്കെനിന്റെ മഹിമയ്ക്കിണയതോ.
മെച്ചമൊക്കെയും നീക്കിയിച്ഛിച്ച ദാരിദ്ര്യത്തെ

ദൈവദൂതന്മാരരേ, യാകാശ റാണുക്കളേ,[4]
ദേവദേവനാം തവ രാജനെക്കാണുന്നില്ലേ,
വേസലം[5]ഗുഹയതിൽ വേദനയോടുകൂടെ
വേസരിയിടയതിൽ കിടക്കുന്നതെന്തയ്യോ.

കിടക്കയതിന്നായി വൈക്കോലുനിരത്തീട്ട
മിടത്തിൽക്കിടക്കുന്ന നാഥനെ കാണുന്നില്ലേ
തലക്കീഴെന്താകുന്നു സൂക്ഷിപ്പിൻ ഭൃത്യന്മാരെ,
കനത്ത കല്ലാൽ മുട്ടമൌലിയ്ക്കെന്തൊരു ദുഃഖം

മാതാവെ, ജനനിയേ കന്യകാരത്നമൌലേ,
താപാനുപമം നിനക്കെത്രയോയിതു നേരം
നിന്നുടെ സൃഷ്ടിതാവും സ്നിഗ്ദ്ധപുത്രനുമിയ്യാൾ
തന്നുടെയശസ്സിന്റെ മഹത്വമറിഞ്ഞു നീ.

എന്നതിനാലേ തന്റെ ഹീനത കാണുന്നേരം
നന്ദിയാൽ നിന്റെ മനം ദുഃഖാബ്ധൌമുങ്ങുന്നല്ലീ!
എങ്കിലും നിന്റെ ബാഹുവേലയാൽമുന്നംതന്നെ
ശംഖിനുസമംവെള്ള വസ്ത്രത്തെ കരുതിനീ.

---

1 കോതടി–കോസ്സടിയുടെ ഗ്രാമ്യരൂപം. 2 ചാവട്ട – ചാരുതലയിണ 3 മമ്മൽ– മന്മൽത്തുണി. 4 റാണുക്കൾ – സൈന്യങ്ങൾ. 5 വേസലം–ബത്‌ലഹം.

എന്നതിനാലേ നിന്റെ സ്നേഹപുത്രന്റെ തിരു-
സുന്ദരമേനിതന്നെപൊതിഞ്ഞു ചുററിക്കെട്ടി
നിൽതിരുമടിയതിൽ സ്നേഹത്താൽ ചേർത്തുകൊണ്ടു്
നിൻതിരുപ്പാലാലൂട്ടിത്തഴുകി മുത്തിക്കൊണ്ടും

തന്നുടെ തിരുമുഖശോഭയും സുന്ദരമാം
ചെന്നിയും തിരുകൈകൾകാൽകളും മുത്തംചെയ്തു
അത്തിരുപൈതൽ നിന്റെ മടിയിൽകിടന്നുട-
നത്തിരുമുത്തിളക്കിനിന്നെയും തോഷിപ്പിച്ചു.

മകനെയമ്മനോക്കും മാതാവേസുതൻ പാർക്കും
മനഃസ്നേഹത്തോടേയിരുവരതുനേരം
ക്ഷപനാം[1] പിതാവെന്റെ ശരണം "യൗസേ"മുനി
ക്ഷമയാൽ പാർത്തുനോക്കും സുതനെ ബഹുസ്നേഹാൽ

നായകാ നരദേവ, കരുണാനിധേ, നാഥാ
നയനാൽ തൃക്കൺപാർക്ക, മേ ദാസൻമഹാ പാപി.
നന്ദിഹീനനാമെന്നെപ്പാർക്കുവാൻ യോഗ്യംപോരാ.
സുന്ദരി നിന്റെ മാതൃദാസനെന്നോർത്തീടുക.

കന്യകാമമമാതേ, യമ്മയേശരണം നീ.
അന്യഭാവേന ചരിച്ചയ്യയ്യോ മമ കുററം
എങ്കിലുമമ്മനീയേ മറന്നീടരുതയ്യോ
ചങ്കിതിൽ നിന്റെയോർമ്മയെപ്പൊഴുമുണ്ടതാനും

എങ്കിലും മറന്നയ്യോ നിന്നെഞാൻ നന്ദിഹീനൻ
മങ്കയാംമനോഹരേ, യെന്നെനീമറക്കുമോ?
മുന്നമേയെന്നെച്ചേർത്തുനിന്നുടെ ദാസനാക്കി
യന്നുനാൾമുതൽനീയും പാലിച്ചുരക്ഷിച്ചല്ലൊ

എത്രയോയൂഴം[2] ദൈവനീതിക്കുയോഗ്യനായി
യത്രയുമൂഴം നിന്റെ മാദ്ധ്യസ്ഥാൽ കാത്തല്ലൊനീ
ദൈവത്തിൻതിരുകരം ശിക്ഷിപ്പാനോങ്ങുന്നേരം
ദൈവമാതാവേ നിന്റെ ദയയാൽ തടുത്തല്ലൊ.

എന്നുടെപാപത്താലെ നിന്നുടെ തിരുപ്പുത്രൻ
തന്നുടെകോപാഗ്നിയെ കത്തിഞാനെരിയിച്ചു
അപ്പാപം നിമിത്തമായു് ശിക്ഷിപ്പാൻ തുടങ്ങുമ്പോ-
ലിപ്പാരിൽ തനിക്കുനീ ചെയ്തശുശ്രൂഷകളും
കാട്ടിവീണപേക്ഷിച്ചു നീക്കുവാൻ ശ്രമിക്കുംനീ
കാട്ടിയെൻ കുററം പാപിയായതുമോർത്തീടാതെ
വീണുതാണീടും വീണ്ടും പാപത്തിൽക്കൂടെക്കൂടെ.

1 ക്ഷപൻ—ക്ഷമയുള്ളവൻ
2 ഊഴം—തവണ (പ്രാവശ്യം)

താണുപോകുന്നനേരം നിൻകൈയാൽപിടിച്ചെന്നെ
നിറുത്തികൊണ്ടു തന്റെ കോപത്തെയമർത്തുവാൻ
വെറുത്തീടാതെകണ്ടു പ്രാർത്ഥിക്കും വീണ്ടും വീണ്ടും

ദുഷ്ടനാം മടിയനീനന്ദിയോർക്കാതെ കണ്ടു
കഷ്ടതയതിൽനിന്നു നീങ്ങാതെയിരിക്കയിൽ
കോപിച്ചുനിന്റെ പുത്രൻ കോപാഗ്നികലരുമ്പോൾ
ദ്വേഷിച്ചുതള്ളീടുവാൻ കല്പിക്കും നേരമയ്യോ
നിന്നുടെകരുണയിൻ മേന്മയാലടിയനെ
തന്നുടെതിരുമുമ്പിലണപ്പാൻ ശ്രമിച്ചിടും.

കരുണകാട്ടാഞ്ഞിലോ അരുണോദയേതവ
പെരുകീട്ടുള്ള ശ്രദ്ധയറിയിച്ചീടുമപ്പോൾ
കാട്ടിടും നിന്റെ ശുദ്ധതിരുവുദരത്തെയും
നീട്ടിടുംതന്നെ സ്നേഹാൽ ചുമന്നകൈയും മുട്ടും
പ്രാർത്ഥിക്കും മഹാദയാൽ കോപ്പിക്കമിതൊക്കവെ
പ്രാപ്തിഹീനനാം നിന്റെ ദാസനെത്തുക്കൺപാർക്ക്

ദയവിന്നയോഗ്യനായിവനെങ്കിലും തവ
ദയയാൽ വളക്കപ്പെട്ടതിനെയോർത്തിടണം.
ഒൻപതുമാസം നിന്നെ ചുമന്നോരുദരവു–
മൻപിനാൽ കുടിപ്പിച്ചുവളർത്തകൊങ്കകളു–
മാദരവോടുനിന്നെയെടുത്ത കരങ്ങളു–
മാദരിച്ചിരുത്തിയ മടിയും മുട്ടുകളും

സൂക്ഷിച്ചുപാർത്തു നിന്റെ മാതൃവെപ്രതിയിപ്പോൾ
രക്ഷിച്ചീടണേ മമ ദാസനെന്നോർത്തിവനെ
ഇങ്ങനെ മുട്ടിച്ചുനീ പ്രാർത്ഥിക്കഹേതുവിനാൽ
അങ്ങുന്നു പൊറുത്തയ്യോ ശിക്ഷിച്ചില്ലതുകാലം.

മന്ദമായ് നടന്നയ്യോ പിന്നെയും മഹാപാപി
നന്ദിഹീനത്താൽ പാപകനെത്തെ വർദ്ധിപ്പിച്ചു.
ആകാശഗമനവുമാദിത്യചന്ദ്രന്മാരും
പ്രകാശഗ്രഹങ്ങളും നക്ഷത്രക്കൂട്ടങ്ങളും
ഭൂമിയിൽ മുളച്ചുള്ള പുല്ലുപുഷ്പാദികളും
ഭൂതലം സമസ്തവും സൂക്ഷിച്ചുനോക്കിക്കൊണ്ടു്
ഇതൊക്കെസൃഷ്ടിച്ചതിനെന്തുകാരണമെന്നു–
മിതിനെകണ്ടുനിന്റെ മഹിമഗ്രഹിപ്പാനു
മിപ്പോലെയുള്ള ഭാഗ്യമീലോകെവച്ചുവെങ്കി–
ലപ്പരലോകെയുള്ള ഭാഗ്യങ്ങളെത്രചിത്രം!

എന്നിതൊക്കെയും കണ്ടുഗ്രഹിപ്പാൻ കണ്ണുതന്നു
നന്ദിയില്ലാത്ത മമ കണ്ണിനാലെന്തുചെയ്തു!

കാണുന്ന വസ്തുവിനെ കണ്ടുകൊണ്ടതിൽത്തന്നെ
നാണംകൂടാതെ മമ ശരണംവച്ചേനയ്യോ!!

മന്നിലുള്ളവയൊക്കെ സ്ഥിരം ലവുമസ്ഥിരം ലവും
മിന്നൽപോൽ കടന്നീടുമെന്നുഞാനോർത്തീടാതെ
കണ്ണിന്നിഷ്ടമായിടും കാഴ്ചയെ സൂക്ഷിച്ചഹം
മണ്ണിതെന്നോർത്തീടാതെ മനസ്സുമതിൽ വച്ചേൻ

എന്നതുകൊണ്ടുനാഥൻ തന്നകണ്ണിനാൽത്തന്നെ
നിന്ദിച്ചേനഹംതന്നെയയ്യയ്യോമഹാകഷ്ടം
ഭൂമിയുമതിന്മീതെ കാണുന്നസമസ്തവും
ഭേദംകൂടാതെ മാറിനീങ്ങുന്നു ക്ഷണേക്ഷണേ

ഇന്നു കാണുന്നപച്ചപ്പുല്ലതുനാളെത്തന്നെ
മന്ദിച്ചുവരളുന്നു വാടുന്നു സൂര്യോഷ്ണത്താൽ
മെച്ചമായ് കണ്ടീടുന്ന പുഷ്പങ്ങൾ ബഹുവിധം
ഇച്ഛയായതിനുള്ള ശോഭയും സുഗന്ധവും
മെത്രയും ക്ഷണംകൊണ്ടു മാറിപ്പോയ് വീണീടുന്നു
ചിത്രമായതിനുള്ളോരഴകുമൊക്കെപ്പോകും.

ഇന്നിപ്പോൾ ഗൃഹസ്ഥനായ്ക്കാണുന്ന ദ്രവ്യസ്ഥനെ
മന്ദഹാസത്താൽ പലർ സ്നേഹിച്ചുസേവിക്കുന്നു
ബുദ്ധിമാനിവൻ ബഹുശക്തിമാൻ സ്വതന്ത്രനു
മബ്ധിയിൽ മണലുപോൽ വിത്തസമ്പത്തുമുണ്ട്
വാക്കുകൾ പറയുമ്പോൾ ചേർച്ചയായ്ത്തോന്നീടുന്നു.
പാക്കുവെററിലകളാൽ ചുവക്കും ചുണ്ടുകളും
സുന്ദരനിവൻ മഹാശോഭിതൻ കാണുന്നോർക്കു
സുന്ദരന്മാരായിടും പുത്രന്മാർ പുത്രികളും
ഇങ്ങനെയുള്ള ബഹുഭംഗികൾ പലതരം
അങ്ങനെ ചില നാളുകഴിഞ്ഞോരനന്തരം

ഒരുനാളിവൻതന്നെ വടിയും കൈയിലേന്തി
വരുമാററും കണ്ടുസൂക്ഷിക്കുംബഹുജനം
'ഓഹോയീദേഹമേതെന്നാ ശങ്കതോന്നുന്നല്ലോ
ആഹാ, ഹാ, സർവ്വേശ്വരായീയാൾക്കിതെന്തുവന്നു?!'
'വന്നതുമൊന്നുമില്ലാ പോയതുമൊന്നുമില്ല
വന്നതുപോലെയുള്ളതൊക്കെയുമിപ്പോഴുണ്ട്.'

എന്നതു പരമാർത്ഥമെങ്കിലും മുന്നമിവൻ
മന്ദഹാസത്താൽ ജീവിച്ചെന്നതു കണ്ടോരുണ്ടോ?
അന്നിവനുടെ ബുദ്ധിശക്തിയുമെത്ര ചിത്രം
ഇന്നതൊക്കെയുമോർത്താലെന്തൊരു വിസ്മയമേ!

ഇതുപോലുള്ള മഹാ കാഴ്ചയെ സൂക്ഷിപ്പാനും
മതിനാൽത്തന്നെ നിന്നെസ്സേവിച്ചാരാധിപ്പാനും
കണ്ണുകളെനിക്കു നീ തന്നല്ലോ സർവ്വേശ്വരാ
എണ്ണമില്ലാത്ത തിന്മയ്ക്കു ഞാൻ കരുവാക്കി

നല്ലതായുള്ള കേൾവി കേൾപ്പാനായ് കർണ്ണം തന്നു
അല്ലലുമതിനാലെ വരുത്തി മമചിത്തേ
നിന്നുടെ ദേവാലയേ ചെന്നുവന്ദിച്ചീടുവാൻ
തന്നല്ലോ കൈയ്യും കാലും സർവ്വേശാ, ഗുണാംബുധേ

അന്ധരും മുടവരും ചെകിടർ പൊട്ടരൊക്കെ
യന്ധകാരനാമെന്നെയറയ്ക്കുമയ്യോ നാഥാ,
ജ്ഞാനസ്നാനത്താലെന്നെ തനയനാക്കിവച്ച
മാനത്തെ നഷ്ടംചെയ്തു പിശാചിന്നടിമയായ്

വെണ്മയായ് നടപ്പാനായ് തന്നൊരു വെള്ളവസ്ത്രം
നന്മയും കളഞ്ഞയ്യോ പാപി ഞാൻ മഹാ മൂഢൻ.
എന്നെ കാണുന്ന ജനമെന്നുടെ സുവൃത്തിയാൽ
നിന്നെസ്സേവിപ്പാൻ വഴികാട്ടുവാൻ പന്തം തന്നു

അയ്യയ്യോ, മഹാദുഃഖമടിയൻ വളർന്നപ്പോൾ
നെയ്യുമില്ലഗ്നിയില്ലാ പുകയുന്നതും കണ്ടേൻ
ഇപ്പോലെയുള്ള മഹാദൗർഭാഗ്യമാകുണ്ടായി
യല്പൻ ഞാനറിയാതെ കെട്ടയ്യോ മമവെട്ടം

മററുള്ള ജനത്തേയും കാട്ടുവാനായിത്തന്നു
മാറേററം വെളിച്ചത്തെപ്പകർത്തിത്തമസ്സാക്കി
യിങ്ങനെയടിയന്റെ പൈതൽപ്രായത്തിൽതന്നെ
മംഗലമൊക്കെക്കളഞ്ഞയ്യയ്യോ മഹാദുഃഖം.

എന്നുടെ രക്ഷാനാഥാ നിന്നുടെ പിറവിയിൽ
മിന്നുന്ന കണ്ണിൽനിന്നു ചിന്തിയ കൺനീരിനാൽ
പാപിയാം മമപൈതൽപ്രായത്തിൻ കുറങ്ങളെ
താപത്താൽ പൊറുതിയെക്കേണു പ്രാർത്ഥിക്കുന്നേൻ

അമ്മാനുവേലേ![1], നിനക്കുത്തമസ്തോത്രമായി
അമ്മാനാ ചൊല്ലി നിന്നെ സ്തുതിച്ചീടുന്നേനഹം.

---

1 അമ്മാനുവേൽ—ദൈവം നമ്മോടുകൂടെ, യേശുവിന്റെ മറെറാരു സംജ്ഞ. അമ്മാനാ—?

## III

ക്രിസ്തുചരിതം ആദ്യന്തം രേഖമാത്രമായി അതീവ ഹൃദ്യമായി ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. ദിവ്യജനനം മുതൽ സ്വവിശേഷത്തിലെ ഓരോ സംഭവത്തോടും ബന്ധപ്പെടുത്തി ക്രിസ്തുനാഥനെ 'കാണാകേണം' എന്നു് ആവർത്തിക്കുകയാണു്.

(വൃത്തം മഞ്ജരി)

കാരുണ്യനാഥനാം ദൈവകുമാരന്റെ
യാരുണ്യ[1] ശോഭയെ കാണാകേണം.
കാരുണ്യവാരിധിയായ താൻ, മാനുഷ
കാരണം പാപാദി നീക്കുവാനായ്
മാനുഷ നീചവേഷത്തെ ധരിച്ചോരു
മാനുഷ ത്രാതാവേ, കാണാകേണം.

മിത്രനെ[2] മന്ദിപ്പിച്ചീടുന്ന ദീപ്തിയെ
ഗാത്രേമറച്ചതും കാണാകേണം.
ഉന്നതനാംദൈവം കന്നിമറിയത്തിൽ
വന്നുപിറന്നതും കാണാകേണം.

ഒൻപതുമാസമീ മാതാവിൻ ഗർഭത്തിൽ
അൻപോടിരുന്നതും കാണാകേണം.
കേസർനിയോഗത്താൽ ഗർഭസ്ഥനായ താൻ
ബേസ്ലഹംപുക്കതും കാണാകേണം.

അമ്മാനുവേലെന്ന നാമാർത്ഥംപോൽ ദൈവം
നമ്മോടുചേർന്നതും കാണാകേണം.
യാതൊരു വീടും കിട്ടാതെ ദുഃഖിച്ചു, തൻ–
മാതാപിതാക്കളെ കാണാകേണം.

നാട്ടിൽസ്ഥലം കിട്ടാതത്തൽ[3] പെട്ടു തൊഴു
ക്കൂട്ടിൽ പിറന്നതും കാണാകേണം.
മർത്ത്യരഹംകൃതിദോഷം ദ്വേഷിപ്പാനായ്
കർത്താവിൻ താഴ്മയും കാണാകേണം.

നോവും കുറയും കൂടാതെ പ്രസവിച്ച
ദൈവമാതാവെയും കാണാകേണം.

1 ആരുണ്യം–ചെമപ്പുനിറം. 2 മിത്രൻ–സൂര്യൻ. 3 അത്തൽ–ദുഃഖം.

കണ്ണിണ ചായാതെ കമ്പിട്ടതന്നുടെ
യുണ്ണിയെൻകൺകൾക്ക കാണാകേണം.
മാലാഖാ മാതാവിൻ കൈകളിൽ നൽകിയ
ആലാഹാ[1] പുത്രനെ കാണാകേണം.

തൃക്കണ്ണുകൾകൊണ്ടു മാതാവെ നോക്കുന്ന
അക്കൺമണിയെ ഞാൻ കാണാകേണം.
പുഞ്ചിരികാട്ടി സ്നേഹാഗ്നി ജ്വലിപ്പിച്ച
പൊഞ്ചുണ്ടുകളെ ഞാൻ കാണാകേണം.

ഇച്ഛയോടമ്മയെ കെട്ടിപ്പിടിച്ചൊരു
കൊച്ചുകരങ്ങളെ കാണാകേണം.
അന്നേരം ജീവൻനില ചാഞ്ചലാടുന്ന
ആനന്ദാധിക്യവും കാണാകേണം.

സ്നേഹാധിക്യത്താൽ ചുരത്തിയപാൽ തള്ള
മോഹാൽ കൊടുത്തതും കാണാകേണം.
പുത്രൻ പാലുണ്ണുമ്പോൾ മാതാവിനുണ്ടായ
ചിത്രമാം ഭക്തിയും കാണാകേണം:

എപ്പേരും കണ്ടാനന്ദാബ്ധിയിൽ താഴുന്ന
ചില്ലുമാൻ "യൗസെ"യു കാണാകേണം.
ചങ്കുപോൽ സ്നേഹിക്കും കാന്തനെ മാതാവു
തങ്കൽവിളിച്ചതും കാണാകേണം.

ആരാധനയോടങ്ങെത്രയും ഭക്തിയാൽ
ചാരത്തണഞ്ഞതും കാണാകേണം.
ഓമനപ്പൈതലെ ഭർത്താവിൻകൈകളി
ലാമോദാൽ ചേർത്തതും കാണാകേണം.

ഭാര്യാസമേതനായുണ്ണിക്ക ചെയ്തൊരു
ആര്യസ്തുതികളും കാണാകേണം.
പള്ളിയുറക്കം തുടന്നൊരുണ്ണിക്കവെ–
രല്പൽതീർക്കുന്നതും കാണാകേണം.

ആട്ടിടയന്മാരെ കേൾപ്പിച്ചവരുടൻ
കൂട്ടമായ് വന്നതും കാണാകേണം.
വാഴ്ത്തി സ്തുതിക്കുന്ന കൂട്ടത്തെ പാപി ഞാൻ
വാഴ്ത്തുവാൻ നിത്യവും കാണാകേണം.

മാലാഖമാർ വന്നു കമ്പിട്ടുവാഴ്ത്തുന്ന
ചേലൊത്തമേനി ഞാൻ കാണാകേണം.
എട്ടാംനാൾ വന്നു പട്ടക്കാരീശോ നാമ–
മിട്ട വിധത്തെയും കാണാകേണം.

1 ആലാഹാ–ദൈവം (സുറിയാനി പദം)

ഛേദനാചാരത്താൽ ചോരചിന്തിയൊരു
വേദനയേയും ഞാൻ കാണാകേണം.
പത്തോടു മൂന്നാംനാൾ മൂന്നു നൃപർ വന്നു
ഭക്ത്യാൽകമ്പിട്ടതും കാണാകേണം.

ചേർച്ചയോടുണ്ണിയെ പള്ളിയിൽ മാതാവു
കാഴ്ച കൊടുത്തതും കാണാകേണം.
കണ്ടുമരിപ്പാനിരുന്ന വയോധികൻ
കണ്ടു തൃപ്പാദവും കാണാകേണം.

ഓടിയെജിപ്തിലൊളിപ്പിച്ച നാഥനെ
പേടിയൊഴിഞ്ഞു ഞാൻ കാണാകേണം.
ഏഴുസംവത്സരംപാർത്താജനങ്ങൾക്കു
വാഴ്‌വു ലഭിച്ചതും കാണാകേണം.

അന്നപാനാദികൾ മുട്ടി ദുഃഖിച്ചൊരു
അന്നജാപുത്രനെ[1] കാണാകേണം.
ശാസ്ത്രികളോടൊത്തങ്ങീരാറുപ്രായത്തിൽ
ശാസ്ത്രം തർക്കിച്ചതു കാണാകേണം.

പുത്രനെക്കാണാതുഴന്ന പിതാക്കളുടെ
ചിത്തദുഃഖത്തെയും കാണാകേണം.
മൂന്നാംനാൾ പുത്രനെ കണ്ടപ്പോഴുണ്ടായ
ഉന്നതസ്നേഹവും കാണാകേണം.

മാതാപിതാക്കൾക്കു കീഴ്‌വഴങ്ങിപ്പാർത്ത
മാതൃകയേയും ഞൻ കാണാകേണം.
മുപ്പതിററാണ്ടുശ്രവണം[2] പഠിപ്പിച്ച
തത്പരൻ മല്പാനെ[3] കാണാകേണം.

യോഹന്നാൻ കൈയാൽ ജ്ഞാനസ്നാനം കൈക്കൊണ്ട
സ്നേഹപ്രവൃത്തിയും കാണാകേണം.
ഏററം വിശന്നും ദാഹിച്ചും വനമതിൽ
നോററ നോയമ്പു ഞാൻ കാണാകേണം,

ദുഷ്ടപ്പിശാചിൻപരീക്ഷ ജയിപ്പാനായ്
കാട്ടിയ മാതൃക കാണാകേണം.
കല്യാണപ്പന്തലിൽ വെള്ളം വീഞ്ഞാക്കിയ
കല്യാണരൂപനെ കാണാകേണം.

ആദിയിൽചെയ്ത പുതുമ[4] മാതാവിന്റെ
മോദംപോൽ ചെയ്തതും കാണാകേണം.

---

1 അന്നജാപുത്രൻ–അന്നായുടെ മകളുടെ പുത്രൻ (ഉണ്ണീശോ)
2 ശ്രവണം–വേദം. 3 മല്പാൻ–വൈദികഗുരു
4 പുതുമ–അത്ഭുതപ്രവൃത്തി.

വേദമറിയിപ്പാൻ ശിഷ്യരെക്കൂട്ടിയ
വേദനാഥൻതന്നെ കാണാകേണം.
നഷ്ടമായ്പോയോരജങ്ങളെത്തേടുന്ന
സൃഷ്ടികർത്താവിനെ കാണാകേണം.
നല്ലൊരിടയൻ ഞാനെന്നരുളിച്ചെയ്ത
നല്ലനെയെന്നും[1] ഞാൻ കാണാകേണം.

## അനുബന്ധം

ലോകരക്ഷകനായ യേശുവിന്റെ ജനനംമുതൽ മരണംവരെയുള്ള സംഭവങ്ങൾ അനുസ്മരിച്ചുകൊണ്ട്, ഭക്തിപരവശനായ കവി ആത്മദ്രഷ്ട്യാ അവയോരോന്നും കാണാൻ ആഗ്രഹിക്കുന്നതായി ആലാപനം ചെയ്യുന്നു. ഇതു് മൂന്നാം ഖണ്ഡത്തിന്റെ അനുബന്ധമോ അനുപൂരകമോ ആണു്.

കരുണാകരനീശോ പരമപിതൃസുതൻ
കരുണയോടടിയാര് കാണാകേണം
കാരുണ്യവാരിധി ദയാനിധിനീയെ
കാരണൻ പാപ[2]ത്തെ നീക്കുവാനായ്
കാരാഗൃഹത്തിലകപ്പെട്ട ജന്മത്തിൽ
കാരണ ത്രാതാവെ, കാണാകേണം
കിരണനിധീശ്വരാ നിൻമഹിമഗുണ
കിരണപ്രഭാനിധിയൊക്കെത്താഴ്ത്തി
കിരി[3]വൽ നടന്നമാംപാപംപോക്കിയ
കിരീടധാരനെ കാണാകേണം.
കീഴുള്ള ദാസനാമെന്നെയുയർത്തുവാൻ
കീഴ്പെട്ടണഞ്ഞു പിതാവിഷ്ടംപോലെ
കീഴ്ത്തരമായ മനുഷ്യരെ രക്ഷിപ്പാൻ
കീഴ്പെട്ട നിന്നെ ഞാൻ കാണാകേണം.
കുത്സിതനായമേ കൃപധരിച്ചയ്യോ
കുത്സനമെല്ലാനും ചിത്തമായി
കുത്സിതനായ മാംപ്രതിമനുഷ്യന്റെ
കുമാരനായതേ കാണാകേണം.
കൂടസ്ഥൻ[4] നിശ്ചലൻ നിർവികാരൻ നീയെ
കൂടസ്ഥ![5] മേ വിധി നീക്കുവാനായി

1 നല്ലനെ–നല്ലവനെ 2 കാരണൻപാപം-ഉത്ഭവപാപം 3 കിരി–ഗിരി (കിരി–കാട്ടുപന്നി. കാട്ടുപന്നിയെപ്പോലെ നടന്ന എന്റെ പാപം പോക്കിയ എന്നുമാകാം) 4 കൂടസ്ഥൻ–സർവ്വവ്യാപി 5 കൂടസ്ഥ–പരമാത്മാവു്

കൂപംസമമായിത്തോന്നുന്ന മാട്ടിന്റെ
കൂട്ടിൽ പിറന്നതും കാണാകേണം.
കേവലം നീയെന്നെ രക്ഷിപ്പതിനായി,
കേണു പൈതൽസമക്കാലത്തിൽ

കേസരിരാജൻ നീ നിന്നുടെ സ്വമതം
കേരളമൊക്കെയും കാണാകേണം
കൈതവംകൊണ്ടു നിറഞ്ഞോരീഭൂതലേ
കൈകാര്യം ദുഷ്ടപ്പിശാചിനല്ലോ

കൈകാലും ശേഷവും നൽകിയ നിൻവേദം
കൈക്കൊണ്ടീടുന്നതും കാണാകേണം.
കോപത്തെ നീക്കുവാൻ ഗോപാലനായി നീ
കൊച്ചുകുഞ്ഞായിപ്പിറന്ന നിന്നെ

കോരിയെടുത്തു നിൻ മാതാവു സ്നേഹത്താൽ
കൊങ്കയൂട്ടുന്നതും കാണാകേണം.
കൗതുകമേ സർവ്വനാഥനെ നിൻതിരു
കൗളതിൽ1 മുത്തുന്ന സ്നേഹമാതാ

കൗശലബുദ്ധിയാൽ നിന്നെ തോഷിപ്പിക്കും
കൗതുഹലാ! നിന്നെ കാണാകേണം.
അൻപുള്ള ദൈവമേ, നിൻതിരുമുൻപതിൽ
അല്പനാമെന്നെ നീയോർത്തിടേണം

ആനന്ദമോടുനിൻ മാതൃതിരുമടി
യാദരിച്ചീടുമ്പോളും കാണാകേണം.
ഈ ഭുവിവന്നു നീ മാനുഷജന്മമായ്
ഇജ്ജനരക്ഷയ്ക്കു കർത്തനായി

ഈ മഹാ നാഥയാം കന്നികരംതന്നി-
ലീശനേ നിന്നെ ഞാൻ കാണാകേണം
ഉത്തരഭാഗ്യയുയർത്തുവാൻ ഞങ്ങളെ
യുത്തമനായ നീ മർത്ത്യനായി

ഊഴിയിതിൽ ശയനിക്കുന്നേയുണ്ണിയെ
യൂനം കൂടാതഹം കാണാകേണം
ഋഷികൾക്കൊക്കെയുമീശൻ നീയാകയാൽ
ഋഷഭവേസര2 മദ്ധ്യനായി

ഋക്ഷംമുതൽ3 വെട്ടം നാണിപ്പിച്ചീടുന്ന
ഋത്വധിനാഥനെ4 കാണാകേണം.

---

1 കൗള്-കവിള് 2 ഋഷഭം—കാള 3 ഋക്ഷം—നക്ഷത്രം 4 ഋത്വധി നാഥൻ—ഋതുക്കളുടെ (കാലഭേദങ്ങളുടെ) നാഥൻ

ഏത്രയും ചിത്രമാം നിൻമുഖപത്മത്തെ
യേകാന്തപ്രേമത്താൽ പാൎക്കുന്നഹം

ഏകേശനാഥനെ,[1] നിന്നുടെ ദാസൻമേ-
യേകദാ നിന്നെ ഞാൻ കാണാകേണം
ഒന്നിനും തിട്ടതിയില്ലാത്ത[2] ഭാഗ്യൻ നീ
യോമന തൃക്കൈകൾ നീട്ടിക്കൊണ്ടു്

ഉണ്മയിൽ[3] മാതാപിതാക്കൾക്കു കാട്ടുന്ന
യോമനപ്പുഞ്ചിരി കാണാകേണം
അമ്മാനുവേലെന്ന തമ്പുരാനെ, നിന്നെ
യൻപോടു പാപി ഞാൻ വന്ദിക്കുന്നേൻ

ആദിത്യയാടയണിഞ്ഞു മതിതന്നെ[4]
പാദത്തിൻകീഴിൽമെതിക്കും നാഥേ,
പാപിയാമെന്നുടെ പാപത്തെ പോക്കി നിൻ-
പാദേയടിയനെ ചേൎത്തീടേണം.

---

1 ഏകേശനാഥൻ—ഏകദൈവം 2 തിട്ടതി—ആവശ്യം, ദുഃഖം
3 ഉണ്മ—സത്യം, യാഥാൎത്ഥ്യം 4 മതി—ചന്ദ്രൻ

# IV

പൂർണ്ണഗർഭിണിയായ കന്യകാമാതാവിന്റെ ബത്‌ലഹേം യാത്രയും ആ ഗോത്രനഗരത്തിൽ അനുഭവിക്കേണ്ടിവന്ന തിരസ്‌ക്കാരവും തജ്ജന്യമായ നിസ്സഹായാവസ്ഥയും ആ സംഭവങ്ങളോട്ട ബന്ധപ്പെട്ടത്തിയുള്ള അനതാപഭരിതമായ അനുചിന്തനങ്ങളുമാണ്‌ ഈ പാഠത്തിലെ പ്രതിപാദ്യം.

വൃത്തം കേക

അൻപെറും സ്ത്രീണാംവരെ,[1] നിന്നുടെ ഗുണഗണാൽ
തമ്പുരാൻ കല്പിച്ചെന്നവാഗ്ദത്തം നിവൃത്തിയായ്‌.
മന്നിലുള്ളവർക്കൊക്കെ മാതാവായീടും ഹവ്വാ
പന്നഗത്തിനാൽ ചതിപെട്ടതിൻശേഷത്തിങ്കൽ

ഉന്നതൻസർവ്വേശ്വരൻ പന്നഗത്തിനെനോക്കി
മന്നിൽനീയിഴഞ്ഞീടും ധൂളിയെ ഭുജിച്ചിടും
എന്നുരംചെയ്തശേഷമാദിമാതാവെപ്പാർത്തു
നിന്നുടെ സുതന്മാർക്കുമിവന്നും ശത്രുത്വവും

നിന്നിൽനിന്നുളവാകും സന്തതിയതിനാലെ
പന്നഗത്തിന്റെ തലതകർത്തു ഭേദംവിനാ
എന്നുള്ള നീതിവാക്യം നിന്നാലെസമാപ്തിയാ–
യെന്നതിനാലെന്നേയും സ്തുതിക്കയോഗ്യനീയേ.

ആദത്തിൻസുതയായി നീ ജനിച്ചെന്നാകിലും
ഖേദത്തിൻമൂലമായ പാപത്തിൻ നിഴൽപോലും
നിന്നിലന്നണയാതെ നിന്നുടെ തിരുപ്പാദാൽ
പന്നഗംതന്റെ തല തകർത്ത ഗുണനാഥേ,

പാപത്തിൻഫലത്താലെ സ്ത്രീവർഗ്ഗംസകലവും
താപത്തിൻനോവാൽഗർഭം പ്രസവമെന്നുസിദ്ധം
ഇങ്ങനെയുള്ള കുച്ഛ്റമൊന്നുമേയണുകാതെ,[2]
തിങ്ങുന്നമഹിമയാൽ വിശുദ്ധ റൂഹായാലെ

ഗർഭധാരിണിയായിയന്നുതൊട്ടാഗർഭത്താൽ
നിർഭരസുഖമെന്യേ യസഹ്യമൊന്നുംവിനാ
അക്കാലം മഹാനൃപനഗുസ്തോസ്‌ കല്പനയാൽ
തൃക്കാലാൽ നടന്നു നീ ബേസലേംനഗരത്തിൽ.

---

1 സ്ത്രീണാംവര–സ്ത്രീകളിൽ ശ്രേഷ്ഠ. 2 അണുകുക–അടുക്കുക.

കാന്തനാം പുണ്യശ്രേഷ്ഠൻ യൗസേപ്പിൻ മഹാസ്നേഹ–
കാന്തലാൽ[1] കല്പിക്കയാൽ ചിലപ്പോൾ മൃഗമേറി
നടന്നു മമനാഥെ, ദുർഗ്ഗമപന്ഥാവതിൽ
കടന്നു തിരികളുമണഞ്ഞു ബെസ്ലഹെമിൽ.

പരമപരാപരൻ സകലഗുണാന്വിത–
നപരൻ രാജരാജൻ സർവ്വജ്ഞൻ സമസ്തേശൻ.
പരമത്രിത്വത്തിന്റെ ദ്വിതീയൻ ദൈവസുതൻ
നരവർഗ്ഗരാജ്ഞിയാൽ പരിരക്ഷിതൻനാഥൻ

തിരുമാതാവേ നീയിത്തിരുമാസമൊൻപതിൽ
പെരിയോരനിഷ്ടത്താൽത്തിരുയാത്രയെച്ചെയ്തു
അയ്യയ്യോ രാജേശ്വരീ, കറയില്ലാത്തനാഥേ–
യടിയൻപാപാൽ നീയുമരുഷ്ടിക്കുന്നതെല്ലാം

പരമഗുണനാഥൻ കരുണാനിധിദേവൻ
കരുതിയറിയിച്ചപെരുമ നിന്റെപൂർവ്വം
മന്നിലിങ്ങുണ്ടായൊരു മന്നവന്മാരിൽ മുഖ്യൻ
മന്നവൻശ്ലേമോൻ തന്റെയുന്നതബുദ്ധിവൃശാ–

ലെത്രയും വിചിത്രമായ്ച്ചമച്ച ദേവാലയേ
ചിത്രമായ്ത്തുക്കീട്ടുള്ള തിരുശ്ശീലകൾക്കുള്ളിൽ
ശുദ്ധശുദ്ധാംസ്ഥലമതിന്റെ മദ്ധ്യസ്ഥലേ
ശുദ്ധമാംസുവർണ്ണത്താൽ വാർത്തുള്ളക്രോവേമദ്ധ്യേ

തൻതിരുവാക്യരേഖയുള്ള കല്പലകകൾ
ചന്തമായ്‌വച്ചീടുന്ന പെഴയെ[2] സ്ഥാപംചെയ്തു[3]
ഇന്നതുപോലെനിന്റെ ശുദ്ധമാമുദരത്തിൽ
വന്ദനയോഗ്യനായ തന്തിരുവടിതന്നെ

തിരുവസനമിട്ടങ്ങവിടെയെഴുന്നെള്ളി–
യിരിക്കുംപെട്ടിയല്ല, കേവലം മാതൃതന്നെ
അയ്യയ്യോനാഥാനിന്റെ മാതാവിൻസാദൃശ്യമാ–
മർച്ച്യശിഷ്ടപെട്ടി[4]യിൻ സന്നിധൗ 'ദാഗോൻ'ദേവൻ

എന്നവൻബിംബംവീണു കമ്പിടുന്നതുസിദ്ധം
എന്നതുതേരിലേററിക്കെട്ടിയ പശുക്കുട്ടി
മന്ദമായ്നടന്നതു സൂര്യനാടതിൽപുക്കും,[5]
മന്ദിരേയടുത്തപ്പോൾ കണ്ടവർവന്ദിച്ചല്ലൊ.

---

1 കാന്തൽ–തീക്ഷ്ണത. 2 പെഴ–പെട്ടി. 3 സ്ഥാപംചെയ്തു–സ്ഥാപിച്ചു. 4 അർച്ച്യശിഷ്ടപ്പെട്ടി–വാഗ്ദത്തപേടകം. 5 സൂര്യനാട്–ഫിലിസ്ത്യർ അപഹരിച്ചുകൊണ്ടുപോയി ദാഗോൻദേവന്റെ അമ്പലത്തിൽ സൂക്ഷിച്ചിരുന്ന വാഗ്ദത്തപേടകം രണ്ടു പശുക്കളെ കെട്ടിയ തേരിൽവെച്ച് ആദ്യം എത്തിച്ച ഇസ്രായേൽപ്രദേശം (ബെത്ത്സമേസ്)

ഇത്തിരുപ്പെട്ടിരാജൻ ദാവീദു മഹാഘോഷാൽ
അത്തിരുദേവാലയേയണച്ചീടുന്നമദ്ധ്യേ,
ദാൻതൊട്ടു സപ്ലഗ്രഹയെന്നതിനോളമുള്ള
ദാവീദിൻപ്രജകളാമിസ്രയേലൊക്കെക്കൂട്ടി–

ദാനഹോമങ്ങളും വാദ്യഘോഷങ്ങളുംപലതരം
ദാസനായ്ത്തോന്നി ദാവീദിന്നുതൻ പ്രജാമുമ്പിൽ,
മററൊരുദിനേ തിരുപ്പെട്ടിയെത്തൊട്ടുമുഖ്യൻ[1]
മാററരെന്നിയേവീണു മരിച്ചെന്നതുംസിദ്ധം

പെട്ടിയോടണവാനും തൊട്ടുചുമപ്പാനും
പട്ടക്കാരരിൽമുഖ്യ ശ്രേഷ്ഠന്മാർതന്നെവേണം.
എന്തൊരുക്ഷമയിതു സർവ്വേശനിൻെറമാതാ
തൻതിരുക്കാലാൽത്തന്നെ കല്ലിലുംനടക്കുന്നു!

അയ്യയ്യോയിതുപോരാ കേൾക്കണംസഖികളെ.
യയ്യമായ്ത്തോന്നീടുന്നു കീർത്തിപ്പാൻ മമനാവാൽ.
ശുദ്ധവാളനാം[2] പിതാ യൗസേപ്പുപുണ്യശ്രേഷ്ഠൻ
സ്വിശുദ്ധഭാര്യതൻ ദുഃഖം പാർക്കുന്നനേരംതൻെറ

ഗോത്രകർ ബന്ധുക്കളും സ്നേഹിതർപലരുണ്ടു്
നേത്രത്താൻ കണ്ടീടുമ്പോൾ തുണസ്സുംക്ഷീണംതീരും
എന്നിതുനിരൂപിച്ചു നടന്നുതാനുംതൻെറ
സന്നഗർ[3] പുക്കശേഷമെന്തയ്യോ ഭൂതം[4] നാഥാ.

മുഖ്യന്മാർപലരുണ്ടു് ഭൃത്യന്മാർബഹുജനം
സഖ്യതയിവർക്കയ്യോ കിട്ടീല്ലന്നഗരത്തിൽ,
സമ്പന്നർപലർവന്നു ദൂരദേശവാസരായ്
വൻപനാമഗുസ്തോസിൻ കല്പനനിമിത്തമായ്

എങ്കിലും മമശ്രേഷ്ഠനായിടും പിതാവിന്നും
മങ്കമാർമണിയായ കാരുണ്യമാതാവിന്നും
തന്നുടെപാദംവച്ചു തങ്ങിയങ്ങിരിപ്പാനായ്
തന്നില്ലയൊരുതിണ്ണയക്കാലമയ്യോ, ദുഃഖം

തന്നുടെമഹാപിതൃ മന്നവർസ്ഥലമതു–
മെന്നുടെവാസത്തിന്നുമന്നിതു കിട്ടുംതിട്ടം,
എന്നുറച്ചവിടത്തിൽ ചെന്നതുനേരത്തിങ്ക–
ലന്നവിടത്തിലകംപൂകുവാൻ വശമില്ല.

---

1 തിരുപ്പെട്ടിയെതൊട്ടമുഖ്യൻ–ജറുസലേമിലേയ്ക്കുള്ള പേടകപ്രയാണത്തിനിടയ്ക്കു പേടകത്തെ സ്പർശിച്ചപ്പോൾ മരിച്ചുവീണ, അനഭിഷിക്തനായ ഉസ്സാ. 2 ശുദ്ധവാളൻ–പുണ്യവാൻ. 3 സന്നഗർ– ബത്‌ലഹേംനഗരം. 4 എന്തയ്യോഭൂതം–എന്താണു് സംഭവിച്ചതു്!

മുഖ്യതവേണ്ടാകൊച്ചു കച്ചിലായൊരുസ്ഥലം[1]
സഖ്യതയായിക്കിട്ടായെന്നതും വന്നീടുമോ
എന്നുറച്ചവിടെനിന്നകന്നനേരം കണ്ടു
തന്നുടെസ്നേഹിതനാം മുഖ്യനായൊരുദേഹം

ഇവന്നുപല വീടുമാടമാളികയുണ്ട്,
അതിന്നുകൂലിവേണ്ട കിട്ടുമിന്നതിലൊന്ന്
അങ്ങനെനിരൂപിച്ചങ്ങടുത്തനേരമവൻ
പണ്ടൊരുനാളും കണ്ടിട്ടില്ലെന്നപോലെ മുഖം

കണ്ടതുനേരംമുഖ്യൻ മിണ്ടാതെമുണ്ടിമാറി
കണ്ടകം[2] ചങ്കിൽ കുത്തുന്നെന്നതുപോലെ ദുഃഖം
നേരവുമകാലമായ് സൂര്യനുംമറഞ്ഞയ്യോ!
നാരിയാംമമശ്രേഷ്ഠയവിടെ നിന്നീടുന്നു

കൂട്ടരുമില്ല വഴികാട്ടുവാനാരുമില്ല.
കൂട്ടിനായ്ച്ചമച്ചമാം സർവ്വേശാ, നിന്റെ ദയാൽ,
നിന്നുടെ മാതാവിനി,ന്നെന്നുടെ വശഹീനാൽ
മന്നിലെന്തെല്ലാം ദുഃഖംവരുമോ. മേ, ദൈവമേ.

ഇപ്പൊഴുതെവിടെഞാനിരുത്തുന്നയ്യോ, നാഥാ
തല്പരമാതാവിവരം വരവണ്ണിനീ ശ്രേഷ്ഠാ,
ഇത്തൊരുവതിൽ രാത്രൗയിരിക്കണ്ടെന്നാകിലി–
ത്തല്പരമതിലെത്തു ദുഃഖമേ, സർവ്വേശ്വരാ!

ഇക്കൃപാകരിയാകുംനിന്നുടെ മാതാവിനെ
ഇക്കൃമിയായയെന്നെയേല്പിച്ചോ, മമനാഥാ
നിന്നുടെപുത്രനിപ്പോഴം തന്നുടെയുദരത്തിൽ
മിന്നുന്നചന്ദ്രൻ മേഘാലെന്നപോൽ മന്ദിക്കുന്നോ!

ഇന്നുഞാനിതൊക്കെവേ നിനച്ചുനിന്നീടുകി-
ലിന്നുതന്നെയാകുമോ തൻതിരുസൂതീദിനം?[3]
എന്തേറെക്ലേശിക്കുന്നു പോകണമിവിടെനി–
ന്നെന്തൊരുപായമുള്ളൂ? സർവ്വേശാ, കാട്ടീടണം.

എന്നുടെനഗരവും ഗോത്രവും ബന്ധുക്കളു–
മെന്നുള്ളൊരഹംമതിയൊക്കെയും ഫലംനാസ്തി
എങ്കിലും സർവേശ്വരാ, നിന്നുടെമാതൃവിവരം
ചങ്കിലും വെണ്മയേറും നിർമ്മലമണിയല്ലൊ.

എന്നയീശ്രേഷ്ഠതന്റെ മംഗലപാദങ്ങളെ–
യിന്നവരംമടക്കിയങ്ങിരിപ്പാൻ സ്ഥലമില്ലേ!
പന്ഥാവിൽനിന്നുവരും തന്നുടെബന്ധുക്കളെ
സന്ധിച്ചുപാലിക്കണമെന്നുംനീ കല്പിച്ചില്ലീ?

1 കച്ചിൽ–ക്ഷുനാപ്പുര 2 കണ്ടകം– മുള്ള് 3 സൂതിദിനം–പ്രസവദിവസം.

എന്നുള്ളഗുണംപോലുമിന്നവരാക്കാരും ചെയ്യാ_
യെന്നതുമമപാപമുന്നതമതുതന്നെ.
ഓഹോ, ഞാനിവിടത്തിലെന്തു പാർത്തുനില്ക്കുന്നു.
അഹഹാ, കഷ്ടം, നാഥാ, മാതാവെന്തുഹിക്കുന്നോ!

ഇത്തെരുവതിൽപല ചാവടി[1] സ്ഥലങ്ങളും
നൽപ്പെരുവഴിപോക്കർ പാർപ്പാനുമിടമുണ്ട്
അസ്ഥലമെന്നാകിലുമൊന്നു ഞാൻ സൂക്ഷിക്കട്ടെ.
ഇത്തലയ്ക്കുള്ളോരത്തലൊഴിപ്പാൻ വശമുണ്ടോ!

അങ്ങനെനിനച്ചവിടത്തിലും ചെന്നശേഷം
തിങ്ങുന്നജനത്തിനാൽ തിണ്ണയുംനിറഞ്ഞുപോ_
യിങ്ങനെയുള്ളമഹാ ദുഃഖത്താൽ പുണ്യപിതാ
മംഗലഭാര്യാപക്കൽ പിന്തിരിഞ്ഞയ്യോ. ദുഃഖം

എന്നുടെപാപമിതോയിപ്പരി നിർഭാഗ്യമോ
നിന്നുടെതിരുവുള്ളമെന്തിതോ സർവ്വേശ്വരാ!
കാണികാംദൃഷ്ടിക്കുന്നേ ദൃഷ്ടികാം മേഭാഗ്യമീ_
കന്യകദുഃഖിക്കുന്ന കാരണമെന്തിതയ്യോ.

ഇരപ്പോക്കുള്ളദാനം പരപ്പിൽസമുദ്രംപോ_
ലിരട്ടിച്ചുള്ളപാപംകെട്ടത്തും മമസഖേ_
യിങ്ങനെകണ്ടു ചൊല്ലി മറെറാരുത്തനോടപ്പോ_
ളങ്ങുന്നുമുൻവന്നെങ്കിൽ മേ ഭാഗ്യം വദ്ധിച്ചേനെ_

യെന്നവൻഹാസ്യവാക്ക ചൊന്നതുകേട്ട പുണ്യൻ
അന്നവൻ കൃതജ്ഞതചെയ്യെന്നു സ്മരിച്ചിടും.
അങ്ങനെദുഃഖാംബുധൗ മുങ്ങിനില്ക്കുന്നമദ്ധ്യേ
മന്നവൻനീതിക്കാരും കണ്ടവർകരംകെട്ട,[2]

രാജകല്പനയതും ഭേദമെന്നിയെതീർത്തു
നേരവുംരാത്രിപാതിയടപ്പാൻ സമയമായ്
ചെന്നുതൻപുണ്യകന്യ തന്നുടെയരികത്തിൽ
ചൊന്നുതാൻമഹാദുഃഖാൽ കന്നിമാതാവെനോക്കി

നല്ലൊരുജലംമേഘം തന്നിൽനിന്നിങ്ങുവീണു
വല്ലപങ്കമാംമണ്ണിൽ കലന്നൊന്നാക്കുമ്പോഴം
നിർമ്മലംവെളുത്തുള്ള വെള്ളത്തിൻനിറംമാററി
അമ്മലച്ചെളിയായിക്കലർന്നീടുന്നു ദൃഢം.

എന്നപോലടിയൻെറ കല്മഷഹേതുവാലെ
നന്ദനൻസർവ്വേശൻെറ മാതൃവേതവഖേദം
അമരാപുരിനാഥൻ കരുണനിമിത്തമായ്
നഗരമിതിൽവന്ന സ്വജനംത്യജിച്ചല്ലൊ.

1 ചാവടി_സത്രം. 2 കരംകെട്ട—രാജഭോഗം കൊടുത്തു.

മേൽഗണഭൃത്യന്മാരാൽ വന്ദിക്കപ്പെട്ടുംനാഥൻ
മേല്ഗുണവശഹീനാൽ ദുഃഖിപ്പാൻയുക്തനുമായ്,
പോകണംനഗരിയിൽ നമുക്കസ്ഥലമില്ല,
പോരുമ്പോൾകണ്ടഗുഹയതിൽനാം തങ്ങീടണ–

മെന്നതുപുണ്യശ്രേഷ്ഠൻ ചൊന്നതുനേരംകന്യാ
നന്നിതെന്നുരചെയ്തു പുറപ്പെട്ടയ്യോ ദുഃഖം.
പൂർണ്ണഗർഭിണിയായ നാഥൻെറമാതാവിന്നു
പൂർണ്ണമായിരിപ്പാനുമില്ലല്ലോയൊരുകേതം.[1]

രാജനാംദാവീദിൻെറ നഗരമിതല്ലയോ?
രാജഗോത്രക്കാരിവർ ദാവീദിൻപുത്രരല്ലേ!
രാജനായ്‌വാണീടുവാനുള്ളോരു നാഥനല്ലേ!
രാജ്ഞിയാംത്രിലോകത്തിൻ നാഥയുമിവളല്ലേ!

അയ്യയ്യോനഗരമേ, യാരെനീയുപേക്ഷിച്ചു?
അയ്യത്തിന്നല്ലാതിനി നിനക്കുയോഗ്യമുണ്ടോ?
തന്നെനീയുപേക്ഷിച്ചു തള്ളിനിൻപുറമതിൽ
തന്നാലേയുപേക്ഷിക്കപ്പെട്ടു നീയതുംതിട്ടം

മന്നമേയെത്ര, തന്നെപ്പാർത്തപേക്ഷിച്ചവനു,
മന്നവർപ്രസിദ്ധരും ദീർഘദർശകന്മാരും.
ഇന്നുനീയതൊക്കെവേ മറന്നുദുർഭാഗ്യയായ്
ഇനിനീയപേക്ഷിക്കും സാദ്ധ്യമില്ലയ്യോ, ദുഃഖം.

മുഖ്യനാംപിതാവായ അബ്രാഹം തൻെറകേതം
മുഖ്യരെക്കൈക്കൊണ്ടതാൻ, എത്രയോസ്തുതിയോഗ്യം,
എന്നവരുടെനാഥൻ താൻതന്നെയെഴുന്നെള്ളി–
യിന്നവർതന്നെത്തള്ളിയെന്നതെത്രയോ ദുഃഖം

ഇങ്ങനെ മമതാതൻ നരമുഖ്യനാംശ്രേഷ്ഠൻ
തിങ്ങിനദുഃഖത്തോടെ പുറപ്പെട്ടയ്യോ, ഖേദാൽ
അയ്യയ്യോയവരെഞാനെന്തിന്നു വിധിക്കുന്നു!
ഐന്ദ്രിയസ്നേഹവശാലടിയനുമതേ ചെയ്തു.

എന്നുടെനാഥൻ കുഞ്ഞിപ്പൈതലാമമ്മാനുവേൽ
തന്നുടെവാസത്തിന്നായെൻമനമിച്ഛിച്ചല്ലോ.
ദുഷ്ടനാമടിയൻെറയിഷ്ടമീലോകേവച്ചു
ശിഷ്ടനാംതന്നെ ഞാനുമകററിയയ്യോ ദുഃഖം

എന്നുടെയാത്മാവിനെ തന്നുടെരുധിരത്താൽ
മുന്നമേസ്നാനംകൊണ്ടു ചെയ്തതിൽഞാനുംമഹാ–
സന്തോഷാലെഴുന്നെള്ളി വസിപ്പാനിച്ഛിച്ചല്ലോ
ബന്ധുവായ്ച്ചമച്ചഞാൻ അന്തകപ്പിശാചിനെ

1 കേതം—നികേതം, ഇരിപ്പിടം.

എത്രയോകഷ്ടമയ്യോ മേപാപമോക്ഷംവിധൗ
ശത്രുവായ്ചമച്ചുഞാൻ മേപിതൃസർവ്വേശനെ.
എന്നതുനിനയ്ക്കുമ്പോളിന്നവർ ചെയ്യുകററ—
മെന്നതിൽമഹാകഷ്ടമെന്നുടെ നന്ദിഹീനം

മേപ്രിയതാതൻനീയേ, യോർത്തുനിൻദാസനെന്നെ
ചേർത്തു നിൻസുതൻപക്കലെണച്ചീടണമെന്നെ.
നിന്നുടെസ്നേഹപത്നിതന്നുടെയപേക്ഷയാ—
ലെന്നുടെ പൈതൽക്കൃതിയൊക്കെയും[1] പോക്കീടണം.

മാതാവേ, മമനാഥേ, ദാസനെയോർത്തീടണം
ത്രാതാവുതവരത്നമെത്രയോ നിന്നെസ്നേഹം
മുന്നമേനിൻറദാസനിപ്പൊഴമിനിയെന്നും
മന്നിൽനിന്നകന്നിടും നേരത്തിൽവിശേഷമാ—

യെന്നെനീയോർത്തുനിൻെറ പുത്രനോടപേക്ഷിച്ചു
നല്ലൊരുമൃത്യുതന്നു രക്ഷിക്കമമതായേ.
നിന്നുടെതിരുമുമ്പിലെന്നുടെ ദേഹംദേഹി—
യിന്നിതാകാഴ്ചവച്ചു നിന്നെഞാനേല്പിക്കുന്നേൻ.

തരണമടിയന്നു ശരണംനിന്നാൽതന്നെ—
യിതിനാൽദ്വേഷ്യാമ്യഹം സകലപാപം ത്വയാ.

---

1 പൈതൽക്കൃതി—ബാല്യകാലത്തെ (അറിവില്ലാത്ത കാലത്തെ) പാപപ്രവൃത്തികൾ.

# V

ഗോശാലയിലെത്തിയ ദിവ്യദമ്പതിമാർ പ്രാർത്ഥനാപൂർവ്വം പ്രതീക്ഷിച്ചിരിക്കവെ, തിരുവവതാരം നടക്കുന്നു. തുടർന്ന് വാനവഗണം സ്വർഗ്ഗീയകീർത്തനങ്ങൾ ആലപിക്കുന്നു. ആട്ടിടയന്മാരെ, സന്തോഷവാർത്തയറിയിക്കുന്നു. ദൈവദൂതഗണം ദിവ്യമാതാപിതാക്കന്മാരെ വാഴ്ത്തുന്നു; ഒപ്പം കവിയും. യൗസേപ്പു താതൻ ഉണ്ണിയേശുവിനെ സ്വകരങ്ങളിൽ എടുത്തു ലാളിക്കുന്നതായി ചിത്രീകരിച്ചുകൊണ്ടും ഉണ്ണിയേശുവിൻെറ ചേതോഹരമായ ഒരു വന്ദനീയ ചിത്രം അവതരിപ്പിച്ചുകൊണ്ടും ഈ ഖണ്ഡം അവസാനിപ്പിക്കുന്നു.

വൃത്തം കേക

അഗ്നിക്കായ് വെട്ടപ്പെട്ടും വൃക്ഷശാഖകൾ തന്നെ
ഭേദകന്മാർക്കു[1] തണൽകൊടുക്കും പത്രങ്ങളാൽ
അന്നപാനവും തേനും പാലാദിപാനങ്ങളും
പന്നഗം[2] കൈപ്പിച്ചീടും[3] തന്നുടെ വിഷത്തിനാൽ

എന്നപോൽ നരശ്രേഷ്ഠരാകുന്ന പുണ്യന്മാരെ
ഇന്നവർ ദ്വേഷിച്ചതും സ്മരിച്ചീടാതെ കണ്ടു
പരമദേവൻ പൈതൽ ദുരിതമിച്ഛിച്ചത്രെ
പരരായ്നമുക്കിവരെന്നോർത്തു തോഷിച്ചവർ.

താമസിരാത്രൗ അവർ പുറപ്പെട്ടതുനേരം,
തമിസ്രം[4] മീക്കിരശ്മ്യാൽ സഹസ്രദൈവദൂതർ
ചെന്നവർ ഗോഷ്ഠാനത്തിൽ[5] പുക്കതുനേരമുടൻ
മന്ദിരം സ്വർഗ്ഗപുരിയെന്നപോൽ പ്രകാശിച്ചു.

സൂര്യാട സോമൻപാദേ ളക്ഷമകുടധാരി
വീര്യവാൻ ഭർത്താവിനെ സൂക്ഷിച്ചു, ചൊന്നാളപ്പോൾ
"രാത്രിയുമകാലമായ്, ഗാത്രവും ബഹുക്ഷീണം
നേത്രമെങ്കിലുമടച്ചീടണമിനി ഭവാൻ."

എന്നതുകേട്ടു പുണ്യൻ മാറിയങ്ങൊരുസ്ഥലേ
മന്ദത്തിന്നായത്തമായ് സ്തുതിച്ചു സർവ്വേശനെ
വന്നൊരു ദുഃഖമൊക്കെ മറന്നെന്നതുപോലെ
ഖിന്നമൊക്കെയും[6] പോയി തെളിഞ്ഞു തൻെറ ചിത്തം.

സന്തോഷപ്പെരുപ്പത്തിൽ സംഗതി തിരിയാതെ
സലിലം വാർത്തു കൺകൾ നദിയെന്നതുപോലെ

---

1 ഭേദകന്മാർ-നശിപ്പിക്കുന്നവർ (വെട്ടുന്നവർ) 2 പന്നഗം-പാമ്പ് 3 കൈപ്പിച്ചീടും-കയ്പുരസമുള്ളതാക്കും. 4 തമിസ്രം—ഇരുട്ട്. 5 ഗോഷ്ഠാനം—കാലിത്തൊഴുത്ത് 6 ഖിന്നം— ദുഃഖം.

അത്തെളിവോടെ സർവ്വനാഥനെ പാർത്തുകൊണ്ടു
ഉറക്കരുന്നലിഞ്ഞുള്ള ജപത്തെ കാഴ്ചവച്ചു.

സർവ്വേശാ, പരാപരാ സർവ്വമംഗലനിധേ
സർവ്വരക്ഷയ്ക്കായ് തന്ന നിന്നുടെ പുത്രൻതന്നെ
മേഘത്തിൻ മറനീങ്ങിശോഭിക്കും സൂര്യൻപോലെ
മേപ്രിയകന്നി തന്റെ ഉദരത്തിര[1] നീക്കി
മേദിനിയിതിൽകണ്ടു വന്ദിപ്പാനുളളം
ദാഹത്തെ തീർത്തിടുവാൻ വേഗത്തിൽ കാട്ടേണമേ.

ഇങ്ങനെ പുണ്യശ്രേഷ്ഠൻ പുറത്തു പ്രാർത്ഥിക്കുമ്പോൾ
മംഗലജനനീതാനുള്ളതിൽ[2] പുക്കു ഭക്ത്യാ
മേലാടയഴിച്ചുടൻ വിരിച്ചുധരയതിൽ
മേല്പെട്ട ധ്യാനത്തിന്നായ്ക്കോപ്പിട്ടു പുണ്യമാതൃ.

അന്നേരമുദരത്തിൽ തന്നുടെ തിരുപ്രജാ
സുന്ദരൻ കുമാരൻെറയിളക്കമറിഞ്ഞുതാൻ
പൂർവ്വപാപത്തിൻ നിഴൽ തീണ്ടാത്ത കന്യാമണി
പൂർവ്വശാപത്തിൻ സൂതിവേദനയണുകാതെ[3]

മുമ്പൊരുനാളും കാണാത്തുള്ളൊരു പൂർണ്ണാനന്ദം
അമ്പൊടു തിരുഹൃദി നിറഞ്ഞു കവിഞ്ഞുടൻ
മേല്പോട്ടു നയനങ്ങളുയർത്തി പിതാവിങ്കൽ
കീഴ്പ്പെട്ട എളിമയാൽ പ്രാർത്ഥിച്ചങ്ങുണർത്തിച്ചു.

കരുണക്കടലായ പിതാവെ, നിന്റെ റൂഹാ
കരുണനാഥൻ തന്റെ കനിവാൽ മമോദരേ
ജനിച്ചു മണിക്കുംഭമാകിയ തിരുപ്പുത്രൻ
ജനക്കൺ[4] പ്രത്യക്ഷമായ് തരണം മമകയ്യിൽ.

എന്നപേക്ഷിച്ചു സർവ്വനാഥനെ വന്ദിച്ചുടൻ
നന്ദനൻ തിരുപ്പുത്രൻ കണ്ടുതൻ പുരോഭാഗേ
സൂര്യാഭപ്പളുങ്കിനെ കടക്കുമെന്നപോലെ
നാര്യാര്യകന്നിക്ഷയം[5] വരാത്ത പൊറുശ്രുഭം.

മദ്ധ്യരാത്രിയാം നേരം മാർത്താണ്ഡദേവപ്രഭ
മദ്ധ്യാഹ്നനേരംപോലേ പെയ്തുടൻ തൊഴുത്തതിൽ
അപ്പൊഴുതാകാശത്തിലെത്രയും മഹാഘോഷാൽ
മുച്ചുടരിനേക്കാളും[6] ശോഭിച്ചു വിളങ്ങീട്ടു്,

ദ്യോവിൽനിന്നിറങ്ങുന്ന വാനവർ മഹാക്കൂട്ടം
നാവിനാൽ സ്തുതിക്കുന്നു പാടുന്നു ഗാനഗീതം

---

1 ഉദരത്തിര-വയറാകുന്ന മറ. 2 ഉള്ളതിൽ-അകത്തെ മുറിയിൽ
3 സൂതിവേദന-പ്രസവവേദന. 4 ജനക്കൺ-ജനങ്ങളുടെ കണ്ണിനു്
5 നാര്യാര്യ-നാരി + ആര്യ (ശ്രേഷ്ഠയായനാരി) 6 ചുടർ- സൂര്യൻ

''ഉയരങ്ങളിൽ സ്തുതി കൂടസ്ഥൻ സർവ്വേശന്നു്
ഉന്നത മഹത്വവും ഭൂതലേ മനുഷ്യർക്കു്.

നല്ലൊരു ശരണവും തെളിവും സമാധാനം
വല്ലഭൻ സർവ്വേശന്നു കൂടസ്ഥ സ്തുതിജയ''
ഇങ്ങനെ കാണപ്പെട്ടു സ്തുതിച്ചോരനന്തരം
അങ്ങവരിടയർക്കു കാണപ്പെട്ടറിയിച്ചു,

ധാത്രിയൊക്കെയും ശ്രുതം[1] തെളിവിനുള്ള വാർത്ത
ഗോത്രഗോപാലന്മാരെ കേട്ടുകൊൾ മഹാഭാഗ്യം
രക്ഷാനാഥനാം ബാലൻ പിറന്നു നിങ്ങൾക്കിപ്പോൾ
ഇക്ഷണെപോവിൻ ബെസ്‌ലേംതന്നെ വന്ദിപ്പാനായി.

വാനിലും പുരത്തിലും കോവിലിൻ പുരത്തിലും
വാനവരാടിപ്പാടി പുഷ്പവൃഷ്ടിയുംചെയ്തു
മുഖ്യനാം മിഖായേലു മാഖ്യനാം[2] ഗൗറിയേലും
മുഖ്യനാഥനാം കുഞ്ഞിപ്പൈതലെ വന്ദിച്ചുടൻ

ഇരുപേർ കരങ്ങളിലാദരാലെടുത്തു തൻ_
തിരുമാതാവിൻ കയ്യിലണച്ചു സ്വപുത്രനെ
പ്രസൂനം വാട്ടംവിനാ സുഗന്ധപ്രകാശവൽ
പ്രസൂ[3] കന്യാത്വം വിടാതീററുനോവറിയാതെ[4]

പെററൊരു മാതൃതന്റെ പുത്രനെ കയ്യിൽ വാങ്ങി
കൊററവർക്കധിപനാം[5] പുത്രനെ വന്ദിച്ചമ്മ.
അന്നേരം കുഞ്ഞിപ്പൈതൽ നയനം തുറന്നുതൻ
സുന്ദരമുഖിയായ അമ്മയെ തൃക്കൺപാർത്തു.

ഞാൻപേറും മമ തായേ, എന്നെ നീ നോക്കിക്കൊണ്ടു
പിൻപിനാൽ നടന്നമ്മേയമ്മയായു് കാട്ടീടുക
എന്നുള്ള തിരുവാക്യമുള്ളതിലരുൾചെയ്തു[6]
നന്ദിയിൻ ചിഹ്നമാ പുഞ്ചിരികാട്ടി നാഥൻ

അപ്പൊഴമ്മ തന്റെ സൃഷ്ടിതാവെന്നുറച്ചു
ശില്പമായു് പൈതൽ തന്റെ തൃപ്പാദേമുത്തി ഭക്ത്യാൽ
തന്നുടെ രക്ഷാനാഥൻ രാജരാജനെന്നുള്ള
ചിഹ്നമായു് തൃക്കൈകളും മുത്തിതൻ മഹാസ്നേഹാൽ

എത്രയുമിഷ്ടിച്ചുള്ള തനുജൻ പ്രിയസുതൻ
ചിത്രകൗതുകത്തോടെ മുത്തിതൻ കവിളതിൽ
എന്നതിൻശേഷം തന്റെ മാറതിലണച്ചുടൻ
നന്ദിയാലൂട്ടി തന്റെ നിർമ്മല മുലപ്പാലും.

---

1 ശ്രുതം—കേട്ടിട്ടു്. 2 ആഖ്യൻ-പേരുള്ളവൻ-(പ്രധാനി)
3 പ്രസൂ–അമ്മ 4 ഈററുനോവു്–പ്രസവവേദന 5 കൊററവർ-രാജാക്കന്മാർ 6 ഉള്ളതിൽ–മനസ്സിൽ

മാതൃവിന്നാശയൊക്കെ തീർത്തിടും മമസുതാ
ഭൂമിയിൽ നീ തേടീടും താപത്തിലതിതാപം
ഭൂമിമാനുഷർ നിന്നെയൂട്ടിടു[1] മെന്നാകിലും
ഭൂമിയിൽ പാപംപോക്കും വരുത്തും ശുഭമല്ലോ.

എന്നതു മാതൃചൊന്ന നേരത്തു കുഞ്ഞിപ്പൈതൽ
പുഞ്ചിരികാട്ടി നീട്ടി സുന്ദരകരങ്ങളെ
കന്യകയപ്പോൾ തന്റെ ചങ്കിനു ചേർത്തുകൊണ്ടു്
കാർത്തിക പുഷ്പസമം കൈകളാൽ തഴുകിനാൾ

പരമസുതൻ തന്റെ പിറവി പ്രകാശവും
പരലോകരാലുള്ള സ്തുതികൾ സമസ്തവും
നരശ്രേഷ്ഠനാം പിതായൗസേപ്പു ധ്യാനത്തിനാൽ
വരസന്തോഷത്തോടു കാണുന്നുവെന്നാകിലും

പരമധ്യാനവൃത്തി ശയനനിദ്രസ്ഥായി
കഴിക്കുംനേരമതിൽ തടസ്സവാദം വിനാ.
വരവണ്ണുനീ ശ്രേഷ്ഠതന്നുടെ തിരുമുമ്പിൽ
തരണംചെയ്യാൻ[2] ന്യായം തോന്നായ്കനിമിത്തമായ്

സകലജ്ഞനാം പൈതൽ ഉദയം ചെയ്യെന്നതും
തരളഭൂമിക്കുള്ള ശോഭയും പ്രകാശവും
മഹിമസ്തുതികളും സമ്മോദം പാർത്തെന്നാലും
എളിമനിമിത്തമായ് പ്രവേശിച്ചില്ല പുണ്യൻ

ഭർത്താവിൻ സ്വഭാവത്തെ ഗ്രഹിച്ചീടുന്ന കന്യാ
പാർത്തുകൊൾക ദേവസുതൻ നമുക്കു പ്രത്യക്ഷമായ്
എന്നരുൾചെയ്ത നേരം പുണ്യശ്രേഷ്ഠനും മോദാൽ
സുന്ദരിമാതൃ തന്റെ സന്നിധൗ എഴുന്നെള്ളി

സൂര്യാഭവിളങ്ങുന്ന താമരക്കരങ്ങളിൽ
വീര്യവാൻ തിരുസ്സുതം മോദത്താൽ തൃക്കൺപാർത്തു
ധരണീനാഥൻ കുഞ്ഞിപ്പൈതലിൻ തിരുമുൻപിൽ
ധരയിൽ ചെന്നുവീണു സാഷ്ടാംഗം ചെയ്തു പുണ്യൻ

കന്യകാമണിരത്നം തൻ തിരുക്കുമാരനെ
കനിവായ് ഭർത്താവിന്റെ കരത്തിൽ നീട്ടിച്ചൊല്ലി
'കൈക്കൊൾക മുത്തീടുക നിന്നുടെയിഷ്ടം നാഥാ
കൈയേലക്ക ദുഃഖം യഥാസുഖവും തഥാമയാ'

---

1 ഊട്ടിടും–അനുഭവിപ്പിക്കും.

2 തരണംചെയ്യുക–കടക്കുക (പ്രവേശിക്കുക)

കേട്ടടൻ പുണ്യൻ മഹാ താഴ്മയായ് യോഗ്യഹീനം
കാട്ടിയെങ്കിലും കേട്ട നീട്ടിതൻ കരങ്ങളും
സുതനാമുണ്ണിപ്പൈതൽ ശിശുബാഹുക്കൾ നീട്ടി
സ്വതന്ത്രാതതാതൻ1 കൈകളിലെഴുന്നെള്ളി 126

സൂര്യനെ സൂക്ഷിച്ചൊരു താമരപുഷ്പംപോലെ
സൂരിനാഥനാം പൈതൽപാദത്തെ മുത്തംചെയ്തു
ഏററിതൻ2 ചെന്നിയതിൽ3 കമല തിരുപ്പാദം
ഏററവും സ്നേഹത്താലെ സുന്ദരകരങ്ങളും 130

താതൻ താൻ തനയനുമെന്നപോൽ നാഥനുണ്ണി
തൻ തിരുച്ചുണ്ടുകളാൽ പുഞ്ചിരികാട്ടിമോദാൽ
കണ്ടൊരു പിതാവുടൻ സന്തോഷത്തിനാലശ്രു
രണ്ടു കണ്ണുകൾ നിറഞ്ഞൊഴുകി നദിയഥാ 134

ബ്രഹ്മചാരി വത്സലൻ ധർമ്മഗാമി സ്നേഹിതൻ
ബ്രഹ്മചാരി ശ്രേഷ്ഠനാം തന്നുടെ പത്നീരത്നം
കന്നിഹീനത്വം വിനാ, ഗർഭധാരിണിയായി
കന്യാത്വക്ഷയം വിനാ പെററുതാൻ ദൈവസുതം 138

ദൈവദൂത മുഖ്യരാം വാനവർ നമസ്കൃത്യാ
ദൈവമാതരം തഥാഭർത്താരം വാഴ്ത്തി നിന്നാർ
നായക, സർവ്വേശ്വരാ, നരരക്ഷക നാഥാ
നയനാൽ പാർത്തീടണം പാപിയാമടിയനെ 142

നിഖിലപതി നീയെ, നിഷ്കളങ്കൻ നിർമ്മലൻ
നിർഗ്ഗുണ പാപിയഹം ദുർബലൻ തവദാസൻ
നിന്നുടെ മഹത്വവും സകല ഗുണങ്ങളും
ഇന്നു ഞാൻ നിനക്കുമ്പോൾ ക്ലേശിച്ചു ദുഃഖിക്കുന്നേൻ. 146

എന്നുടെ പിതാവു നീ സൃഷ്ടിനാഥനും നീയെ
നിന്നുടെ സ്നേഹഗുണമാററമല്ലെന്നു സിദ്ധം
എങ്കിലും മമ പാപം നിനച്ചീടുമ്പോളയ്യോ
എങ്ങനെ തിരുമുൻപിലണഞ്ഞിടുന്നിതഹം? 150

പാർക്കുവാൻ യോഗ്യനല്ല സൂക്ഷിപ്പാൻ വശമില്ല
പേർത്തു ഞാനെവിടത്തിൽപോകുന്നു, ദയാനിധേ
നിന്നുടെ തിരുമേനി സുന്ദരതിരുമുഖം
മിന്നുന്ന നയനങ്ങൾ ശോഭിത തിരുനാസി 154

ചുവന്നോരധരങ്ങൾ ശംഖുവൽദന്തങ്ങളും
ചുണ്ടിൽനിന്നൊഴുകുന്ന തേൻതുള്ളി സ്വരങ്ങളും

---

1 സ്വതന്ത്രാത താതൻ-തന്റെ ശരീരം രക്ഷിക്കുന്ന പിതാവ് (വളർത്തുപിതാവ്) 2 ഏററി-കയററി (ഉയർത്തിപ്പിടിച്ചു)
3 ചെന്നിത്തടം-നെററി

പാൎക്കുവാൻ കൊതിക്കുന്ന കേൾക്കുവാനാശിക്കുന്ന
പാൎത്തു സൂക്ഷിപ്പാൻ നേത്രം യോഗ്യമല്ലയ്യോ നാഥാ!

സ്നേഹാഗ്നി നീയെന്നതും നിന്നുടെ ദയാനിധി
ദാഹിച്ചു കൊതിക്കുന്നേൻ മേ പാപം തടവിതോ[1]
എങ്കിലും സൎവ്വേശ്വരാ നിന്നുടെ തിരുക്കൺകൾ
ശങ്കയേ നീക്കീടുന്നു എന്നു ഞാൻ സ്മരിക്കുന്നു

ശോഭിത തിരുമുഖം നോക്കുന്ന നേരത്തുങ്കൽ
താപത്തിന്നല്ല സ്നേഹം ശോഭിച്ചു വിളങ്ങുന്നു
ശിക്ഷിപ്പാനല്ല ചക്ഷുസ്സതിനെ പാൎക്കുന്നേപ്പോൾ
രക്ഷിപ്പാൻ വന്നേനെന്നു കാട്ടുന്നു കടാക്ഷത്താൽ

നീട്ടുന്ന കൃശബാഹു നോക്കുന്ന നേരത്തിങ്കൽ
കാട്ടുന്നു വാഴ്‌വു മോദാൽ തഴുകുവാനമിച്ചു
കമല തിരുപ്പാദം കാണുന്ന നേരത്തുങ്കൽ
സകല പാപികളെ തേടുവാനോടുംവണ്ണം.

എന്നിതൊക്കെയും ദാസൻ പാർക്കുന്ന നേരത്തുങ്കൽ
നന്ദിഹീനനെന്നാലും ചേതസി തണുക്കുന്നു
പൊയ്പോയോരജത്തിനെ തേടുവാൻ വന്നനീയെ
കൈകൊണ്ടു രക്ഷിക്കണം ഞാനുമിന്നതിലൊന്നു്

എന്നുടെ പൈതൽപ്രായേ നിന്നിൽനിന്നകന്നു ഞാൻ
ഇന്നു നിൻതിരുമുൻപിൽ ശരണം പ്രാപിക്കുന്നു
നിന്നുടെ തിരുക്കരം നീട്ടിനിൻ തിരുവാഴ്‌വു
തന്നീടേണമേ, മമ, പാപവും പോക്കീടേണം

പാൎക്കണമടിയെൻ മേൽ തീൎക്കണം മമ ക്ലേശം
കാക്കണമെന്നെയും നീ ചേൎക്കണം തിരുമുൻപിൽ
നിന്നുടെ പിതാമഹൻ ദാവീദു പുണ്യശ്രേഷ്ഠൻ
മന്നവൻ തിരുവാക്യം ഇന്നു ഞാൻ ചൊന്നീടുന്നു
ശിശുകാലത്തിൻ മൽകൃതി നീ ഓൎത്തീടാതെ
ശിശുനിൻ കടാക്ഷത്താൽ ശമനം വരുത്തണം.

---

1 തടവിതോ—തടസ്സമാണോ.

# VI

**തിരുവവതാരത്തെത്തുടൎന്ന് ഫേദനാചാരംവരെയുള്ള സംഭവങ്ങളാണ് ഈ ഖണ്ഡത്തിന്റെ ഉള്ളടക്കം. കൂടാതെ, ശാന്തിയെന്ന ഇടച്ചിയുമായി കന്യകാമാതാവിന്റെ സങ്കല്പഭാഷണവും നിബന്ധിച്ചിട്ടുണ്ട്. മിശിഹായുടെ രണ്ടാമത്തെ ആഗമനം, ലോകാവസാനം, പൊതുവിധി ഇവയും പ്രതിപാദിതമായിട്ടുണ്ട്. കവിയുടെ പ്രാൎത്ഥനാരീതിമായ ആത്മരോദനം ഇവിടെയും ആവൎത്തിക്കപ്പെടുന്നു.**

**കേക.**

വാനത്തിൽ ബഹുവിധശോഭയും ഘോഷങ്ങളും
വാനവർ പാടും സ്തുതിഗീതവും സ്വരങ്ങളും
കേട്ടവരിടയരും ആടുകൾ കാക്കുന്നോരും
കേട്ടൊരു സ്വരത്തിനെ സൂക്ഷിച്ചു പാൎക്കുംവിധൗ

ഉയരങ്ങളിൽ സ്തുതിധരണി മൎത്ത്യജനം
ഉയൎന്നു സമാധാനം സന്തോഷം തൃപ്തിശുഭം.
ധരിത്രീ രക്ഷാൎത്ഥമായ് സൎവ്വേശസുതനിതാ
ധരവേസലേമതിൽ പിറന്നുനരനായി

വേഗത്തിൽ പോയിത്തന്നെ കുമ്പിട്ടാരാധിക്കുവിൻ
വേസര വൃഷഭങ്ങൾക്കിടയിൽ കണ്ടീടുമേ
എന്നുള്ള പാട്ടിൻധ്വനി കേട്ടതിനോടുകൂടെ
സുന്ദരമുഖവാന്മാർ ദേവസേവികൾകൂട്ടം.

കാണപ്പെട്ടവരുടെ ശോഭയും സ്തുതികളും
ത്രാണത്തിൻ നാഥൻ[1] തന്റെ പിറവിവൃത്താന്തവും
ഗ്രഹിച്ചു ഗോപാലന്മാരെത്രയും ശീഘ്രത്തോടെ
നരപാലനാം പൈതൽ തന്നുടെ ചാരേചെന്നു.

പാൎത്തവർ കുമ്പിട്ടുടൻ കേട്ടവർ വൃത്താന്തങ്ങൾ
പേൎത്തവർ കൂട്ടത്തോടും ചാൎച്ചക്കാരോടുംചൊല്ലി
കേട്ടൊരു ഗോപാലന്മാർ കൂട്ടമായോരോരുത്തർ
ശ്രേഷ്ഠപാലനാം പൈതലുണ്ണിയെ കാണ്മാൻവന്നു.

ബാലരും വൃദ്ധന്മാരും ശിശുക്കൾ ശക്തന്മാരും
ബാലനുണ്ണിയെ കാണ്മാൻ വൃദ്ധാദിവധുക്കളും
അജകുട്ടിയും ചിലർ ക്ഷീരാദിപാനങ്ങളും
അജപാലനാം പൈതലുണ്ണിക്കു കാഴ്ചവച്ചാൻ

---

1 ത്രാണത്തിൻ നാഥൻ-രക്ഷകൻ.

വൃക്ഷസ്യഫലം ചിലർ പുഷ്പമാലകൾ ചിലർ
പക്ഷിക്കുഞ്ഞുങ്ങൾ ചില കൊച്ചുപൈതങ്ങൾ മോദാൽ
ഇപ്രകാരമുള്ളോരോ കാഴ്ചകൾ വച്ചുംകൊണ്ടു
തൽപ്രഭാകരനുണ്ണിപ്പൈതലെ വന്ദിക്കുന്നു.

ബ്രഹ്മചാരിണിമാരാം സുന്ദരാംഗികൾ, ബാലർ
ബ്രഹ്മനാഥന്റെ പാദേ മാലകൾ ചൂടീടുന്നു.
മാതൃതൻ കരങ്ങളിൽ വാണരുളുന്ന സുതൻ
മൃദുവാം കരങ്ങളാൽ വാഴ്വെ നൽകീടുന്നു.

ആമ്പൽപ്പൂവതിൻമീതെ താമരപ്പൂവെച്ചപോൽ
അംബുധിതാരനാഥ തൻകരേ സുതൻനാഥൻ
താമരമെത്തതന്മേൽ അന്നക്കുഞ്ഞതിൻവണ്ണം
താരസമുദ്ര[1]കൈയിൽ നിദ്രയും മനോഹരം

അന്നൊരുവൃദ്ധ- ശാന്തിയെന്നുള്ളൊരിടച്ചിയും
സുന്ദരീ മാതൃചാരെ ചെന്നുകണ്ടുണർത്തിച്ചു
നന്ദനൻ നിന്റെ സുതൻ സകലേശ്വരൻ സ്ഥിതം
ഇങ്ങനെ ദുഃഖാർത്തനായ് വന്നതെന്തയ്യോ നാഥേ.

മന്നവർക്കധിപൻ താൻ കൂടസ്ഥപിതാപുത്രൻ[2]
മന്നിലിങ്ങിത്ര മഹാ നിർദ്ധനനായതെന്തേ?
മുഖ്യസേനകളായ വാനവർ ശക്തിശ്രേഷ്ഠർ
സംഖ്യയില്ലാതെ തന്റെ മന്ദിരേയിരിക്കുന്നു.

എന്നൊരു പിതാദേവൻ തന്നുടെ തിരുപ്പുത്രൻ
ഇന്നൊരു തുണയില്ലാതെന്തിതോ, മഹാദുഃഖം
സോമപാദിനി[3]താരമകുടമണി[4]ശ്രേഷ്ഠ
സേനനായകീ മാതാവീവണ്ണമരുൾചെയ്തു.

"തന്നുടെ ശക്തിവശാൽ സാധിപ്പാൻ വശമില്ലാ-
യെന്നുള്ള നൃപന്മാർക്കു സേനസേവകർ ദൃഢം
തന്നാൽ താൻ വശഹീനരായീടും നരന്മാർക്കു
തന്നുടെ ദൂതന്മാരാൽ കാര്യസാദ്ധ്യവും ശുഭം.

സ്വയംഭൂ സർവ്വേശ്വരൻ സകലസൃഷ്ടിസ്ഥിതി
സ്വമനശ്ശക്തിവശാൽ സകലം സാദ്ധ്യംക്ഷണം
എന്തൊന്നു തനിക്കിഷ്ടമെന്നതൊക്കെയുമുടൻ
താൻ തന്റെ ചിത്താൽ സാദ്ധ്യം വേറൊരു ദൂതൻവേണ്ട.

---

1 താരസമുദ്ര – സമുദ്രതാരയെന്നുള്ള കന്യകാമാതാവിന്റെ പര്യായം ഇവിടെ ഓർമ്മിക്കുക. 2 കൂടസ്ഥപിതാ – ഉന്നതനായ (പരമ) പിതാവു്. 3 സോമപാദിനി–ചന്ദ്രനെ പാദപീഠമാക്കിയവൾ 4 താരമകുടമണി–നക്ഷത്രത്തെ ചൂഡാരത്നമാക്കിയവൾ.

എന്നു തന്നെയുമല്ല, തന്റെ നീതിയെ പാൎപ്പാൻ
മുന്നമേ കലിയുഗം തന്നിലങ്ങറിയിച്ചു.
പിന്നെയും മന്നിൽ നരർ കാമമോഹാഗ്നിവശാൽ
തന്നെ നിന്ദിച്ച ഹേതുവഹ്നിയാൽ ദഹിപ്പിച്ചു.
എന്നതിൻ വണ്ണമുള്ള നീതികൾ മുന്നംകാട്ടി
ഇന്നുതൻ ദയാശോഭ കാട്ടുവാനെഴുന്നെള്ളി
നഷ്ടമായ് നരജനം പാപത്താൽ നശിപ്പിച്ച
ശിഷ്ടഭാഗ്യത്തെ തരീപ്പിപ്പതിനെഴുന്നെള്ളി
തനയന്മാൎക്കു വന്നവിനാശം തീൎപ്പാൻതാതൻ
തനിയേയെഴുന്നെള്ളി സകലം ക്ഷമിപ്പാനായ്''
ചൊന്നതുകേട്ടു ശാന്തി പിന്നെയുമുണൎത്തിച്ചു
ഇന്നുമേ മനമതിൽ കുത്തുന്ന മറെറാന്നുണ്ട്
എന്നുടെ സംശയത്തെത്തീൎക്കുവാൻ ദയാനാഥേ
നിന്നുടെ സുതാസ്നേഹാലിന്നതും ചൊന്നീടണം
സൎവ്വേശസുതൻ ലോകരക്ഷകൻ വരുന്നേരം
സൎവ്വലോകവും തന്നെ ശങ്കിക്കും ഭേദംവിനാ
മന്നവൎക്കധിപനാം മന്നവൻ ദൈവസുതൻ
തന്നുടെ തിരുമുൻപിൽ വിറക്കും ധരിത്രിയും
എന്നുള്ള വേദവാക്യം സത്യമെന്നതുമുന്നം
എന്നുടെ പിതൃക്കളാൽ കേട്ടു ഞാൻ നാരിമണേ.
നേരുനിൻ വചനവും കേൾക്കണമെന്നാലിതും
നേരയിവരവു രണ്ടുണ്ടിയാൾക്കിഹലോകെ
മുൻപിനാൽ നരകുലം രക്ഷിപ്പാനെഴുന്നെള്ളും
വൻപിനാൽ ശിക്ഷാരക്ഷാനീതിക്കായ് രണ്ടാമതും
ഇപ്പൊഴതവൻ തന്റെ ദയയെ പ്രകാശിപ്പി
ച്ചിപ്പാരാം നരകുല രക്ഷയ്ക്കായെഴുന്നെള്ളി
തന്നുടെ ക്ഷമാകേൾവി[1]പൂട്ടി രണ്ടേരായിട്ടു[2]
മിന്നുന്ന തിരുദേഹേ ഉഴുതുരക്തംവാൎത്തും
ദയാകാരുണ്യമെന്ന വിത്തുകൾ വിതച്ചിട്ടു
യഥായോഗ്യങ്ങൾപോലെ വെള്ളമാംവരംനൽകും
ഇങ്ങനെ വളൎന്നുള്ള ഫലിക്കും ധാന്യങ്ങളെ
ഭംഗിയായ്ച്ചേൎത്തു തന്റെ മക്കളെപ്പോഷിപ്പിക്കും
ഇന്നിതു താൻ കാട്ടാതെ മാനുഷജനം നമ്മൾ
നിന്ദയും ദാരിദ്ര്യാദിദുഃഖവും ക്ഷമിക്കേണം
എന്നുതാൻ കല്പിക്കകിൽ കേൾക്കുന്നു ജനമേതു്
നല്ലൊരുപഴം കയ്യിലെടുത്തുകാട്ടിക്കൊണ്ടു

1 കേൾവി-അനുസരണം. 2 രണ്ടേരായിട്ടു-ജോടിയായി (കാളയോ പോത്തോ)

എല്ലാരും സൂക്ഷിക്കണം നഞ്ചിതു[1] കസ്സും ദൃഢം
തിന്നുന്ന മനുഷ്യനമപ്പഴെ ചത്തുവീഴും
എന്നവൻ ചൊല്ലികൊണ്ടു താനതു ഭക്ഷിക്കകിൽ
ചൊല്ലിയ സത്യം നേരെന്നുറയ്ക്കുന്നവനുണ്ടോ?

എന്നപോലല്ല നാഥൻ, തന്നുടെ തിരുദേഹാൽ
ഇന്നിതൊക്കയും ക്ഷമിച്ചീടുവാനെഴുന്നെള്ളി
തന്നുടെ നീതിശക്തി മുഷ്കരം കാട്ടീടുവാൻ
തൻ തിരുശോഭയോടെ വന്നീടുമൊടുക്കത്തിൽ

എന്നതിൻ ചിഹ്നം മുമ്പിൽ കാട്ടീടുമാകാശത്തിൽ
മന്നിലുള്ളവരൊക്കെ കണ്ടുടൻ ഭ്രമിച്ചീടും
എത്രയും ഘോരമായ മിന്നലുമിടികളും
തത്രാസം[2] കൊണ്ടു ജനം കാനനമതിൽപുകും

സമുദ്രം കലങ്ങീടും പൊങ്ങീടു മതിൽ ജലം
സരന്ധ്രങ്ങളിൽ[3] നിന്നു സിംഹാദി മൃഗങ്ങളും
പുറപ്പെട്ടങ്ങുമിങ്ങുമോടീടും പരിഭ്രമാൽ
ധരിത്രിയിളകീടും നശിക്കും ഗ്രഹങ്ങളും

ആദിത്യൻ കറുത്തീടും സോമനും ചുമന്നീടും
ആദിയിൽ കാണാതുള്ള കാഴ്ചയാൽ നരജനം
മൃഗങ്ങൾ കുഴികളിലൊളിപ്പാൻ ശ്രമിച്ചീടും
മൃഗജന്തുക്കളൊക്കെ നഗരിതന്നിൽ പുകും

ഇങ്ങനെയുള്ള ബഹുഘോരമാം ഭയത്തിനാൽ
തിങ്ങുന്ന ദുഃഖത്തിനാൽ നിർജ്ജീവർ നരന്മാരും
അപ്പൊഴുതഗ്നിമഴ വർഷിക്കും, പുറപ്പെടും
അപ്പുവിൽനിന്നു[4] മഗ്നിയൊഴുകും ജലംപോലെ

അതിനാൽ മനുജന്മം സകലം മരിച്ചീടും
അതിവേഗത്തോടഴിഞ്ഞൊക്കയും ഭസ്മമാകും
ഝടുതി സർവ്വേശ്വര കല്പന നിമിത്തമായ്
ഝഷപോഷിത[5] മാംസമാദിയായ് കൂട്ടീടുവാൻ

മുഖ്യരാം ദൈവദൂതർ പുറപ്പെട്ടുടൻ താരം[6]
ശക്തിയാലൂതും നാദം കേട്ടീടും ജഗത്രയെ
മൃതരാം നരജനമൊക്കെയുമെഴുന്നേല്പിൻ
കൃതാകൃതങ്ങൾക്കൊക്കെ[7] തൽഫലം വാങ്ങിപ്പാനായ്

എന്നുള്ള സ്വരത്താലെ സകലമനുവാത്മം
തന്നുടെ ശരീരത്തോടൊന്നിച്ചു പുറപ്പെടും

---

1 നഞ്ച് – വിഷം. 2 ത്രാസം—ഭയം, 3 സരന്ധ്രം—ഗുഹ
4 അപ്പു—സമുദ്രം, വെള്ളം 5 ഝഷം—മത്സ്യം 6 താരം—അത്യുച്ചമായ
7 കൃതാകൃതങ്ങൾ—ചെയ്യുന്നതും ചെയ്യരുതാത്തതും

കൂട്ടീടുമവർകളെ ജോസപ്പാത്തെന്ന സ്ഥലെ
കാട്ടീടുമപ്പോൾ ശുഭാശുഭങ്ങൾ തൻ ശക്തിയെ
തിരിക്കുമവർകളെയിരു ഭാഗങ്ങളാക്കി
തിരിയുമവർകളും മനസ്സാലുടൻ തന്നെ
നിറുത്തും വലത്തേതിൽ ശുഭഗാമികളെയും
വെറുപ്പു കാട്ടീടുവാൻ ദുഷ്ടരെയിടത്തേതിൽ
അപ്പൊഴുതാകാശത്തിൽ നിർമ്മലമേഘം തന്നിൽ
തൽപ്പരൻ നാഥൻ കൊടി ചിഹ്നമാം സ്ലീവാകാണും
സേനകൾ സേനാ പതി വീരന്മാർ ദൈവദൂതർ
സീമയില്ലാത്ത ജന ശോഭിത നിരകളും
പിന്നാലെ പരാപരൻ കൂടസ്ഥൻ നീതീശ്വരൻ
മിന്നുന്ന മുഖത്തോടെ മേഘത്തിലെഴുന്നെള്ളും
അഹാ ഹാ! മഹാഭയഘോരഘോരമാം കാഴ്ച
അഹാ ഹാ! മഹാ ദുഃഖം ദുഷ്ടന്മാർക്കയ്യോ ശാപം
തന്നുടെ തിരുമുഖഛായയിലാദിത്യൻ പോൽ
മിന്നുന്ന നയനങ്ങൾ തീജ്വാലയെന്നപോലെ
തിരുവായതിൽ നിന്നു നേർവാളിൻ പുറപ്പാടും
തിരുപ്പാദങ്ങൾ മിന്നും പൊന്നിനെ നാണിപ്പിക്കും
സൂക്ഷിച്ചു പാർക്കും വിധൗ ആകാശം വിറച്ചീടും
ചക്ഷുസ്സിൽ മറവുള്ള സ്ഥലമില്ലയ്യൊ. ദുഃഖം
ഇരുഭാഗത്തുമുള്ള നരന്മാർ സർവ്വരുടെ
കരണങ്ങളെ സർവ്വരറിവാൻ പ്രസിദ്ധമാം
അപ്പൊഴുതവരവർ ചെയ്യൊരു ദുഷ്ടക്രിയാ
എപ്പേരും പ്രസിദ്ധമായ് ശങ്കിക്കും ദുഷ്ടജനം
നിനവാൽ നിനച്ചതും ജിഹ്വയാൽ പറഞ്ഞതും
തുനിവാൽ വായിച്ചതും മറവെന്നിയെ കാണും.
ഈ ലോകേ പ്രസിദ്ധരായ് നടന്ന ജനമപ്പോൾ
ആലോഭചപലരായ് ലജ്ജിച്ചു വിറച്ചീടും
അന്നേരം നീതീശ്വരൻ അഗ്നിവൽമുഖത്തോടേ
നിന്ദ്യരാം ജനങ്ങളെപ്പാർത്തു താനരുൾചെയ്യും
നോക്കുന്ന നയനങ്ങൾ തീക്കുന്തമെന്നപോലെ
വാക്കതിമൂർച്ചയുള്ള നേർവാളെന്നതു സമം
പാർക്കുന്ന തിരുമുഖം നോക്കുന്ന നേരം തെല്ലും
പാർക്കുവാൻ വശമുള്ള സൃഷ്ടിയില്ലയ്യോ ഭയം
ശിലകൾ പൊടിയാക്കി തകർക്കുമിടിപോലെ
ചപലന്മാരെ പാർത്തു കല്പിക്കും നരദേവൻ
ദുഷ്ടരേ, നന്ദിഹീന മൂഢരേ നിങ്ങൾക്കായി
സൃഷ്ടി നാഥനാം നാമും ദുഷ്ടനായിഹലോകേ.

ജലഗർഭമേഘങ്ങൾ സലിലം വാർക്കും തഥാ
ജഗതിയതിൽ പെയ്തു മമദാനങ്ങൾ ദൃഢം
സൂക്ഷിപ്പിൻ മമഗാത്രേ നിങ്ങൾക്കായ് ക്ഷമിച്ചൊരു
സാക്ഷിപ്പീക്കരങ്ങളിലതിതാ കാണുന്നില്ലേ?

അദ്രികൾക്കിടയിൽ നാമീഗിരിമുകളതിൽ
നിദ്രഹീനനായ് കാട്ടി നിങ്ങൾക്ക തപഃകൃത്യം
മാടതിൽ കട്ടി സമം വേസലേം ഗുഹയതിൽ
മാടകൾക്കിട¹യതിൽ നാം പിറന്നവിടത്തിൽ

മുപ്പതും മൂന്നും സമാ നിങ്ങൾക്കായ് ഭൂലോകത്തിൽ
എപ്പൊഴുമനുഷ്ഠിച്ചു ദാസനു സമ മഹം
ഗെദസേമ്മനിയതിൽ ധരിത്രീ ശാപം തീപ്പാൻ
ക്ഷതജം² നദിയഥാ ഒഴുക്കിമമദേഹാൽ

ചോരനു സമനായി കരങ്ങൾ കെട്ടിമമ
ചാരരാം പ്രിയ ജനം മമസൃഷ്ടികൾ നിങ്ങൾ
ദുഷ്ടരെ കെട്ടിയടിച്ചീടുന്ന തൂണതന്മേൽ
ശിഷ്ടനാം മമദേഹമൊക്കെയും ചതച്ചല്ലീ!

നിങ്ങളെ സ്വർഗ്ഗമതിലേററുവാൻ മമതോളിൽ
ഭംഗിയില്ലാത്ത മരം ചുമന്നീഗിരിയേറി
തറച്ചു മമ കരം കാൽകളുമതിൽ ചേർത്തു
മുറിച്ചു മമ നാഡി ഉയർത്തിയതിനോടെ

നിറഞ്ഞ ഉച്ചനേരം നിങ്ങൾക്കായ് ഗിരിയുച്ചി
മുറിച്ചു ആണികളാൽ നിന്നു ഞാൻ പ്രാർത്ഥിച്ചല്ലോ
മാർത്താണ്ഡൻപോലും മമ ദുഃഖം കണ്ടിരുണ്ടു പോയ്
മർത്ത്യരാം നിങ്ങൾക്കിതും തോന്നിയില്ലാഹാ കഷ്ടം!

പൊടിഞ്ഞു ശിലകളും മുറിഞ്ഞു തിരശ്ശീല
പൊടിഞ്ഞ കണ്ണും തുറന്നറിഞ്ഞു മമ ദുഃഖം
മരിച്ച ജനത്തിന്റെ കബറും തുറന്നിതാ
മുറിച്ച ദുഷ്ടജനം നിങ്ങൾമേയറിഞ്ഞില്ല.

നിന്ദിച്ചുമമനാമം ലംഘിച്ചു സുജ്ഞാനവും
വന്ദിച്ചുദുഷ്ടശത്രുപ്പിശാചിൻ സേവന്മാരായ്
പോകുവിൻ മമ നേത്രസന്നിധിയകന്നുടൻ
വീഴുവിൻ നരകത്തിൽ ദഹിപ്പിൻ നിത്യകാലം

അയ്യയ്യോ! മഹാദുഃഖമയ്യയ്യോ! മഹാകഷ്ടം!
അയ്യയ്യോ ദുർഭാഗ്യരേ! തീർന്നുപോയെന്നെന്നേയ്ക്കും
കേട്ടുടൻ ദുഷ്ടജനം നഷ്ടത്തെ ദൃഷ്ടംയഥാ
ദൃഷ്ടിയായട്ടഹസിച്ചലറിവ്യഥാഫലം.

---

1 കിട—പററം (തൊഴുത്തു്) 2 ക്ഷതജം—രക്തം

അയ്യയ്യോ മമതായേ, യടിയൻ സ്മരിക്കുമ്പോൾ
അയ്യയ്യോ ഭയത്തിനാൽ ഞെട്ടുന്നമ്മേ, നാഥെ
ദുഷ്ക്കൃതിനിനച്ചഹം പാർക്കുന്നേരം മഹാ
ഉൾക്കൃച്ഛ്രം[1] വർദ്ധിക്കുന്നു ഭയത്താൽ വിറയ്ക്കുന്നു

മേ പാപം മഹാപാപം മേതാപം വർദ്ധിക്കുന്നു
മേ നാഥേ ശരണം നീയല്ലാതെയില്ലമമ
നിൻ തിരുക്കരെയെഴുന്നെള്ളി നിന്നമ്മുത്തുണ്ട്
തൻ തിരുത്തല ചായ്ച്ചു സുനിദ്രാ മയങ്ങുന്ന

തിരുപ്പുത്രൻെറ തിരുശ്രോത്രത്തിലടിയനായ്
തിരുവാമൊഴിഞ്ഞു നീ പ്രാർത്ഥിക്ക മമതായെ
നിൻ തിരുദാസനഹമെന്നു ഞാനറിയാതെ
തൻതിരുവാർത്ത്[2] നിന്ദിച്ചയ്യയ്യോ മഹാദുഃഖം

തൻതിരുവാക്യത്തിനാൽ ശാന്തിയെ ഗ്രഹിപ്പിച്ച
തൻ തിരുവരവിനെയോർത്തു ഞാൻ ക്ലേശിക്കുന്നു
ആ നേരം മമനാഥേ നീയുമത്തിരുമുൻപിൽ
തൻതിരുമാതാവായിയെഴുന്നെള്ളീടും ദൃഢം.

ഇരിക്കും തൻെറ തിരുവലത്തുഭാഗേനീയും
ഇരുത്തും വിധിപ്പാനായ് ത്രൈലോക്യരാജ്ഞിനിന്നെ
അടിയനത്തുനേരം തിരുവാസനമടി[3]
യിടയിലൊതുങ്ങുവാനരുളീടണം, നാഥേ!

നിന്നുടെ മടിയിലീ പുഞ്ചിരികാട്ടും നാഥൻ
തന്നുടെ മുഖം ക്രൂരഭാവമായ് പകരുമ്പോൾ
നിന്നുടെ സിംഹാസനമറവാലടിയൻെറ
ചിമ്മിന്ന[4] കണ്ണുകളെ മറച്ചീടണം തായേ.

സ്നേഹമായ് നിന്നെപ്പാർത്തു സൂക്ഷിക്കും തൃക്കണ്ണുകൾ
കോപമായഗ്നിപ്പൊരി വീശുന്ന സമയത്തിൽ
തീക്കുന്തംപോലെ കത്തും കോപാഗ്നി തടുക്കുവാൻ
ത്രിലോകനാഥേ തവ കാപ്പയാൽ മറയ്ക്കുമാം.

ദുഷ്ടരെ പാർത്തു കല്പിച്ചീടുന്ന ശാപവിധി
ശിഷ്ടദാസനാമെന്നെ കേൾപ്പിച്ചീടല്ലേനാഥേ
ഇന്നുനാൾ വരെയുള്ള എന്നുടെ പാപകഷ്ടം
ഇന്നു ഞാൻ ദ്വേഷിച്ചുറച്ചേറവും ഖേദിക്കുന്നു

എന്നുടെ പാപം പൊറുത്തെന്നു ഞാനുറപ്പാനായ്
നിന്നുടെ തിരുപ്പുത്രൻ സന്നിധൗ വഴങ്ങുന്നേൻ

---

1 ഉൾക്കൃച്ഛ്രം-മനോവൈഷമ്യം 2 തിരുവാർത്ത-സ്വവിശേഷം
3 ആസനമടി-മടിയായി കത്തുന്ന ഇരിപ്പിടം 4 ചിമ്മിന്നി-ചിമ്മുന്ന

ദുഷ്ടരെ ശാസിച്ചുടൻ വലത്തു ഭാഗേ നോക്കി
ശിഷ്ടരെ തൃക്കൺപാർത്തു കല്പിക്കും മഹാസ്നേഹാൽ

എന്നുടെ തിരുവാർത്തകേട്ടതിൻ വണ്ണംനിങ്ങൾ
മന്നിലെസുഖമൊക്കെ ത്യജിച്ചു തള്ളിക്കൊണ്ടു
നിങ്ങൾക്കു തന്ന കട്ടിവരങ്ങൾ സൂക്ഷത്തോടേ
തിങ്ങിന സന്താപങ്ങൾ സഹിച്ചു വർദ്ധിപ്പിച്ചു.

വിശന്നും ദാഹിച്ചും ഞാൻ നടന്നനേരം നിങ്ങൾ
വലഞ്ഞ മമ ദാഹം തീർത്തുമേ പോഷിപ്പിച്ചു
നഗ്നനായെന്നെക്കണ്ടനേരത്തു നിങ്ങൾ മമ
നഗ്നത തീർത്തുതന്നു വസ്ത്രത്താൽ പുതപ്പിച്ചു.

അന്യനായ് നിങ്ങൾ ദേശേ നടന്ന സമയത്തിൽ
മാന്യമായ് കൈക്കൊണ്ടെന്നെ കേതവും നൽകീ ശുഭം
രോഗിയായ് വലഞ്ഞു ഞാൻ കാരാഗൃഹിയുമായി
ആരോഗ്യം വരുത്തുവാൻ സഹായിച്ചഹോ നിങ്ങൾ

ഇച്ചെയ്ത വൃത്തിക്കിതായെന്നെന്നും മമ വീട്ടിൽ
തൽചിന്തയൊന്നും വിനാ, തോഷിപ്പിൻ നിരന്തരം
എന്നുള്ള തിരുവാക്കു തേൻ തുള്ളിയതിൻ സമം
കേട്ടുള്ളം തെളിഞ്ഞവർ സംപൂർണ്ണസന്തോഷമാം

അപ്പൊഴവരുടെ ശുദ്ധമാം ശരീരങ്ങൾ
മുപ്പൊഴതിനെ[1] തോല്പിച്ചീടുന്ന രശ്മിവീശും
ദുഷ്ടരെ ശപിച്ചിട്ടും ധരിത്രി തുറന്നവർ
കഷ്ടാത്രൂപികളോടെ യൊന്നിച്ചു മറയുമ്പോൾ

തന്നുടെ സ്നേഹവൃന്ദമൊന്നിച്ചു മോക്ഷാലയേ
തന്നോടുകൂടെ വാഴ്‌വാൻ പുക്കിടും നിത്യകാലേ
ഈ വണ്ണമുള്ള വരവിതല്ലെന്നറിക നീ
അവ്വണ്ണമുള്ള തന്റെ മഹിമ ദയയാക്കി

കരുണ കാട്ടിത്തന്റെ ജനത്തെ രക്ഷിപ്പാനായ്
കരുണാനാഥൻ തന്റെ പ്രഥമവരവിതാ
കേട്ടൊരു ശാന്തിതന്റെ കൂട്ടരും ദിനേദിനേ
കൂട്ടമായ് വന്നുശ്രേഷ്ഠനാഥനെയാരാധിച്ചു.

അഷ്ടമീദിനേ രാത്രൌ അട്ടിശി സമസ്തവും
എട്ടുദിക്കുകൾ മഹാ പ്രകാശം കാണപ്പെട്ടു
രാത്രി പാതിയും കഴിഞ്ഞന്നൊരു നേരത്തിങ്കൽ
ധാത്രിപാലകൻ2 സേനാ സഹസ്രഗണം ദൂതൻ

---

1 മുപ്പൊഴത്-സൂര്യൻ 2 ധാത്രിപാലകൻ-ദൈവമെന്ന് അർത്ഥകല്പന.

സുവർണ്ണവർണ്ണംപെറും വസ്ത്രങ്ങളണിഞ്ഞവർ
സുവർണ്ണംകൊണ്ടുമാർവു[1] മഴകിൽ ശോഭിപ്പിച്ച
സുവർണ്ണം മാറേററുന്ന പൊന്നിനാൽ മാർവിൽവൃത്തം
സുവർണ്ണമഷിയതാൽ ലിഖിതം തിരുനാമം

അവൎക്ക സേനാപതിയിരുവരൊരുമിച്ച്
സ്വർവൎഗ്ഗം തന്നിൽ മുഖ്യർ മിഖായേൽ ഗൗറിയേലും
ഇരുവർ കിരീടങ്ങൾ ലിഖിതമിതുതന്നെ
ഇരുപാരിലുമിതിൽ പ്രകാശം വീശീടുന്നു.

ഇങ്ങനെയുള്ള ശോഭാസേനകൾ നിരനിര
ഭംഗിയായണിയണിയിരുപേർ നടുവതിൽ
സുമുക്ത[2] പ്രവാളങ്ങൾ വൈരം വൈഡൂര്യം നല്ല
സുവർണ്ണശിരോമണി ഗോമേദപുഷ്യരാഗം

ഒക്കെയും നാണിപ്പിച്ച വിളങ്ങുംശിരോരത്നം
ഓൎക്കുന്നവൎക്ക രക്ഷ ഈശോയീത്തിരുനാമം
ഈവർണ്ണമിരുനേരം കൂട്ടമായ്പ്പെട്ടൽ മുൻപിൽ
വരവർണ്ണരാം ശ്രേഷ്ഠരിരുവർ നാമംകൊണ്ടും

ഇങ്ങനെവന്നു പുക്കേന്ദിരേ പിതൃക്കടെ
മുമ്പിൽവന്നാരാധിച്ച കുമ്പിട്ടു പാദേ നാഥൻ
ഉന്നതന്മാരാം ശ്രേഷ്ഠദൂതന്മാരിരുവരും
മന്നിലെ മനുഷ്യരെ രക്ഷിക്കുമതിനാലേ

ഉന്നതൻ പിതാസുതൻ നരദൈവമാമിയാൾ
ഉന്നതകീർത്തിപൊങ്ങും ഈശോ നാമമാഖ്യതേ
എന്നവരുണർത്തിച്ച നേരത്തങ്ങെല്ലാവരും
വന്ദിച്ചുകേൾപ്പിച്ചുടൻ വീണാദിഗാനഗീതം

ജഗത്രാതാവിൻ നാമം കേട്ടുടൻ ജഗത്രയേ
ജയസന്തോഷം പാടിത്തെളിഞ്ഞു മോക്ഷാലയേ
ക്ഷിതിപാലന നാഥൻ തിരുനാമം കേൾവിയാൽ
ക്ഷിതിയിൽ നിശനേരം വിളങ്ങി നട്ടുച്ചപോൽ

നരശത്രുവിൻ ബലംകെട്ടുത്തും നാമത്തിനാൽ
നരകപിശാചുക്കൾ ഭയന്നുവിറച്ചുടൻ
വാടാത്ത മലർക്കൊടി വീരനാം പുണ്യൻതാനും
പാദസോമനീ താരാധാരിണിപത്നീസഹ

നന്ദിച്ച തിരുനാമം ഭക്തിയാൽ ചൊന്നശേഷം
വന്ദിച്ചുകുമ്പിട്ടുതൻ ജനരക്ഷിതാപാദെ

---

1 മാർവ്—ഹൃദയഭാഗം (മാറിടം)
2 സമുക്തം—നല്ല മുത്ത് (നവരത്നങ്ങളെ സൂചിപ്പിക്കുന്നു)

ദിനകനുദിച്ചുശോഭിച്ചതിൻ[1] ശേഷത്തിങ്കൽ
ജനകനാഥൻ തന്റെ കല്പനതികപ്പാനായ്

ദേവശ്രുശ്രൂഷകനെ[2] വരുത്തി വിധിയഥാ
ഛേലാകർമ്മവും[3] ചെയ്തു വേദനയെന്നാകിലും
രക്ഷിതാവെന്നനാമമപ്പോഴെ കാട്ടിത്തന്റെ
രക്തവും ചിന്തിക്കുഞ്ഞിപ്പൈതൽ താനച്ചാരമായ്

അയ്യയ്യോ മമ നാഥാ നിർമ്മല! പുഷ്പാമലാ!
അയ്യയ്യോയിപ്പോഴുംതന്നെ കാട്ടിയോ നിന്റെ കൃപ
പുഷ്പമല്ലിയ്ക്കു സമം നിർമ്മല ശരീരമേ
അല്പമായൊരു മൂർച്ഛയെത്രയൊ ദുഃഖം ദൃഢം.

ദാസനാമടിയനെ ചാരെയങ്ങിരുത്തുവാൻ
ദാസനായ് നാഥാ നീയുമിതഥമതിയല്ലീ?
നിന്നുടെ പാദചർമ്മമൃദുത്വം സൂക്ഷിക്കുമ്പോഴും
എന്നുടെ കണ്ണിൻമണി എന്നതിൽ മൃദുത്വമേ

ഇന്നതിൽ മൃദുത്വമാം കുഞ്ഞിപ്പൈതലായ നിൻ
സുന്ദര തിരുമേനിയെത്രയോ മൃദുത്വമാം
പൈതൽ പ്രായത്തിൽ സഹിച്ചീടുന്ന ദുഃഖങ്ങളെ
ബോധഹീനത്താലതിൽ ശോകങ്ങളറിവില്ല.

നിനക്കോ ഗുണാംബുധേ സകലബോധാത്മാവേ
ജനിച്ചക്ഷണം തന്നെയറിവിൻ സമൃദ്ധിയും
നിറഞ്ഞുബോധത്തിനാലറിഞ്ഞു സമസ്തവും
മുറിഞ്ഞോരീനേരത്തിലതിനാലെത്ര ദുഃഖം

എങ്കിലും പൈതൽസമമെന്നതിൻവണ്ണംതന്നെ
കൺകളും നിറഞ്ഞയ്യോ കവിളിലശ്രുവാർത്തു
അയ്യയ്യോ മമനാഥ അയ്യയ്യോ മമസ്നേഹം
അയ്യയ്യോ മമ പാപം കാരണമിതിന്നയ്യോ

കണ്ടുനില്ക്കുന്ന നാഥൻതന്നുടെ കണ്ണുംചങ്കും
കണ്ടിച്ചു മുറിഞ്ഞയ്യോ ഒഴുകി നദിയഥാ,
മാതൃതൻ ക്ലേശം സുതദുഃഖവും മുറിവതും
താതനാം താനും കണ്ടു ദുഃഖാബ്ധൗമുങ്ങീദൃഢം

നാഥനേ പരാപരാനായകാശരണമേ
ദാസനാമടിയന്റെ രക്ഷയ്ക്കുച്ചാരമിതായ്

1 ദിനകൻ—സൂര്യൻ (ദിനകരൻ) 2 ദേവശ്രുശ്രൂഷകൻ—പുരോഹിതൻ
3 ഛേലാകർമ്മം—ഛേദനാചാരം

പുഞ്ചിരികാട്ടിത്തന്റെ മാതരം തോഷിപ്പിക്കും.
തൻതിരുവധരങ്ങൾ ചുവന്നുചുളിഞ്ഞയ്യോ

സൂക്ഷിക്കുംവിധൗ സ്നേഹം ജ്വലിപ്പിച്ചിടും തന്റെ
അക്ഷികൾ രണ്ടുമിപ്പോളടച്ചു ദുഃഖാലയ്യോ
ധവളക്കമിളവൽ[1] ത്തുടിച്ചു ശോഭിക്കുന്ന
കവിളുരണ്ടുമിപ്പോൾ വിറയ്ക്കുന്നയ്യോ ദുഃഖാൽ

വെള്ളിനൽത്തകിടതിൽ സുവർണ്ണപുഷ്പംയഥാ
കണ്ണുകൾ മദ്ധ്യേപൊങ്ങും നാസിയും ബന്ധുരമാം
കണ്ണിനുമീതെപൊങ്ങും സുന്ദരഫാലസ്ഥലം
ദണ്ണത്താൽ ചുളിക്കുന്നു ദുഃഖമേ മഹാദുഃഖം.

റോസപ്പുഷ്പത്തിൻ മദ്ധ്യേപൊങ്ങുന്നൊരല്ലിപോലെ
ലാഘസപൂരിപ്പിക്കും നാവിതാ വിറയ്ക്കുന്നു.
സുമനസ്സുകളൊക്കെ കൊതിച്ചു കേട്ടീടുന്നു.
സുരസമധുരമാം സ്വരവും പകർന്നയ്യോ

തന്നുടെ ചിത്തംകൊണ്ടു സമസ്തം സൃഷ്ടിച്ചതാൻ
ഒന്നിനും വശഹീനപ്പൈതലായ് കരയുന്നു
എന്തിതു സർവ്വേശ്വരാ! നിന്നുടെ സ്നേഹംതന്നെ
എന്നതെന്നിയേ മറ്റൊന്നില്ലിതിന്നവകാശം
കരുണാനിധേ നിന്റെ രുധിരമതിനാലെ
തരണമടിയനു സമസ്തപാപശുദ്ധി.

1 ധവളക്കമിളവൽ—വെളുത്ത കമിളപോലെ

# VII

പൂജരാജാക്കന്മാരുടെ ആഗമനവും തിരുമുൽക്കാഴ്ച സമർപ്പണവും, നാല്പതാം ദിവസം ദിവ്യശിശുവിനെ ദേവാലയത്തിൽ കാഴ്ചവെയ്ക്കുന്നതും ശെമയോൻ ഹന്നാമാരുടെ പ്രവചനാദിവാദനങ്ങളും വിവരിച്ചതിനു ശേഷം, പരാമർശിതമായ പീഡാനുഭവങ്ങളെയും അതുവഴി മാതാവിനുണ്ടാകുന്ന വ്യാകുലാധിക്യത്തെയുംകുറിച്ചു ധ്യാനിക്കുകയും ഇതിനെല്ലാം ഹേതുഭൂതമായത് സ്വന്തം പാപവൃത്തികളാണെന്ന് സ്വയം അനുതപിക്കുകയും ചെയ്തുകൊണ്ട് വി. അന്ത്രയോസ് കൊർസീനിയെ മാനസാന്തരപ്പെടുത്തിയതുപോലെ തന്നെയും വിശുദ്ധീകരിക്കണമെന്ന് ഹൃദയംഗമമായി പ്രാർത്ഥിക്കുകയുമാണ് ഈ കാണ്ഡത്തിൽ

കേക

ഇങ്ങനെ ജനനത്തിൻ പ്രഭയെ ഭുവ്യഖിലം
തിങ്ങിനശോഭയോടെ വീശിയനേരത്തിങ്കൽ
പൂർവ്വന്മാർ പിതാക്കളോട് ചൊല്ലികേട്ടതിൻവണ്ണം
അവ്റാഹം പിതാവിന്റെ രണ്ടാംപത്നിയാം കെന്തോർ
തന്നുടെ തനയർക്കു താതൻ താൻ കൊടുത്തുള്ള
പൊന്നാദിസമ്പത്തിനാൽ വാഴുന്നനേരത്തിങ്കൽ
സ്വജനരക്ഷാർത്ഥമായ ജനിക്കും ദൈവസുതൻ
സ്വജനദോഷത്രാണ തല്പരൻ തന്റെ മുൻപിൽ
വരണം തന്റെ കാല്ക്കൽ കമ്പിട്ടാരാധിപ്പാനായ്
തരളം ബഹുശോഭ കാണുന്നാകാശത്തിൽ
താതൻ തൻ വാർത്തകേട്ടു പിറിഞ്ഞു തനയന്മാർ
ഭയാദി വദ്ധിച്ചുള്ള ഗണമായ് പാറേസതിൽ
വദ്ധിച്ചീടുന്ന ജനവംശത്തിൽ ദീർഘദർശി
വദിച്ച പുതുതാരമുദിക്കും യാക്കോവിൽ നി-
ന്നെന്നതും കേട്ടു ദൃഷ്ടമെന്നപോലുറച്ചവർ
മന്നവന്മാരുംകൂടി മുന്നമേ മേല്ഗുശന്മാ-
രെന്നുള്ള നാമത്തോടെ യാകാശേയവർ നോക്കി
യിരുന്നു സൂക്ഷിപ്പാനായ് ദ്വാദശജനം വച്ചു-
ഇങ്ങനെയിരുന്നവരക്കാലം ഗഗനത്തിൽ
തിങ്ങുന്ന ശോഭായുതമുദിച്ചു പുത്തൻതാരം
എന്നതു കണ്ടപ്പൊഴേ സംഗതി നിനച്ചവർ
മന്നവന്മാരും കൂടെ ഭൃത്യർതൻ ഗണങ്ങളും
ഒന്നിച്ചു പുറപ്പെട്ടു നടന്നു ദീർഘം വഴി
അന്നവർ നക്ഷത്രത്താൽ വഴിയുംഗ്രഹിച്ചുടൻ

1 മേല്ഗുശന്മാർ—പൂജാരാജാക്കന്മാർ

ഇങ്ങനെ പോയിമാജർ[1] ഓർശലേം നഗരത്തിൽ
തിങ്ങിന ശോഭ കോട്ട വാതിലിനടുത്തപ്പോൾ
കണ്ടിരുന്നൊരു താരം മറഞ്ഞെന്നതിനാലെ
കുഞ്ഞിച്ചു[2] രാജാക്കന്മാർ മന്നനെ പുക്കചൊല്ലി
യൂദക്ക രാജൻദേവൻ പിറന്നെന്നതിനാലെ
ആരാധിപ്പാനായ് ഞങ്ങൾ പുറപ്പെട്ടയാൾ മുൻപിൽ
ഉദിച്ചതാരം വാനിൽ കണ്ടിങ്ങു ചേർന്നു ഞങ്ങൾ
ഉദയമിപ്പോൾ മറഞ്ഞവിടെ രാജസുതൻ
എന്നതു കേട്ടു ദുഷ്ടരാജനാം ഹേറോദേസും
അന്നവിടത്തിലുള്ള മുഖ്യരെ വരുത്തീട്ട്
ചോദിച്ചു രാജാദേവസുതന്റെ പിറവിയെ
ആദരിപ്പാനായ് നാമും പോകണമെന്നു കാട്ടി.
ബേസ്ലഹം നഗരിയിലന്നുള്ള പ്രസിദ്ധരാം
വേദന്യായത്താൽ ശാസ്ത്രവീരന്മാരറിയിച്ചു
കേട്ടുടൻ നിങ്ങൾ പോയിക്കമ്പിട്ടുവരുംവഴി
കോട്ടമെന്നിയേ നമ്മെയറിയിക്കണം സ്ഥലം
എന്നവൻ ഹേറോദേസു ചൊല്ലിയശേഷമുടൻ
വന്നവർ പോയികണ്ടു പിന്നെയും താരശോഭ
എന്നതു നടന്നുതൻ നാഥന്റെ മന്ദിരത്തിൽ
ഉന്നതിയതിൽനിന്നു കാട്ടിതൻ നാഥസ്ഥലം
വന്നവരുടൻ പുക്ക ബഹുവാദരത്തോടെ
വന്ദിച്ചു കമ്പിട്ടവർ കാഴ്ചയുംവച്ചു മോദാൽ
സർവ്വത്തുമറിയുന്ന നാഥനുണ്ണിയുമപ്പോൾ
സർവ്വദാവശഹീനനെന്നപോൽ കാണിച്ചാലും
മാതാവിൻ തിരുമടിതന്നിലങ്ങിരുന്നെള്ളി
മന്നവൻ മുഖംപാർത്തു ബാഹുവാൽ വാഴ്വുനൽകി
നായകാ പരാപരാ നാഥനെയടിയനെ
നയനംപാർത്തു വാഴ്വു നൽകണം മനോഗുണാൽ
സർവ്വത്തിൻ നാഥൻ നീയേ സർവ്വജ്ഞൻ നീയെങ്കിലും
സർവ്വവും കാട്ടീടുന്നു ഇതരം രോദനത്താൽ
സർവ്വദാ നിന്നാൽ സർവ്വം നടന്നീടുന്നാകിലും
സർവ്വരാജ്ഞിയിൻ കൈയിലുണ്ണിയായുറങ്ങുന്നു.
കാട്ടുന്നു ദുഃഖം പശിരോദനാൽത്തന്നെയൊക്കെ
കാട്ടുന്നതൊക്കെ മാതാക്ഷണത്താൽ നടത്തുന്നു
അയ്യയ്യോയിതൊക്കെയും മമരക്ഷാർത്ഥം തന്നെ
അയ്യയ്യോ സഹിക്കുന്നു പാപനാശത്തെ ചെയ്വാൻ

---

1 മാജർ—മാഗികൾ (രാജാക്കന്മാർ) 2 കുഞ്ഞിച്ചു—കുഞ്ഞിതപ്പെട്ടു.

പാപിയാമടിയനോ നന്ദിഹീനനുമായി
പാപത്തെ വർദ്ധിപ്പിച്ചു, മേദുഃഖം മഹാദുഃഖം
നാഥനെ നോക്കീടണം പോക്കണം മമപാപം
നീതിയെ നോക്കുന്നെങ്കിൽ ശിക്ഷിപ്പാൻ യുക്തം ദൃഢം 64
ധീരതയോടെ രാജ്യഭാരത്തെ നടത്തുന്ന
ജ്യോതിശാസ്ത്രജ്ഞന്മാരും ദൂരവാസികളുമായ്
എന്നവരിതാ നിന്നെ വന്ദിപ്പാൻ ഭാഗ്യന്മാരായ്
മുന്നമായ് പാർത്തജനം നിന്ദിച്ചു ചപലരായ് 68
എന്നപോൽ പാപിയഹം പാപത്താൽ ദൂരത്തായി
നന്ദിഹീനനെങ്കിലും വന്ദിക്കുന്നിതാ പാദം
ശിശുബാഹുക്കളവർ ശിരസ്സിൽ പൊക്കികൊണ്ടു്
തിരുവാശീർവാദത്തെക്കൊടുത്തെന്നതു വിധം 72
തവദാസനാമഹം ശിശുവാം കാലേ ചെയ്ത
പെരിയ പാപം പോക്കിത്തരണമാശീർവ്വാദം
ഇങ്ങനെ രാജാക്കന്മാർ വന്ദനചെയ്തശേഷം
തിങ്ങിന ശോഭായുതവാനവർ പ്രത്യക്ഷമായ് 76
വന്നൊരു വഴിതന്നിൽ പിന്തിരിയാതെ മറു-
പന്ഥാവിൽ നടന്നവർ മന്ദിരേ പോവാൻ ചൊല്ലി
കേട്ടവരതിൻവണ്ണം പോയതിൻ ശേഷത്തിങ്കൽ
കൂട്ടമായ്പ്പുലർ വന്നു കേറംവിധം നീളെ വീശി 80
ശ്രേഷ്ഠനാം പിതൃയൗസെ താഴ്മയെയിച്ഛരിക്കയാൽ
കൂട്ടത്തെകണ്ടുമഞ്ഞിയൊളിച്ചു വാങ്ങിപ്പാർപ്പാൻ
നന്ദനൻ തിരുമനസ്സറിഞ്ഞു മാതൃസഹ
മന്ദിരം ബെത്ലേമുള്ളിലെത്രയും ചെറുഗൃഹം 84
ആയതിൽ പൂക്ക താനും നാഥനും തൻെറ പത്നി
നായകിദേവ മാതൃതാനുമായ് ചതുർദശ-
വാസരെ[1] ദേവാലയെ നാഥനെക്കാഴ്ചവെപ്പാൻ
വേദന്യായംപോൽ പോകും നാംവരെയതിൽ പാർത്തു 88
തൊഴുക്കൂടതിൽനിന്നു പുറപ്പെട്ടതുനേരം
തോഴരായ്പ്പാർത്തീടുന്ന വാനവനൊരുത്തനെ
പാർത്തുടൻ ദേവമാതൃകല്പിച്ചു മമപുത്രൻ
പത്തൊരു ഗുഹയതിൽ പാർത്തു നീ സൂക്ഷിക്കണം 92
സൃഷ്ടിയിൻ നാഥനിതിൽ പിറന്നെന്നതിനാലെ
സൃഷ്ടിയാം മൃഗജന്തു തീണ്ടാതെ സൂക്ഷിക്കണം
എന്നു കല്പിച്ചവണ്ണം ലോകാന്തംവരെയിതിൽ
ചെന്നാദി[2] മൃഗമൊന്നും പൂകാസ്സാൻ സൂക്ഷിക്കുന്നു 96

1 ചതുർദശവാസരെ–നാല്പതാം ദിവസം 2 ചെന്നാദി–ചെന്നായ് ആദിയായ

ഇങ്ങനെ ചതുർദ്ദശവാസരം തികഞ്ഞപ്പോൾ
ഭംഗിയേറീടും ദേവ കോവിലിൽ നാഥൻതന്നെ
വേദന്യായത്തിൻ വണ്ണമർച്ചന ചെയ്യീടുവാൻ
ദേവമാതാവും തിരുപുത്രനുമൊരുമിച്ചു 100

മുഖ്യനാം പിതാവുതൻ കടത്തെത്തീർപ്പാനായ്
മുഖ്യമാം ജെരുശലം നഗരിക്കെഴുന്നെള്ളി
ചെന്നതുനേരം മഹാ സന്തോഷത്തോടുകൂടെ
അന്നുള്ള ഗുരുമുഖ്യശ്രേഷ്ഠനാം ശീമോൻ പിതാ 104

വന്നുടൻ ദേവാലയേ ദിവ്യജ്ഞാനത്താൽ ദൃഢം
വന്ദിച്ചു തിരുപ്പൈതൽ തന്നുടെ തിരുപ്പാദം
കുമ്പിട്ടു മുത്തിക്കൊണ്ടു കേണപേക്ഷിച്ചു സ്നേഹാൽ
കണ്ടിട്ടു മരിപ്പാനായ് പാർത്തിരുന്നതിൻവണ്ണം 108

നിന്നുടെ മനോജ്ഞ ദയയും കരുണയും
നിന്നുടെ ദാസനഹം കണ്ടിനി, അയയ്ക്കു നീ
ലോകത്തിൻ വെളിവായ് നീയുഷച്ചി[1]ന്നതിനാലെ
ലോകരാമിസ്രായേലിൻ സ്തുതിയും നിന്നിലുണ്ടായ് 112

ദീർഘദർശനമായിപ്പൈത്തുരചെയ്തു വീണ്ടും
ദൃക്കി[2]യാം നരന്മാർക്കെന്നാകിലും ബഹുജനം
വീഴ്ചക്കുമീയാൾതന്നെ രക്ഷയും തന്നാലത്രെ
തീർച്ചയാണിയാളാലെ നിന്നുടെ തിരുച്ചങ്കിൽ 116

മൂർച്ചയേറീടും കന്തമുനയാൽ മുറിപ്പെടും
നിശ്ചയമിതെന്നമ്മ കന്നിതന്നോടും ചൊല്ലി
നിർമ്മലമാതാവിനോടരുളിച്ചെയ്ത വാക്യാൽ
നിഷ്കളങ്ക ശ്രേഷ്ഠനാം പിതാവും മുറിവേററു 120

അന്നേരം പുണ്യവൃദ്ധ അന്നയെന്നുള്ള മാതൃ
മന്ദിരം തന്നിൽ പുണ്യമാതൃവേപ്പാലിച്ചവൾ
റൂഹാ[3]യാലറിഞ്ഞവൾ ദേവാലയത്തിൽ വന്നി
ട്ടാലാഹാ പുത്രനിയാളെന്നുറപ്പിച്ചു വാക്കാൽ 124

വേദന്യായംപോലൊക്കെതികച്ചശേഷം, മുഖ്യ
വേദനയുടൻ ഭാവിച്ചെന്നതു ചൊന്നീടുന്നേൻ
ഇങ്ങനെ ദേവാലയേ പൂജകർമ്മാദിചെയ്ത്
ഭംഗിയേറീടും നഗർ വാസത്തിൽ പുക്കശേഷം 128

ഇത്തിരുവാക്യംകേട്ടു മാതാവുമതുനേരം
കത്തുകൊണ്ടതുപോലെ വാടിതൻ തിരുമുഖം

---

1 ഉഷച്ചു—ഉദിച്ചുവെന്നർത്ഥമാക്കണം 2 ദൃക്ക്—കാഴ്ച (പ്രകാശം)
3 റൂഹാ—പരിശുദ്ധാത്മാവ്

വത്സലനുണ്ണിപ്പൈതൽ തൻ തിരുമുഖശോഭ
വാത്സല്യത്തോടക്കൂടെത്തിരുബാഹുക്കൾ തന്നിൽ

എന്തിയങ്ങലിവോട സൂക്ഷിച്ചതോഷിക്കമ്പോൾ
തൻ തിരുശോകദുഃഖമൊക്കയുമുണർന്നവാം
ഇതിനാൽ തന്റെ തിരുപ്പാദകമലങ്ങളും
സ്തുതിയോഗ്യതയായ ഓമനക്കൈകളും

തുളസ്സുമാണികളാൽ തറസ്സും കരിശതിൽ
തൂറക്കം തിരുവിലാപരുത്ത കന്തത്തിനാൽ
ഇത്യാദിദുഃഖകഷ്ടമൊക്കെയുമത്തുനേരം
അത്യന്ത ദുഃഖത്തോടെ സ്മരിച്ചു ക്ലേശിച്ചപ്പോൾ

അയ്യയ്യോ സര്വ്വേശ്വരാ നിര്മ്മല ഗുണനിധേ!
ഐശ്വര്യമാം[1] മലനിഴലില്ലാത്ത[2] നാഥെ! അമ്മെ!!
നിന്നുടെ പുത്രദുഃഖകഷ്ടാനുഭവങ്ങളും
നിൻതിരുവടിയുടെ വ്യാകുല ദുഃഖാബ്ധിയും.

എന്നുടെ മഹാപാപകാരണമതിൻ ഫലം
എന്നു ഞാനോക്കന്നേരമെത്രയോ മമദുഃഖം
ഇന്നിതാ മഹാമുനിശ്രേഷ്ഠന്റെ വാക്യം യഥാ
എന്നതു ഞാനമിപ്പോൾച്ചൊല്ലുവാൻ വിധിന്യൂനം

പഴുത്തു ഞാനമിതാ കഴച്ചു മമദേഹം
അഴക്ക എന്നുചൊൽവാൻ വിധി എന്നതാകിലും
പിഴച്ചു മമപാപമാലിന്യം സ്മരണാദി
ഉഴന്നു നോക്കന്നേരം ഭീതിദം മഹാഭയം

അയ്യയ്യോ! മമഭീതി എന്തിന്നു ഫലമിതു്
അയ്യമെന്നതാകിലും പൊയ്യല്ല യാത്ര ദൃഢം
ഇതിന്നുപായമിതൊന്നല്ലാതെ എന്തുള്ളയ്യോ!
ഇതിന്നു പലവഴി നോക്കുകിലസാദ്ധ്യമേ.

പാപത്തെ തീർപ്പാൻ തപസ്സെന്നതു തൃപ്പാതയെ
താപസനായീടുവാൻ ദേഹവും ക്ഷയിച്ചല്ലോ.
മോഹിച്ചു കാലം കഴിച്ചീടുന്നതെന്തു ഫലം
ദാഹിച്ചാൽ കഴിവില്ലാ എന്നതും കണ്ടീടുന്നു

യോഗ്യനായിരുന്നപ്പോൾ ഭാഗ്യമുണ്ടായില്ലയ്യോ
അയോഗ്യനായിന്നേരമെന്തിതു ദാഹിക്കുന്നു
എങ്കിലുമീദാഹവും ചങ്കിലിങ്ങുറച്ചിട്ടു്
പങ്കു കിട്ടുവാൻ തന്റെ പങ്കപ്പാടിതു ശുഭം

എന്നതിനാലേ മമനാഥയേ അമ്മേ മണേ
ഇന്നെനിക്കനുകൂലം നീയല്ലാതാരുള്ളയ്യോ

1 ഐശ്വര്യം—ഇന്ദ്രിയസംബന്ധമായ 2 മലനിഴൽ—പാപത്തിന്റെ നിഴൽ

നിൻ തിരുവടിയുടെ ദാസൻ ഞാൻ മുന്നം ദൃഢം
നന്ദിഹീനതചെയ്തു മന്നിലെ നിർമ്മോഹത്താൽ[1] 168

എങ്കിലും നാഥെ അമ്മെ എന്നെ നീ കൈവിട്ടില്ല
എന്നതിനുള്ള ചിഹ്നം ഇന്നു ഞാൻ കാണുന്നല്ലൊ
ഇന്നതിനാലേ മമഹൃദയേ ധ്വനിക്കുന്ന
ഇന്ദ്രിയമോഹം ചൊൽവാൻ ശങ്കിച്ചുമടിക്കുന്നേൻ 172

കന്മല, അമ്മ നീയേ എന്നതു മഹാമുഖ്യം
നിർമ്മല! അമ്മേ തവ ദാസ്യവൃത്തു കാട്ടി
എന്നതു നിനയ്ക്കുമ്പോൾ എന്നുടെ മഹാഭാഗ്യം
ഇന്നതെന്നടിയനുമുറയ്ക്കുന്നയോഗ്യനായ് 176

എന്നതിനാലെ മുന്നംചൊന്നതു കാട്ടീടുവാൻ
ഇന്നു ഞാൻ പേടിക്കുന്നു എങ്കിലും ചൊല്ലുന്നഹം
ഉപരിഭവനത്തിൽ സുഖിക്കും മഹാമുഖ്യൻ
അന്ത്രയാക്കോൻ സീനി എന്നൊരു മഹാഭാഗ്യൻ 180

അമ്മതൻ തിരുദരെ വസിക്കും കാലത്തിങ്കൽ
തന്നുടെ ഉദരത്തിൽ ജനിച്ച ചെന്നായ്ക്കുട്ടി
മുന്നമെയതിൻ ഗതി കാണിക്കുമെന്നാകിലും
കന്മല മാതൃദേവി കോവിലിൻ വാതിലതിൽ 184

ഒന്മയായടുത്തപ്പോൾ ചെമ്മരിക്കിടാവായി
എന്നുള്ള കാഴ്ചയതു കണ്ടതുമതിൻവണ്ണം
ഇന്നിതാ മഹാഭാഗ്യയോഗ്യനായ് കൊണ്ടാടുന്നു
എന്നതിൻവണ്ണമെന്നു് ചൊല്ലുവാൻ യോഗ്യംവിനാ. 188

എങ്കിലുമമ്മേ നിന്റെ ദാസനെന്നുള്ള നാമം
തന്നു നീ അടിയനുമെന്നതിനാലേ അഹം
ഇന്നിതാനിൻ പാദത്തിൽ വീണുകൊണ്ടിരിക്കുന്ന
മേപാപം മഹാപാപം മാലിന്യം മണൽസമം 192

മേ ഭാഗ്യം മഹാഭാഗ്യം മേ നാഥ മഹാനാഥ
സർവ്വജ്ഞൻ സർവ്വേശ്വരൻ നിന്നുടെ സ്നേഹപുത്രൻ
സർവ്വർക്കും മാതാവായി നിന്നെത്തന്നന്നിനിക്കും
പിന്നെയും മമതായിൻ[2] ബാഹുവാൽ തവപാദെ 196

എന്നെ നിൻ ദാസനായി കൈക്കൊണ്ടു മേ ഭാഗ്യമായ്
വീണ്ടുമേ, ബാല്യത്തിങ്കൽ ളൂക്ഷധാരിയിൻ[3] മദ്ധ്യാൽ[4]
കൊണ്ടു ഞാൻ നിന്റെ ദാസ്യം റൂസാരി[5]സദാനാമാൽ
ഒടുക്കം മഹാഭാഗ്യാൽ പൊട്ടുകൈന്നതുപോലെ 200

---

1 നിർമ്മോഹം—ദുർമ്മോഹംതന്നെ 2 തായ് – അമ്മ 3 ളൂക്ഷധാരി– ദൊമ്മനിക്കോസ് 4 മദ്ധ്യാൽ – മദ്ധ്യസ്ഥതയാൽ 5 റൂസാരി – Rosary.

അടുത്തകാലമതിൽ ലഭിച്ചേൻനിൻെറവസ്ത്രം
നിന്നുടെ മഹാഭക്തനെന്നുടെ മഹാശ്രേഷ്ഠൻ1
തന്നുടെ കരങ്ങളാൽ കൈക്കൊണ്ടേൻ കമ്മൽസദാ
എന്നിതു നിനയ്ക്കുമ്പോൾ എത്ര ദുഷ്ടനാകിലും 204
എന്നെ നീ പകർത്തീടുമെന്നുഞാനുറയ്ക്കുന്നു.
എന്നുറച്ചടിയനും നിന്നുടെ പാദാന്തികെ
വന്നുകേണീടുന്നമ്മെ കേൾക്കണം മമ ദുഃഖം
നിന്നുടെ തിരുകൈയിലിരിക്കുമുണ്ണിയ്ക്കപ്പെത്തൽ 208
തന്നുടെ കഷ്ടം സർവ്വംനിന്നുടെ ചങ്കിൽകൊണ്ടു
നിന്നുടെ ദുഃഖത്തിന്നും പുത്രസങ്കടത്തിന്നും
എന്നുടെ പാപംതന്നെ കാരണമെന്നാകിലും
കാരുണ്യം ലഭിപ്പാനുമ തല്ലാതെനിക്കില്ല. 212
കരുണ നല്കീടണം ശരണം നീയെനാഥേ!
നാഥനേപരാപരാ, പാപിയാമടിയനെ
നീതിപോൽ ഭേദിക്കുകിൽ ഞാനെന്തുത്തരിക്കുന്നു
നിൻതിരുവാക്യത്താലെ ചൊന്നതുനിനയ്ക്കുമ്പോൾ 216
എൻമനമുറയ്ക്കുന്നു രക്ഷാർത്ഥം സുനിശ്ചയം
സുവാക്യമുരച്ച ധൂർത്തിളയ പുത്രൻ ഞാനേ
സുഭാഗ്യം ലഭിപ്പാനായ് വന്നുനിൻ പാദാന്തികെ
നീയിനിക്കായിത്തന്ന സമ്പത്തും ധനങ്ങളും 220
നീതികേടായി ധൂളിച്ചയ്യയ്യോ2 മഹാകഷ്ടം
സമ്പത്തുനഷ്ടം ചെയ്തിതെന്നതും മഹാദുഃഖം
ഇമ്പത്തെത്തന്ന പിതൃനിന്നെയും നിന്ദിച്ചയ്യോ!
അയ്യയ്യോ തിരുമേനി നോക്കുമ്പോൾ മഹാദുഖം 224
പെയ്യുന്ന മഴസമം നിന്നുടെ രക്തം ചിന്തി
എന്നെ നിൻ കരത്താലെ സൃഷ്ടിച്ചപോററീടുന്നു
തന്നു നീ അടിയനും കരങ്ങൾ രണ്ടും ദൃഢം
എന്നുടെ കരങ്ങളാൽ ചെയ്യുന്ന പാപങ്ങളാൽ 228
നിൻ തിരുക്കരങ്ങളെ തുളച്ചേനഹം കഷ്ടം
നടപ്പാനായികൊണ്ടു തന്നു നീ പാദങ്ങളെ
കടപ്പാലടിയനും തറച്ചേൻ നിൻപാദങ്ങൾ
മുറിച്ചുനിൻെറ ദേഹമെൻ പാപകഷ്ടത്താലേ 232
പറിച്ചേൻ നിൻ മാംസത്തെ പുലിക്കുസമമയ്യോ
അറപ്പാനുള്ള കൂട്ടം സ്മരിച്ചെന്നതുഹേതുവാൽ
തറച്ചേൻ ശിരസിലും കണ്ടകമുനകളെ
കർണ്ണവും കണ്ണുംതന്നു എന്നതു നിമിത്തമായ് 236

1 മഹാശ്രേഷ്ഠൻ – മാർസ്ലീനോസ്. 2 ധൂളിച്ച – നശിപ്പിച്ച (പെൊടിയാക്കി)

കൺകളിൽകൂടെ മഹാമുറംമുനപതിച്ചയ്യോ!
കഷ്ടമേ, മഹാകഷ്ടം, ദുഃഖമെ, മഹാദുഃഖം
ദുഷ്ടനായടിയനു പോക്കിടം[1]മെവിടത്തിൽ
ഞാൻ കഷ്ടൻ മഹാദുഷ്ടൻ നന്ദിഹീനനാകിലും

ഞാൻ നിന്റെ കരവൃത്തി, പോക്കിടം നീയേ നാഥാ!
അനന്തഗുണനിധെ! എവിടെയിടമുള്ളു
നിൻ തിരുമുൻപിൽനിന്നു ഭയത്താലൊളിപ്പാനായ്
നിന്നെ ഞാൻ മറന്നതു നിശ്ചയമെന്നാകിലും

എന്നെ നീ ഉപേക്ഷിച്ചില്ലെന്നതു സുനിശ്ചയം
നിന്നെ ഞാനുപേക്ഷിച്ചു പിന്തിരിഞ്ഞതു നേരം
എന്നെ നീ മറക്കാതെ പിൻതുടർന്നെന്റെപിൻപെ
വഴക്കിയില്ലായെന്നെ[2] പുഴക്കരം കടിപ്പാനായ്

പിഴച്ചെങ്കിലുമെന്നെ ഉപേക്ഷിച്ചില്ലനീയേ
ഇത്രനിന്ദിതനായ അടിയൻ നിന്റെ തിരു
ച്ചിത്രകൗതുകമായ കൂട്ടത്തിൽ[3] ചേർന്നീടുവാൻ
ഇന്നെനിക്കിടയാക്കിയെന്നതാലടിയനെ

നിന്ദിതനായിത്തള്ളിയുപേക്ഷിച്ചില്ല, ദൃഢം
മരിച്ചിട്ടില്ല ഞാനും കഴച്ചെന്നതേയുള്ളു
സ്മരിച്ചു ചേർന്നീടുകിൽ ചേർത്തീടും നിൻ പാദത്തിൽ
ഇതിനായൊരു കഴിവിതെന്നു സ്മരിച്ചിപ്പോൾ

മതിയാൽവരുന്നു[4] ഞാൻ ഗദസെമ്മനിയതിൽ
പരമദേവസുതാ, കരുണ നിധേ, നാഥാ!
പരനാം പിതൃസമക്കൂടസ്ഥാ! സമസ്തേശാ!
നരവർഗ്ഗത്തിൻ രാജാ! ദാവീദിൻ സുതൻ രാജൻ

പരരക്ഷയെ ചെയ്യാൻ നീയെന്യേ മറ്റാരുള്ളു
ഒൻപതുവൃന്ദം ദേവസുന്ദരഗണമൊക്കെ
മുൻപിലാരാധിച്ചീടും നിൻതിരുവടിയല്ലൊ
ഈ നിശാമദ്ധ്യേനീയീക്കാടതിലെഴുന്നെള്ളി

ഈശനായിരിക്കുന്ന നീ എന്തുതേടീടുന്നു
എന്നുടെ സ്നേഹരാജമാം നിന്നെത്തേടുവാനായി
മന്നിലിങ്ങെഴുന്നെള്ളി സ്നേഹത്താൽ വലയുന്നേൻ
മുപ്പത്തിമൂന്നുവർഷം ഐപ്പാഴും[5] ദുഃഖത്തോടെ

---

1 പോക്കിടം—അഭയസ്ഥാനം. 2 വഴക്കിയില്ല-വിധേയനാക്കിയില്ല.
3 ചിത്രകൗതുകമായ കൂട്ടം-പുതിയ സന്യാസസഭയെയാകാം ഉദ്ദേശിക്കുന്നതു്.
4 മതിയാൽ -മാനസികമായി 5 ഐപ്പാഴും-എപ്പോഴും എന്നൊരു പാഠഭേദമുണ്ടു്.

അല്പനാം നിന്നെത്തേടി വലഞ്ഞേൻ മമസുതാ
മലകളാഴികളുമടവിതെരു വീഥി
വലഞ്ഞേനഹം തേടിമേ സുതാ! മഹാ ദുഃഖാൽ
കല്ലുകൾ മുള്ളുകളും ചവട്ടിപ്പൊടിച്ചു ഞാൻ

തെല്ലൊരുനേരം വൃഥാ ഞാനിരുന്നില്ല മോദാൽ
തൊണ്ണൂറ്റൊൻപതു നല്ലോരജങ്ങൾ വച്ചേച്ചു ഞാൻ
എണ്ണത്തിലൊന്നാം നിന്നെ തേടി ഞാൻ വലഞ്ഞിതാ
മമതാതന്റെ ദേവമടിയിൽനിന്നുനീങ്ങി

മമ സ്നേഹമാതരം ദുഃഖാബ്ധി മുക്കിത്വയാ
വേഗത്തിൽ വന്നീടുക, നിന്നുടെ പിതാ ഞാനേ
ഭേദത്തെ നിനയ്ക്കേണ്ട സർവ്വത്തും മറന്നു ഞാൻ
അയ്യയ്യോ സ്നേഹപിതാ ദൈവമേ സർവ്വേശ്വരാ!

അയ്യത്താൽ മടക്കുന്നേൻ പൊക്കുവാൻ മമനേത്രം
നിന്നുടെ തിരുമുഖം പാർക്കുവാൻ മഹാദാഹം
എന്നുടെ മഹാ പാപാൽ ശങ്കിക്കുന്നഹമയ്യോ!
കൈയും പൊറുത്തു ഞാനടുത്തു വന്നീടുക

പൊക്കിയ മമകരം നീട്ടി ഞാൻ കഴുകട്ടെ
കരുണയേറും പിതൃ ഞാനെന്നു നിനച്ചിപ്പോൾ
കരുതിയണഞ്ഞുവാ, നിന്നെ ഞാൻ മുത്തീടുവാൻ
കഷ്ടനാമടിയന്റെ ദുഷ്ടത ഹേതുവിനാൽ

നഷ്ടമായ് ദേഹീരൂപം ദുർഗ്ഗന്ധം വീശുന്നയ്യോ!
നിൻ തിരുവടിയുടെ നാവിനാലരുൾ ചെയ്യാൽ
പിന്തിരിഞ്ഞടിയനു ലഭിക്കും ദേഹീഗുണം
നിൻതിരുമേനിയതിൽ നിന്നൊഴുകുന്ന രക്തം

എൻ മഹാ കഷ്ടം പാപം കഴുകിവെളുപ്പിക്കും
അയ്യയ്യോ! കാണുന്നു ഞാൻ എത്രയും മഹാ ജനം
അയ്യമില്ലാതെ മുൻപിൽ കാണുന്ന ദുഷ്ടശിഷ്യൻ
വന്നവനടുത്തുടൻ തൻ തിരുമുഖമതിൽ

വന്ദന കാട്ടിക്കൊണ്ടു മുത്തിനാലേൽപ്പിച്ചയ്യോ!
എങ്കിലും മഹാദയാൽ പിന്തിരിഞ്ഞരുൾ ചെയ്തു
ശങ്കയില്ലാതെ സഖേ! ഇങ്ങനെ കാട്ടീടുന്നോ?
ചൊന്നുടനതുനേരം വൈരിവൃന്ദത്തെപ്പാർത്തു–

"വന്നതിനവകാശമെന്തെന്നു ചൊൽവിൻ നിങ്ങൾ"
"നസറേയനാമേശുവെന്നുള്ള ദേഹത്തിനെ
അരച കല്പനയാൽ തേടുവാൻ വന്നു ഞങ്ങൾ"
"യേശുവെന്നുള്ള ദേഹം നാം തന്നെ അറിഞ്ഞാലും

മോശമൊന്നുമേ ശിഷ്യരോടു ഭാവിക്കവേണ്ടാ''
നാം തന്നെ എന്ന നാദം കേട്ടുടൻ വൈരിവൃന്ദം
താൻ താനെ വീണു ജനമൊക്കെയും ശവംസമം
നാഥനേ! മമ ദേവാ! കോപമായൊരു വാക്യം

നീയുരുക്കം ചെയ്തില്ലല്ലൊ എന്തിതു മഹാശക്തി
അയ്യയ്യോ കോപത്തിൻെറ നാളതു വന്നീടുമേ
പെയ്യുമെന്നാളിലഗ്നിശരങ്ങൾ മഹാക്രൂരാൽ
ഇന്നു ഞാൻ സ്വവാക്യത്തിൻ സാരത്തെ സൂക്ഷിക്കുകിൽ

ചൊന്നതിൻ സാരം മഹാ ദയയിൻ സാരാർത്ഥമേ
വന്ന നിങ്ങളാരെന്നും നാമാരായിട്ടന്നെന്നും
നന്നായി ഗ്രഹിച്ചതോ, നാം തന്നെ സൃഷ്ടിനാഥൻ
എന്നുതന്നെയുമല്ല നിങ്ങളെൻ ഭൃത്യവൃന്ദം.

നന്ദിയാൽ പിതൃക്കളെ വരിച്ച നാഥൻ നാമെ
നിങ്ങളാ എജിപ്തിങ്കൽ തല്ലുകൊണ്ടീടുന്നേരം
മംഗലരാജ്യമതിൽ ചേർപ്പിച്ച നാഥൻ നാമെ
വലിയ വനമതിൽ പശിച്ചു ദാഹിച്ചപ്പോൾ

കല്ലിനാൽ ദാഹം പശിമഞ്ഞിനാൽ തീർത്തുവല്ലോ
ഇനിയും മമശക്ത്യാൽ യോസപ്പാത്തതിൻ ധരെ
വഹ്നിയാൽ ശുഭാശുഭം വിധിക്കുന്നതും നാമെ
ഇങ്ങനെയുള്ള പല സാരാർത്ഥമവരോടും

മംഗലശൂന്യനായ എന്നോടുമിതുതന്നെ
എന്നുടെ ബോധക്കണ്ണുതുറന്നു നന്മതിന്മ
ഇന്നതെന്നറിഞ്ഞതിൻ ശേഷത്തിൽ മമാത്മാവിൻ
പാദങ്ങളായിട്ടുന്ന ചിത്താദിഗതികളും![1]

പാതകങ്ങളും കണ്ട നേരത്തിൽ മഹാദയാൽ
എന്നുടെ ആത്മത്തെ താൻ സൂക്ഷിച്ച മമചങ്കിൽ
തന്നുടെ തിരുവാക്യമീവണ്ണം കേഴ്പ്പിച്ചയ്യൊ
നിന്നുടെ താതൻ നാമേ സ്നേഹദേവനും നാമേ

എന്നുടെ ചങ്കിൽ നീയീ കന്തത്തെ പതിക്കുന്നൊ
അയ്യയ്യൊ സ്നേഹപിതാ, സൃഷ്ടിനാഥനേ, മമ
അയ്യത്താലധോഭാഗേ, താഴ്ത്തുന്നേൻ മമാനനം
എന്നുതന്നെയുമല്ല, പിന്നെയും മമബുദ്ധി

മന്നിലെ നിർമ്മോഹത്തെയാശിച്ചു ചരിക്കുമ്പോൾ
എന്നുടെ പിന്നാലെ നീ നടന്നു മഹാദയാൽ

---

1 ചിത്താദി—ചിന്താദിയെന്നും പാഠഭേദമാകാം.

നന്ദിയെ കാട്ടി എന്നെ വിളിച്ചു കരുണയാൽ
പാപി ഞാൻ ദുർഭാഗ്യത്താൽ ശ്രോത്രത്തെ
പൊത്തികൊണ്ടു[1]

പാപപന്ഥാവിൽ നടന്നയ്യയ്യോ, മഹാ ദുഃഖം
പാതകനായിത്തണ്യപാതയിൽ നടന്നപ്പോഴും
താതനെപ്പോലെ മമ പിന്നാലെ നടന്നു നീ
ചൊല്ലി നീ മമ ചിത്തേ താതൻ ഞാൻ മമ സ്നേഹം

നല്ലൊരു മാതാവും നാം മേ സുത സ്മരിക്ക നീ
ഇങ്ങനെ ഓരോന്നുമേ മാനസേ തോന്നിച്ചു നീ
മംഗലശൂന്യനയ്യോ ഞാൻ ത്യജിച്ചതുകാലേ
ഇക്രിയകളും മമ ദുഷ് ക്രിയകളുമോർത്താൽ

ഇക്കൃമിയായ ഞാനു, മീ ജനത്തിന്നു സമം
എന്നു ഞാനോർക്കും നേരം വിറച്ചു ഭ്രമിക്കുന്നു,
നന്ദിഹീനനാമെന്നെ നീയുപേക്ഷിച്ചീടുമോ
നിൻകരുണങ്ങൾക്കിതു തോന്നീടുമെന്നാകിലും

എൻ കരുണയെക്കാണ്മാൻ പിമ്പിനാൽ വരിക നീ
ധീസ്മരണങ്ങൾകൊണ്ടു[2] ഗാഗുൽത്താ ഗിരിയതിൽ
ധ്യാനത്താൽക്കേറിക്കാൺക മമ സ്നേഹത്തിൻ വൃത്തി
ശരണം നീയെ നാഥാ! മരണമടുത്തു നിൻ

സ്മരണയിതല്ലാതെ ശരണം മറെറാന്നില്ലെ,
പൊയ്പോയോരജത്തിനെത്തേടുവാൻ നീ വന്നെന്നും
കെലുപ്പുകേട്ടുള്ളോർക്കെല്ലാം വൈദ്യനും നീയേ സ്വാമി!
നിന്നുടെ പക്കൽച്ചേർന്ന പാപികൾ സകലർക്കും

നിന്നുടെ ദയവിനെ ലഭിച്ചെന്നതും നൂനം
എങ്കിലും മഹാ തപസനുഷ്ഠിച്ചവരെല്ലാം
ശങ്കയില്ലാതെ നിന്റെ സന്നിധിയണഞ്ഞവർ
പാപിയാം ഞാനോ മമ പാപാബ്ധികാണുന്നിതാ

താപസനായീടുവാൻ മേ ശക്തി വശഹീനം
നിൻ തിരുപ്പാടുകളെ സ്മരിച്ചു ചിന്തിപ്പാനും
നിൻ തിരുരക്തത്താലെ ശരണം പ്രാപിപ്പാനും
ഇന്നിതെന്നിയേ മററു തപസ്സിന്നനുഷ്ഠിപ്പാൻ

എന്നാലസാദ്ധ്യം ദൃഢം ശരണം തിരുരക്തം
ഇത്തിരു രക്തത്തിന്നു ദാഹിച്ചു വൈരീവൃന്ദം

---

1 ദുർഭാഗ്യത്താൽ ശ്രോത്രത്തെ പൊത്തികൊണ്ടു് — ദൈവത്തിന്റെ കരുണാപൂർണ്ണമായ വിളിക്കെതിരെ ചെവി പൊത്തിയതു് നിർഭാഗ്യമായിപ്പോയെന്നു വിലപിക്കുന്നു. 2 ധീസ്മരണങ്ങൾ — ബുദ്ധിയും ഓർമ്മയും

അത്തിരു വാക്യം കേട്ടങ്ങണഞ്ഞു ദയവിനാൽ
രക്തപ്രിയനാം വ്യാഘ്രമെന്നപോൽചിലർ തന്റെ

രക്തനാഡിയോടീടും ഗളത്തെയമർത്തിയും
സിംഹവൽ ക്രോധത്തോടെ മാററലർ തള്ളിയുന്തി
സിംഹരാജേന്ദ്ര രാജനാഥനെ വീഴിച്ചയ്യോ!
അടിച്ചു കന്നത്തിലും പറിച്ചു തിരുമുടി

പിടിച്ചുകെട്ടി കൈകൾ പിൻകെട്ടാൽചോരൻസമം
ക്രോധമേറീടും ജനം ക്രുദ്ധിച്ചശ്വാക്കൾ യഥാ,
ക്രൂരമായടിച്ചവർ വിഷസർപ്പത്തെപ്പോലെ
ശത്രുസംഹാരംചെയ്യ സേനാവൃന്ദത്തെപ്പോലെ

തത്രാസം[1]കൊണ്ടു ശിഷ്യരൊക്കെയുമൊളിച്ചയ്യോ!
ഇങ്ങനെയവർ തന്നെ ഓർസലേം നഗർനീളെ
മംഗലനാഥൻ തന്നെപ്പാശത്താൽ വലിച്ചയ്യോ!
തന്നുടെ തിരുച്ചിത്തം കരത്താലെന്നെച്ചെയ്യ

എന്നതിൻ കൃതജ്ഞത കാട്ടിയെൻ കരമയ്യോ!
പിന്നെയും മമ പാപാൽ ഉന്നതവിധിയതിൽ
എന്നെ രക്ഷിപ്പാനുള്ള തന്നുടെ മഹാദയാൽ
സർവ്വരെ വിധിക്കുന്ന നീതിമാൻ പാപിസമം

പൂർവ്വംഹന്നാനുമുൻപിൽ നീതിയെ കേൾപ്പാൻനിന്നു
പിന്നെയും ഗുരുശ്രേഷ്ഠൻ കയ്യേപ്പാ തന്റെ മുൻപിൽ
ഉന്നതൻ നാഥൻ തന്നെയണച്ചു ദുഷ്ടജനം.
'നിന്നുടെ ശിഷ്യജനമെവിടെ എന്തുമാത്രം

മന്നിലൊക്കെയും കേൾപ്പിച്ചെന്നതുചൊന്നീടുക'
നില്ക്കുന്ന മഹാജനമൊക്കെയും കേൾക്കെച്ചൊല്ലി
'ഇന്നിവർ ചൊന്നീടുമെ, രഹസ്യമൊന്നുമില്ല.'
ഇങ്ങനെ സാധുതമായുത്തരിച്ചതുനേരം

തിങ്ങിനകോപത്തോടെയടിച്ചു തൃക്കവിളിൽ
അയ്യയ്യോ അടിയുടെ കാരണം ഗ്രഹിച്ചുഞാൻ,
അയ്യമില്ലാതെ, അഹംചെയ്യ വൃത്തിയാലയ്യോ
ദുർഗ്ഗതിയോഗ്യനായ മേവിധി നീക്കീടുവാൻ

ദുഷ്ടനാൽ വിധികേട്ടെൻ ജനകൻ മഹാദുഃഖം
വീണ്ടുനീ രാത്രൗപെട്ട ദുഃഖവും മഹാകഷ്ടം
വീണ്ടും വീണ്ടുമേയുള്ള വീഴ്ചകൾ ക്ഷമിച്ചയ്യോ!
വെളുത്തനേരം നിന്നെക്കൂടത്ത വൈരിവൃന്ദം

1 തത്രാസം–പേടി

വെളുത്തോൻ1 പീലാത്തോസിൻ വശത്തിലേല്പിച്ചവർ
വധിപ്പാനവൻ നിന്നിൽക്കുറ്റത്ത വസ്തുഏതും
വിധത്തിൽ കണ്ടില്ലെന്നും സ്വരത്താലറിയിച്ചു.
കടുത്ത വൈരികളെയടക്കീടുവാൻ പിന്നെ

തടുത്തു ചൊല്ലിയിയാം ഗലീലാക്കാരൻ സ്ഥിരം
അടുത്തിരിക്കമേറോദേസിൻെറ നീതിസ്ഥലേ
തടുത്തുകൂട്ടി അവനയച്ചു വ്യാപ്തിവശാൽ2
ദുർമ്മാർഗ്ഗ പഥഗാമി പ്രത്യക്ഷം3 കണ്ടിടുവാൻ

ദുർമ്മോഹാലിച്ഛിച്ചവൻ ചോദിച്ചുപലവിധം
നിർമ്മല! സർവ്വേശ്വര! നിന്നുടെ നാദംകേൾപ്പാൻ
അമ്മലഗാമി4 യോഗ്യനായില്ലാദ്ദുഷ്ടംതന്നെ.
എന്നുടെ സ്നേഹപിതാ നിന്നുടെ സുതൻ ഞാനും

എങ്കിലും പാപിഞാനെന്നോർക്കുമ്പോൾ വിറയ്ക്കുന്നേൻ
ഇന്നവൻ സുവാക്യത്തെ കേൾപ്പതിന്നയോഗ്യനായ്
എന്നപോൽ നിൻെറ സ്വരം നിറുത്തീടല്ലേ താതാ!
പിന്നെയും നിന്നെയവൻ ഭ്രാന്തനായ്ച്ചമച്ചയ്യോ!

മിന്നുംതിരുമേനിയിൽ വെള്ളപ്പട്ടുടുപ്പിച്ചു.
അയ്യയ്യോ വൈരീവൃന്ദം പൊയ് സാക്ഷി5 വീണ്ടുംകൂട്ടി
അയ്യമില്ലാതെ വീണ്ടും പന്തിയോസിന്നേല്പിച്ചു.
ദുഷ്ടക്രിഷ്ടമാകുവാൻ വീണ്ടുമെൻനാഥാ! നിന്നെ

ദുഷ്ടനങ്ങേല്പിച്ചയ്യോ! നാഥനെ ഭടന്മാർക്ക്
നിർമ്മല! മമദേവാ! സുന്ദരശരീരിയെ!
എൻമലപാപാൽ6 നിന്നെത്തല്ലുവാൻ വിധിച്ചയ്യോ!
ബ്രഹ്മചാര്യനും നീയെ നിർമ്മലശ്ശരീരി, നീ

ബ്രഹ്മകല്പനവിധി ഏവർക്കും ചതുർദ്ദശം
തികപ്പാൻ വിധിയില്ല, മുപ്പതും നവംമാത്രം
അടിപ്പാൻ ന്യായമിതും നിനക്കില്ലയ്യോ നാഥാ!
അഴിച്ചുതിരുവസ്ത്രം മുറുക്കികെട്ടിത്തൂണിൽ

അടിക്കും ഭടന്മാർക്കും കൊടുത്തു രൊക്കംപണം
അമ്മയേ! മഹാദയാ നാഥയേ! രാജ്ഞീമമ
നിർമ്മലാംഗിയേ! മമശക്തിയേ! രാജേശ്വരീ!
ഇന്നിതുനേരം നീയീകാഴ്ചയെ ദർശിച്ചിതോ

---

1 വെളുത്തോൻ–വെളുത്തവൻ (റോമൻ വംശജൻ)
2 വ്യാപ്തിവശാൽ – അധികാരവ്യാപ്തിയിൽ പെട്ടിരുന്നതിനാൽ 3 പ്രത്യക്ഷം – അത്ഭുതദൃശ്യം. 4 മലഗാമി – പാപത്തിൽ ചരിക്കുന്നവൻ.
5 പൊയ്സാക്ഷി – കള്ളസാക്ഷി. 6 മലപാപാൽ – മലപോലെ കമിഞ്ഞ പാപങ്ങളാൽ.

എന്തുനീ ചെയ്തീടുന്നു നിന്നുടെ പുത്രനിതാ,
നിന്നുടെ തിരുദരെ താനിരിക്കുമ്പോൾതന്നെ
മുന്നമേ ഉടുപ്പിപ്പാൻ ചമച്ചതിരുവസ്ത്രം.
നിർമ്മലബാഹുക്കളാൽ നീതന്നെ നൂൽകൾനൂററു
ഒന്മയാൽ[1] നെയ്തുചമച്ചന്നൊരുപിള്ളക്കച്ച
നിൻമണവാളൻ തന്റെ കൈകളാൽ സുപുഷ്പങ്ങൾ
ചെമ്പകമല്ലിനല്ല പിച്ചകകസുമാദി
ഇമ്പമേറീടും കറുവാ[2]യാദിവർഗ്ഗങ്ങളെ
ഒക്കെയും കൂട്ടിച്ചമച്ചെത്രയും സുബുദ്ധിയാൽ
വെക്കമെയ് മാററിക്കൊണ്ടു സുഗന്ധജലത്തിനാൽ
തളിച്ചു ശുദ്ധീകരിച്ചടച്ചു പെട്ടിതന്നിൽ
ഒളിച്ചു സൂക്ഷിച്ചല്ലോ, പിറക്കും മുൻപിലയ്യോ
ഇതുമെന്നിയെ തന്റെ ശിശുവാം കാലത്തിങ്കൽ
സ്തുതിയാലീജിപ്തതിൽ ചമയിച്ചിതുനീയെ
സുതനും പഞ്ചവയസ്സടുക്കുന്നതിൻ മുൻപെ
സുതചിത്തംപോലിതു ധരിപ്പിച്ചതുമുതൽ
സുന്ദരൻ സുതനോടുമൊന്നിച്ചുവളർന്നതും
അന്നെന്നപോലെയിന്നും മിന്നുന്ന വസ്ത്രമിതാ
ഇന്നിതാ ദുഷ്ടജനം പറിച്ചുനീക്കിക്കൊണ്ടു
സ്തുതിയോഗ്യമാം തന്റെ കാൽകരം കെട്ടുന്നതും
മററൊരു ജനത്തിന്റെ കൈകളിൽ കൊടുക്കാത്ത
ഉററനിൻ സ്നേഹസുത ദേഹത്തെക്കാണുന്നിതോ!
ദുഷ്ടരാമവർ തന്നെയടിച്ച അടികളാൽ
കഷ്ടമായ് തന്റെ ദേഹമൊക്കെയും മുറിഞ്ഞയ്യോ!
പിന്നെയുമടിയതിലടിക്കനിമിത്തമായ്
സുന്ദരദേഹഖണ്ഡം ചിതറി വീഴുന്നയ്യോ!
അമ്മയെ! പ്പാക്ക്നിന്റെ സുതന്റെ സുദേഹത്തെ
നിർമ്മലൻ തന്നെക്കണ്ടാലെന്തിതോ മഹാദുഃഖം
വൈരികളുടെ മനമിതു കാത്തതിനാലെ
ക്രൌര്യവീരന്മാർ വീണ്ടും താഡിച്ചുമുറിക്കുന്നു
അയ്യയ്യോ വൈരികളെ പൊയ്യായി ദുഷിക്കുന്നു
മെയ്യയ്യൊഞാൻ ചെയ്തൊരു പാപകാഠിന്യമിതേ
നാഥനെ! പാപിയെന്നെ ശിക്ഷിക്കുചിത്തംപോലെ
നാഥയാം തായെനിന്നെ വേദിപ്പിക്കുന്നതിദുഃഖം
പിഴച്ച പാപിഞാനെ പ്രാശ്ചിത്തം[3] നീ ചെയ്യുന്നോ
കഴച്ചപാപിതാനുമസാദ്ധ്യനെന്നു ദൃഢം

---

1 ഒന്മ – ഒണ്മ (അഴക്) 2 കറുവാ – ഒരു സുഗന്ധവർഗ്ഗം
3 പ്രാശ്ചിത്തം – പ്രായശ്ചിത്തം

എങ്കിലും മമപാപമൊത്തിരി കുറഞ്ഞെങ്കിൽ
നിൻ തിരുവടിയുടെ കഷ്ടവും കുറഞ്ഞേനേ!
ഞാൻ സർവ്വപാപംചെയ്തുമേ സർവ്വശരീരത്താൽ
നിൻ സർവ്വശരീരാംഗമൊക്കെയും ദുഃഖിപ്പിച്ചേൻ
എങ്കിലും ദയാനിധേ നിൻസർവ്വദേഹംദുഃഖം
ശങ്കിലുള്ളടിയന്റെ ദുഃഖത്താലല്പം നീങ്ങും
എന്നിതുമാത്രം മമ മനസ്സിലുറച്ചിട്ടു
ഇന്നു ഞാൻ ഖേദിച്ചിടാമിതല്ലാതെന്തുഗതി
ഇങ്ങനെ ദുഷ്ടജനം തന്നുടെ ശരീരത്തിൽ
തിങ്ങിനക്രോധത്തോടെ തികച്ച സഹസ്രങ്ങൾ[1]
സുന്ദരശരീരത്തിന്നംഗങ്ങൾക്കൊന്നും സുഖം
മുന്നമേയുള്ള ശർമ്മമാംസമെങ്ങുമേയില്ല
ഇന്നിതു മതിയാക്കിയെങ്കിലുമുടൻതന്നെ
പിന്നെയുമതില്പരമുന്നതപട്ടംകൂട്ടി
തന്നുടെ സ്നേഹജനലോകരാമിവർകൾക്ക
തന്നുതാൻ രാജ്യം പിന്നെ രാജാവിൻ കിരീടവും
എന്നതിനുള്ള നന്ദികാട്ടുവാൻ നാഥൻതന്റെ
സുന്ദരശിരസിനും ചമച്ചുമുള്ളാൽമുടി
പിഴച്ച പിതാവിനാൽ[2] മുളച്ചമുൾകൾ തെററി
ചമച്ചനാഥൻ തന്റെ ശിരസിൽത്തറച്ചയ്യോ!
തുളച്ചു തലച്ചോറിൽപ്പതിച്ചു ചിലമുന
വിളിച്ച നാമത്തിനെ തിരിപ്പാൻ ചിഹ്നങ്ങളായ്
പൊളിച്ച പഴഞ്ചാൽവാ[3]കഴുത്തിൽ ധരിപ്പിച്ചു
കൊടുത്തുനാഥൻ മുൻപിൽ ശവുത്ത;[4] അഹറോനും
കൊടുത്ത കോലാൽ മൂശപകുത്തു കടലതും
അടിച്ചകോലാൽപ്പിന്നെക്കടുത്തപാറയതിൽ
തടിച്ച ജനത്തിനെ കുടിപ്പിച്ചുടൻജലം
കൊടുത്തു പിന്നെച്ചെങ്കോൽ കൊടുക്കോൻ കീശിൻപുത്ര
ന്നടുത്ത സുതസുതൻ ശലമ്മോൻ തനിക്കമെ
ഇതിന്നു പ്രത്യുത്തരം കൊടുപ്പാൻ വിധിതന്നെ
അതിന്നുനിവൃത്തിയായ 'ക്കൊടുത്തങ്ങിപ്പിക്കോലും
ഇങ്ങനെ രാജചിഹ്നമൊക്കെയും തികച്ചുടൻ
ഭംഗിയാൽ സിംഹാസനേയിരുത്തിപൊന്തിയോസും
മാനിച്ചമാനം കാണ്മാൻ മോഹിച്ച ജനത്തിനെ

---

1 തികച്ച സഹസ്രങ്ങൾ – ആയിരക്കണക്കിന് അടികൾ തികച്ചു.
2 പിതാവ്—ആദം 3 പഴഞ്ചാൽവാ – പഴഞ്ചനായ സാൽവാ.
4 ശവുത്ത – വടി.

ക്കാണിച്ചുചൊല്ലിയവൻ'ഹാഗൗറാ[1] കാണ്മിൻ നിങ്ങൾ
ക്രുദ്ധരായ് ജനമുടൻ ക്രുദ്ധിച്ചുശാക്കൾ യഥാ

ക്രൂരമായ് കൂകീട്ടുടൻ "തൂക്കുക കുരിശതിൽ"
"നിങ്ങൾക്കു രാജനിയാൾ എന്നയീയേശുവിനെ
ഭംഗിയാൽ കുരിശതിൽ തൂക്കട്ടെ; മനസ്സിതോ"
എന്നവൻ വീണ്ടും ചൊല്ലിക്കാട്ടിയനേരംതന്നെ

"ഇന്നു ഞങ്ങൾക്കു രാജൻ കേസാറല്ലാതില്ലഹൊ"
എന്നവർ ചൊന്നനേരമിന്നിയാൾ രക്തപ്പഴി
നമ്മുടെ മേലില്ലെന്നും ചൊന്നവൻ കയ്യുംമുക്കി.
എന്നതു നേരമയ്യോ നമ്മുടെയമ്മനാഥ

മന്ദിരേനിന്നുതാനും കമ്പിട്ടു സ്വപുത്രനെ
മുട്ടുകൾ കുത്തിഭക്ത്യാൽ സാഷ്ടാംഗം ചെയ്യുന്നേരം
ഇഷ്ടനാം യോഹന്നാനും മറ്റുള്ളയാളുകളും
ദുഷ്ടരാം യൂദജനമട്ടഹാസത്തോടപ്പോൾ

കൂപ്പിട്ടു രക്തപ്പഴി ഞങ്ങൾക്കും തനയർക്കും
ഇന്നു ഞാനവരുടെ നന്ദിഹീനത്ത വൃഥാ
എന്തിന്നു വിസ്തീർണ്ണമായ ചൊല്ലുന്നു മമാത്മാവെ,
ദുർമ്മോഹം നിനച്ചു നീ ഗാംഭീര്യഭാവംപൂണ്ടു

ദുർമ്മനോചരങ്ങളെയോർത്തു നീഖേദിച്ചാലും
നേരയ്യോമമതാത നിന്നുടെ തിരുമൗലി
ഘോരമായ് മുറിച്ചതും ഞാൻതന്നെ മഹാദുഖം.
കണ്ടുകേട്ടുള്ള കാഴ്ചകേൾവികൾ നിമിത്തമായ്

കണ്ടകനീണ്ടമുന ഞാൻതന്നെ പതിച്ചല്ലൊ.
എന്നുടെ നേത്രശ്രോത്രാ ഞാൻ ഭരിച്ചിരുന്നെങ്കിൽ
നിന്നുടെ മുൾമൂർച്ചകൾക്കാശ്വാസം ഭവിച്ചേനെ
അയ്യയ്യോ സ്നേഹപിതാ നീതന്നുമമനേത്രം

മെയ്യയ്യോ തദ്ധാതുവാൽ മുൾമുനകണ്ണിൽകൊണ്ടു
ഞാൻ ജനിച്ചതുകാലമന്തരിച്ചെന്നാകിലും
ഞാൻ പാപം ചെയ്തക്ഷണമെന്നെ ശിക്ഷിച്ചെങ്കിലും
ഇന്നിതിൻ മുനകളാൽ നിന്നുടെ ശിരസിന്നു

വന്നൊരു പീഡതെല്ലുമന്ദമായ്ച്ചമഞ്ഞേനെ
ആയുരാദികൾ നീട്ടിത്തന്നുനീ പുനഃപുനഃ
ആയതും മമകഷ്ടാൽ ദുഷ്ടതയ്ക്കാക്കിയയ്യോ.
പിന്നെയും നിന്നിലയ്യോ, നിന്നുടെ ദുഃഖക്ലേശ ചമർറം

വഹ്നിപോലെരിയുന്ന വൈരികൾ മനോദ്വേഷാൽ
കൂപ്പിട്ടാശബ്ദം കേട്ടുപീലാത്തോസ് ഭയപ്പെട്ടു

---

1 ഹാഗൗറാ – ഇതാമനുഷ്യൻ (സുറിയാനി പദം)

കോപ്പിട്ടു തീൎപ്പു ചെയ്യാൻ എഴുതി മൃത്യുവിധി
കേട്ടുള്ള നേരമവർ കൂട്ടമായ് പുറപ്പെട്ടു 544

കോട്ടമെന്നിയെ കാട്ടി സ്ലീവായെ നാഥൻ തന്നെ
കണ്ടുള്ള നേരമമ്മ കന്നീയും മോഹനനാനും
മണ്ടി വീണുകമ്പിട്ടു മററു ഭക്ത സ്ത്രീകളും
എന്നുടെ പിതാ നീയെക്കണ്ടുടൻ മഹാമോദാൽ 548

നിന്നുടെ തിരുക്കൈകരം നീട്ടിയങ്ങുടൻ കാട്ടു!
അക്ഷണം പീലാത്തോസിൻ ദുഷ്ടതത്തീൎപ്പിൻ പത്രം
സൂക്ഷമായ്ക്കേറെപ്പിപ്പാനായ് കല്പിച്ചു പറകൊട്ടി
അയ്യയ്യോ! സൎവ്വേശ്വരാ പിതാവേ! നീതീശ്വരാ! 552

അയ്യമില്ലാത്ത ദുഷ്ടവിധിയെ സ്മരിക്ക നീ
കല്പിച്ചു തുറപ്പിക്ക മോക്ഷത്തിൻ-വാതിലയ്യോ
കെല്പുള്ള നിൻെറ സേനക്കൂട്ടത്തിൻ ''ധളകൎത്തൻ''
സേനാധിപതികളാം മിഖായേൽ ഗൗറിയേലും 556

റപ്പായേൽ യൂദിയേലും വക്കായേൽ ശെല്സ്സിയേലും
ഊറിയേൽ എന്നുമുള്ള സപ്തശ്രേഷ്ഠാധിപന്മാർ
നറിയേലന്മാരായ ഒൻപതു വൃന്ദങ്ങളും.
ഒക്കെയും, വന്നു നിൻെറ പുത്രസ്യമൃത്യുവിധി 560

കേറ്റപ്പതിന്നരുളാലേ ദുഃഖമേ, മഹാ ദുഃഖം
വാചകമിതു തന്നെ മേ പാപാൽ ദയാപിതാ
പാപി തൻ വിധി സമം കേട്ടുമേ രക്ഷാതീൎപ്പു
ചൊല്ലപ്പെട്ട നഗരമാം ജരുസ്ലേംറെജ്ഞാന്തിയും 564

മേല്പെട്ട.ഗലീലയിൻ പ്രസിദേന്തിയും മഹാ
കീൎത്തിമാൻ മഹാശക്തൻ റോമ്മായിസരത്തോരിൻ.1
ആക്പ്രെസിദെൻ സിയാ പളാസിൽ വച്ചുവിധി
നമ്മുടെ സെനത്തിന്നും2 തീബേരിക്കേസെറിന്നും 568

ഒന്നുകൂടാതെ നടന്നീടുന്നനസ്റേൻ യേശു
രാജാവിൻ നാട്യം കാട്ടി ജനത്തെ ഭേദിക്കയാൽ
രാജകല്പനയാലെ കുരിശിൽ തൂക്കീടണം
ഈ ദിക്കിൽ ചുററി ബഹുലേ.കരെ കഴപ്പിച്ചു 572

ആ ദൂതൻ ദൈവപുത്രൻ യിസ്രായേൽ രാജാവെന്നും
കാണിപ്പാൻ ബഹുഘോഷാൽ ഒലിവിൻകൊമ്പുംകൊണ്ടു
മാനത്താൽ ദേവാലയെ പുക്കിയാറം നാട്യത്തോടെ
വൻപനാം മഹാവീര്യതിബേര്യോകേസറിന്നും 576

---

1. റോമ്മായിസരത്തോർ— റോമചക്രവൎത്തി
2. സെനത്ത്— ഭരണസമിതി

ഇമ്പമായുള്ള യിറ[1]കൊടുപ്പാൻ തട്ടത്തതാൻ
നമ്മുടെ പ്രമാണത്താൽ കൽത്തൂണിൽ കെട്ടിത്തല്ലി
തന്നുടെ കൈകൾകെട്ടിക്കൊണ്ടുന്ന ഈയാളിനെ
കാണികൾ കാണുന്നേരം യേശുവെന്നറിവിനായ് 580

പാണിയൊന്നഴിച്ചു മുൻ വസ്ത്രത്തെ ധരിപ്പിച്ചു
ഗാഗുൽത്താഗിരിയതിൽ ക്രൂശവോനുള്ള മരം
വേഗത്തിലിവനുടെ തോളതിലേററിക്കൊണ്ട്
ചോരരാമിരുവരിൽ നടുവിൽ നടത്തിയും 584

ഘോരമായ് വഴിതന്നിൽ വാചകം ചൊല്ലിക്കൊണ്ടും
ചെന്തുരേ്യാൻ കീന്തൊകൊണ്ടുൻ എന്ന നീയാദിയായി
പിന്തിരിയാതെ സ്വർണ്ണവാതിലിൻ വഴിനേരെ
നടത്തി ഗിരി തന്നിൽ കയററി മററുള്ളോരും 588

ഭയത്താലവൻ നേമം മറുപ്പാതിരിപ്പാനായ്[2]
നടത്തിക്കൊണ്ടു ചെന്നു കുരിശിൽ തറച്ചുടൻ
മറുത്തോരിരുവരിൻ നടുവിൽ നാട്ടിക്കൊണ്ട്
കടക്കം ജനമൊക്കെ പ്രസിദ്ധമറിവാനായ് 592

നടക്കമിവനുടെ നാമവും ലേഖിക്കണം[3]
യൂദരിൽ രാജനിവൻ യേശു നസ്രേനുമെന്നു
ഭേദമെന്നിയെ മുഖ്യപേച്ചുകൾ മൂന്നും വേണം
എവ്രായയും[4] മുഖ്യഗ്രേക്കത്തും[5] ലത്തീനിലും 596

വേറുകൂറ്[6] കൂടാതെയേവരും ഗ്രഹിപ്പാനായ്
ഇച്ചൊന്ന വസ്തുക്കളിൽ യാതൊന്നും കുറപ്പാനായ്
മേൽ ചൊന്ന ജനങ്ങളിലേവനും ഭാവിക്കകിൽ,
ഭേദമെന്നിയേയവൻ ജീവനും വസ്തുസർവ്വം 600

ഭേദിക്കം നശിച്ചീടും റോമ്മാകേസരാൽ ദൃഢം
ഈവണ്ണം വിധിചെയ്തു റോമ്മാ എവ്രായിൻ മാർഗ്ഗാൽ
സുവർണ്ണ ലോകസൃഷ്ടിക്കഞ്ചാകും സഹസ്രവും
രണ്ടു നൂർമുപ്പതതും മൂന്നമാം കാലമതിൽ 604

വീണ മാസമാം മീനമിരുപത്തഞ്ചും വെള്ളി
എന്ന യീ ദിവസത്തിൽ ചെയ്തിതു തീർപ്പുനാമം
മന്നഹാനനാൽ റോമ്മാ എമ്പ്രദോരിന്റെ പേക്കായ്
മേല്പട്ട ഗലീലായിൻ ഗോവർണ്ണത്തോരും തഥാ
ചൊല്ലപ്പെട്ട നീതീകരൻ പൊന്തിയോസ്
പിലാത്തോസ് നാം 609

---

1 ഇറ — നികുതി 2 മറുപ്പാൻ—ലംഘിക്കുവാൻ 3 ലേഖിക്കുക—എഴുതിവയ്ക്കുക 4 എവ്രായ—സുറിയാനി 5 ഗ്രേക്ക്—ഗ്രീക്ക്
6 വേറു കൂറ്—വ്യത്യാസം

## VIII

യേശുക്രിസ്തുവിൻെറ പീഡാനുഭവങ്ങളുടെ ഒരു ചിത്രീകരണമാണ് എട്ടാംകാണ്ഡം. മിശിഹാ കഴുമരം സസന്തോഷം തോളിലേറ്റുന്നതും കാൽവരിയിലേയ്ക്കു നയിക്കപ്പെടുന്നതും, ശിമയോൻ സഹായിക്കുവാൻ നിയോഗിക്കപ്പെടുന്നതും മാതാവും യോഹന്നാനും ഈ വിലാപയാത്രാരംഗത്തിനു സാക്ഷ്യം വഹിക്കുന്നതും ഗാഗുൽത്തായിലെത്തിയ ശേഷം കുരിശു നാട്ടപ്പെടുന്നതും മറ്റും ഒരു ചിത്രത്തിലെന്നപോലെ മിഴിവോടെ ഇതിൽ വിവരിച്ചിരിക്കുന്നു. കുരിശിൽനിന്നുള്ള ഏഴു തിരുവാക്യങ്ങൾ സമാഹരിച്ചവതരിപ്പിച്ചുകൊണ്ട് ഈ കാണ്ഡം ഉപസംഹരിക്കുന്നു.

കേക

സ്നേഹമേ! മമദേവ! നാഥനേ! നരരക്ഷാ-
ദാഹഘോരത്താലിത്രം കേഠപ്പതിന്നിച്ഛിച്ചിതൊ
സ്വകാര്യവിധിയായ മരണനേരത്തിലും
സൂര്യാദംനാണിപ്പിക്കും നിന്നുടെ വരവിലും

മേകമ്മ പാപത്തിനു യോഗ്യമാം ക്രോധസ്വരം
തേധമ്മ ശ്രവണത്താലൊഴിച്ചു പകുത്തുവാൻ
സ്നേഹദേവനേ! നീയീഘോരമാം വിധിസ്വരം
പാപദാഹിയായിട്ടും മാം പ്രതിശ്രവിച്ചല്ലോ.

ഈ വിധി പ്രസിദ്ധമായ് കേഠപ്പിച്ചക്ഷണം യൂദർ
ക്രോധാധിയോടുകാട്ടി നാഥനെക്കുരിശല്ലോ
അക്കുരിശിനെ കണ്ട നേരത്തു രക്ഷാർത്ഥമായ്
അക്കളിപ്പോട്[2] ചൊല്ലി സ്വതവാചകം ഏദി

ഓ! മമ മഹാസ്നേഹധാമമേ സ്ലീവായെ! നീ
വേഗമായ് വന്നു നിൻെറ കൈകളിൽ കൈക്കൊൾകമാം
എന്നുടെ സ്നേഹജനമന്നിലെ മനുക്കളെ
നമ്മുടെ സ്വന്തം പിതൃമുൻപിൽ നാം നിരത്തുവാൻ

നിന്നുടെ മുകളായ അൾത്താരിയതിൻമീതെ
നിന്നു നാം നമ്മെത്തന്നെയർച്ചനയണക്കുവാൻ
ഇന്നു നാം നിന്നെക്കാണ്മാനെത്രയോ മുന്നംമുതൽ
നന്ദിയാം സ്നേഹാഗ്രഹാലെത്രയോ പാർത്തനഹം

1 സൂര്യാദം—സൂര്യാമലയെ എന്നു വിവക്ഷ

2 അക്കളിപ്പ്—ആത്മാർത്ഥത

നിൻമീതെ ശയനിച്ച സുനിദ്രഭേവിപ്പാനായ്
എൻ മനസ്സെത്ര ദാഹാൽ മോഹിച്ചേൻ ആകാശത്തിൽ
നിന്നു നാമിറങ്ങുവാൻ കാരണം നീയെ, സഖേ!
നിൻ മോഹാൽത്തന്നെതഥാശോക മാംസത്തെ ചേർത്തൻ 24

നീ തന്നെ വീര്യായുധം നമ്മുടെ ജയത്തിനും
നീ തന്നെ മോക്ഷദ്വാരം തുറപ്പാനുള്ള താക്കോൽ
നീ തന്നെ മഹാപൂജമാനുഷൻ ഗുണമുക്തി
നിന്നാലെ മർത്യനിസ്വം 1 സമ്പാദ്യം ഭവിപ്പാനും 28

നിന്നിലുള്ളപമനേസുനിന്ദ കഠിനത
നിന്നാലെ തന്നെ നമ്മിൽ മാധുര്യം വരുത്തിമേ
പിന്നാലെ മനുമക്കളോടിച്ച്ചരിപ്പിനായ് നിന്നെ
കണ്ടുമേ സ്നേഹവൃന്ദം നിന്നെയാശ്ലേഷംചെയ്തു 32

നിന്നാലെ തുറക്കുന്ന പാതയിൽ മമജനം
പിന്നാലെയോടി നിന്നെയന്വേഷിച്ചീടും ദൃഢം
എന്നുടെ സ്നേഹപിതാനാദ്യന്തൻ 2 ദേവൻ നീയെ
നീ തന്നെ ഭൂമ്യാകാശസൃഷ്ടിതാവെന്നും ദൃഢം 36

നിന്നുടെ ചൊൽകേട്ടു ഞാൻ വഴക്കി മമ കരം
എന്നുടെ മക്കൾക്കുള്ള രക്ഷാർത്ഥം ലഭിപ്പാനായ്
ഇന്നു ഞാനണയ്ക്കുന്ന പൂജസ്സു വിറകിതാ
മേ പിതായിനി മമ ഗോത്രരായ് മനുവൃന്ദം 40

തേ സുതരിവർ തന്നെയടിയാരല്ലല്ലിനി
മാംപ്രതിയിനി നിന്റെ സമ്പത്തിന്നനന്തരർ
താം പ്രതിയനുദിനെ കടക്കം നിന്റെ മുൻപിൽ
ഈവണ്ണം സ്തുതിചെയ്തു പഞ്ചവും ദശാ3 നീളം 44

ഈവണ്ണം കനമൊത്ത കരിശെത്തോളിൽക്കേററി
പുറത്തുപുറപ്പെട്ട നേരം കണ്ടമ്മമുഖം
കറുത്തുമഹാദുഃഖാൽ സാഷ്ടാംഗം കമ്പിട്ടയ്യോ
കണ്ടുടൻ തന്റെ കാവൽദൂതരാം മാലാകാമാർ 48

ഇണ്ടൽപൂണ്ടുള്ള നാരികന്നിയും യോഹന്നാനും
ഒക്കെയും മുട്ടുകുത്തി കമ്പിട്ടുനാഥൻതന്നെ
ദുഃഖമേ മഹാദുഃഖം മാംപ്രതിസര്വ്വഥയ്യോ
എന്നുടെ പാപത്തിന്റെ എണ്ണങ്ങൾ കുറഞ്ഞെങ്കിൽ 52

തന്നുടെ കുരിശിന്റെ ഭാരവും കുറഞ്ഞേനെ
ഞാൻ ക്രീഡനിമിത്തമായോരോരോപാപകർമ്മം

1 നിസ്വം—നിർദ്ധനം 2 അനാദ്യന്തർ—ആദിയും അന്ത്യവും ഇല്ലാത്തവൻ 3 പഞ്ചവുംദശം—പതിനഞ്ചു്

താൻ പരീക്ഷിപ്പാനായ്ക്കൂട്ടിയെൻ മഹാകുമ്പൽ[1]
അയ്യയ്യോ സർവ്വേശ്വരാ! കാരണം ഗ്രഹിക്കാതെ

പൊയ്യ്മെയ്യും സ്മരിക്കാതെ, ചെയ്തയ്യോ മഹാകഷ്ടം
അറിവില്ലെന്നും ദൃഢമറിഞ്ഞാലല്ലെന്നും ചൊൽവാൻ
മറിവെന്നതും[2] വരുമറിഞ്ഞും ചെയ്തേനയ്യോ
ഇങ്ങനെ നിൻെറ തിരുത്തോളതിൽ കരിശിനെ

മംഗലൻ മമ താതാ കേററി നീ നടന്നയ്യോ
ദുഷ്ടരാം വൈരിവൃന്ദമൊക്കെയുമിരുഭാഗെ
ദുഷ്ടസേനകൾ കല്ലേകെട്ടുകൾ മുൻപും പിൻപും
അങ്ങോട്ടുമിങ്ങോട്ടുമായിട്ടുനിമിത്തമായ്

പൊങ്ങിയ പാറകളിൽ വീണയ്യോ പലതരം
സ്നേഹമേറീടും നാഥാപിതാവേ തവതിരു–
ല്ലോഹിത ശിരസ്സതിൽ ചൂട്ടിയ[3] തിരുമുടി
ശോഭിച്ച വിളങ്ങുന്ന ലോഹിത[4] പ്രവാഹങ്ങൾ

ദാഹിച്ച കുടിപ്പാനായിച്ഛരിച്ചേനഹംപാപി
സ്നേഹിതസ്സ്നേഹിയോൻെറ സുന്ദരിപ്പുത്രികളെ!
സ്നേഹമേറീടും നിങ്ങൾ മണവാളനെ കാണ്മിൻ
തന്നുടെ സ്നേഹമാതാമന്നവൻ ശ്ലേമ്മോനിനെ

തന്നുടെ സ്നേഹാൽ ചാർത്തിയേററിയ കിരീടത്താൽ
പേർത്തവൻ തൻെറ സ്നേഹപാത്രമാം മണാമണെ[5]
ചേർത്തുനൽ വിവാഹത്തിന്നായ്ക്കൊണ്ടു യാത്രയിതാ
ആർത്തുള്ള സ്നേഹാഘോഷാൽ ചാർത്തിയങ്ങയത്തിയ

ധൃത്തുള്ള മണപ്പന്തൽ[6] ഗാഗുൽത്താകൊടുമുടി
ധീഗത്യാമഹാവേഗമായുള്ള യാത്ര കാണ്മാൻ
ധീരതയുള്ള സ്നേഹവാമിനി[7] വന്നീടുക
സൂക്ഷിക്ക മഹാസ്നേഹമണവാളൻെറ ഗളേ

സൂക്ഷിപ്പാൻ ചക്ഷുസ്സിന്നു ശക്തിയെത്താത്ത മാല
തൻ കരകടക[8]ങ്ങളെത്രയോ മഹാചിത്രം
അംബരശ്രേഷ്ഠന്മാർക്കും പാർക്കുവാൻ[9] തിറം[10] പോരാ
സുന്ദരൻ മണവാളൻ തന്നുടെ കിരീടത്തെ

സുന്ദരാംഗിയെ മഹാസ്നേഹത്താൽ സൂക്ഷിക്ക നീ
നിന്നുടെ സ്നേഹവശാലിന്നു മാത്രമായിത്തു

---

1 കുമ്പൽ—അഹങ്കാരം. 2 മറിവ്—പിശക് 3 ചൂട്ടിയ—ചൂടിച്ച, 4 ലോഹിത—രക്താങ്കിതമായ 5 മണാമണേ—ഉത്തമമണവാട്ടി 6 മണപ്പന്തൽ—വിവാഹമണ്ഡപം 7 വാമിനി—സുന്ദരി 8 കടകം—വള 9 പാർക്കവാൻ—നോക്കുവാൻ 10 തിറം—മിടുക്ക്.

തന്നുടെ ശിരസ്സണഞ്ഞീടുവാനായിത്തീൎത്തു
മന്നിലുള്ളോരു മഹാമന്നവന്മാൎക്കുമിതിൻ

മുന്നിലുള്ളോൎക്കുമില്ലായെന്നതും സുനിശ്ചയം
ഇക്കിരീടത്തിൽ പതിച്ചീടുന്ന രത്നാമണി
അക്കരെകാണാതുള്ള നല്പമാം വിലയേറും
നീണ്ടതും വളഞ്ഞതും കൂൎത്തതും നേൎത്തിട്ടുള്ള

ചൂണ്ടവേൽ സമം ചിലതെത്രയും മഹാരശ്മി
വീണ്ടതിൻ ചുററുംനിന്നും തുങ്ങുന്നമുത്തുമണി
നീണ്ടു തൻ നെററിചെവി ചുററുമാരശ്മിരസം
കല്ല്യാണവസ്ത്രത്തിലും തൂങ്ങുന്നീശിരോമണി

കല്ല്യാണപ്പന്തൽവരെ പാവാടയിതുതന്നെ
ഇത്തരുരത്നത്തിലൊന്നാഗ്രഹിക്കുന്നോരെത്ര!
സൂത്തിരുപത്നി നിങ്ങൾക്കെത്രയോയിതുയുക്തം
പിന്നെയും തൻെറ കൈയിൽ പിടിച്ച മഹായുധം

മിന്നുന്നൊരുടവാളിൻ മൂൎച്ചയെത്രയോ ചിത്രം
തന്നുടെ വൈഭാഗത്തിലുണ്ടിരുതോഴ്മക്കാരും
അന്നുടൻതന്നെ ചേൎത്തു ഭംഗിയാലിവരെയും
ഇത്തിരുകാഴ്ച, കാണ്മാനെത്രയോ മഹാജനം

അത്തിരുമണവാളൻ മാതാവും പിമ്പെയയ്യോ
നാഥനേ മമദേവാ രാജനേ ഞാനും പിമ്പെ
പഥം നീ നനസ്സുന്നമേ പാപത്താലെ രക്താൽ
നിന്നുടെ മരണത്തിൻ പങ്കാളി ഞാനുംകൂടെ

എന്നുടെ അയോഗ്യത്താൽ യോഗ്യമില്ലെന്നാകിലും
ഇങ്ങനെ നാഥൻ തൻെറ വൻകുരിശതുംകൊണ്ടു
തിങ്ങിന മോദത്തോടെ യാത്രയെന്നിതും ദൃഢം
മല്ലനെപ്പോലെ തൻെറ വഴിയിലോട്ടമെന്ന

മംഗലൻ പിതാവിൻെറ പാതപോൽ യാത്രയിതിൻ
ഘോരമാം കുരിശിൻെറ ക്രൂരമാംവൈരത്തിനാൽ
ഭാരിച്ച വ്രണം തോളിൽ ഭവിച്ചു ക്ഷീണിച്ചുടൻ
സ്നേഹമേറീടും മാതാസൎവ്വവും ഹൃദികണ്ടു

ദാഹസ്നേഹത്താൽ കേണപ്രാൎത്ഥിച്ചാശ്വസത്തിന്നായ്
പ്രിയമേറീടും പുത്രൻ കേട്ടുതൻമാതൃവാചം
പ്രതികൾ വൈരാഗ്യത്തെ ശമിപ്പിച്ചുടൻ ദൂതൻ
ഇതിനാൽ വഴിപോകനൊയൊരു ശിമയോനെ

ഇതിനായ് പിടിച്ചവർ ചുമപ്പിച്ചുടൻ പിൻപെ
വീണ്ടും മാതാവു തൻെറ പുത്രനെയൊടുക്കമായ്
വീര്യസ്നേഹത്താൽ മുഖം കാണ്മതിന്നിച്ഛിച്ചിതൊ
ആയതും പുത്രൻ കേട്ടു കല്പിച്ചു ദൂതന്മാരാൽ

ആയവർ വഴിനീക്കിച്ചേർപ്പിച്ചു പുത്രൻ പക്കൽ
കണ്ടുടൻ മാതൃസുതർ തമ്മിലണഞ്ഞിതു നേരം
ഇണ്ടലുണ്ടായവസ്ഥയെന്തു ഞാൻ ചൊല്ലുന്നയ്യോ
എങ്കിലും സ്നേഹശക്ത്യാൽ മിണ്ടുവാനാശിച്ചേററം

ശങ്കയില്ലാത്ത ദുഷ്ടൻ സമ്മതിച്ചില്ലല്ലയ്യോ
തീർച്ചയിൽ ദ്വീസഹാക്ക[1] ചേർന്നുടൻ ഗാഗുൽത്തായിൽ
മൂർച്ചയാൽ കരിശതിൽ തറപ്പാൻ വസ്ത്രം നീക്കി
ആർത്തിയാലപ്പോഴംതന്നെയമ്മയും യോഹന്നാനും

ചേർന്നുള്ള മറിയമാർ മൂന്നുമായ്ക്കമ്പിട്ടുടൻ
മാതാവുമതുനേരമാകാശപിതാവിന്നു്
ജാതിരക്ഷാർത്ഥം പ്രതികാഴ്ചവച്ചുടൻ സുതം
സ്വദേശനടപ്പുപോൽ കുടിപ്പാൻ പാനം നൽകി

സ്വജാതി ജനമതിൽക്കലർത്തിക്കയ്പ്പു വിഷം
സ്വമാതാവതും കണ്ടുപ്രാർത്ഥിച്ചുണ്ടശ്രുക്കളാൽ
സ്വസ്നേഹാൽ കുടിക്കല്ലേയെന്നതു കേട്ടുനാഥൻ
എങ്കിലും ദുഃഖമൊക്കെ പുത്രൻ സ്നേഹത്താലേൽപ്പാൻ

ശങ്കയില്ലെന്നു കാട്ടാൻ രസിച്ചുകുടിച്ചല്ലോ
ദയയില്ലാത്ത ജനം തിരുവസ്ത്രത്തെ നീക്കി
ദയയാൽ മാതാനെയ്തുവായിതിൻ തലസമം
അതിനാൽ തിരുമുടി നീക്കാതെയിഴക്കയാൽ

അനിതോട്ടുടൻ മുടി നീങ്ങിയെങ്കിലുമതിൽ
ചിലുമുറംമുനകളും തലയോടതിൽപ്പുണ്ടു
ചലനം കൂടാതൊടിഞ്ഞവിടെയിരുന്നയ്യോ
തിരുവസ്ത്രത്തെ നാലുവട്ടമായഴിച്ചവർ

കരികൽത്തൂണേൽകെട്ടി രാജവസ്ത്രത്തെച്ചാർത്തി
മരണവിധി കേൾപ്പാൻ കരിശിൽത്തറപ്പാനും
കരുണക്കൂടാതവരഴിച്ചെന്നതാകിലും
ഇതുപോലുള്ള മഹാ അസഹ്യം മുൻപായില്ല

അത്ര നേരത്തു മഹാ കുളിർകാററൂതി തത്ര
ഇതുമെന്നിയെയമ്മ ശിശുവാംകാലം തന്നിൽ
മൃദുവാം മേനിയതിൽവച്ചുള്ള മാനവസ്ത്രം
ആയതും നീക്കിടുവാൻ ദുഷ്ടന്മാർ വട്ടംകൂടി

ആയതും ക്ഷമിപ്പാനും നീ മടിച്ചില്ലില്ലയ്യോ
എങ്കിലുമമ്മയുടെ ചൊൽവിളി കേൾപ്പാനായി
ശങ്കയില്ലാത്ത കഷ്ടം നീയനുവദിച്ചില്ല
കരിശിൽത്തറപ്പാനായൊരുങ്ങും നേരത്തിങ്കൽ

1 ദ്വീസഹാക്ക്—രണ്ടാം ഇസഹാക്ക്, (ക്രിസ്തു)

തിരുമാതാവെത്തൻെറ പിതാവെ ഏല്പിച്ചുടൻ
തന്നുടെ ശിഷ്യജനം പിൻവരും പ്രിദെസ്തിനാത്[1]
തന്നോട്ട ചേരുന്നോരും പാപികൾ സമസ്തക്കും
കുരിശിൽത്തറയ്ക്കാനായ്ക്കടമയിരിപ്പോൾക്കും 164

കരുതിയപേക്ഷിച്ചു നാഥനുമതുനേരം
അപ്പോലെ മാതാവുമീയപേക്ഷയണച്ചുടൻ
പൊൽപെരിയോരു മഹാസ്നേഹത്താലതുദൃഢം
ആക്കൊലക്കാരുനാഥൻ തന്നുടെ തിരുക്കരം 168

ആക്കുരിശതിൻമീതെ നീട്ടുവാൻ പ്രമാണിച്ചു
കേട്ടുടൻ മഹാസ്നേഹാൽ നീട്ടിതൻ കരങ്ങളും
ദുഷ്ടരായവർ സൂക്ഷം കൂടാതെവച്ചു ചിഹ്നം
അടയാളത്തിലാണിപ്പഴുതും ചെയ്താരുടൻ 172

അടയാളങ്ങൾ പക്ഷെ സ്വല്പമായ് നീങ്ങിദൃഢം
അന്നേരം സ്നേഹമാതാവണഞ്ഞുസുതന്റെ പക്കൽ
സുന്ദരതിരുക്കരം ഭക്തിയാൽ മുത്തീയയ്യോ
അമ്മയങ്ങണഞ്ഞതും കണ്ടവർ വൈരിവൃന്ദം 176

നിർമ്മലന്നതിദുഃഖമുണ്ടാവാൻ മുടക്കീല്ല
വീണ്ടവർ തിരുക്കരമൊന്നതിലാണിവച്ചു
രണ്ടാമപ്പഴുതതിലെത്തീല്ല തിരുക്കരം
എന്നതുകണ്ടു കയറെടുത്തു തിരുകൈയിൽ 180

നന്നായി ബലത്താലെ കെട്ടിയങ്ങിഴച്ചയ്യോ
ഇങ്ങനെ കരം രണ്ടും ക്രൂരമായ് തറച്ചുടൻ
മംഗലപാദങ്ങളും ചേർത്തവർ തറച്ചയ്യോ
വീണ്ടവരാണി മുനമടക്കിത്തറപ്പാനായ് 184

ആണ്ടവൻ കുരിശോടെ നിലത്തിൽ കമഴ്ത്തുവാൻ
ഭാവിച്ച നേരത്തിങ്കൽ കാണികൾ ബഹുജനം
ഭാവസ്നേഹത്താൽ ക്രൂരമിതെന്നങ്ങൊരുസ്വരം
കേട്ടുടൻ മാതാവമ്മയറിഞ്ഞു മഹാദുഃഖാൽ 188

ദൃഷ്ടിയെ പൊക്കിക്കൊണ്ടു പ്രാർത്ഥിച്ചു സ്നേഹപിതാ
ദൃഷ്ടനിൻ സുതന്നുടെ ദൃഷ്ടിയെ ദുഷ്ടജനം
കഷ്ടമായ് കരിങ്കല്ലിൽ മുട്ടിക്കാതിരിക്കയ്യോ
പിതാവു സ്നേഹമകൾ ദുഃഖരോദനംകേട്ടു 192

മാതാവിന്നിഷ്ടം ചെയ്‌വാൻ കല്പിച്ചു ദൂതന്മാരെ
വേഗമായ് മാലാഖമാർ കുരിശിന്നധോഭാഗെ
ഗോചരം കൂടാതവർ നിറുത്തി മദ്ധ്യസ്ഥലെ
നിലത്തങ്ങുറച്ചെന്നു ഭാവിച്ചുകൊലക്കാരൻ 196

---

1 പ്രിദെസ്തിനാത്ത്—മുൻകൂട്ടി തെരഞ്ഞെടുക്കപ്പെട്ടവൻ

ബലത്താലാണിമുന മടക്കിയുറപ്പിച്ചു
വീണ്ടുമാക്കുരിശോടെ കുഴിയിൽ നാട്ടീടുവാൻ
നീണ്ടവരുടെ തോളുകരങ്ങൾകൊണ്ടും പൊക്കി
എങ്കിലും കുഴിയതിൽ നാട്ടുവാനതുപോരാ 200

എന്നവർ കണ്ടു കുന്തത്തടികൾ മററും കരു
ഇങ്ങനെ നാഥൻ തൻെറ രണ്ടു കക്ഷങ്ങളിലും
തിങ്ങിന ശക്തിയോടെ കുരിശിൽ കൈകൾചേർത്തും
മൂർച്ചയുള്ളൊരു മററായുധങ്ങൾകൊണ്ടും കുത്തി 204

ചേർച്ചയായ് പൊക്കിടുവാൻ മാംസത്തിനുള്ളിൽത്താഴ്ത്തി
തീർച്ചയിലതിശയാൽ പൊക്കിയക്കുഴിയതിൽ
ഊർച്ചയോടവർ നാട്ടിവ്രണങ്ങൾ തുറന്നയ്യോ
ഇപ്പൊഴുതക്കൂട്ടത്തിൽ വീണ്ടൊരു ഗൂഢസ്വരം 208

അപ്പലരിലും പലവിധമായ് പുറപ്പെട്ടു,
എന്നതിൽ ചിലരിയാൾ നീതിമാനെന്നും ചൊല്ലി
നന്ദിയുള്ളലിവോടു ദുഃഖരോദനം കാട്ടി
കാണുന്ന യൂദാജനം ഭാഷിച്ചു നിന്ദിക്കയും 212

കണ്ടറിവില്ലാത്തുള്ളോരന്യദേശികൾ ഭ്രമാൽ
നിശ്ചലരായുള്ളോരെ മററവർ പഴിക്കയും
നിശ്ചലമായുള്ളൊരു മററുള്ള ചിലക്കൂട്ടം
നീതിമാനെന്നാകിലും ഘാതകനെന്നാകിലും, 216

നീതികേടായ ശിക്ഷ കാണുവാൻ വശഹീനാൽ
തൂങ്ങി നില്ക്കുന്ന നാഥൻ ദേഹഭാരത്താൽ വ്രണം
താങ്ങിയും ഞരമ്പുകൾപൊട്ടിയും വാർത്തിടുന്ന
രക്തകാഴ്ചയാലുറച്ചീടുവാൻ വശഹീനം 220,

രക്ഷനാഥൻെറ തൊട്ടിൽ ജലത്തെക്കഴിച്ചീടും
രക്ഷസ്സായെന്നേശയ്യോ വചനം തികഞ്ഞയ്യോ
രക്ഷാർത്ഥമടിയനെ നൽകുവാനായിട്ടല്ലൊ
സ്വജനവിശ്വാസവും കാഠിന്യചിത്തമതും 224

സ്വജനസ്നേഹമാതൃകാൺകയാൽ പിതാവൊട്ട്
പ്രാർത്ഥിച്ചങ്ങിതു നീങ്ങിപ്പലരും വിശ്വസിപ്പാൻ
പ്രത്യക്ഷ കാഴ്ചയാലേ പുത്രൻെറ മരണത്താൽ
പിതാവു മകളുടെയപേക്ഷയംഗീകരി 228

ച്ചതു നേരത്തിൽതന്നെ സൂര്യനും മൂടീമുഖം
ഭൂമിയുമിളകിത്തൻ ക്ലേശത്തെയറിയിച്ചു
ഭൂതമായ് കൊട്ടത്തിലും 1 രണ്ടായി കീറപ്പെട്ടു
ഇങ്ങനെ കുരിശതിൽ തൂങ്ങിനില്ക്കുന്നനേരം 232

1 കൊട്ടത്തിലു്—കർട്ടൻ

തിങ്ങിനദാഹത്തോടെ പ്രാൎത്ഥിച്ചു പിതാവോട്ട്
ദൈവമേയറിയാതെ ചെയ്യുന്നയിവരോട്ട്
ദയയാൽപൊറുക്കണമെന്നു താനൊന്നാമത്തും
ഇത്തിരുവചനത്തെ കേട്ടടൻ വലത്തേതാം

കുരിശ്ശുതന്നിൽനിന്നു പ്രാൎത്ഥിച്ചു നല്ലചോരൻ
"കൎത്താവേ, നിന്റെ തിരുരാജ്യത്തിലെത്തുന്നേരം
കാത്തുരക്ഷിച്ചീടണം പാപിയാമടിയനെ"
കേട്ടുനേരം നാഥൻ, "ഇന്നു നീ പർദീസായിൽ

കോട്ടമില്ലാതെനമ്മോടൊന്നിക്കു"മെന്നും പിന്നെ
"സ്ത്രീയെ നിൻ പുത്രനിതാ"യെന്നു തൻ മാതാവോടും
പ്രിയശിഷ്യനെ നോക്കി "നിൻറമ്മയിതാ"യെന്നും
ഇന്നേരംവരെ മഹാ സംശയം പിശാചിന്നു

അന്നേരം കണ്ടു സൎവ്വമിത്തിരുത്രിവാൎത്തയാൽ
അറിയാതെ ചെയ്യുന്നെന്നും പറുദീസിലാമെന്നും
സ്ത്രീയെ നിൻ പുത്രനെന്നും കേട്ടപ്പോൾ ബോധിച്ചവർ
പാൎത്തിരുന്നൊരു മ്ശിഹാ താൻതന്നെയെന്നും കണ്ടു

പേൎത്തവൻ തലചതയ്ക്കുന്ന[1] തീയമ്മയെന്നും
ദൈവമേ മമദേവാ, എന്തുകൊണ്ടിതിൻവണ്ണം
നീ ദയാഹീനം കൈവിട്ടെന്നതു നാലാമത്തും
ദാഹമെന്നഞ്ചാമത്തും തികഞ്ഞെന്നാറാമത്തും

ദേഹിമേ, ബാവാ കൈയിലേല്പിക്കുന്നെന്നുംചൊല്ലി
അപ്പൊഴതിടിപോലെ ലൂസിഫർ കൂട്ടത്തോടെ
ചൊല്ലെരിയൊരു ക്രോധാൽ ദുൎഗ്ഗതിവീണുതാണു.

---

1 പേൎത്തവർ തലചതയ്ക്കുന്നതു്—തന്റെ തല തകൎക്കുന്നതു് ദൈവമാതാവാണെന്നു് പിശാചു് ഓൎത്തു്.

# IX

മിശിഹായുടെ കുരിശുമരണത്തെത്തുടൎന്നുള്ള സംഭവങ്ങളാണ് ഈ കാണ്ഡത്തിലെ പ്രതിപാദ്യം. കുരിശിൽ തൂങ്ങിയ കള്ളന്മാരുടെ കണങ്കാൽ തല്ലിത്തകൎക്കുന്നതും ലൊങ്കീനോസ് എന്ന കുരുടൻ മിശിഹായുടെ തിരുഹൃദയം കുത്തിപ്പിളൎക്കുന്നതും വിവരിച്ചശേഷം, തിരുമേനി കുരിശിൽ നിന്നിറക്കി ദിവ്യമാതാവിൻെറ അങ്കതലത്തിൽ കിടത്തുന്നതും പിന്നീടു പൂജ്യമായി സംസ്കരിക്കുന്നതും വൎണ്ണിച്ചിരിക്കുന്നു. അത്ഭുതകരമായി കാഴ്ചശക്തി ലഭിച്ച ലൊങ്കീനോസിൻെറ കൃതജ്ഞതാസ്തുതിയും പുത്രൻെറ തിരുമേനി മടിയിൽ കിടത്തിക്കൊണ്ടുള്ള മാതൃവിലാപവും നിരാഹാരമായി, മൗനമുദ്രിതയായി, ദുഃഖമഗ്നയായി കഴിഞ്ഞിരുന്ന മാതാവിനെ ആശ്വസിപ്പിക്കാൻ വരുന്ന കേപ്പായുടെ പശ്ചാത്താപവും ഈ കാണ്ഡത്തിൻെറ ആകൎഷണീയത വൎദ്ധിപ്പിക്കുന്നുണ്ട്.

### ഏകപദം ഗാനകീൎത്തനം

### കിളിപ്പാട്ട്.

ഇങ്ങനെ നാഥൻ നയനമടച്ചുടൻ
തിങ്ങിന ദുഃഖമായ്ത്താൽക്കുരിശ്ശടിയതിൽ
കഠിന ദുഃഖടയാളം കാട്ടാതെ മറിയങ്ങാം
നടുവിലുറച്ചു നില്ക്കുന്നൊരു വേളയിൽ

ഝടുതിയൊടു നാഥൻെറ തിരുദേഹം കുരിശതിൽ
ഝടുതക്കൂടാതത്തരുശിഖരമായതിൽ
നിന്നിറക്കിബ്ഭൂമിദാനം ചെയ്തീടുവാൻ
നന്ദിയാലുള്ളൊരു നേർവഴിയതെങ്ങനെ

എന്നതാൻ ദൂതരാമശരീരിജനമോടു
നന്ദനപ്രേമയായ്ച്ചിന്തിക്കുന്നേരത്തു
മലയുടെയടിയതിൽ നിന്നു വരുന്നൊരു
പലവിധ കരുക്കളാലുള്ളൊരു സേനയും

മന്നവരണഞ്ഞുതൻ രണ്ടു ഭാഗങ്ങളിൽ
മന്ദമായെ തൂങ്ങുന്നവരുടെ തുടകളെ
നീതിപ്രകാരം തകൎത്തിതശേഷമായ്
നാഥൻ മരിച്ചെന്നു കാൺകയാൽ തന്നുടെ

ദേഹത്തിലിതു ചെയ്തതില്ലെന്നുമായ്‌വരാം
ദാഹമെന്നാകിലും ചെയ്തില്ലനിൎണ്ണയം
എന്നതു നേരത്തൊരു കൺകുരുടനാം
വന്നതിലുള്ളൊരുലൊങ്കിനു എന്നവൻ

കുന്തമതുകൊണ്ടു നാഥന്റെ ചങ്കതിൽ
കുത്തിയുടൻതന്നെ രക്തവും വെള്ളവും
വാർത്തതും കണ്ടു നില്ക്കുന്നൊരുമാതാവും
പേർത്തുടൻ പുത്രനെ പ്രാർത്ഥിച്ചു സ്നേഹമായ്

നാഥനെ നീ നിൻ കരുണകടാക്ഷമായ്
നീതിദയയായ് പകർത്തി സൂക്ഷിക്കണേ
എന്നയീ അമ്മയുടെ പ്രാർത്ഥന കേട്ടുടൻ
നന്ദിയാലൊരുതുള്ളി രക്തമക്കണ്ണതിൽ

ചിന്തിയുടനേ തെളിഞ്ഞക്ഷിയും ചിത്തവും
ചന്തമോടേയവൻ വന്ദിച്ചുനാഥനെ
ശനിവാസരമുഖേ[1] പുലരുന്ന കാരണാൽ
ശിഖരംകുരിശതിൽ നിന്നുതൻ പുത്രന്റെ

ചരണാദിയിലുള്ള യാണികളഴിപ്പാനും
ശരണമറ്റു കാണാഞ്ഞുകാരണം മാതാവും
ആകാശമാർഗ്ഗേ ഉയർത്തിതൻ കൺകളെ
ആകാശസ്നേഹപിതാവോടു പ്രാർത്ഥിച്ചു.

### ചതുർപദഗാനകീർത്തനം

അമ്മകന്നി തന്റെ ദുഃഖരോദനങ്ങൾ നായകൻ
അൻപിനോടു കേട്ടുടൻ അയച്ചുമിത്രമർത്ത്യരെ
അമ്മലയടിയിൽനിന്നു വന്നണഞ്ഞു കൂട്ടമായ്
അമ്മയങ്ങുകണ്ടുടൻ ഭവിച്ചു ദുഃഖസംശയം.

ആയവരിതെന്തിതോ, വരവിനുള്ള കാരണം
ആദിയിലണഞ്ഞവരു ചെയ്തപോലെ ചെയ്യുമോ?
ആയുധങ്ങളുണ്ടവരിലെന്തിതെന്നറിവില്ല
ആയതിനാലാധിപൂണ്ടു അമ്മയെന്നുകണ്ടുടൻ

ഇഷ്ടമുള്ള ശിഷ്യനായ യോഹന്നാനതുവിധൗ
ഇജ്ജനത്തെ സൂക്ഷ്മമായറിഞ്ഞു കണ്ടുമാനസേ
ഇമ്പമോടടുത്തുചൊല്ലി അമ്മയോടു സാന്ത്വനാൽ
ഇണ്ടലൊന്നുമില്ലയമ്മേ ഇവരുനല്ല സ്നേഹിതർ.

ഈപ്സ[2]യോടണഞ്ഞിവരുനിന്റെ വാർത്ത കേൾക്കുവാൻ
ഈശനെക്കുരിശിൽ നിന്നിറക്കുവാനുമെന്നിയും
ഈ ശരീരം പൂജ്യമായിപ്പൂശുവാൻ സുഗന്ധവും
ഈ വിശുദ്ധദേഹമങ്ങു മൂടുവാൻ നിചോളവും[3]

---

1 ശനിവാസരമുഖേ – ശനിയാഴ്ചരാവിലെ. 2 ഈപ്സ – ആഗ്രഹം
3 നിചോളം – മൂടുപടം

ഉക്ത[1]മായതെന്നപോലെ മൂസേനിക്കാദേമൊസ്സും
ഉത്തമരിവരുമവരുടെ ഭക്തരാം പരിചാരരും
ഉഗ്രദുഃഖമോടു നില്ക്കുമമ്മ പാദസന്നിധൌ
ഉചിതസ്നേഹമോടണഞ്ഞു ഭൂരിദുഃഖഭാഷയാൽ

എണ്ണമില്ലാതുള്ള ദുഃഖമുള്ളിൽക്കൊണ്ടുനിന്നിടും
ഏകനായകീമുഖത്തെ നോക്കിയിവരുസാദരം
ഏററമായ ക്ലേശമോടു വാക്കുമുട്ടിനിന്നവർ
എന്നതമ്മ നീക്കിയപ്പോഴം വന്ദനയണച്ചുടൻ

ഒന്മയോടണഞ്ഞവർ ഇരുവരുമാത്ത ഭക്തിയാൽ
ഒട്ടുമേയിളക്കമില്ലാതേണിവച്ചു കുരിശതിൽ
ഒരുവനങ്ങു കേറിയാണി നീക്കുവാൻ ഒരുങ്ങവേ
ഒന്നുണർത്തിയമ്മയോടു കന്നിലുള്ളയീശുസെ

കരുണയുള്ള അമ്മ നീയകന്നനുകൂലത്തോടു
കമലപാദലസ[2]മടക്കിയിരിക്കണം സുനേരമെ
കണ്ടിതമ്മയൂസെപ്പിൻെറ ഉക്തശക്തിയൊക്കെയും
കരുണാഗാധബുദ്ധിയരുളിചെയ്തു സിഞ്ഞോരി[3]

ഖംധരണിനരകം[4] മൂന്നു ജഗമതിൻെറ നായകൻ
ഖഗമസംഖ്യനക്ഷത്രങ്ങളാദിയായ യാവയും[5]
ഖമിൽഗമിക്കും[6] പക്ഷിയാദിസൃഷ്ടിചെയ്തമേസുതൻ
ഖലർകരങ്ങളാലെ തൻെറ സുന്ദരതിരുമുഖം

ഗണനമേറെയാന്ന ദുഃഖതാഡനങ്ങളും യാവയും
ഗർവ്വമാർന്നു നീചർചെയ്തു തിരുമുഖത്തിലടിയതും
ഗർവ്വഹീനമേഷമായത്തിരുമകൻ സഹിക്കയിൽ
ഗദ്ഗദസ്വരങ്ങളാദിഹീനമായിനിന്നഹം

ഘാതകന്മാർ നിങ്ങളല്ല മിത്രരെന്നു നിശ്ചയം
ഘാത[7]മൊന്നും ചെയ്‌വതിന്നുമല്ല നിങ്ങൾ വന്നതും
ഘൃണ[8]സ്വവൃത്തി നിങ്ങൾ ചെയ്യുമെന്നനേരം ഞാനുമേ
ഘൃണിയെനിക്കു ദുഃഖമില്ലനുകൂലമാം സുസന്നിധി

ചഞ്ചലങ്ങളൊട്ടുമില്ലിനിക്കിതെത്രസുകലം
ചരമതാക്കിയാണിനീക്കി സുതകരങ്ങൾ താങ്ങുവാൻ
ചരമമായ കരണമേ തറസ്സുയല്ലനിശ്ചയം
ചലനമൊക്കെ നീങ്ങിയങ്ങണഞ്ഞവരുമുകളതിൽ

---

1 ഉക്തം—പറയപ്പെട്ടതു്. 2 പാദലസം - ഭംഗിയുള്ള പാദം
3 സിഞ്ഞോരി – മാന്യന്മാരെ (ഇററാലിയൻപദം) 4 ഖംധരണി നരകം– സ്വർഗ്ഗം, ഭൂമി, നരകം 5 യാവയും–സമസ്തവും 6 ഖമിൽഗമിക്കും – ആകാശത്തു സഞ്ചരിക്കുന്ന 7 ഘാതം – ദ്രോഹം (വധം) 8 ഘൃണ – കൃപയുള്ള

ജനനിയേ തവ സുതനഹം ദുരാത്മകംവിഷാദ്
ജനകിരീടമായ തലയിൽ ചൂടിയോരുമുൾമുടി
ജനനി നീയെൻ തിരുക്കരത്തിലൊതുക്കിവച്ചുഭക്തിയാൽ
ജനനപാപമാദിയായ് ഹരിച്ചുനൽകമേജയം

തദനുശേഷമമ്മ മുട്ടുകുത്തി നീട്ടികരങ്ങളെ
തപരസിംഹാസനെ ബഹുഭക്തിയാലതു വാങ്ങിതാൻ
തൽക്ഷണം തിരുവാനനത്തിലണച്ചുമുക്കിനയനാശ്രുവിൽ
തരളചുണ്ടുകൾ ചേർത്തണച്ചവൾ ധ്യാനമല്പമതുംദൃഢം

ദയയതിന്നുടെ ചിഹ്നമായൊരു ശിഷ്യപുത്രനുമാവിധം
ദയവുസ്നേഹമിതേറെയുള്ളൊരു സ്ത്രീമറിയകളാദിയും
ദയസഹിതമനസ്സുകൊണ്ടവരേവരും ബഹുഭക്തിയാൽ
ദയനിധിയമ്മയിതുവിധം തിരുവാണികൾക്കുമാരാധനം

ധർമ്മപാലൻ സുതസ്യദേഹമിക്കുരിശതിൽ നിന്നിറക്കുന്ന
ധർമ്മവൃത്തിയണഞ്ഞുവെന്നതു കണ്ടുമാതൃവുടൻതന്നെ
ധാമധാരണമേൾക്കുവാൻ ബഹുഭക്തിയോടു തിരുക്കരം
ധാരണച്ചുവിരിച്ചു കൈകളിൽ മെച്ചമാം പരിവട്ടവും

നദിയഥാ ഒഴുകുന്ന തന്നുടെ നയനമൊട്ടിളകാതെയും
നാഥ കുരിശടിചേർന്നു മുട്ടുകൾ കുത്തിയങ്ങുമഹാദയാൽ
നന്ദനതിരുദേഹമൻപൊടുവാങ്ങുവാൻ ബാഹുനീട്ടിയും
നമസ്ക്കാരുത്യമൊടൊന്നു മുത്തിടാനെഴമാശയോടുടനമ്മയും

പരമനാഥനെക്കുരിശതിങ്കൽനിന്നു നിക്കാദെമോസുമായ്
പരമസങ്കടമോടു മഗ്ദേന പാദപങ്കജം താങ്ങിയും
പക്ഷമുള്ളൊരു ശിഷ്യനാത്തിരുശിരസ്സിനെയിളക്കാതെയും
പാർത്തുനില്ക്കുന്ന അമ്മതന്നുടെ തൃക്കരങ്ങളിൽ വച്ചവർ

ഫൽഗുനമായ1 ദുഃഖതോഷകരം കന്നിഅമ്മയിൽ അദ്ദൃഷ്ടം
ഫലബലദുഃഖം കാട്ടിത്തന്നുടെ കണ്ണുകൾ രക്തധാരയാൽ
പണിയെന്നുടെ നാവിനാലറിയിപ്പതിന്നിതുനന്നയം
ഫലമിനിക്കു ലഭിപ്പതിന്നിതു മാത്രമായ് അറിവച്ചഹം

ബന്ധനാശമതാക്കി2 തന്നുടെ പുത്രദേഹം മടിയതിൽ
ബന്ധനം ചെയ്യുതൻ മനമതു പുത്രദേഹമൊടൊന്നിച്ചു
ബഹുദയയോടുമുത്തി മുറിവുകളൊക്കെയും മഹാഭക്തിയാൽ
ബാഹുദ്വയമതിൽ വച്ചുകൊണ്ടവരൊക്കയും മുത്തംനൽകുന്നു

ഭാനുരശ്മിമറഞ്ഞുമഞ്ഞിതു നേരമന്നവർ കണ്ടുടൻ
ഭക്തവത്സലനായ ശിഷ്യനും യൗസെയാദിയുമായവർ

---

1 ഫൽഗുനം-ചുവന്ന (വദ്ധിച്ചതെന്നു സാരം) 2 ബന്ധനാശമതാക്കി-കെട്ടുകൾ അഴിച്ചു്.

ഭക്തിയോടവരങ്ങണഞ്ഞമ്മ കന്നിയോടിത്തുണർത്തിയാർ
ഭാസ്കരരശ്മിപോയ്മറഞ്ഞിത്തു, അമ്മയെ നിന്റെ പുത്രന്റെ 120

മംഗളമണിമാണിക്കദേഹം ഭൂമിദാനമതാക്കുവാൻ
മധുരമേറിയ നിൻതിരുമനസ്സാകണം അത്തുനേരമേ
മനസ്സിനൻപൊടുകേൾക്കവേയുടൻ തായ ബഹുഭയചിത്തയായ്
മരണദേഹമതിന്നുചെയ്യുന്ന മീറഎല്ലാംവനപൂശിനാൾ 124

ഉചിതമായ് തിരുദേഹമൻപൊടുമഞ്ചലമതിൽവച്ചുടൻ
യഥാക്രമാൽ യൗസേനിക്കൊദെമോസ് സ്നേഹപുത്രനാം
ജോവാനിയും
യഥോസ്ഥിതചെത്തുരിയോനെ കൊണ്ണലിയുമെന്ന പുരുഷർ
യക്കലസ്സുതലവനായി വിശ്വസിച്ചു ചുമന്നിവർ 128

രക്ഷനാഥശരീരവന്ദനം ഘോഷമോടുനടത്തുവാൻ
രാജകല്പനയാലുടൻ ദ്യോവിൽനിന്നിറങ്ങി "തെഗമ്മകൾ"
രണസമയമതൊക്കെയിൽ തുണചെയ്യു തന്നുടെ ദൂതരും
രസസമൂഹമിരുവശംമദ്ധ്യേ മാതൃവും തിരുദേഹവും 132

ലാക്കതായതുപോലണഞ്ഞവർ ചേരെയുള്ളൊരു തോപ്പതിൽ
ലാലസംബഹുദാഹമോടുടൻ യൗസേതന്നുടെ പുത്തനാം
ലാഭലേഭിതമിതെന്നുറച്ചുകൊടുത്തു തന്നുടെ കവറതും
ലംഘനാലയമായ ശുദ്ധശരീരമായതിൽവച്ചവർ 136

വായതിന്നുടെ മൂടിയായൊരു കല്ലുവസ്സുമതിന്നുമുൻ
വത്സലസുതസ്വാത്മദേഹഞ്ചസ്പൃഷ്ടി ചെയ്യുതിരുമുഖം
വത്സകപ്രിയമോടു മാതൃവൊടുക്കയായത്തു മുത്തുവാൻ
വന്ദനം ചെയ്യണഞ്ഞു തന്നുടെ തിരുമുഖപരിവട്ടവും 140

ശമനയത്തൊടു നീക്കിയല്പമായ്നോക്കി മുട്ടുകൾകുത്തിതാൻ
ശരണമാദിയായൊക്കയും നോക്കി മുത്തിതിരുമുഖമമ്മയും
ശരണമായത്തു പാത്തുനിന്നത്ര ഭക്തിയുള്ളവരൊക്കെയും
ശരണരക്ഷയും തന്നാതന്നുടെ ചരണവുമാരാധിച്ചുടൻ. 144

സത്വരം തിരുക്കവെറുമൂടിയായയക്കല്ലുടപ്പിനെ വച്ചവർ
സമസ്തനാഥയും പാത്തുതന്നുടെ ദൂതരായവരോടുടൻ
സവ്വരക്ഷയുംചെയ്യു നാഥന്റെ ദേഹരക്ഷയിൻ കാവലായ്
സന്ധ്യസംകടമാംവരെയിവിടത്തിൽ നിങ്ങൾ
സ്തുതിക്കുവിൻ 148

അമ്മകന്നിയുമിങ്ങനെയരുൾചെയ്യുശേഷമായേവരും
അമ്മലയിലണഞ്ഞുവന്നൊരു വിശ്വസിച്ച സമൂഹത്തെ
അൻപിനോടുടൻ കൂട്ടിയൊന്നിച്ചു പിന്നെയും കുരിശടിയതിൽ
അണഞ്ഞുവന്ദനചെയ്യു വീണ്ടുമക്കുരിശടിയതിലേവരും
ആയവർകളെ ഒക്കെയും ബഹുഅൻപിനോടുടൻ മാതൃവും
ആദരിച്ചുനടന്നു തന്നുടെ കേതമാം സെഹിയോനതിൽ 154

## മാതൃദുഃഖം

അമ്മകന്നിയാജനത്തെയാശീർവ്വദിച്ചയച്ചുടൻ
അന്നവരു പൂർത്തിയോടുചേർന്നു തൻെറ കേതങ്ങൾ
എന്നതിൻെറ ശേഷമമ്മ സ്നേഹശിഷ്യനും സഹ
നന്ദിയോടുചേർന്നു മററു നാരികളോടൊത്തുടൻ 4
ഝടുതിയോടുചെന്നു സ്നേഹപുത്രനായ യോഹന്നാൻ
മടിയതൊക്കെ നീക്കിയമ്മ ചേരെയങ്ങണഞ്ഞയാൾ
അമ്മയോടുചൊല്ലി ദുഃഖരോദനസ്വരത്തിനാൽ
അമ്മയിന്നുരണ്ടതായി വാസരം നിൻ വദനമോ 8
യാവയൊന്നുമേ ഭുജിച്ചിടാതെ പാക്കൊരണാൽ
യാവ്യ[1]മായി വാച്ചതും[2] നിൻ ഗാത്രരക്ഷയാകണം
എന്നുചൊന്ന നേരമമ്മ ദീർഘശ്വാസമോടുടൻ
നന്ദിയായി യോഹന്നാനെപ്പാർത്തു ചൊല്ലിയീവിധം 12
ഗാത്രരക്ഷ നീ എനിക്കു സ്നേഹപുത്രനല്ലയോ?
പേർത്തനുഗ്രഹമെനിക്കു സ്നേഹജന്മയിപ്പതിൽ
പാർത്തുകണ്ടതിൻെറ ശേഷമെന്നിയെ അനാവശ്യം
പാർത്തുകൊൾസുഖം സഹോദരികളായവരുടെ 16
സാമ്യമാസഹായമൊക്കെ അന്വേഷിച്ചുകൊള്ളുക
സാദ്ധ്യമായതൊക്കെയും യഥോചിതം ത്വയാഗുരോ,
ആശീർവ്വാദമായിനിക്കണവദിക്കകേതമേ
ആശ്രുപൂക്കടെങ്ങിടട്ടെ ദാസിയെൻെറ സുസ്സുതോ....! 20
എന്നതുംചെയ്തതിൻശേഷം പുക്കുതന്നുടെമന്ദിരെ
അന്നുരാത്രി അതിൻെറ ഉള്ളതിൽ അമ്മ തന്നുടെ ദുഃഖമെ
ശത്രുസേനകൾ മദ്ധ്യേയങ്ങൊരു വീര്യശൂരരണാപതി
തത്രസംഭവിനാനിന്നു ദുഃഖമതിങ്കലേററമുറിവുകൾ 24
കേതമായതിൽ പുക്കു ശസ്ത്രമതിന്നുടുത്തുതുടങ്ങുമ്പോൾ
പാദകരഗളമക്ഷികക്ഷിയിതാദിയായി തൻദേഹത്തിൽ
പെട്ടകുണ്ടുകൾ വെട്ടുകുത്തുകളൊക്കെയുമിതുനേരമെ
സ്പഷ്ടമായറിഞ്ഞുകണ്ടു നൽനൊമ്പരങ്ങൾ തുടങ്ങുമോ! 28
എന്നതുവിധമമ്മ ഈ നിശതൻ മാനസനികേതത്തിൽ
ഒന്നടങ്ങിയിരുന്ന സമയമനുഭവിച്ചൊരുനൊമ്പരം
ഇത്ര പാപിയധികമൂഢനാമെൻെറ നാവിനാൽകാട്ടുവാൻ
തത്രവശഹീനമെങ്കിലുമമ്മദാഹമാകയാലാശിച്ചേൻ 32

---
1 യാവ്യം - ക്ഷണം (യാവന) 2 വാച്ചതും - വല്ലതും.

ഇങ്ങനെയമ്മ മന്ദിരത്തിന്റെ ഉള്ളതിൽ പുക്കനേരമെ
അങ്ങതിന്നുടെ മദ്ധ്യേ തൂങ്ങുന്ന വെട്ടമുള്ള വിളക്കിനെ
കണ്ടതുക്ഷണമമ്മ തന്നുടെ ദുഃഖകാഴ്ചതുടക്കമായ്
ഇണ്ടലേററമതുള്ളിൽ കൊണ്ടതി ദുഃഖമായിതു രോദനാൽ 36

എന്റെ കണ്ണിനു വെട്ടമായതുമെന്റെ സ്നേഹവും ജീവനും
എന്റെ ചങ്കിനിളക്കമായതുമെന്റെ പുത്രനതല്ലയോ
ജീവനകലുന്ന ദേഹമെങ്ങനെ ചീഞ്ഞിടാതെയിരിക്കുമോ
ജീവനുമമ ജീവനായതും നിൻതിരുസ്നേഹമല്ലയൊ 40

എത്രയേറിയ ദാഹമോടു ഞാൻ രത്നതിരുമുഖശോഭയെ
തത്രചാരെയണഞ്ഞു കാണ്മതിന്നെത്രയാഗ്രഹമായിഞാൻ
അമ്മതന്നുടെ യുദരനാടതിലൻപിനോടു വസിക്കയിൽ
അന്നുതൊട്ടുഞാനെത്ര പ്രാർത്ഥന നിൻതിരുമുമ്പിൽ വച്ചിതെ 44

പള്ളിതന്നുടെയുള്ളിൽ ഞാനിരുന്നമ്പിനോടു ഭജിക്കയിൽ
തെല്ലുനേരവുമിടവിടാതെ ഞാൻ നിന്റെ വരവിനെയാശിച്ചേൻ
പാപമരണമൊഴിപ്പതിന്നുനീ ലോകരക്ഷക വന്നിടും
പരമനായികയായ ഒരു സ്ത്രീ നിന്നെപ്പെററു വളർത്തിടും 48

അന്നു ഞാനാ അമ്മ തന്നുടെ ചേടി[1] യായി കുഞ്ഞിനെ
അമ്പൊടന്നു ഞാനാദരിച്ചു തൻ പാദപങ്കജം മുത്തിടും
എന്നിതു വിധമാഗ്രഹിച്ചു കൊതിച്ചിരുന്നതു നേരമേ
നിന്റെ കരുണയധികരിച്ചു നീ പാർത്തിതെന്നുടെ താഴ്ചയെ 52

യാത്രയാക്കി അയച്ചു നിന്നുടെ ഭൃത്യനാം ഗൗറിയേലിനെ
തത്രയാളെന്നെപ്പാർത്തു സ്ത്രീകളിൽ ആര്യ ഞാനെന്നരുളിയേ
ഇന്നിതാ അഹം സ്ത്രീകളൊക്കെയിലെത്രയും മഹാദുഃഖിത
നന്ദനേ മമ കൺകളെങ്ങനെ ഇന്നിശയിലടച്ചിടും 56

നവമാസങ്ങളിൽ ഞാൻ ചുമന്നതിലൊരു ദിനത്തിന്റെ
കാഴ്ചയെ
നയനസലിലമൊഴുക്കി ഞാനിഹ പ്രാർത്ഥിക്കാതെ
യിരുന്നിതോ
നിന്റെ പാലന താതനൻപൊടു ബേത്ത്ലഹമ്മിനു
യാത്രയായ്
തന്റെ യാത്രയതിന്നകത്തു ഞാനാസ്സമാക്കി[2]നിചോളവും 60

അൻപോടെന്നുടെ പുണ്യനാമിയാളന്വേഷിച്ചു പ്രസൂനങ്ങൾ
ഇമ്പമോടതുമാററി നിന്നുടെ തുയിലു[3]ഞാനർച്ചിച്ചിതെ
അമ്മല വഴിയാത്രയെകിലുമിമ്മലഹീന വസ്ത്രവും
അമ്മ ഞാനതി സൂക്ഷമായ് ചുമന്നങ്ങണച്ചിതുബേലഹേം 64

1 ചേടി—പരിചാരിക 2 ആസ്സമാക്കി—ഒരുക്കി 3 തുയില്—വസ്ത്രം

എത്രയും ശുദ്ധമേറെയുള്ള നിൻ കൊച്ചുഗാത്രം പുതച്ചുവാൻ
എത്രയുമധികാശയോടു ഞാൻ പാർത്തിരുന്നതു കാലമെ
ഇന്നിതെന്നുടെ സ്നേഹപുത്രന്റെ ശുദ്ധ ദേഹമെവിടെയായ്
ഇന്നിശ ഞാനകന്നിരിക്കുന്നതെത്രയോ യതിദുഃഖമെ

നിന്നെയൊൻപതുമാസവും ചുമന്നൻപൊടെന്നുടെകയ്യതിൽ
സുന്ദര തിരുമേനി കണ്ടൊരുനാൾവരെയൊരുനിമിഷവും
തന്നിനിക്കില്ല നീയതൊക്കെയും ഇന്നിശയ്ക്കുതുവച്ചിതോ
നന്നിനിക്കിതു സ്നേഹമേ, സുത നിന്റെ മനസ്സിതു ദാസികൾ

അന്നു രാത്രിയിൽ നിന്നെക്കണ്ടു ഞാൻ മുത്തിനിന്നുടെ പാദങ്ങൾ
നന്ദിയോടെന്റെ ദൈവം നീയെന്നും പിന്നെ നിന്റെ തിരുക്കരം
രാജമഹിമയിലേററമുള്ളവൻ നീ ഗുരുശ്രേഷ്ഠനെന്നു താൻ
രാജിത സ്നേഹമേറിയ മമ സുതനുമെന്നൊരുദാഹമായ്

മുത്തി നിന്നുടെ രത്നമാണിക്കകൺമണീ മമ മുഖമയ്യോ
ഇത്തിരുമുഖമിന്നി ഞാനെന്റെ നയനകാഴ്ചയിതെപ്പഴോ
എട്ടുനാളിനുശേഷം നിന്നുടെ വൃത്തഛേദനമാകുവാൻ
പട്ടമുള്ളൊരു പുരുഷൻ വന്നുചൊല്ലിയെന്നോടിതും ദുഃഖം

അമ്മ ഞാനതു കാരണാലെന്റെ കയ്യതിൽനിന്നു പുത്രനെ
ഇമ്മഹാദുഃഖം കണ്ടിടേണ്ടു നീ ശുശ്രൂഷി കൈയിലേല്പിക്ക
എന്നതു നേരമെന്റെയാഗ്രഹം നയമതോടെയുണർത്തി ഞാൻ
അന്നയാളതു സമ്മതിച്ചു ഞാൻ കണ്ടു നിന്നുടെ അച്ചാരം

എന്നയെന്നുടെ കണ്ണിതയ്യോ ഇന്നലെ പകലൊക്കെയും
എന്തു കണ്ടെന്റെ കൺകളേ നിങ്ങളെന്നൊടൊക്കെ വദികണം
തന്നതായുമെൻ പുണ്യപുരുഷനുമിപ്പോൾ നീയുമകന്നിതേ
വീണ്ടുചതുർദ്ദശവാസരത്തിൽ ഞാനൻപൊടമ്മഹാമന്ദിരെ

കൊണ്ടുപോയ് പിതൃവർച്ചനയായി നിന്നെ വച്ചു ഞാനമ്പോടെ
അന്നുമെന്നുടെ ശ്രോത്രമായതിൽ വീണ നിൻ ഗുരുനാവിനാൽ
നന്ദന പ്രേമമേനിനക്കു ഭവിക്കുമെന്നുള്ള വാക്കിനാൽ
അമ്മയായയെനിക്കുമെന്നുടെ ചങ്കിനുള്ളതിൽ വാൾമുന

ഇമ്മഹാമതിഗുഢമൊക്കയും വെട്ടമാകുവാനേൽക്കുമെ
എന്നതന്നെയുമല്ല യിസ്രായേൽ വീഴ്ചക്കും പലർ രക്ഷയ്ക്കും
നന്ദനൻ നീ കല്ലായിടും പലർ മുട്ടിനിന്നിലുതച്ചിടും
എന്നതിരുമൊഴിയെങ്കിലും മമ സ്നേഹമേ സുത ദാസിയാൽ

നന്ദിയേകി യിസ്രായേൽ തന്നുടെ സംശയങ്ങളെ തീർക്കുക
നിന്നെ അമ്പൊടുപെററ കൊട്ടിലിൽ നിന്നു ഞാൻ പിരിഞ്ഞപ്പുഴെ
മന്നിലിസ്ഥലം തന്നിൽ യാതൊരു ജന്തുവണ്ണ്യതെന്നതാൽ
വൻപനായൊരു വാനവനെ ഞാൻ കാവലാക്കിയ തിൻ ദൃഢം

ഒമ്പതു ഗണം കുമ്പിടും മമ സുതാനീയിപ്പോളെവിടെയായ്?
മന്ദിരമതിലർച്ചനചെയ്തു നവദിനസ്തുതി ചെയ്യുവാൻ
ഒന്നിച്ചെന്നുടെ പുണ്യനോടു ഞാൻ ചിലദിനം തികച്ചീടുമ്പോഴം
അന്നു രാത്രിമുഖം തുടങ്ങിയ നേരം നിന്നുടെ ദൂതനാൽ

നന്ദനപ്രിയനായ പുണ്യനു കാട്ടി ദുഷ്ടവിചാരണ
എന്നരായിരും മദ്ധ്യേ നിന്നെ ഞാൻ കയ്യിലമ്പൊടു ചേർത്തയ്യോ
സുന്ദരാ നിന്നെ ശത്രു കയ്യതിൽനിന്നുരക്ഷണ ചെയ്യുവാൻ
അന്നു ഞാൻ നിന്നെ തഴുകിയമ്പൊടു രാവതൊക്കെ നടന്നിതേ

ഇന്നു രാവിതിൽ നിന്നെയെന്നുടെ കണ്ണിൽ കാണ്മതില്ലയ്യോ
മുന്നം നിന്നുടെ പിതൃജനമതിൽ സഞ്ചരിച്ച എജിപ്തതിൽ
ചെന്നു ചേർന്നു ഹെലിയോപ്പോലതിൽ നഗരവാസിയുമായി ഞാൻ
അന്നവിടെ നിൻ സുന്ദരാ തിരുമേനി മൂടുവാനാടയെ

നന്ദനാ! നിൻെറ അമ്മയായ ഞാൻ നെയ്തിതെന്നുടെ കൈകളാൽ
മെച്ചമായ നിൻ കൊച്ചു സുന്ദരമേനിമാനമതാകുവാൻ
ഇച്ഛയോടു ഞാൻ വച്ചുംവസ്ത്രവും മെച്ചമായൊരു ളോവയും
ഇച്ഛയുള്ളതതായി നിന്നൊടുകൂടെ ആടവളർന്നതും

ഇച്ഛരിച്ചിന്നലെ സേന പങ്കു പകുത്തനേരംവരെയിതേ
ഇമ്പമോടുടുക്കാൻ തുയിലാക്കി നിനയ്ക്കുമെന്നതു മിന്നലെ
ഇമ്പമായവർ നീക്കിയെങ്കിലും മുമ്പിൽ വച്ചതു നിങ്കലെ
അന്നു നിന്നുടെ പാദമീട്ടവിചേപ്പതിനുള്ള കാലമെ

നന്ദിയോടു നിനക്കു ചേർത്തു ഞാൻ തുല്യകൊണ്ടുള്ള പാദുകം
അന്നു നീയടിയാട്ടിയോടുരചെയ്തു നിന്നുടെ മുപ്പതിൽ
നന്ദന പ്രേമമായി മർത്യരെ ചേർക്കുമെന്ന കാലംവരെ
ഇന്നു നിന്നുടെ യിഷ്ടമെന്നപോൽ വച്ച പാദമിരിക്കട്ടെ

എന്നു നിന്നുടെ കല്പനാ സമം നിൻെറ പാദങ്ങൾന്യസ്ത[1]മെ
കാട്ടിലും മലമേട്ടിലും കരിങ്കല്ലിലും ചൊരിമണലിലും
കോട്ടമെന്നിയെ നീ നടന്നയ്യോ എത്ര നേത്ത്ുള്ള കാൽകളാൽ
നാഥനേ! തവദാസി മമ ബഹുപാതകങ്ങളതൊക്കയും 128

നാസ്തിയാക്കിയരുളേണമേ തവ പാദമതിനുടെ ശക്തിയാൽ
അന്യനാടതിൽ നിൻെറ പാലനാ പരിചയം വിന
എന്നതാൽ
അന്നെനിക്കു നിനക്കുമുള്ളൊരു ജീവസങ്കടമെത്രയൊ?
വീണ്ടു നിന്നുടെ ചിത്തമെന്നപോൽ നസ്രസിന്നുടെ
തിരിവതിൽ 132

ആണ്ടിരുന്ന നൃപസ്സുതന്നുടെ ഓർമ്മയാലതിദുഃഖമായ്
പന്തിരുവയസ്സായ നാളതിൻ മൂന്നു വാസരമായ്മറ–
ഞ്ഞന്തരാ അടിയാൾ മനമതിൽ സംഭവിച്ചതും കണ്ടു നീ
പുണ്യപൂരുഷനന്തരിച്ചതിൻശേഷമായ് മമ മന്ദിരെ 136

ഉണ്ണി നിന്നുടെ സന്നിധാനമിടവിടാതെ പുണർന്നു ഞാൻ
പിന്നെ നിന്നുടെ ജ്ഞാനസ്നാനമതിന്നു സമയമടുത്തുടൻ
എന്നെ അൻപൊടു തഴുകി നിന്നുടെ നെഞ്ചിനോടുമണച്ചയ്യോ
ഇന്നു ഞാനിത നിന്നെ അങ്ങുവച്ചെങ്ങനെയിതു രാത്രിയിൽ 140

വന്നെനിക്കു സഹായമാകുവാനരുതുള്ള മമ സുതാ
പിന്നെ നിന്നുടെയൻപതിനാലെയഞ്ചു ശിഷ്യരുമായി നീ
എന്നെ വന്നു കാൺമതിനണഞ്ഞു നീയന്നുമാമക മന്ദിരേ
അൻപിനോടു ഞാൻ ദാസി നിന്നുടെ പാദതാരതിൽ
മുത്തിണാൾ 144

(മട്ടുമാറി)

മുൻപിനാലെതന്നെനിക്കനിൻെറ ശുദ്ധസ്നാനവും
എന്നതിന്നു നിൻെറ ദൈവശക്തിയും സുസ്നേഹവും
അന്നെനിക്കു കാട്ടുവാൻ നീയിഷ്ടമായി ദാസ യിൽ
മുക്തി നിൻെറ ശുദ്ധമുള്ള കൈകളാലെ ദാസിയെ 148

ശക്തിയുള്ള എൻെറ സ്നേഹപുത്രിയെന്നു ബാവയും
ഇവരെ ഞാൻ തിരഞ്ഞെടുത്തതെൻെറ കാരണമൊക്കെയിൽ
ഇവരെനിക്കു ദാസ്യമെന്നു എൻെറ അമ്മ എന്നു നീ
ആയിരത്തിൽ നിന്നു ഞാൻ തിരിഞ്ഞെടുത്ത മഹിഷിസാ[2] 152

ആയുരാദി ശുദ്ധിദാന സ്നേഹദൈവപുണ്യവും തഥാ
അപ്രകാരമന്നു നീയുയർത്തി എന്നെ മൽസുതാ

---

1 ന്യസ്തം—വയ്ക്കപ്പെട്ടത്   2 മഹിഷിസാ—ഇവൾ രാജ്ഞി

ഇപ്രകാരമിന്നു ഞാനകന്നുപോയതെങ്ങനെ?
നരകുലത്തിനായ നിന്റെ സ്വന്തവേലയൊക്കെയിൽ 156

പരജനത്തിനായി ദാസി നിന്റെ പിൻചരിക്കുവാൻ
നിന്റെ യിഷ്ടമെന്നറിഞ്ഞഹംതെളിഞ്ഞു ചേർന്നിതെ
എന്റെയിഷ്ടമൊക്കെയും സുതാ നിനയ്ക്കുന്നസ്സമേ
മമ സുതന്റെ മരണ പകരമായി ദാസി ജീവനെ 160

പരമനീതി ശരിയിതല്ലയെന്നു ദാസി സമ്മതം
മൂന്നു സമകളിൽ നിന്റെ പിൻപേ ഞാൻ നടന്നു സാദരം
അന്നവരുടെ അൻപിനാലെ നിനക്കയാവന നോക്കി ഞാൻ
ഇന്നു നിന്നുടെ ദാസിയെന്നെ അകത്തിവച്ചു നീ പോയതാൽ 164

നന്ദികേടെന്നിലെന്തു കണ്ടു നീ കണ്മണീ! മമ പ്രേമമെ!
ഇന്നലെയിത്തു നേരമെന്നതിനൻപതേറിയ കരുണയെ
തന്നു നീ സ്നേഹചിഹ്നമായ് ഞങ്ങൾ നിന്നിൽനിന്ന
കലായുവാൻ
എന്നതിന്നുടെ ശേഷവും മമ സ്നേഹമെ! നിന്നെ ഏവരും 168

നന്ദിഹീനതകാട്ടി വിട്ടുപിരിഞ്ഞുപോയതിതെന്തയ്യോ?
എങ്കിലും ശിഷ്യർ മരണഭീതിയാൽ കൈവിടെന്നുനിനച്ചിടാം
ശങ്കഹീനമായുള്ള കരണം[1]മീയൂദാസ് ചെയ്തിതെന്തയ്യയ്യോ?
പങ്കമായൊരു വെള്ളിയിലതിസ്നേഹമായവനുള്ളതോ 172

ചങ്കിലും മമ ഭാവമെങ്കിലോ വിററിടാഞ്ഞിതു ദാസിയെ
പൊൻമണീ മണിമാണിക്യങ്ങളമൊൻപതുവകരത്നവും
അൻപനെന്നുടെ സ്നേഹമേ, നിന്റെ വാക്കിനാലുളവാക്കിയേ
ഇത്ര നിന്ദിതനെന്നപോലവൻ വിററതിന്നെന്തു കാരണം 176

തത്രസംഭവിയാഞ്ഞതെന്തിതു ശത്രുവെന്നവനോർത്തിതൊ
സ്നേഹമാതൃവെ! നിന്റെ പുത്രനെ മുപ്പതിന്നവൻ വിററതെ
പ്രേമശ്ശൂന്യയായ വസ്തുവാലെത്രയുഴമായ് വിററഹം.
നിന്റെ സ്നേഹിതനെന്നവൻ ചതികാട്ടി മുത്തിനാ
ലൊററു നാൻ 180

എന്റെ സ്നേഹിതനിന്നിതിന്നായി വന്നിതോ എന്ന
ശിക്ഷയൊ?
എങ്കിലും നിന്റെയൻപിനാലവനെന്റെ പക്കലെണഞ്ഞെങ്കിൽ
ശങ്കകെട്ടവനോടു നീ ദയ ചെയ്തതിന്നുമഭീഷ്ടമായ്
ഇങ്ങനെയുള്ള നിൻ മനോദുഃഖമെന്നിയെ നിന്റെ പുത്രനിൽ 184

1 കരണം—പ്രവൃത്തി

ഇന്നലെപ്പകൽ കണ്ടതാൻ നിൻെറ മനമതിൽപുക്കവോരംമുന
ക്കെയ്യം തവദാസി1യാം മമ നാവിനാൽ പറഞ്ഞൊപ്പിപ്പാൻ
ഒക്കെയിൽ മഹാമൂഢബുദ്ധി അഹം ഇതിൽ മതിയായിടാ
തദ്ഹേതുവതിനാൽ നിറുത്തി, നിൻ ദാസിയിൽ
തവ ആശ്രയം.
തമ്പുരങ്ങളും തന്നീടണമുണർത്തുവാൻ ശനിവാസരെ
സൂര്യോദയമതിന്നുമുൻപങ്ങണഞ്ഞു സ്നേഹസുതൻ ജൂവാൻ
സൂര്യദേവജനനിയെക്കണ്ടു വാഴ്വാങ്ങിയശേഷമായ്
ശിഷ്യജനമതിൽ ശ്രേഷ്ഠനാകിയ കേപ്പതന്നെവരുത്തുവാൻ
ശിഷ്ടനാഥയിൻ കല്പിതം കേട്ടുയാത്രയായി തിരക്കവാൻ
വെട്ടമായൊരു നേരമൻപൊടുചേരെ2 കണ്ടിതുപേത്രുവെ3
തട്ടുകെട്ടു കരഞ്ഞു മണ്ണിലിരുന്നു രാവത്മുഴുവനും
ഇങ്ങനെ തൻെറ സ്നേഹശ്രേഷ്ഠനെക്കണ്ടുനേരമൻ പിനാൽ
അങ്ങു ചെല്ലുവാൻ അമ്മ കല്പനഖേദമൊക്കെ നീ നീക്കുക
ചഞ്ചലിച്ചു ചലിക്കവേണ്ടഹോ അമ്മ എത്ര ദയാനിധി
ചഞ്ചലംവിനാ ദൈവപുത്രൻെറ അമ്മയേകരുണാംബുധി
കേട്ടടൻ കേപ്പ ദുഃഖമൊക്കെ അകററിയെങ്കിലും ദുർബ്ബലൻ
കൂട്ടനോടു നടന്നുമെല്ലവെ ലജ്ജയെത്രയും ശക്തിയും
എങ്ങനെയെൻെറ അമ്മ തന്നുടെ തിരുമുഖത്തിനെ നോക്കുവാൻ
മംഗലൻ തൻെറ അൻപുപെരികിയ പുത്രനെഅഹം വിട്ടയ്യോ
എത്ര ശക്തി ഉറപ്പുകാട്ടി ഞാനേവരും കേരംക്കയിന്നലെ
ശത്രുവിൻ ക്രോധമെങ്കിലുമഹം വിട്ടുമാറുകില്ലങ്ങയെ
എന്നു തന്നുടെ തിരുസമൂഹമിരുന്നു ചൊന്നതു ഞാനിതൊ
വന്നശത്രു പിടിച്ച നേരമിതെൻെറ ശക്തിക്ഷയിച്ചയ്യോ
വിട്ടുതന്നെയുപേക്ഷചെയ്തു ഞാനിത്ര മൂഢനിതായയ്യോ?
പൊട്ടനാരിയിൻ വാക്കുകേട്ടു ഞാൻ രക്ഷനാഥനെ വിട്ടയ്യോ
ഇങ്ങനെയുള്ള ദുഃഖരോദനാൽ വന്നണഞ്ഞു സേനാക്കളിൽ
തിങ്ങിന ദുഃഖമോടു വാതിൽ കടപ്പതിന്നു മഹാപണി
ജ്യാനി4തന്നുടെ വാക്കുകേട്ടു നിറുത്തി ദുഃഖമതൊക്കെയും
ജ്വലന ദുഃഖിതരായ ശിഷ്യരെയൊക്കെയുംകൂട്ടി അക്ഷണെ
അങ്ങടുത്തതു നേരമമ്പൊടു പുക്കമുമ്പനായ് കേപ്പയും
മംഗലപ്രേമ ദുഃഖരഞ്ജിത അമ്മ തന്നുടെ സന്നിധെ
പുക്കടുത്തതു നേരമൻപൊടു ശിഷ്യരൊക്കയും നില്ക്കവെ

---

1 ദാസി—ദാസൻ എന്നയർത്ഥത്തിലാണ്. 2 ചേരെ—അടുത്തു്
3 പേത്രു—പത്രോസ് (കേപ്പാ) 4 ജ്യാനി—ജോൺ (യോഹന്നാൻ, ജൂവാൻ എന്നതും ഈ അർത്ഥത്തിലാണ്)

പൊക്കഗെം ഗദമായ വാക്കിനാൽ കുററപിഴകളിരങ്ങിയാം
കുററംചെയ്തു പിഴച്ചഹം മമ ദൈവഗുരുവിൻെറ സന്നിധൗ
ഏററമായ് ബഹുനന്ദികേട്ട ഞാൻ അമ്മ മുൻപിലും ചെയ്തയ്യോ
ഇത്രയൊക്കെ ഉരച്ചതെന്നിയെ മററുയാവ[1] ഉണത്തുവാൻ 220

തത്ര വശഹീന നിർജീവനായി വാക്കുതുംമുട്ടി തൽക്ഷണെ
താണ്മ[2]യേറിയ അമ്മയപ്പൊഴെ മുട്ടുകുത്തി വിനയമായ്
വെണ്മയോടരുളി കേപ്പയെ തൻെറ വീഴ്ചയിൻ പൊ
റുതികിട്ടുവാൻ
എൻെറ സ്നേഹസുതനുമാം തഥാ നിങ്ങൾക്കൻപുടമംഗ്ഗുരു 224

തൻെറ ദയയുടെ കരുണയാൽ പൊറുത്തീടുവാൻ
പ്രാത്ഥിച്ചീടുനാം
എന്നരുൾചെയ്ത നേരമൊരുവനു പിൻപതായിമറേറവരും
വന്നണഞ്ഞുടൻ പൊറുതിദു:ഖമായ് വീണപേക്ഷിച്ചു
ശിഷ്യരും
എത്രയും വിവേകമുള്ള അമ്മയപ്പൊളതുവരെ 228

തത്രയങ്ങുയത്തി നൽകി പൊറുതിയും സ്വാശ്രയയെ
സോപ്പി[3]ൽ വച്ചു വേർപിരിഞ്ഞശേഷമുള്ളതൊക്കെയും
സ്തോത്രം ചെയ്തുചൊല്ലി അമ്മ കേട്ടതൊക്കെയും ദൃഢം
പുത്ര ദു:ഖ സവ്വ്വും അതിങ്കലുള്ളതൊക്കെയും 232

പുത്രദേഹി പാതാളത്തിലെത്തി എന്ന സവ്വ്വും
അമ്മയങ്ങരുപിയാലറിഞ്ഞു വാത്തതെങ്കിലും
ഒന്മയോടു ശിഷ്യവാത്ത ഒക്കെയും ചെവിക്കൊണ്ടു
അമ്മയങ്ങനന്തരം വിടാതെ തൻെറ ധ്യാനത്തെ
അന്തരംഗമായ് ശനിദിനത്തിലടങ്ങിയാം 237

1 യാവ—യാതൊന്നും 2 താണ്മ—താഴ്മ (വിനയം)
3 സോപ്പ—തിരുശരീരം മറവുചെയ്ത തോട്ടം, തോപ്പ്.

# X

മനുഷ്യപുത്രന്റെ പുനരുത്ഥാനം, മാതൃസന്ദർശനം, സ്വർഗ്ഗാരോഹണം തുടങ്ങിയ സംഭവവിവരണങ്ങളാണ് തുടക്കത്തിൽ. പിന്നീട് സെഹിയോനിലെ പരിശുദ്ധാത്മാഗമനം, തിരുസ്സഭാസ്മാരക വികാസസംരംഭങ്ങൾ സാവോൾ മാനസാന്തരം, മേഘമാർഗ്ഗേണയുള്ള മാതാവിന്റെ യാത്രകൾ, യാക്കോബിന്റെ രക്തസാക്ഷിത്വത്തിൽ മാതാവിന്റെ സാന്നിദ്ധ്യം, ഡയാനാദേവീക്ഷേത്രത്തിലെ ദുസ്തടപടികൾ അവസാനിപ്പിച്ചതും അബലാലയം സ്ഥാപിച്ചതും, മാതാവിന്റെ സാന്നിദ്ധ്യത്തിൽ ജറൂസലം സമ്മേളനം നടന്നതും ഈ കാണ്ഡത്തിൽ പ്രതിപാദിച്ചിരിക്കുന്നു.

ഇങ്ങനെ ത്രിലോകത്തിൻ രാജ്ഞിയാമ്മഹാനാഥ
മംഗലപ്പുത്രദുഃഖാൽ നാല്പതുനാണി കേണു
സൂര്യവാസരേ[1] ഉഷസ്സമയെനാഥൻ താനും
സൂര്യനെത്തോല്പിച്ചീടും പ്രഭയാൽ താനും തന്റെ

സേനകൾ മാലാഖാമാർ പാതാളേഭജിച്ചൊരു
സേനയാം ബാവാന്മാരാം പുണ്യാത്മസമൂഹവും
ഇങ്ങനെ ചെന്നനേരം സെപ്പുൾക്രൂ[2]തന്നിൽ നാഥ
അന്നങ്ങു നിറുത്തിയ കാവലാം മാലാഖമാർ

പിന്നെയും അമ്മ ചൊൽപോൽ വാനവർ തന്റെ പുത്ര
സുന്ദരതിരുമേനി തന്നിൽനിന്നൊഴുകിയ
ക്ഷതജത്തുള്ളികളാക്കല്ലിലും മറ്റുംനിന്നും
ക്ഷതത്തിൽനിന്നു തെറിച്ചുള്ളൊരു മാംസത്തുണ്ടും

ഒക്കെയും കൂട്ടീടുവാൻ കല്പിച്ച വണ്ണമവർ
ഭക്തിയാശ്ശുദ്ധമേറും റെലീക്കാ[3]യത്തുമായി
കൂടിനിന്നതു നേരം നാഥനും ബാവാന്മാരും
കൂടെയങ്ങെഴുന്നെള്ളിക്കാട്ടിതൻ ദേഹക്ഷതം

ഒക്കെയും കണ്ടു പിതാമഹന്മാർ യോക്യൻ[4] മൂസെ
തക്ക സ്നേഹത്തോടുടൻ അമ്മയിൻ അമ്മാദിയായ്
എന്നതിൻശേഷം ദേവദൂതൻ തൻ ചിത്തംയഥാ
ഒന്നിച്ചുടനേ ശുദ്ധദേഹത്തിൽ മാംസാദികൾ

പുക്കടനതിൽ തന്റെ ദേഹി ദൈവശക്തിയാൽ
വെക്കമായ് അതു മൃത്യുഹീനാദി വരങ്ങളും
എത്രയും മഹാശോഭാശക്തിയും കൊടുത്തതിൽ
തത്രമർത്ത്യക്ഷമിതു സംബന്ധമത്തുമാക്കി

---

1 സൂര്യവാസരം—ഞായറാഴ്ച 2 സെപ്പുൾക്രൂ—കല്ലറ 3 റെലീക്കാ—തിരുശേഷിപ്പ് (ഇററാലിയൻ) 4 യോക്യൻ—യോവാക്കിം.

എത്രയുമുചിതമായിതിനെ ഉറപ്പിപ്പാൻ
തത്രവച്ചിട്ടും ചില പുണ്യവാന്മാർക്കും നൽകി
ഇതിനാൽ അതിൽ ചിലർ സ്വദേഹത്തോടുംകൂടി
ഉദിതസൂര്യസമം ഉയിർത്തങ്ങവരുമായ് 28

ഒന്നിച്ചു പുറപ്പെട്ട മന്ദിരേ മാതാപകൽ
നന്ദിയാൽ ദാഹിച്ചങ്ങു പാർത്തിരുന്നൊരു നാഥാ
പുത്രൻെറ തിരുമുഖം കണ്ടതു നേരത്തിങ്കൽ
എത്രയുമെളിമയാൽ സാഷ്ടാംഗം ചെയ്തവരെ 32

സ്നേഹപുത്രനുമുടൻ അണഞ്ഞു മാതാപകൽ
സ്നേഹത്താൽ ഉയർത്തിയങ്ങണച്ചു തങ്കൽ അമ്മെ
അപ്പൊഴുതണഞ്ഞൊരു നിക്ഷേപത്തെളിവിനാൽ
നിശ്ചയം ശക്തിഹീനം പ്രത്യക്ഷം ചെയ്തില്ലെങ്കിൽ 36

ഈനേരമതിലശരീരിയാം സ്വരം കേട്ട
സ്നേഹിതെ കരേറുക മേല്പോട്ടെന്നതു നേരം
ഈശ്വരശക്തിവശാൽ നാഥയും പകർന്നുടൻ
ഈശ്വരത്വത്തിൻ കാഴ്ച രസിച്ചു മഹാമോദാൽ 40

ഈ വിധം കറഞ്ഞൊരു നേരമായ്പ്പാർത്തുമൂലം
എവ്വിധം സൃഷ്ടിപ്പിന്നു നൽകുവാൻ വശംതഥാ
ദൈവദാനങ്ങളായ വരങ്ങൾ ബഹുവിധം
ദൈവപുത്രനുമപ്പോൾ നൽകിതൻ മാതാവിന്നായ് 44

എന്നതിൻശേഷം അമ്മതന്നുടെ പിതൃക്കളും
നന്ദിയേറീടും തൻെറ പുണ്യഭർത്താവും സ്നാനൻ1
ഇങ്ങനെയുള്ള പുണ്യശ്രേഷ്ഠന്മാരോടുകൂടി
മംഗലവാർത്ത ചൊല്ലിത്തോഷിപ്പാൻ2നുവാദം 48

കണ്ടുടനറിഞ്ഞു മുൻപാദിയാം ജനകരെ
കണ്ടുതോഷിച്ചു വീണ്ടും അമ്മ അന്നായും യോക്ക്യേൻ
സ്നേഹമേറീടും മണവാളനാം യൗസേപ്പിതാ
സ്നേഹമായ്പ്പാലിച്ചെന്ന മാംദാനായുമായിന്ന 52

പ്രിയരഞ്ജനാൽ മോദം മനസ്സിന്നിഷ്ടം യഥാ
പ്രതി പ്രേമമാൽ3 പ്രശ്നം നാല്പതുദിനംവരെ
ഇതിനുള്ളതിൽ നാഥൻതന്നുടെ ഉത്ഥാനത്തെ4
ഉദിതം യഥാ കാട്ടി ഉറപ്പു ദത്തം സവ്വം 56

ഈ ചതുർദ്ദശദിനേ മരിക്കും പുണ്യാത്മങ്ങൾ
ഇച്ഛയേറിയ മോക്ഷെ നാഥനെക്കാണുംവണ്ണം

---

1 സ്നാനൻ—യോഹന്നാൻ മാംദാന 2 തോഷിപ്പാൻ—സന്തോഷിക്കുവാൻ. 3 പ്രേമമാൽ—പ്രേമത്താൽ 4 ഉത്ഥാനം—ഉയിർപ്പ്

എന്നപോൽ സെഹ്യോനെന്ന മന്ദിരമതിൽ തന്നെ
ചെന്നു പൂകുന്ന ആത്മമെന്നതിൽ പരിഹാരാൽ

രക്ഷനാഥന്റെ കാഴ്ചയ്ക്കന്യരായീടുന്നോരും
രക്ഷനാഥയാം അമ്മതന്നുടെ അപേക്ഷയാൽ
ആയവർക്കുള്ള പരിഹാരവും തീർത്തുനാഥൻ
ആയതിൽത്തന്നെ മോക്ഷകാഴ്ചയും കൊടുത്തീടും

പിന്നെയുമൊരുദിനേ അമ്മതൻ ധ്യാനസ്ഥലെ
മിന്നുന്ന മഹാകാഴ്ചകണ്ടിതു മഹാശ്ചര്യം
നിത്യനാം പിതാവും തൻ സ്നേഹറൂഹായും ശുദ്ധൻ
സത്യാവതാരംചെയ്ത പുത്രനും ത്രിത്വമായി

പുത്രന്റെ കരേററത്തിൻ സമീപമായ മൂലാൽ
തത്രയങ്ങെഴുന്നള്ളിയൊക്കെയും കല്പിപ്പാനായ്
വിസ്മയക്കാഴ്ചയിതു കണ്ടതുനേരം അമ്മ
വിസ്മയ എളിമയാൽ മൂലയിൽ സാഷ്ടാംഗമായ്

വീണുടൻ കമ്പിട്ടമ്മ ഭീതിപോൽ മുഖം ധരെ
വീണു താഴ്ത്തിക്കൊണ്ടമ്മ വന്ദിച്ചു മഹാഭക്ത്യാൽ
അന്നേരം നിത്യപിതാ കല്പിച്ചു ദൂതന്മാരും
സന്നിധൗ സിംഹാസനേ ചേർപ്പിപ്പാൻ മാതാവിനെ

കേട്ടുടൻ സ്വരം മുൻപിൽ കേട്ടതുപോലെതന്നെ
കേട്ടിതു സ്നേഹതായെ മേല്പോട്ടു കരേററുക
അപ്പൊഴുതമ്മ ശുദ്ധസന്നിധിയണഞ്ഞുടൻ
തല്പരൻ ദൈവപിതാ കല്പിച്ചു മകളെ നിൻ

പുത്രനാം മമസുതൻ ഭൂലോകമതിലിപ്പോൾ
പുത്തനായ് സ്ഥാപിച്ചൊരു പള്ളിയാം വിശ്വാസികൾ
നിന്നുടെ അനുകൂലാൽ വളർന്നു പെരുകുവാൻ
നിന്നുടെയാശ്രയത്തിൽവച്ചു നാമേൽപ്പിക്കുന്നു.

അപ്പൊഴുതുടൻ ശുദ്ധ റൂഹാദക്കുദശാ തൻ
ചൊല്ലപ്പെട്ട ദാനം ബുദ്ധിശക്തിയും ദാനംചെയ്തു
സ്നേഹമേറീടും സുതൻ തന്നുടെയിടമതായ്
സ്നേഹപത്നിയാം പള്ളി അമ്മയെ ഭരമാക്കി

കേട്ടുടൻ മാലാഖമാർ കൂട്ടമായവർക്കുള്ള
കോട്ടമെന്നിയെ രാജ്ഞിയെന്നവർ കാട്ടിയുടൻ
സൃഷ്ടിപ്പിൻ രാജ്യം ശുദ്ധപള്ളിക്കു സദാകാലം
കൂടസ്ഥൻ മാതാ പാപവാളക്കു[1] സങ്കേതവും

1 പാപവാളർ—പാപികൾ

ഇങ്ങനെയുള്ള സ്ഥാനയോഗ്യതയൊക്കെത്തന്റെ
മംഗലമകനാക്കായിക്കല്പിച്ചു ദൈവപ്പിതാ
വീണ്ടുതൻ പുത്രൻ മോക്ഷാരോഹണ ദിനത്തിങ്കൽ
കണ്ടുതൻ മാതാവിന്നും ശതവിംശതിക്ഷമായ്[1] ! 96

എന്നതിൽ പതിനൊന്നു ശ്ലീഹരും ഫൽദാദരും.
എന്നുള്ള ശിഷ്യർ പിന്നെ മറിയം മഗ്ദാലാസർ
മററുള്ള ഭക്തസ്ത്രീകൾ വിശ്വസിച്ചുള്ള ജനം
ഉററവരെല്ലാവരും സെഹിയോനതിൽക്കൂടി 100

നാഥനും തന്റെ മാതൃതന്നുടെ ബഌാവിൻ[2] ചേരെ
നാഥയോടൊന്നിച്ചായിപ്പുറപ്പെട്ടുടൻ പാദെ
പുണ്യനാം പിതാക്കളിൽ സമൂഹം പിന്നോ ദൂതർ
പുണ്യമായ്ച്ചേർന്ന കൂട്ടം നൂററിരുപത്തുമത്രെ. 104

ഇങ്ങനെ ജെരുസലേം നഗരിപാതേ കൂടെ
അങ്ങരവനുഷ്ഠിപ്പാൻ പോരാഞ്ഞു ധൈര്യമപ്പോരം
ഘോഷമായുള്ള പ്രദക്ഷിണംപോൽ മുമ്പിൽ സേന
ഘോഷിച്ചു പാടിക്കൊണ്ടു ശേഷമാപുണ്യന്മാരും 108

ഒട്ടക്കം മിലിത്താന്തി[3] എന്ന പള്ളിയുമതിൽ
നടുവിൽ നാഥൻ രാജൻ അമ്മയാം രാജ്ഞിസഹ
ചെന്നങ്ങു സൈത്തെന്ന മലയിൽ പൂക്കശേഷം
ചേന്നു മാതാവു പുത്രൻ പാദെ സാഷ്ടാംഗംചെയ്തു 112

കേട്ടുടൻ ഒട്ടക്കമായ് പുത്രന്റെയാശീർവാദം
കേട്ടതുപോലെ ശേഷം കൂട്ടവുമുടനപ്പോരം
ഇങ്ങനെ സുവന്ദനം ചെയ്തുടൻ നാഥൻ കൃപാൽ
അങ്ങവക്കെല്ലാമാശീർവാദവും നൽകി 116

തന്നുടെ പാദത്തിന്റെ ചിഹ്നം കല്ലിൽ പതിച്ചു
തന്നുടെ ശക്തിവശാൽ പൊങ്ങിത്താൻ മന്ദംമന്ദം
എന്ന നേരത്തിൽ പുത്രനമ്മസ്തുചെയ്തു മുക്തി
മന്ദനാം മമനാവാൽ ചൊല്ലുവാൻ വശഹീനം 120

എന്നശക്തിയാലമ്മേപ്പേർത്തു യോഹന്നാൽ കണ്ടു
മന്ദമായ് ധരേ വീണു താബോററിൽ യഥാവിധം
വീണ്ടമ്മ തന്റെ സ്നേഹമക്കളെ വിശ്വാസികളെ
ആണ്ടവൻ കല്പിച്ചപോൽ പാപ്പിച്ചു സെഹിയോനിൽ 124

പാർക്ക്ളെത്ത[4] എന്ന മൂന്നാം ദൈവാളാം തന്റെ വരം
പാത്തു ധ്യാനത്താൽപ്പത്താം നാംവരെയതിനുള്ളിൽ

1 ശതവിംശതി—ഒരുനൂററിയിരുപതു് 2 ബഌാവു്—വിലാവു്, ഹൃദയം. 3 മിലിത്താന്തി—സമരസഭ (ഭൂമിയിൽ സമരംചെയ്യുന്ന സഭ) ഇററാലിയൻ പദം. 4 പാർക്ക്ളെത്ത—പരിശുദ്ധാത്മാവ് (ഗ്രീക്കുപദം)

പേർത്തു താനെഴുന്നെള്ളിക്കൊടുത്ത ശക്തികളും
പാർത്തലമെങ്ങും കേപ്പാ തന്നുടെ ശക്തികളും
ഒക്കെയുമിതിലെൻെറ നാവിനാൽക്കാട്ടീടുവാൻ
ഒക്കയുമില്ല[1] ഒപ്പിച്ചീടുവാൻ വശം നാസ്തി
ഇങ്ങനെ ദിനേ ദിനേ വിശ്വസിച്ചുള്ള ജനം
അങ്ങൊരു ദിനം മൂവായിരം പിന്നയ്യായിരം

ഇങ്ങനെയനുദിനെ വദ്ധിക്കും നേരത്തിങ്കൽ
അങ്ങൊരു മഹാ ദുഃഖമുണ്ടായി മുമ്പായിട്ടു
അക്കലെക്കത്തിൽവച്ചു മുമ്പനാം എസ്തപ്പാനോസ്
പൊക്കമുള്ളൊരു സാക്ഷിക്കിരീടം കടിഞ്ഞൂലായ്

കൈക്കൊണ്ടു ശേഷത്തിങ്കൽ ദുഷ്ടനാം ലൂസിപ്പേറും
ഈക്കലെക്കത്താൽ നോക്കി കൂട്ടരെ കൂട്ടീടുവാൻ
അമ്മയുമേന്നേരവും പുത്രൻെറയാട്ടിൻകൂട്ടം
ഒന്മയാൽ പാലിക്കുന്നു എപ്പൊഴും പ്രാത്ഥിക്കുന്നു

അക്കാലം ശാവോൽ തൻെറ പൊക്കവും പഠനവും
ഒക്കെയും മുഖ്യം തൻെറ ജന്മവും ജനമാർഗ്ഗം
എന്നുറച്ചുടൻ ശക്തിമാഗുരുവിനാൽ പെററു
അന്നൊരു ലേഖനവും സേനയും കൂട്ടിക്കൊണ്ടു

ദമ്മസോക്കതിലുണ്ടായുള്ളൊരു വിശ്വാസികൾ
ദുർമ്മതത്തിലായെന്നും ശക്തിയാൽതിരിക്കണം
അല്ലെങ്കിൽശിക്ഷിക്കണം വിലങ്ങിൽ പൂട്ടീടണം
ഇല്ലാകില്ലെന്നും വച്ചങ്ങശ്വമേറിപ്പോയപ്പോൾ

ദുഷ്ടനാംലൂസിപ്പേറും തന്നുടെചാരന്മാരാം
ദുഷ്ടരായുള്ളഗണം രഹസ്യത്തുണയ്ക്കാക്കി
അമ്മയുമിതൊക്കവേ കണ്ടറിഞ്ഞതിനാലെ
നന്മയ്ക്കായ്തിരിപ്പാനായ് പ്രാത്ഥിച്ചുദയാപുത്രം

കേട്ടുടൻസ്നേഹപുത്രൻ പ്രാത്ഥന മാതാവിൻെറ
കോട്ടമെന്നിയെകാര്യം സാദ്ധ്യമെന്നതുംകാട്ടി
അപ്പൊഴുതാകാശത്തിൽ നിന്നുതാൻശാവോലിനെ
അപ്പരിശോടെതിരിച്ചുമ്പൊടു യാത്രയാക്കി.

ചെന്നയാൾപുക്കു കാര്യമൊക്കെയുംഗ്രഹിച്ചപ്പോൾ
മന്ദമായ്ബുദ്ധിബഹുസങ്കടം ഭവിച്ചേററം
അമ്മയുംജരുശലേ ദുഃഖമെന്നതുമോർത്തി
യമ്മയിൻ തിരുമുഖമെങ്ങനെ പാക്കുന്നെന്നും

ഇങ്ങനെശാവോലുടൻ ദുഃഖമായ്ച്ചലിച്ചപ്പോൾ
അങ്ങൊരു അശരീരിദൂതനെയയച്ചമ്മ

1 ഒക്കയുമില്ല—സാധിക്കുകയില്ല.

തീർത്തുടൻവിഷാദവും കൈക്കൊണ്ടു മാമ്മോദീസാ
ചേർത്തയാംഗുണദോഷാൽ പ്രാർത്ഥിച്ചുമാതാവോടെ 164

അമ്മയുമുടൻതൻെറ മക്കൾക്കും ഇണക്കിയാം
നന്മയായ്ഭവിപ്പാനായ് പ്രാർത്ഥിച്ചുതോഷിപ്പിച്ചു
മുമ്പനാം മുക്കോരവൻ[1] മരണശേഷമൊരു
ഒമ്പതുംനാലുംമാസം കഴിഞ്ഞുനാഥൻകാലം 168

ത്രിദശത്താറും സമപഞ്ചവിംശതീമകരം
ത്രിതപഥകനിൽശാവോൽ ഉറച്ചുതിരിഞ്ഞിതേ
ഇങ്ങനെപിശാചിൻെറ വീഴ്ചയെല്ലുസിപ്പേരും
അങ്ങവൻ നരകത്തിലറിഞ്ഞുകൂട്ടംകൂട്ടി 172

നമ്മുടെവാഴ്ചയ്ക്കിപ്പോൾ തോൽവികണ്ടിടുന്നിതാ
ഇമ്മഹിമയ്ക്കു ശത്രുവാരെന്നു തിരക്കവാൻ
നാംതന്നെ ലോകേപുക്ക ശ്രമിച്ചീടുവാൻദൃഢം
നമ്മുടെനിറമുള്ള സേനാധിപന്മാരുമായ് 176

എന്നവനുറച്ചങ്ങു പൊങ്ങിയാകാശമദ്ധ്യേ
സുന്ദരനഗരിയാം ജെരുസ്ലേംനോക്കികണ്ടു
കരഞ്ഞുക്രോധാലവൻ അവൻെറ സിംഹാസനം
മറിഞ്ഞെന്നതുകണ്ടു തുടങ്ങിമുറിവുകൾ 180

ഹേറോദേസ് ഗുരുക്കളുമായുള്ളജനങ്ങളിൽ
മാറാതെക്രോധംപൂകിച്ചവരാൽ കൊലചെയ്തു
നരനാംയേശുവിൻെറ ശിഷ്യരാലിതുശക്തി
നകരീൽ[2] നടക്കുന്നതെത്രയും ഹീനംതന്നെ 184

എന്നുള്ളദുഷ്ടബുദ്ധി കടത്തിതുടങ്ങിയാ
നിന്ദകൾ വിലങ്ങുകൾ നല്ലവക്തിദുഃഖം
ഇതിനാൽ സ്നേഹസുതനമ്മയോടറിവിച്ചു
സ്വാധീനമിസ്സമായ അപ്പേസോസ്സിൽപോവാൻ 188

എളിമയിൽനാഥതൻെറ മനസീശിഷ്യൻപക്കൽ
ചൊൽവിളിനിമിത്തമായ് വഴക്കിസമ്മതിച്ചു
പോകുവാനുള്ളയാത്ര യോഹന്നാൻകൂട്ടംനേരം
വേഗമായ്രക്ഷനാഥൻ കാണപ്പെട്ടരുൾചെയ്തു 192

എപ്പോസിനുള്ളയാത്രയെന്നതിൻ മുമ്പിൽതന്നെ
എസ്പാന്യയതിലെഴുന്നെള്ളിത്തൻ ശിഷ്യയാക്കോ
സക്കോസിലിരിക്കയാൽ അയാളെകണ്ടുതൻെറ
സഞ്ചാരമവിടത്തിൽ ചെയ്യിപ്പിച്ചതിൻശേഷം 196

---

1 മുമ്പനാം മുക്കോരവൻ– പത്രോസ്.
2 നകരീൽ– നഗരിയിൽ എന്ന് പാഠഭേദമുണ്ട്.

ജെറുസ്ലേം നഗരിയിൽ വന്നമ്പിനാലിയാം
ശിരസ്സ് നമുക്കായിച്ഛേദനം ചെയ്തീടണം
നാഥന്റെതിരുവാക്യം കേട്ടടൻതികപ്പാനായ്
നാഥയുംവട്ടംകൂട്ടി കുമ്പിട്ടുസ്വപുത്രനെ
ക്ഷണത്തിൽതന്റെകാവൽ ദൂതരാംമാലാഖാമാർ
ക്ഷിതിയിൽകാണാത്തുള്ള ശോഭിതമേഘത്തേരിൽ
മോക്ഷരാജ്ഞിയെക്കേറ്റി കൂട്ടമായ്മേൽഭാഗേന
മോക്ഷരാഗങ്ങൾപാടിക്കൊണ്ടവർ ക്ഷണംകൊണ്ട്
സക്കേസിലെത്തിമാതാ ശ്ലീഹായെകണ്ടുതന്റെ
പുത്രന്റെതിരുവുള്ളമൊക്കെയും കേൾപ്പിച്ചപ്പോൾ
ദൈവദൂതരുമുടനത്ഭുതാങ്കണമതിൽ
ദൈവമാതാവിൻചിത്രരൂപവും സ്ഥാപംചെയ്തു
വീണ്ടതുപള്ളിയായിട്ടെത്രയും നന്മഗുണം
ആണ്ടവനവർതാൻ നടത്തിബഹുശക്തി
അമ്മയ്ക്കുമമ്പത്തുനാല് വയസ്സ്. മൂന്നുമാസം
ചെന്നപ്പോളീവന്ദന നടത്തീതന്റെപുത്രൻ
അപ്പോലെതന്നെയുടൻ ജെറുസ്ലേംനഗരിക്കാർ
അപ്രഭാമേഘത്തേരാൽ തിരിഞ്ഞുക്ഷണംകൊണ്ട്
എത്തിയഉടൻതന്നെമാപുത്രൻ യോഹന്നാനും
കല്പനകൊടുത്തെപ്പെസ യാത്രയ്ക്കാസ്ഥമാകുവാൻ
കേട്ടോരുവിശ്വാസികൾ കൂട്ടമായ്പ്പലകാഴ്ച
കോട്ടമില്ലാതെ വഴിയാത്രയ്ക്കായണച്ചവൻ
ദരിദ്രയായോരമ്മയൊന്നുമേ കൈയ്യേൽക്കാതെ
ദരിദ്രക്കടുത്തോരുവാഹനം മാത്രമേററു
സെഹിയോൻ പദ്രോനയെയേൽപ്പിച്ചു യാത്രചൊല്ലി
സ്നേഹപുത്രന്റെകൂട്ടാൽ നാവതിൽപുക്കമാതാ
സമുദ്രമദ്ധ്യയാത്ര കഴിക്കുന്നതുനേരം
സമുദ്രതാരമമ്മ സമസ്തസൃഷ്ടിപ്പിന്നും
ഇതിനാൽകടലുള്ളിലടങ്ങും മത്സ്യാദികൾ
ഉദിതമനസ്സോടെയിരുഭാഗവുംകൂടി
ചെറുതുംവലിയതും തരങ്ങളൊക്കെക്കൂടി
ഗവ്വ് ദ്വേഷങ്ങൾ നീക്കിയടുത്തുതടുക്കുമ്പോൾ
തലകൾപൊക്കിക്കൊണ്ടാ ജലത്തിൻ മീതെനീട്ടി
തലയാമവരുടെ രാജ്ഞിയെകാണ്മാൻമോദാൽ
ഇങ്ങനെ മുമ്പിൽകണ്ടിട്ടില്ലാത്തപലതരം
ഭംഗിയേറീടും ബഹുമീൻതരങ്ങളെക്കണ്ടു
കപ്പലിലുള്ളജനം സാരത്തെഗ്രഹിക്കാതെ
ഇപ്പെരിമയെന്തെന്നും തോഷിച്ചുംഭയമോടും

ഈ ബഹുകൂട്ടം ചിലതെത്രയുമുരുതരം
ആ മഹാ പടവിനെ[1] മുമ്പോട്ടുംവിട്ടന്നില്ല.

എന്നിതൊക്കെയുംകണ്ട പുത്രനാംയോഹന്നാനും
നന്ദിയെഗ്രഹിച്ചുടനണഞ്ഞു മാതൃപക്കൽ
അമ്മയെനിന്നെക്കണ്ട മോദത്താൽ കടൽജനം
ഒന്മയിൽക്കൂടിനിന്റെ വാഴ്‌വെക്കൈക്കൊള്ളുവാൻ

വേഗത്തിൽപാർത്തീടണം കൊട്ടത്തീടണംവാഴ്‌വും
ഭാഗത്തിൽനിന്നല്ലെങ്കിൽ പിരികയില്ലാദ്ദേഹം
വെള്ളത്തിലുള്ളവർഗ്ഗമൊക്കെയും കൂടിക്കൊണ്ട
തള്ളുന്നവിധംകപ്പൽ നടത്തുന്നില്ലായിവർ

കേട്ടടനമ്മതന്റെ തൃക്കൈകൾപൊക്കിക്കൊണ്ട്
കൂട്ടത്തിൽപെട്ടണ്മയാ കൊട്ടത്തങ്ങാശീർവ്വാദം
അപ്പൊഴുതെല്ലാംകൂടെ വെക്കമായ്തലപൊക്കി
അപ്പരിശോടെതാഴ്ത്തി വന്ദനംചെയ്തശേഷം

തെളിഞ്ഞങ്ങവരുടെ സ്ഥലങ്ങൾക്കായിക്കൊണ്ട്
തെളിവോട്ടടൻപിരിഞ്ഞകന്നു ക്രമംയഥാ
വേഗമായ് പ്രത്യക്ഷത്താൽ എത്തിയങ്ങപ്പേസതിൽ
ദാരുണാൽജരുസലേം പിരിഞ്ഞവിശ്വാസികൾ

മോദമായറിഞ്ഞുടനെത്തി മാതാവിൻപക്കൽ
ദാഹമായ്കേതാദികൾ കാഴ്ചവെച്ചമ്മയ്ക്കായി
താഴ്ചയെത്തേടീടുന്ന അമ്മയുമതിലൊരു
താഴ്മയുള്ളൊരുവീട്ടം കൈക്കൊണ്ടുതനിക്കായി

എന്നതിൽതാനുംജോണും പൂക്കതിലൊരുചെറു
മന്ദിരംതനിക്കമായ് മറ്റൊന്നുയോഹന്നാനും
ഇങ്ങനെയിരിക്കയിൽ എസ്പാനിയായിൽനിന്നും
മംഗലൻസെബദിപുത്രൻ യാക്കോവുംവന്നുകണ്ടു.

നാഥയെകമ്പിട്ടയാൾ സ്തുതിച്ചുതന്റെദയാൽ
നാഥനാൽലഭിച്ചെന്ന നന്മസർവ്വത്തിനായി
വീണ്ടയാൾതന്റെമക്കൾ രക്ഷക്കായ് എസ്പാഞ്ഞയിൽ
ആണ്ടവൻചിത്തംയഥാ അനുഷ്ഠിച്ചെന്നശേഷം

അമ്മയിന്നരികത്തിൽ വരുത്തി ദയചിത്തെ
ഒന്മയാലറിവിച്ചു ഗുരുവിൻ തിരുച്ചിത്തം
കേട്ടടൻ അമ്മ മുമ്പിൽ സാഷ്ടാംഗം ചെയ്തുഭക്ത്യാ
കോട്ടമെന്നിയെ നടത്തീടുവാൻ സഹായവും

1 പടവ്— കപ്പൽ.

നീ തുണചെയ്യീടണം തരണം ധൈര്യം മമ
നീയണഞ്ഞീടണമെ മരണസമയത്തിൽ
എന്നയാം കണ്ണീർ വാൎത്തു പ്രാൎത്ഥിച്ചശേഷമമ്മ
നന്ദിയാൽ ത്തണുപ്പിച്ചു കൈക്കൊണ്ടു ഇഷ്ടംയഥാ 272

എന്നതിൻവണ്ണംതന്നെ വേഗത്തിൽ ജരുശലം
മന്ദിരേ പൃക്ക ദുഷ്ടൻ ഹേറോദേസ് റാണക്കളാൽ1
പുണ്യനും പിടിപെട്ടു വിലങ്ങിൽ പൂട്ടപ്പെട്ടു
തണ്യരാം2 യൂദകലം തോഷിപ്പാനിതിന്നായി 276

ദുഷ്ടനാം ആഗ്രിപ്പോസും കല്പിച്ചു ശിരച്ഛേദം
ശിഷ്ടനാം യാക്കോവിനെ നടത്തി കൊലസ്ഥലേ
അപ്പോഴുതുടൻ രക്ഷാനാഥൻ തൻ മാതൃപക്കൽ
എപ്പേസിന്നയച്ചൊരു ദേവദൂതനാൽ തന്റെ 280

ശിഷ്യനാം യാക്കോവിന്റെ മരണമറിയിച്ചു
ശീഘ്രമായിഷ്ടം യഥാതാൻതന്നെ ചെന്നീടുവാൻ
ശിഷ്ടനാം ദൂതൻ മുൻപോൽ മേഘത്താൽ മാതാവിനെ
ശിഷ്യാശ്വാസത്തിന്നായി എഴുന്നള്ളിയമ്മയും 284

മൃത്യവിൻ നേരത്തിങ്കൽ ശക്തിയെക്കൊടുത്തുടൻ
മൃത്യുശേഷത്തിലാത്മം താൻ തന്നെ തേരിലേററി
പുത്രന്റെ സമീപത്തിൽ ചേൎത്തുടനാത്മാവിനെ
ശത്രുവിൽനിന്നുദേഹം രക്ഷിപ്പാൻ ശിഷ്യരേയും 288

ദൂതനാൽത്തന്നെ മാതാവറിയിച്ചതും ദ്രഢം
നാഥന്റെ കാലം നാല്പത്തെട്ടതിൽ മീനംതന്നിൽ
തന്നുടെ അറിയിപ്പാൽ ജറുസ്ലേം തന്നിൽനിന്നു
മുന്നമായ് പുറപ്പെട്ടുസമം അഞ്ചേഴാംമാസം 292

മുമ്പനായ് ശിഷ്യരതിൽ മുടിയെ പ്രാപിച്ചതാൻ
മുന്നരായ് സാക്ഷിത്വവും വച്ചിയാം സകലർക്കും
എങ്കിലും ദുഷ്ടപ്പിശാചിന്നുടെ തട്ടിപ്പുകം
ശങ്കയില്ലാതെ സ്ഥലേ പെരുകിയെന്നു കണ്ടു 296

അമ്മയും മുട്ടിപ്പാലെ പ്രാൎത്ഥിച്ചു പിശാചിനെ
അംബരമതിൽ നിന്നു താഴ്ത്തിയാപ്പാതാളത്തിൽ
വീണ്ടുമങ്ങപ്പേസതിൽ തന്നുടെ സ്നേഹപുത്രൻ
ആണ്ടിരിക്കുന്ന സ്ഥലേ എത്തിയെന്നതിൻവണ്ണം 300

അന്നേരം പത്രോസിനെ ഹേറോദേസ് പിടിപ്പിച്ചു
അന്നുള്ള യൂദന്മാൎക്കങ്ങിഷ്ടമാംവണ്ണംപൂട്ടി
എന്നതും മാതാകണ്ടു തന്നുടെ ദൂതൻതന്നെ
അന്നവിടത്തിലയച്ചഴിച്ചു കേപ്പായെയും 304

---

1 റാണക്കാം—സൈന്യങ്ങാം. 2 തണ്യർ—ദുഷ്ടന്മാർ.

ഇങ്ങനെ എപ്പേസതിൽ പാക്കയിലവിടത്തിൽ
എണ്ണമില്ലാത്തവണ്ണമുണ്ടൊരു മഹാക്ഷേത്രം
ദീയാനാ, എന്ന ദേവി_നാമവും ചൊല്ലികൊണ്ടു
ദാസികളായി ബഹുകന്നികാ ഭജനവും 308

ബ്രഹ്മചാരിണികളായ് പ്രസിദ്ധം ജനങ്ങൾക്കും
ബ്രഹ്മമല്ലതിന്നുള്ളിൽ കള്ളങ്ങൾ മഹാകഷ്ടം
കണ്ടിരിക്കുന്ന നാഥയെത്രയും മഹാ ദുഃഖാൽ
കുണ്ഠിതമായിക്കേണു പുത്രനെ മഹാഭക്ത്യാൽ 312

കേട്ടുടൻ നാഥൻ ദയാൽ കല്പിച്ചു ചിത്തം യഥാ
കോട്ടമെന്നിയെ ചെയ്വാൻ മുഷ്കരം[1] കൊടുത്തുടൻ
കല്പിച്ചു മാതാ തന്റെ ദൂതരിലൊരുത്തനെ
കെല്പൊടെയൊരു രാവാൽ മറിച്ചുസമസ്തവും 316

അശുദ്ധരായ നാരീജനങ്ങളതിൻ കീഴേ_
അശേഷം പെട്ടു നവം നിഷ്കളങ്കകളെന്യെ
എന്നവരുടൻ മാതാ സന്നിധി ചേർന്നുകൊണ്ടു്
അന്നവിടത്തിൽ മാതാ വളർത്തിയിവരെയും 320

മററുപത്തിനാലു പെൺപൈതങ്ങളെയമ്മ
മാററവർക്കേല്പിക്കാതെ താൻ തന്നെ പഠിപ്പിച്ചു
ഇങ്ങനെ സപ്തദശം മൂന്നുമാം പൈതങ്ങളിൽ
അംഗനകൾ മിക്കതും കന്നികൾതന്നെ ദൃഢം 324

എന്നവൾക്കമ്മെ തന്റെ തൃകൈയാൽ തന്നെ ക്രമം
അന്നവക്കെഴുതിയും കൊടുത്തു നടത്തിയാൾ
ഇങ്ങനെയിരിക്കയിൽ ജറുസ്ലേം നഗരത്തിൽ
ഭംഗിയാൽ ശിഷ്യജനം കൂടിയണ്ടൊരു കാര്യാൽ 328

കാര്യത്തിൽ സ്ഥിതി ചെയ്വാൻ ഭാവിക്കും നേരത്തിങ്കൽ
കാരണനാഥതന്നെ കൂടണമെന്നുവച്ചു
കാരണഗുരുവായ പേത്രുവുമമ്മക്കായി
കാരണമെഴുത്തിനാലറിയിച്ചപേക്ഷിച്ചു 332

വാചകമിതുതന്നെ ശ്ലീഹന്മാരുടെ മുന്നം
വാചകത്തുടക്കവുമീവണ്ണം തന്നെ ദൃഢം
സുമര്യാ അമ്മ ദേവജനനിക്കായികൊണ്ടു
സുകാര്യം നിമിത്തമായ് ലേഖനം ചെയ്യുന്നിതാ 336

തവ ദാസിയും യേശുക്രിസ്തുവിൽ അപ്പോസ്തലും
ദേവദാസന്മാർ ദാസി ശീമോനാം പത്രോസഹം

1 മുഷ്കരം—ബലം (കഴിവു്)

മമ നാഥയെ! ദേവദാസരായുള്ളവരിൽ
നവമായ് പുറപ്പെട്ട ചില സംശയങ്ങളും

അതിനായ് മമ സഹോദരരാം ശ്ലീഹന്മാരും
അതിനായകനഗർ[1] ജറുസ്ലേമതിൽക്കൂടി
മമ നായികേ നീയും കൂടവേയില്ലായെങ്കിൽ
നവമായുള്ള കൂട്ടം തൃപ്തിഹീനമായ്ത്തീരും

അതിനാലമ്മയിങ്ങൊന്നെഴുന്നെള്ളീടുന്നെങ്കിൽ
അധുനാലഭ്യം പല ഗുണങ്ങാ നൃപൻ മൃത്യ’’
ഇത്തിരുവെഴുത്തങ്ങു എത്തിയ നേരത്തിങ്കൽ
അത്തിരുവമ്മ ബഹുഭക്തിയാൽ മുട്ടുകുത്തി

കൈക്കൊണ്ടു തിരുവെഴുത്തെത്രയും മഹാമോദാൽ
മുത്തികൊണ്ടുടൻ സ്നേഹപുത്രനെ വിളിച്ചമ്മ
ഏൽപ്പിച്ചു തന്റെ കയ്യിൽ തുറന്നുകേൾപ്പിപ്പാനായ്
കേൾപ്പിച്ചങ്ങുടനയാൾ സാരത്തെയറിയിച്ചു

കേട്ടുടനമ്മ യോഹന്നാനെപ്പാർത്തരുൾചെയ്തു
കേട്ടതിന്നിപ്പോളെന്തു വേണമെന്നറിയിക്ക
കല്പനശ്രേഷ്ഠൻ തന്റെയെന്നപോൽ കേട്ടീടുവാൻ
കല്പിതമെന്നുമിയാൾ അറിയിച്ചുടനമ്മ

വെക്കമായ് യാത്രക്കുള്ള വട്ടങ്ങൾ കൂട്ടീടുവാൻ
നീക്കമില്ലെന്നു കല്പിച്ചമ്മയുമതിൻശേഷം
അന്നവിടത്തിൽത്താനായ് നടത്തീടുന്ന മഠം
നന്നായി നടത്തുവാൻ കല്പിച്ചു ശ്രേഷ്ഠത്തിയെ

മുന്നമായക്കൂട്ടത്തിൽ നിന്നൊരു കന്യാസ്ത്രീയെ
മുന്നമേ മുക്കിയപ്പോൾ കൊടുത്തു തന്റെ നാമം
മരിയായെന്നയിവളമ്മയെ ബഹുഭക്ത്യാ
സ്മരിക്ക നിമിത്തമായവളെ ഏൽപ്പിച്ചുതാൻ.

എപ്പേസിൽ രണ്ടു സമമാസവും കഴിച്ചിട്ട്
ചൊല്പെട്ട ജറുശലം നഗരിക്കെഴുന്നെള്ളി
കപ്പലിൻ യാത്രയ്ക്കായി പുക്കതുനേരത്തിങ്കൽ
ചൊല്പ്പെട്ട ദൂതന്മാരും കോപ്പിട്ടഭടന്മാരായ്

യുദ്ധങ്ങൾ ബഹുവിധമുണ്ടാകും യാത്രയതിൽ
സിദ്ധമായറികയാൽക്കല്പിച്ചു ദൂതന്മാരെ
കടലിൻ മദ്ധ്യേ കപ്പലകപ്പെട്ടതു നേരം
കടന്നു ജലം തന്നിൽ പിശാചിൻ മഹാഗണം

---

1 അതിനായകനഗർ—ദൈവത്തിന്റെ നഗരം

അവക്ക മദ്ധ്യേ മഹാ വലിപ്പമുള്ള മൃഗം
കലക്കം കടൽ സവ്വമെന്നപോലൊരുദ്രഗോൻ
കടലിന്നാഴം തന്നിൽ കടന്നു ജലമൊക്കെ
കലക്കിയിളക്കിക്കൊണ്ടെത്രയും കല്ലോലങ്ങൾ

പൊങ്ങിയാക്കപ്പൽ തന്നിലടിച്ചു പൊടിക്കുംപോൽ
പൊങ്ങുന്ന ഓളങ്ങളാൽ ഭയന്നു കപ്പൽക്കാരും
മുമ്പിലങ്ങൊരിക്കലും കാണാത്തവിധം മഹാ
വൻപിച്ച ചുഴലികൾ തെബസ്ഥാദി[1]കളൊക്കെ

അടിക്കമേടികളാൽ പൊടിക്കും കപ്പൽ ദൃഢം
അടിക്കന്നേരം കപ്പലുയർത്തീല്ലെങ്കിൽ ദൂതൻ
പിടിച്ചു താഴ്ത്തീടുവാൻ മുടക്കമിവർ ദൃഢം
എടുത്തു വീണ്ടുരൂപം പകർത്തിക്കൊണ്ടങ്ങവർ

പരുത്തവേഷത്തോടെ ഉയർത്തി സ്വരം സാത്താൻ
പെരുത്ത ഭയംപൂണ്ടു കപ്പലിൻ വേലക്കാരും
കപ്പലിലുള്ള മരക്കട്ടകൾ കെട്ടുകളും
കപ്പലിൻ കരുക്കളും കൈകളിലെടുത്തുടൻ

കടലിൽച്ചാടിക്കൊണ്ടു കടപ്പാൻ വഴിതേടി
അടവിഭയം പൂണ്ടജനമങ്ങേരോരുത്തർ
അമ്മയുമനക്കുലാൽ ഒണ്മയാം ധ്യാനത്തോടെ
അന്തരംഗത്തിൽപ്പുക്ക പാർത്തുകൊണ്ടതിൻഘോരം

പ്രാത്ഥിച്ചു വഴിയാത്രക്കാർക്കായി മഹാ ഭക്ത്യാ
പാർത്തിതു നിമിത്തമായെത്രയും ദയവോടെ
ഇങ്ങനെ പതിന്നാലു ദിനങ്ങൾ മഹാഭയാൽ
അങ്ങവർ വലഞ്ഞപ്പോൾ യോഹന്നാൻ
ചെന്നങ്ങുള്ളിൽ

അമ്മയെപ്പാർത്തു ചൊല്ലി നിന്നുടെ പുത്രൻ പക്കൽ
ഒന്മയാൽ പ്രാത്ഥിക്കണമല്ലെങ്കിൽ ബഹുയോഗ്യം[2]
എന്നതു കേട്ടു മാതാ പാർത്തുടൻ യോഹന്നാനെ
നന്ദിയാലരുൾചെയ്തു: ''ഖേദിക്കവേണ്ട സുതാ,

ഇക്കാലം യുദ്ധത്തിൻെറ കാലമെന്നറിക നീ
കെലപ്പോടെ യുദ്ധം ചെയ്വാൻ നീതിയും നാഥൻപ്രതി
എങ്കിലുമൊരു ജനം മുടിഞ്ഞീടുകയില്ല
ശങ്കിക്ക വേണ്ട നാഥൻ തുണയ്ക്കും സുനിശ്ചയം''

1 തെബസ്സ (ടെബസ്സ്)—കൊടുങ്കാററ് (ഇററാലിയൻ പദം)
2 ബഹുയോഗ്യം—വലിയ അപകടം

എന്നതുകേട്ടുടനെ തന്റെ പുത്രൻ തന്നെ
അന്നേഴന്നെളളിത്തന്റെ മാതൃവെതോഷിപ്പിച്ച
കല്പിച്ച മാതാവോടെ കല്പിപ്പാൻ കടലോടും
കെല്പു കാട്ടീടും ദുഷ്ടയതൃപ്പ്ഗണത്തോടും 408

കല്പിച്ചുടൻ മാതാ, അടങ്ങി സമസ്തവും
തൽക്ഷണം ചേർന്നു നഗർ ജരുശ്ലേമതിൻപക്കൽ
ഷഡ്ദിനമധികമില്ലാതുള്ള വഴിയാത്ര
ഷോഡശം[1] രണ്ടും കറെ കഴിച്ചു മഹാ ദുഃഖാൽ. 412

1 ഷോഡശം—പതിനാറ് (16)

# XI

കന്യകാമാതാവിന്റെ പുത്രവിയോഗശേഷമുള്ള സംഭവപരമ്പരകൾ ഈ കാണ്ഡത്തിൽ വിവരിച്ചിരിക്കുന്നു. ദിവ്യജനനി, ആദ്യസ്ലീവാപ്പാതയിലൂടെ തിരുസ്ഥലങ്ങൾ സന്ദർശിക്കുന്നതും ശ്ലീഹന്മാർക്ക് ആശ്വാസവും സഹായവും നൽകുന്നതും വർണ്ണിക്കപ്പെടുന്നുണ്ട്. പ്രതികക്ഷമമായ മാതാവിന്റെ ജീവിതക്രമങ്ങളുടെ വിവരണവും മാതാവിന്റെ അന്ത്യസന്ദേശവും മറ്റും അതീവ ഹൃദ്യമായി ഇതിൽ പദ്യസാൽക്കരിച്ചിരിക്കുന്നു. മാതാവ് പത്രോസിനോട് വിധേയത്വം പ്രകടിപ്പിക്കുന്നതും അദ്ദേഹത്തിന് ഉപദേശം നൽകുന്നതും തന്മയത്വത്തോടെ പ്രതിപാദിക്കുന്നുണ്ട്.

വൃത്തം കേക

മംഗലപ്രഭ മാതൃജറ്ശലേമണഞ്ഞപ്പോൾ
മംഗലസുതൻ രക്താൽ ശുദ്ധിയായുള്ളസ്ഥലം
ചെന്നു വന്ദനം ചെയ്വാൻ ദാഹമേറെയെങ്കിലും
വന്ദനമഹാസ്നേഹം ചൊൽവിളിയെന്നി[1] പുണ്യം 4
ഇതിനാലുടൻ പത്രോസ് പക്കലങ്ങെഴുന്നള്ളി
അധികം വഴക്കത്താൽ മുട്ടുകൾ കുത്തിക്കൊണ്ട്
മുത്തിയങ്ങയാളുടെ പൂജ്യമാംകരങ്ങളെ
ചേർത്തുടൻ പൊറുതിയും കേട്ടുതാമസിക്കയാൽ 8
പിന്നെയമ്പിനാൽത്തന്റെ ശക്തിയെ നടത്തുവാൻ
കന്നിയമ്മയുമനുവാദവും കേട്ടുംകൊണ്ട്
ഭക്തിയാൽ ഗെദസേമ്മാൻ തുടങ്ങിയൊലിവയിൽ
ഭക്തപുത്രന്റെ പാദം വെച്ചിടംവരെയെത്തി 12
അപ്പോഴതാകാശത്തിൽനിന്നു തൻസ്നേഹപുത്രൻ
തൊൽപ്പമാം[2] പ്രകാശത്താൽ കണ്ടുടനമ്മേപാർത്തു
ചേതസി മമ മഹാതോഷമായതിൽപ്പരം
ചൊൽവിളിയെൻ വികാരി പത്രോസു തന്റെ പക്കൽ 16
കാട്ടിയ നിന്റെ മഹാവണക്കം നിമിത്തമായ്
കോട്ടമെന്നിയെ ജനക്കൂട്ടവും പഠിച്ചിടും
എന്നരുൾചെയ്തു പുത്രൻ മറഞ്ഞശേഷം മാതൃ
ചെന്നുടൻ സെഹിയോനിൽ പുക്കശിഷ്യരുമായി 20
ദശവാസരം ധ്യാനാൽ ദൈവിഷ്ടം ലഭിപ്പാനായ്
ദൈവകാരുണ്യംകൊണ്ടു സംശയം സർവ്വംതീർത്തു
ചേർത്തുടൻ ശിഷ്യജനം പിരിഞ്ഞങ്ങോരോദിക്കിൽ
ചേർത്തു വിശ്വാസക്കൂട്ടം നടത്തിയിരുൾനീക്കി 24

---

1 ചൊൽവിളി—അനുസരണം 2 തൊല്പം—സ്വല്പം

അമ്മയ്ക്കവർക്കുള്ള ശ്രദ്ധ സർവ്വത്തുംക്ഷണം
ഒന്മയാൽ നടത്തുവാൻ ശ്രമവും വിശീത്തയും[1]
തന്നുടെ പുത്രശ്ലീഹരൊക്കെയുംമൊരുവാധം
തന്നുടെ പുത്രൻ സമമുടപ്പാനിച്ഛരിച്ചമ്മ

തന്നുടെ കരങ്ങളാൽ നൂലുകൾനെയ്തുകൊണ്ടും
തന്നുടെ ദൂതാശരീരികൾ തൻതുണയാലും
ഉടുപ്പുചമച്ചുട നേവർക്കുമൊരുപോലെ
കൊടുത്തങ്ങയച്ചീടും നടക്കും സ്ഥലത്തിങ്കൽ

ഇങ്ങനെ ശിഷ്യർക്കുള്ള അന്വേഷം സർവ്വനേരം
മംഗലൻ പത്രോസിനെ പ്രത്യേകാൽ വിചാരിക്കും
തലവനിയാളെന്ന കാരണം നിമിത്തമായ്
തലയാം റോമ്മയതിലൊരുനാൾ മഹാദുഃഖാൽ

കരുണ ചെയ്തീടുവാൻ പ്രാർത്ഥിച്ചങ്ങയാളപ്പോൾ
കാരണം നാഥയുടനറിഞ്ഞങ്ങെഴുന്നെള്ളി
രഹസ്യക്കാഴ്ച കൊടുത്തയാളെയുറപ്പിച്ചു
രഹസ്യമായുള്ളൊരു സാരങ്ങളറിയിച്ചു

അക്കാഴ്ചയതിൽവെച്ചു നിശ്ചയിച്ചമ്മയുമായ്
കല്പിച്ചു ചിലദിനം കൊണ്ടാട്ടം ചെയ്തീടുവാൻ
നത്താളും[2] വാസ്ക്കദിനം നല്ക്രൂപാകൊണ്ടാട്ടവും[3]
നാഥന്റെ ഉയിർപ്പിന്റെ ശേഷമുള്ളാരോഹണം

ഞായർ വാസരമതും ഘോഷമായ് കൈക്കൊള്ളണം
ന്യായമായിതുവരെ നടക്കുംവണ്ണം ദൃഢം
വീണ്ടമ്മേ ജറുശലേമെഴുന്നെള്ളിയശേഷം
ഉണ്ടായി മഹാകൃച്ഛ്രം റോമായിൽ ശത്രുവിനാൽ

പേത്തുടൻ കേപ്പാ മഹാസാദ്ധ്യമായ് സഹായത്തെ
പ്രാർത്ഥിച്ചെന്നതും കേട്ടു ദൂതരെയയച്ചമ്മ
പ്രത്യക്ഷാൽ വരുത്തി താൻ ചാരത്തു പത്രോസിനെ
പ്രത്യേകാലുറപ്പിച്ചു പുത്രസഹായം സദാ

പ്രാർത്ഥിക്കുന്നതും സർവ്വം കേൾപ്പിച്ചു ബലം നൽകി
പാർത്തുടനയാൾ മഹാതെളിവാലുറച്ചുപോയ്
ഇങ്ങനെയമ്മ തന്റെ പുത്രന്റെ പള്ളിയ്ക്കായി
അങ്ങിരുന്നുള്ള ഭരിപ്പെന്നതുണ്ടായീടിലും

സർവ്വനേരവും സ്നേഹപുത്രന്റെ ദുഃഖാദികൾ
സർവ്വചിത്താധിസ്മരണങ്ങളും മഹാഭക്തി

1 വിശീത്ത—വിസീത്ത (ഇററാലിയൻ പദം)

2 നത്താൾ—ജന്മദിനം 3 കൊണ്ടാട്ടം—ആഘോഷം (ഇററാലിയൻ)

പുത്രദുഃഖങ്ങൾപാട്ടും കൽത്തൂണും, ചമ്മട്ടികൾ
എത്രയും കൂർത്തിട്ടുള്ള മുൾമുനച്ചവളവും

ഒക്കെയും മാതാവുതന്നുള്ളതിൽക്കൊള്ളുംവണ്ണം
ഓക്കതന്നെയുമല്ല ഏൽക്കുന്ന ചങ്കിൽശക്തി
കുരിശിൽ പുത്രൻ സഹമരണം സ്മരണത്താൽ
കരിശേന്തിടാതരക്ഷണ നേരവുമില്ല.

കൺകളാൽ പുത്രദുഃഖം സകലം പ്രത്യക്ഷവും
കർണ്ണത്താൽ ശത്രുദുഷ്ടിവാക്കുകൾ കേട്ടീടുന്ന
കുരിശിൽത്തൂങ്ങുംവണ്ണം കൈകളെ വിരിക്കുന്ന
കതികാൽ മടക്കുന്ന മുട്ടുകൾ കുത്തീടുന്ന

സാഷ്ടാംഗം ചെയ്തുകൊണ്ടും പ്രാർത്ഥന ബഹുദുഃഖാൽ
സോപ്പതിൽ സഹിച്ചതിനോർമ്മയാൽ വയത്തിടും
വാർത്തീടും രക്താശ്രുക്കൾ സ്വേദവുമതുധരേ
പേർത്തുമങ്ങതിനാലേ കൂർത്തുള്ള കുന്തമുന

ചങ്കതിൽ കടന്നിട്ടു വ്രണങ്ങൾ വർദ്ധിപ്പിക്കും
ശക്തിയുമറ്റുവീഴും നില്പാനും വശഹീനാൽ
ഇങ്ങനെ മയങ്ങുന്നനേരമാകാശേ നിന്നു
അങ്ങുതൻ സ്നേഹസുതനെഴുന്നെള്ളീടും ദൃഢം

അമ്മയെയുറപ്പിച്ചും ചങ്കിലെ മുറിവതു
ഒന്മയാൽപ്പൊറുപ്പിക്കും ശക്തിയും പേർത്തുനൽകും
ഇങ്ങനെ ശുദ്ധസ്ഥലം വന്ദിക്കുന്നതെന്നിയെ
അങ്ങമ്മയാഴ്ചതോറും അടങ്ങുന്നകംതന്നിൽ

വ്യാഴത്തിന്നപരാഹ്ന നേരത്താങ്ങൊരത്തോരിൽ[1]
വ്യാപിച്ച മനോദുഃഖാൽ പുക്കീടുമമ്മതന്നെ
സൂര്യവാസരമുഖി പുലരുന്നതുവരെ
സൂര്യാഭനായ പുത്രശോകങ്ങൾ സർവ്വധ്യാനം

അന്നേരത്തുള്ള കാര്യം സർവ്വതും നടത്തുവാൻ
അന്നൊരു ദൂതൻ താനായ് വഹിക്കും സർവ്വ ദൃഢം
ഇങ്ങനെ ത്രിവാസരമാസ്ഥപ്പാടതിൻശേഷം
മംഗലസുതൻ തന്നെ കൈക്കൊള്ളും "സക്രമെന്താൽ"[2]

എന്നതിനുള്ളൊരാസ്ഥപ്പാടി[3]തെന്നിയേ തലേ
യന്നു രാത്രിയിൽ ബഹുസാഷ്ടാംഗം പലവട്ടം
എന്നതുമല്ലാതെ തൻദൂതരാം മാലാഖമാർ
മന്ദം തീർത്തരുളുവാൻ പ്രാർത്ഥിപ്പാൻ പ്രാർത്ഥിച്ചീടും

---

1 ഒരത്തോരിൽ-ജപാലയത്തിൽ, ഓററ്ററി 2 സക്രമെന്ത്-കൂദാശ
3 ആസ്ഥപ്പാട്—ഒരുക്കം

ഇങ്ങനെ പുത്രൻ വരുംനേരമങ്ങടുക്കുമ്പോൾ
അങ്ങമ്മ മുന്നുഴമായ് കുമ്പിടും സാഷ്ടാംഗമായ്
കൈക്കൊണ്ടു ശേഷത്തിലുമപ്പോലെ മുന്നുഴമായ്
കൈകാലു നിലത്തു ചേർത്താരാധിച്ചീടും പുത്രം

ആരെ ഞാൻ കൈക്കൊള്ളുന്നുവെന്നുള്ള ധ്യാനം മുമ്പിൽ
ആരെന്നിലെഴുന്നെള്ളിയെന്നതു പിമ്പായിട്ടും
ഇങ്ങനെയുള്ള ധ്യാനാലുണ്ടാകും നെടുവീർപ്പും
അങ്ങവർക്കുള്ള താഴ്മയൊക്കയും സൂക്ഷിക്കുകിൽ

എന്തയ്യോ! പാപികളാം നമ്മുടെയാസ്ഥപ്പാട്
എന്തു നാം ചെയ്യുന്നെന്നും നന്നായി ധ്യാനിക്കണം
കന്നിയമ്മതൻ സ്നേഹപുത്രനെ കൈക്കൊള്ളുമ്പോൾ
മിന്നിവീശുന്ന മുഖശോഭയെപ്പാർക്കും ജാനി[1]

എന്നതുമല്ലയമ്മയ്ക്കുള്ളൊരു ഭക്ത്യാൽ പൂജ
എന്നതിനുള്ള വസ്തുവസ്ത്രാദികളിന്മേലും
ഇതിനാൽ മാതാ തന്റെ കൈകളാൽത്താനെ വസ്ത്രം
ഇതിനായുള്ള വേലയൊക്കെയും മുട്ടുകുത്തി

ചെയ്തീടും നടത്തീടും ബഹുഭക്തിയാൽ നാഥ
നെയ്തീടും കരങ്ങളാലൾത്താരിക്കുള്ള കൂട്ടം
ഭാഷയുമിതല്ലല്പം ഭേദമെന്നായീടിലും
ഭാഷയായ് ചമച്ചീടും വിശേഷ സ്വബുദ്ധിയാൽ

അങ്ങനെയിരിക്കുമ്പോൾ വമ്പരാം നാലുജനം
അമ്മയെക്കാണ്മാനായി വന്നവർ മഹാദ്രവ്യർ
അണച്ചു ബഹുദ്രവ്യം പട്ടുപട്ടാളികളും
ഗുണപ്രധാന രത്നമണിമാണിക്കങ്ങളും

വെറുത്തു ത്യജിച്ചമ്മയിതൊക്കെയെന്നാകിലും
വെറുപ്പിയ്ക്കായ്കാനായിട്ടെടുത്തു ചിലതമ്മ
പെരുത്തു ഗുണമിതിലവർക്കു വരുത്തുവാൻ
പരുത്ത മണികളാൽ വിചിത്രപ്പണികളായ്

വിശുദ്ധ വസ്ത്രങ്ങളെച്ചമച്ചു മാതാവുതാൻ
വിശിഷ്ടബുദ്ധി വശാലിതെത്രമനോഹരം
ശിഷ്ടമായുള്ള വസ്തു വിറ്റുടൻ ധർമ്മത്തിനായ്
വിശിഷ്ടന്മാരായുള്ള നിർദ്ധനർക്കും ദാനം

ഇങ്ങനെ മാതാ വയസ്സുപതാകുംവരെ
തിങ്ങിന അരിഷ്ടത്താൽ ക്ലേശിച്ചുവരുംകാലം
തന്നുടെ തീനും നിദ്രയെത്രയുമല്പം തന്നെ
തിന്നുന്നതൊരു നുറുക്കപ്പവുമല്പം വെള്ളം

1 ജാനി—യോഹന്നാൻ

എന്നതിൽ ചിലനേരമല്പമാം മത്സ്യംതിന്നും
എന്നിതൊക്കെയും സ്നേഹപുത്രനെത്തോഷിപ്പിപ്പാൻ
ഇയ്യാളെയെല്ലായ്പ്പോഴുമതിസ്നേഹത്താൽക്കൂടെ
അശനമൊരു മേശയധികം തീററീടുവാൻ

അതിനാലുള്ള ശ്രദ്ധയെപ്പോഴുമമ്മയ്ക്കുണ്ടാം
ഇതിലുമിയാളുടെ ചൊൽവിളി കാത്തീടുമേ
അമ്മയെപ്പോലെതന്നെ തീററിടും വളർത്തീടും
അമ്മയിൽനിന്നും ക്ഷണം പിരിഞ്ഞിടാതെ താനും

ഇക്കാലമതിൽ നാഥൻ അമ്മയെ മഹാപൂജ്യാൽ
സല്ക്കരിപ്പതിന്നായി താൻ തന്നെയിറങ്ങീടും
ചിലപ്പോൾ മാലാഖമാർ വെളിച്ചമേറും മേഘാൽ
വലിപ്പത്തോടെ പരമണ്ഡലങ്ങളിലേററും.

സൂര്യവാസരംതോറും മാതൃവിൻ ധ്യാനാന്തരെ
സൂര്യനാടതിൽ കടത്തീടുവാൻ കല്പിച്ചതാൻ
ഈപ്പറഞ്ഞൊപ്പിൻവണ്ണം വാനവർ നടത്തീടും
തല്പരനെതേപ്പിന്നായ്[1] മോക്ഷവാതിലിൽ വരും

കണ്ടുടൻ മാതാവിനെ സ്നേഹത്താലാശ്ലേഷിക്കും
കൊണ്ടാടുംബഹുവിധാൽ അശരീരിഗാനങ്ങൾ
ആകാശരാജ്യ തെളികല്ലേലൂയ്യാ എന്നതും
ആകാശചാരികളാൽ പാടിടുമിതുംദൃഢം

ഈയന്ത്യകാലങ്ങളിൽ നാഥനെക്കുദാശയാൽ
സുസന്ധ്യാനുകൂലമായ് കൈക്കൊള്ളുംമിക്കദിനം
ഇങ്ങനെയൊരുദിനെ തന്നുടെശ്ലീഹാവൃത്തി
മംഗലൻയോഹന്നാനും ചെയ്യുന്നനേരത്തിങ്കൽ

നാഥയിൻനേരമട്ടത്തെങ്കിലും സുകർമ്മത്തെ
ന:[2]രസം നിറുത്തുവാനെന്നമ്മ നിനച്ചപ്പോൾ
നാഥനുംപരലോകെ നിന്നൊരുദൂതൻതന്നെ
നാഥയ്ക്കുനൽക്കരുണ കൊടുപ്പാൻയോഹന്നാനും

കാണപ്പെട്ടിയാൾനാഥൻ കല്പനനിമിത്തമായ്
കാണികൾനില്ക്കുട്ടിപ്പോൾ വേഗത്തിൽമാതൃപക്കൽ
അണഞ്ഞുടൻകരുണ നടത്തുവാൻനാഥൻ
അരുളപ്പാടെന്നിതുമറിയിച്ചുടൻജ്ഞാനി

അമ്മയിൻപക്കലിയാളണഞ്ഞനേരത്തിങ്കൽ
ഒന്നയാൽപാർത്തുചൊല്ലി നാഥൻെറതിരുച്ചിത്തം

1 എതേപ്പ്—എതിരേല്പ് 2 ന: _ നമ്മുടെ (സംസ്കൃതം)

ഇന്നനാൾമുതലനുദിനവും നാഥൻതന്റെ
നന്ദിയാൽതിരുദേഹം കൈക്കൊൾവാനായ് നേമം 1

തവസുതൻ എന്റെ ദേവൻ ഈവണ്ണം തിരുവുള്ളം
തവതിരുമനസ്സുപോൽ കേൾപ്പാനുമഹംദാസ്യം
അന്നേരം മാതാവു യോഹന്നാനെപ്പാർത്തുംകൊണ്ടു്
ഇന്നുനിൻബോധത്തിങ്കലെന്തുചൊല്ലുന്നു ചൊൽക.

എന്നതുനേരം ജ്ഞാനിയോർത്തുടൻതൻബുദ്ധിയാൽ
ഇന്നിതുനാഥൻചിത്തം എന്നതാൽചെയ്തീടണം
ഈവണ്ണം യോഹന്നാന്റെ വാർത്തകേട്ടുടനമ്മ.
അവ്വണ്ണമാകട്ടിതാ ചൊൽവിളിക്കാസ്തം 2 ദാസി

എന്നരുൾചെയ്തശ്രേഷ്ഠം തന്നുടെഹൃദിതെളി
ഞ്ഞംബരംതന്നിൽപുത്രൻ പ്രത്യക്ഷാൽകല്പിച്ചെന്നും
എന്നതിൻരഹസ്യവും കേൾപ്പിച്ചങ്ങതുനേരം
ഇതുമെന്നിയെമഹാഭക്തിയാൽ തിരുനാൾകൾ

മുന്നമിങ്ങറിയിച്ചതെന്നതല്ലാതെതന്റെ
മന്ദിരംതന്നിൽമുന്നം കാഴ്ചയായണഞ്ഞതും
കറയില്ലാത്തതന്റെ ജനനമുഖ്യദിനം
കറയററവനോട്ടുചെയ്യുന്ന തിരുമണം 3

ഇങ്ങനെയുള്ള മഹാ ഭക്തികളതിൽവെച്ചു
ഭംഗിയാലധികമായ്ക്കൊണ്ടാടു മമലോത്ഭ
വെന്നതിൻ നൊവേനയും ഘോഷമായാഘോഷിക്കം
എന്നതിൽ തലേദിന രാത്രിയിൽ ബഹുഭക്ത്യാ

നന്ദനൻ പുണ്യശക്ത്യാ തന്നൊരു ബഹുമതി
എന്നതിൻ വലിപ്പവുമുന്നതയോഗ്യമതും
മനുജന്മത്തിൽ താനും ജനിച്ചതെന്നാകിലും
മനുജന്മത്തിൻ പിതൃതനുജാതനെങ്കിലും

മനുജന്മത്തിൽ സർവ്വപ്രകൃതി യഥാതാനും
മനുജന്മത്തിനുള്ള ജനനമലംവിനാ
ഇതിനാൽ ദൈവം തനിക്കധികമഹാഭാഗ്യം
ഇതിനെപ്പോലെയുള്ള മഹിമ മററില്ലെന്നും

ഇതിനെ സ്ഥിരമായി മനസ്സിൽ ധരിക്കയാൽ
ഇതിനു തലേദിനം ബഹുവന്ദനാപുത്രം
ഇങ്ങനെ നിശാമദ്ധ്യേ സാഷ്ടാംഗം ചെയ്തുനാഥ
മംഗലേശ്വരൻ ചെയ്ത നന്മയെ നന്ദിപൂർവ്വം

1 നേമം— നിയമം.
2 ആസ്തം—ഒരുക്കം 3 തിരുമണം—കല്യാണം

# ചാവറയച്ചന്റെ സാഹിത്യ കൃതികൾ

അനുപമവും ആധ്യാത്മിക ചൈതന്യം നിറഞ്ഞുതുളുമ്പുന്നവയുമായ കാവ്യകൃതികളുടെ ഒരു സമാഹാരമാണിത്. സാരാംശത്തിലും പ്രതിപാദനത്തിലും അനന്യലബ്ധമായ ആധ്യാത്മികത ഇതിൽ തെളിഞ്ഞു കാണുന്നുവെന്നു മാത്രമല്ല; രചയിതാവ് ജീവിച്ചിരുന്ന കാലത്തും ജീവിത ശേഷവും പുണ്യപരിമളംകൊണ്ടു കേരളക്കരയെ ധന്യമാക്കിയ പുണ്യപുരുഷനാണ് എന്നതും ശ്രദ്ധേയമായ കാര്യമാണ്. ആത്മാനുതാപം, മരണവീട്ടിൽ പാടുവാനുള്ള പാന, അനസ്താസിയാ എന്നീ കൃതികൾക്ക് നിരവധി പതിപ്പുകൾ ഇതിനോടകം ഉണ്ടായിട്ടുണ്ട്. എങ്കിലും ചാവറയച്ചന്റെ പദ്യകൃതികൾക്ക് ഒരു വിദഗ്ധസംഘം മേൽനോട്ടം വഹിച്ച് ഒരു സംശോധിത പതിപ്പ് തയ്യാറാക്കിയിട്ടുള്ളത് ആദ്യമായാണ്.

---

വിതരണം:

സാൻജോസ് ബുക്ക്സ്റ്റാൾ, മാന്നാനം
കോട്ടയം

ഈ നവദിനങ്ങളിലേതുമേ യാവ്യംവിനാ
ഈ മഹാനാഥ തന്റെ പുത്രനെ ഭജിച്ചീടും
എന്നതിൻ ഷഢ്[1]വാസരമുന്നതമതിൽപ്പൊങ്ങും
അന്നവിടത്തിലാറു ദിനമാം സൃഷ്ടി കാട്ടും

എന്നതിൻ മൂന്നുദിനമാകാശമതിൽ ബഹു
നന്ദിയാൽ ദാനപൂർണ്ണാലംകാരാൽ ചമയിക്കും
ഒടുക്ക ദിവസത്തിൽക്കൊടുക്കും തന്റെ കാഴ്ച
അടക്കം വിനാകാട്ടും ദൈവിക മഹായുക്തി

പെരികെത്തന്റെ വെളിവതികരിച്ചീടുവാൻ[2]
"പുർഗത്തോ"[3] രിയിലാത്മം സകലം കരേററീടും
പരമസ്നേഹ പുത്രജനത നിമിത്തമായ്
പരരക്ഷയിൻവാതിൽ തുറന്നെന്നറിവിനും

തിരുന്നാംദിനം തന്നിൽ പരമസുതൻസഹ
പരലോകരുമായി ഇറങ്ങും സേനാക്കളിൽ
സ്നേഹശിഷ്യനാം ജോനി പൂജകർമ്മം ചെയ്യുമ്പോൾ
സേനകളശരീരിഗാനഘോഷമായ് പാടും

മാതാവിന്നൊരത്തോരിയെന്നതിൽ സ്നേഹപുത്രൻ
ദൂതരുമൊരുമിച്ചുനിന്നു പാർത്തിടും സ്തുതി
സുതന്റെ വലഭാഗത്തിൽക്കണ്ടീടും മാതാവിനെ
സുതനെക്കുദാശയാൽ കൈക്കൊണ്ടശേഷം ക്ഷണം

ആകാശമാർഗ്ഗേ പൊങ്ങി മാതാവാംകന്യാമണി
കുദാശനിമിത്തമായ് ദൈവത്തോടൊന്നിച്ചങ്ങു
പിന്നെയും മാതാബഹുഭക്തിയാൽ പുത്രോവാസ[4]
അന്നപാനമെന്നിയെനോററീടും ചതുർദ്ദശം

ഈ ദിനങ്ങളിൽ മഹാഭക്തിയാൽ പാപികൾക്കായ്
ഈ ദിവ്യമാതാ ബഹുപ്രാർത്ഥന പുത്രൻ പക്കൽ
മാതൃസ്നേഹത്താൽ ക്ലേശം നഷ്ടമാമാത്മാക്കളൊൽ
താപാനുപമം മഹാപാപികൾ രക്ഷയ്ക്കായി

ഇങ്ങനെ മാതാവു തന്നമലോത്ഭവം മുതൽ
തിങ്ങിനതപസ്സിനാൽക്കാൽക്ഷണം കളയാതെ
തന്നുടെ സപ്തദശമെന്നതിൽ മൂന്നുകുറ[5]
വെന്നയിക്കാലം വരെയായപ്പോൾ മഹാദാഹം

---

1 ഷഢ്വാസരം—ആറാം ദിവസം.
2 അതികരിക്കുക—അധികരിക്കുക. 3 പുർഗത്തോ—ശുദ്ധീകരസ്ഥലം.
4 പുത്രോവാസം—പുത്രനെപ്രതിയുള്ള ഉപവാസം. 5 സപ്തദശമെന്നതിൽ മൂന്നുകുറെ—എഴുപതിൽ മൂന്നു കുറവ് (67)

പെരുകി പുത്രൻ സഹതരണം പരലോകേ
കരുതീ പുത്രൻ സ്നേഹമാതൃവെ കൈക്കൊള്ളുവൻ
എന്നയിക്കാലമതിൽ മുമ്പനാം ഗൗറിയേലെ
മന്ദിരെയാകാശത്തിൽനിന്നു താൻ യാത്രയാക്കി 268

മുമ്പനാമിയാറം ബഹുവാനവർ കൂട്ടത്തോടെ
മുമ്പിലായ് വെള്ളയുള്ള വസ്ത്രം ധരിച്ചുകൊണ്ടും
തന്നുടെ ശിരസ്സതിലുന്നത കിരീടവും
തൈലവൃക്ഷത്തിൻശാഖ കൈകളിലേന്തിക്കൊണ്ടും 272

വന്നുടൻ നാഥ പക്കൽ മംഗലവാർത്തചൊല്ലി
വന്ദനം മുൻപോൽതന്നെ വചനമതുതന്നെ
പിന്നെയങ്ങറിയിച്ചു നിന്നുടെ സ്നേഹപുത്രൻ
മന്നിലായ് നിനക്കുള്ള വാസത്തെച്ചുരുക്കി താൻ 276

ഇന്നീയിക്കണ്ണീർസ്ഥലേ മൂന്നു കാലങ്ങൾമാത്രം
കന്നി നീ വസിക്കുമ്പോൾ യാത്രയങ്ങാകാശത്തിൽ
എന്നതുകേട്ട ക്ഷണമമ്മയുമതുതന്നെ
നന്ദിയോടുരചെയ്തു മുമ്പിനാലെന്നവണ്ണം 280

കർത്താവിൻ ദാസിയിതാ നിന്നുടെ വചനംപോൽ
പേർത്തിനിക്കായീടട്ടെയെന്നു ചൊന്നനന്തരം
മുഖ്യനെപ്പാർത്തു വീണ്ടുമമ്മയൊന്നരുൾചെയ്തു
മുഖ്യതചെയ്തു ദൈവം വന്ദനം ചെയ്തു നന്ദി 284

കാട്ടുവാൻ കൊണ്ടാട്ടങ്ങളുണപ്പാൻ നീക്കിദ്ദഢം
കോട്ടമെന്നിയേ നിങ്ങൾ കൂടവെ തുണയ്ക്കണം
എന്നരുൾചെയ്തു നേരം വന്നവരെല്ലാവരും
ഒന്നിച്ചു രാജ്ഞീസഹാവന്ദനഗാനം സ്തുതി 288

അഞ്ചുനാഴികവരെ മംഗളം ചൊന്നശേഷം
ആഞ്ചുകൾ[1] പരലോകെഗമനം ചെയ്തു ക്ഷണം
തന്നുടെ സ്നേഹപുത്രൻ ശ്ലീഹന്മാർ പലദിക്കിൽ
തന്നിൽനിന്നകന്നവരൊക്കെയും തന്റെ കൈയാൽ 292

ലേഖനംചെയ്തു ദൂരെയുള്ളവക്കയച്ചുതാൻ
ലോകവാസത്തിൽ ചിരംവസിപ്പാൻ ദൃഢമായി
ചാരെയുള്ളവർകളെ വാക്കിനാലുറപ്പിച്ചു
സാരമുള്ളവകളെ ധരിപ്പിച്ചറിയിച്ചു 296

തന്നുടെ സ്നേഹപുത്രൻ യോഹന്നാൻ മാതൃതന്റെ
മന്നിലെ യാത്രയറിഞ്ഞെത്തിതാൻ ക്ലേശിച്ചേററം
ഇങ്ങനെ മാതൃ തന്റെ മരണമറികയാൽ
തിങ്ങിന ദുഃഖത്തോടെ ക്ലേശിച്ചു വിശ്വാസികൾ 300

1 ആഞ്ചുകൾ—ദൈവദൂതന്മാർ (എയിഞ്ചൽ എന്നതിന്റെ തത്ഭവം)

ഇന്നാളുകളിൽ ബഹുഭക്തിയാൽ മാതാനിത്യം
കീഴ് നാളുകളെക്കായിൽ ശോഭിച്ചുമുഖശോഭ
അപ്പോലെ പുത്രൻ തന്റെ രക്തത്താലർച്ചിച്ചുള്ള
ചൊൽപെരിയൊരുസ്ഥലം വന്ദിക്കും ബഹുഭക്ത്യാ 304

ഇങ്ങനെ മാതാ തന്റെ യാത്രക്കായൊരുങ്ങുമ്പോൾ
അങ്ങടുത്തുള്ള സ്ഥലം പലസ്തീൻ ചുറ്റുമുള്ള
വിശ്വാസക്കൂട്ടങ്ങളിലെത്രയും മഹാദുഃഖം
വിശ്വത്തിൽനിന്നും തന്റെ നിക്ഷേപം നാസ്തിയഥാ 308

എന്നതുമനുകൂലമെന്നതിൽത്തന്നെയല്ല
മന്ദമായാകാശത്തിൽ നക്ഷത്രഗ്രഹങ്ങളും
ഖമിൽഗമിക്കും പക്ഷിപറവവൃന്ദങ്ങളും
ഖഗ1സുസ്വരാദികൾ പകർത്തീദുഃഖം യഥാ 312

എന്നതു വിശേഷമായെടുത്ത കാലം തന്നിൽ
തന്നുടെ കേതമതിൻ ചുറ്റുമായ് പ്പക്ഷിഗണം
ഒക്കെയും കൂട്ടിക്കൊണ്ടാപ്പാട്ടുകൾ തോറ്റങ്ങളായ്
പൊക്കത്തിൽനിന്നു താണു ധരയിൽ തലചേർത്തും 316

തന്നുടെ രാജ്ഞി പിരിഞ്ഞെന്നേയ്ക്കുമകന്നീടു–
മെന്നുള്ള ദുഃഖം നെഞ്ചിൽക്കൊത്തിക്കൊണ്ടറിയിക്കും
ഇങ്ങനെ രാജ്ഞി തന്റെയാശീർവ്വാദത്തിനായി
അങ്ങവർ പാർത്തുംകൊണ്ട് പ്രവൃത്തി യഥാകാട്ടും 320

എന്നതു വൻകുന്നുകൾ, മലകൾ. പാതാളങ്ങൾ
എന്നതിൽ വസിക്കുന്ന വൻമൃഗത്തരങ്ങളും
തന്നുടെ മരണത്തിന്നാറു മാസത്തിൻ മുമ്പിൽ
തന്നുടെ സുവൃത്തിപോൽ ഗാഗ്ഗൽത്താഴ്യെഴുന്നെള്ളി 324

എന്നതു തിരിഞ്ഞവരൊക്കെയും ചുററിക്കൂടി
അന്നങ്ങങ്ങോരോ മലവാസികൾ പലതരം
വ്യാഘ്രാദിവർഗ്ഗങ്ങളും ഭോജനഭോക്താക്കളും
വ്യാപ്യ2മൊക്കെയും നീക്കി ദുഃഖത്താൽ രാജ്ഞിപക്കൽ 328

വന്നവരതിൽ ചിലർ വന്ദന സാഷ്ടാംഗവും
ചെന്നാദികളും തലകുനിച്ചു വന്ദിച്ചമ്മെ
ഒക്കെയും മഹാദുഃഖസ്വരങ്ങൾ ഗർജ്ജിച്ചിട്ടും
ദുഃഖമൊക്കെയും കാട്ടി രാജ്ഞി നഷ്ടത്താൽ ദൃഢം 332

ഇന്നിവൾ സ്രഷ്ടാവിന്റെ മാതാവെന്നൊരു ചിഹ്നം
മുന്നമേ നരകുലത്തിന്നുടെ ശക്തിസർവ്വം
ജന്മപാപത്തിൻ കഷ്ടനഷ്ടം ചെയ്യതുമിവൾ
ജന്മനിഷ്കളത്തിനാലുണ്ടെന്നും രണ്ടാം ചിഹ്നം 336

1 ഖഗം-പക്ഷി 2 വ്യാപ്യം-വ്യാപാരം (പ്രവർത്തനം)

പിന്നെയുമമ്മ തൻെറ യാത്രക്കു മുമ്പിൽതന്നെ
തന്നുടെ പുത്ര രക്താലർച്ചിച്ച സ്ഥലങ്ങളിൽ
ചെന്നു വന്ദിക്കും ജനമൊക്കെയ്ക്കും മഹാഗുണം
എന്നതും വിശേഷമായ് പാപമോചനങ്ങളും

തന്നുടെ പുത്രൻ കല്പിച്ചുറപ്പിപ്പതിന്നായി
മന്നിലിങ്ങിരിക്കയിൽ പ്രാർത്ഥിപ്പാനുറച്ചമ്മ
സ്നേഹപുത്രനാം ജോണിന്നനുവാദവും വാങ്ങി
സ്നേഹിതനിയാളെയുമായിരം ദൂതന്മാരും

ഇങ്ങനെചെന്നു ഗിരി ഗാഗുൽത്താമുകളേറി
മംഗലസ്ഥലങ്ങളെ വന്ദിച്ചു മഹാഭക്ത്യാ
പിന്നെയുമതിൽ സുതൻ സഹിച്ച ദുഃഖങ്ങളും
ഉന്നത പ്രവൃത്തിയുമൊക്കെയും ധ്യാനിച്ചമ്മ

സാഷ്ടാംഗംചെയ്തു ദുഃഖാൽ പ്രാർത്ഥിച്ചെന്നതു നേരം
സൃഷ്ടിതാവായ സ്നേഹപുത്രനമെഴുന്നെള്ളി
മൃത്യുകൈക്കൊണ്ട സ്ഥലമെന്നതിൽത്തന്നെ നിന്നു
പാർത്തുമാതാവോടതിസ്നേഹത്താലരുൾചെയ്തു

സ്നേഹമാതാവെ! മമസുന്ദരകപോതമെ!
സ്നേഹശക്തിയാൽ മമ കരണം സ്വർഗ്ഗത്തിലും
നരരക്ഷക്കായുള്ള മമ ദുഃഖങ്ങൾ സർവ്വം
കരണം നീയും മമ തുണയായതും ദൃഢം

ഇതിനായ് നിൻെറ ദാഹമതെന്നുമറിഞ്ഞു നാം
ഇതിനായയച്ച നിൻ സ്വരവും ചെവിക്കൊണ്ടു
എൾ മമ ബഹുതെളിവതുമായിപ്പോൾ നിൻെറ
ഹൃദേദന[1]കളൊക്കെയൊഴിച്ചു സ്ഥിരംചെയ്യേൻ

ഇപ്പോഴുമിനിമേലുമി സ്ഥലങ്ങളിൽവന്നു
ഇപ്പരമമായൊരു സാരസം[2] ധ്യാനിക്കുന്ന
വിശ്വാസി ജനത്തിൻെറ കന്മഷക്കറകളെ
വിശ്വാസം നിമിത്തമായ്പ്പോക്കീടും മമരക്താൽ

അപ്പരലോകത്തിങ്കൽ നീകടന്നതിൻശേഷം
ഇപ്പരക്കുള്ള പാപമോചനത്തിന്നും നിൻെറ
സങ്കേതം തേടുന്നൊരു പാപികളൊക്കേയ്ക്കും നീ
സങ്കേതമദ്ധ്യസ്ഥവും കർത്തവ്യമതും തന്നേൻ.

ഇപ്പറഞ്ഞൊപ്പുനാഥനിസ്ഥലം തന്നിൽവച്ചു
തൽപ്പരചോടെ കല്പിച്ചുറപ്പിച്ചതുനേരം
അമ്മയും സ്നേഹപുത്രൻ മുമ്പതിൽ സാഷ്ടാംഗമായ്
അമ്മലർപ്പാദം കുമ്പിട്ടാനന്ദം തോഷിപ്പിച്ചു

---

1 ഹൃദേദന–ഹൃദയവേദന 2 സാരസം–തത്വസാരമെന്നു വ്യംഗ്യം

പുത്രനും തൻെറ രക്താൽ ശുദ്ധമായിടങ്ങളെ
പുത്തനായ് വാഴ്‌വു കൊടുത്തൊക്കെയുമുറപ്പിച്ചു
അമ്മയ്ക്കും തൻെറ യാശീർവാദത്തെക്കൊടുത്തുടൻ
അമ്മയും സേനാകളിൽ പിതൃദക്ഷിണേ[1] പുത്രൻ

അങ്ങെഴുന്നെള്ളും മുമ്പെയമ്മതൻ ക്രമംപോലെ
ഭംഗിയാൽ ധരേ മുത്തിയരുളിച്ചെയ്തീവണ്ണം
നരദൈവത്തിൽ തിരുരക്തത്താലർച്ചിച്ചതും
നരദേവനാലിപ്പോളാശീർവ്വാദവും പെററ

തിരുഭൂമിയെ നിന്നെയിനി ഞാൻ പരലോകേ
തീരിയുന്നതിൻ ശേഷമവിടെനിന്നു പാപ്പേൻ
ഇതുമെന്നിയേ ശുദ്ധസ്ഥലത്തെ കാക്കുന്നോരോ
ടിതുമങ്ങരുൾചെയ്തു. അശരീരികൾ നിങ്ങൾ

ഇവിടെ പ്രാർത്ഥിപ്പാനായ് വരുന്ന ജനത്തിനെ
ഇടയെന്നിയെ നിങ്ങൾ തുണക്ക നമ്മുക്കായി
ഇതുമെന്നിയേ സ്ഥലമശുദ്ധിയാക്കീടുവാൻ
ഇതിനായ് പുറപ്പെട്ടമജ്ഞാനികളിൽനിന്നും

ഇതിനെക്കാത്തു പരിപാലനം ചെയ്തീടണം
ഇതുമങ്ങരുൾചെയ്തു പുക്കതേൻ ഒരത്തോരിൽ
എന്നതിൻശേഷം ശുദ്ധമാതൃവാം പള്ളിക്കായി
വന്ദനംചെയ്തു പുത്രം പ്രാർത്ഥിച്ചങ്ങനുവാദം

പുത്രനും കേട്ടമാത്ര പ്രാർത്ഥിച്ചെന്നതുപോലെ
എത്രയും മഹാസ്നേഹാൽ കല്പിച്ചങ്ങനുവാദം
യാത്രയും ചോദിപ്പാനായീവണ്ണമുരചെയ്തു
എത്രയും ഭാഗ്യപ്പെട്ട ലോകത്തിൽ മുക്തിനീയെ,

തത്രസമുള്ള ലോകരക്ഷിതാവതും നീയേ
ശുദ്ധമാംപള്ളി തൻെറ ശിരസ്സും നീയെ നാഥാ
ശുദ്ധികർത്താവും ദേഹിക്കൊക്കയും നീയെദൃഢം
നിന്നുടെ ശുദ്ധരക്താൽ നടപ്പെട്ടുറപ്പിച്ചു

മന്നിലിപ്പള്ളിയമ്മ തന്നുടെ മകൻ ഞാനെ
ഇതിനാൽ മാതാവോടും സ്നേഹഭ്രാതാക്കളോടും
ഇതു ഞാനുരചെയ്തു പിരിയട്ടനുവാദാൽ
ഇതിൻെറ ശേഷം നാഥ തിരിഞ്ഞീവണ്ണം ചൊല്ലി

ഇതുകാലത്തിൻശേഷം പെരികെ സ്തുതിയോഗ്യം
റോമ്മ കത്തോലിക്കമ്മേ എന്ന നാമാഖ്യം വീഴും.
ഒണ്മയാൽനീയെ മമ അമ്മയും സങ്കേതവും
നിന്നാലെയെനിക്കുള്ള നന്മയും സമ്മാനവും

1 പിതൃദക്ഷിണേ—പിതാവിൻെറ വലതുഭാഗത്തു്

നീ തന്നെയാശ്വാസവും മമ ദുഃഖങ്ങാം സമേ
നിന്നുടെ തലവനമെന്നുടെ ശിരസത്തും
തന്നുടെ യോഗ്യമൊക്കെ നിന്നിലേ നിക്ഷേപമായ്
എന്നതിൽ ഞാനും മമ മക്കളും വിശ്വാസികൾ 412

ഒക്കെയും നിന്നാൽ തന്നെ വാഗ്ദത്തം പ്രാപിക്കട്ടെ
ഒക്കയാൽ നീയുമെന്നെയർച്ചിച്ചങ്ങയസ്സുണം
ഇങ്ങനെ മാതാപള്ളി തന്നുടെ വലിപ്പവും
മംഗലൻ പുത്രൻ സ്ഥാപിച്ചെന്നതുമുറപ്പിച്ച 416

പിന്നെയും തൻെറ യാത്രതെസ്തമെന്തുറപ്പിപ്പാൻ
മുന്നമായ് പുത്രൻ തന്നെ പ്രാത്ഥിച്ച സ്ഥിരത്തിന്നായ്
തന്നുടെ മഹാശ്രദ്ധയൊക്കെയും പുത്രൻ കേട്ട
തന്നുടെ തിരുച്ചിത്താലുറപ്പിപ്പതിന്നായി 420

അപ്പൊഴുതുടൻ മാതാ ഒരത്തോരിയിൽ നിന്നു്
മേല്പോട്ട ബോധം പൊക്കി പ്രാത്ഥിച്ചെന്നതുനേരം
പ്രിയമാം സുതാമാതാ ശുദ്ധപത്നിയും ഒ ന്നെ
പ്രിയമായ ത്തോഷിപ്പിപ്പാൻ ബഹുസേനകളോടെ 424

ശുദ്ധ ശുദ്ധമാം ത്രിത്വം ഘോഷത്താലെഴുന്നെള്ളി
ശുദ്ധ മാതാവുമപ്പോൾ സാഷ്ടാംഗംചെയ്തു ഭക്ത്യാ
പുറപ്പെട്ടടൻ സ്വരം സന്നിധാനത്തിൽനിന്നു
മുറച്ചിട്ടുള്ള സ്വരമീവണ്ണം കേൾക്കപ്പെട്ടു. 428

സ്നേഹമേറിടും നമുക്കുള്ളൊരുമഹിഷിനി
സ്നേഹിതേ! നിൻെറയിഷ്ടമൊക്കെയും ശുഭംസാദ്ധ്യം
പിതാവാം ദേവൻ വീണ്ടും മോദത്താലരുൾചെയ്തു
സുതനീമമ സ്നേഹാലിതിന്നാൽ നിനക്കുള്ള 432

അഭീഷ്ടമൊക്കെ നമ്മാലാശീർവാദവും ദൃഢം
അഭിലാഷംപോൽ നിൻെറ ജീവിതശേഷത്തിലും
ഇതുപോൽ മമ സുതൻ സ്നേഹശുദ്ധറൂഹായും
ഇതുപോലുറപ്പിച്ച സ്ഥിതിയും നൽകി ദൃഢം 436

അപ്പൊഴതമ്മ തൻെറ തെസ്തമെന്തിനെയുടൻ
അപ്പെരിമയെ കമ്പിട്ടുണർത്തീടുന്നീവണ്ണം
എത്രയും സ്തുതിയോഗ്യ നിത്യദൈവമേ! സ്വാമി!
എത്രയും നീചപ്പുഴ പൊടിയായീടും ദാസി 440

മാമകഹൃദയത്തിൻ വശമാം പൂജ്യതയാൽ
മമ വിശ്വാസാൽ വന്ദിച്ചിതിതായുണത്തുന്നു

1 തെസ്തമെന്തു്—ഉടമ്പടി, ടെസ്റ്റമെൻറ്

പിതാവും സുതൻ റുഹാദക്കദശായെന്നുള്ള
പിരിയാതുള്ള മൂന്നാം ഏക ത്രീത്വദൈവവും

ഏകമീ മൂവക്കുള്ള സ്ഥാനയോഗ്യപൂൎണ്ണവും
ഏകചിത്തവും സൃഷ്ടി സ്ഥിതി സംഹാരം സൎവ്വം
നിന്നാലെ സൃഷ്ടിയഹം നന്മയും സൎവ്വം നീയെ
നിന്നാലെ മന്നിൽ ജീവ്യം[1] കഴിച്ചു നിൻചിത്തത്താൽ

നിന്തിരുയിഷ്ടത്തിനാലാകാശം ഭൂമി ജലം
നിൻ ദയാലാദിത്യാദിയെന്നെ സന്ധിച്ചു ദ്രവം
എന്നുടെ യോഗ്യം വിനാ ഭൂമിയുമെന്നെത്താങ്ങി
എന്നുടെ ഇച്ഛക്കായി ചൊൽവിളികേട്ടു സൎവ്വം

ഇതിനായ് സ്തുതി ചെയ്വാൻ വശഹീനമെങ്കിലും
ഇതിതാദാസി മനസിനിയും മമജനം
ഭൂലോകേ വസിക്കുന്ന മനുഷ്യകുലത്തിന്നായ്
ഭൂമിനാഥ നീയെ മനോഗ്ഗുണം ചെയ്തിടേണം

എന്നുടെ സഹോദരരായിടും നരകുലം
നിന്നുടെയിഷ്ടംപോലെ നിന്നെയും സ്നേഹിപ്പാനും
മന്നിലുള്ളവരൊക്കെയറിഞ്ഞു നിന്നെ ദൈവ
വന്ദനം ചെയ്തു നന്ദികാട്ടുവാനായിടുമേ

അനിഷ്ടം ഞെരുക്കങ്ങൾ ക്ഷമിച്ചു കൃച്ഛ്റങ്ങളും
അരിഷ്ട ലോകെ യവക്കനുകൂലമാകണം
ഈലോകെയിനിക്കു നീ ദാനം ചെയ്തതിലിനി
മേ ലോകേ പിരിവതിലോൎമ്മയുണ്ടായീടുവാൻ

എന്നുടെ ദേഹം മൂടിയെന്നൊരു "മാംദായത്തു
മുന്നമായ് ധരിച്ചെന്നു വസ്ത്രങ്ങൾ രണ്ടു"മുണ്ടു്
എന്നതു മമ സ്നേഹപുത്രനാം യോഹന്നാനു്
നന്ദിയായമ്മ, മയാ ചെയ്തിയാം സൎവ്വംദയാൽ

എന്നുടെ ദേഹാദേഹിയെന്നതിൽ പുറപ്പെട്ടാൽ
മുന്നമായ് നരകുലമാതൃവാം ഭൂമിക്കുമായ്
ദേഹിമേ നിൻെറ ദയാൽ നിത്യമായ് നിന്നെത്തന്നെ
ദാഹമായ് സ്നേഹിപ്പാനായ് ദൈവമെ നിൻ തിരുക്കൈയെ

നിന്നുടെ ദയാൽ ലോകെ ദാസിയാം മമാനിഷ്ടം
നിന്ദയും ക്ഷമാഗ്ഗുണ നന്മ സൎവ്വവുമെൻെറ
സ്നേഹദൈവമാം നിൻെറ തിരുവനുവാദത്താൽ
ദാഹമായ് മമ സ്നേഹം സൎവ്വവിശ്വാസികൾക്കായ്

1 ജീവ്യം—ജീവിതം

ണ്ടയാൽ ക്രമം യഥാ ദാനമായരുളുവാൻ
നന്മയ്ക്കായ് ശ്രദ്ധപള്ളി അമ്മയ്ക്കും വച്ചേൻ ദാസി
നിൻ തിരുനാമം നിത്യം സ്തുതിയോഗ്യത്തിനായി
നിൻ തിരുവിഷ്ടം യഥാ, സർവ്വവും പരലോകെ

യെന്നപോൽ തന്നെ ഭൂമി അന്തരം വരാനിന്നെ
മന്നിലുള്ളവരൊക്കെ സ്തുതിപ്പാൻ മഹാപേക്ഷ
ഇതിനാൽ ധരേ ദൈവം നീയെന്നുള്ളൊരുസത്യം
ഇതു നിൻ ദയാൽ നടത്തിടുവാൻ പ്രാർത്ഥിക്കുന്നേൻ

ഇപ്രകാരമുള്ളൊരു "തെസ്സമെ"ന്തിനെയമ്മ
ഇപ്രകാരൻ പുത്രൻ മദ്ധ്യസ്ഥാൽ ത്രീയേകമാം
ദൈവത്തിന്നിഷ്ടം യഥാ ചെയ്യതിൻ ശേഷത്തിങ്കൽ
ദൈവവും വാഴ്ത്തിയുറപ്പിച്ചിതു സർവ്വം ദൃഢം.

## XII

ദിവ്യാംബികയുടെ മരണവും സ്വർഗ്ഗാരോപണവുമാണ് ഈ പാദത്തിന്റെ ഉള്ളടക്കം. മരണമടുക്കാറായപ്പോൾ അപ്പസ്തോലന്മാരെയെല്ലാം കാണുവാൻ മാതാവ് ആഗ്രഹിക്കുന്നു. മരണത്തിനു മൂന്നുദിവസം മുൻപ് സഭാനാഥനായ പത്രോസിനെ സന്ദർശിച്ച് ശ്ലൈഹികാശീർവാദം നേടുന്നു. മാതാവിന്റെ സ്വർഗ്ഗാരോപണം വിവരിച്ചശേഷം, ഭക്തിപരവശനായ കവി, മാതാവിനോടു മാദ്ധ്യസ്ഥം യാചിക്കുന്നതോടുകൂടി ഈ ഭാഗം സമാപിക്കുന്നു.

### (കടശിപാദം)

ഇങ്ങനെമാതൃതന്റെ തെസ്സമെന്ത [1] തിൻശേഷം
തിങ്ങിനസ്നേഹത്തോടെ പുത്രനെപ്രാർത്ഥിച്ചതും
മമയാത്രയ്ക്കുമുമ്പിൽ പ്രിയശിഷ്യരാംനിന്റെ
മഹിമപ്പെട്ടശ്ലീഹരവരെ കാണ്മാനിഷ്ടം

തിരുവുള്ളമെങ്കിലോതരണം മമാപേക്ഷ
തിരുചിത്തമേ മമഭാഗ്യത്തിൻമഹാഭാഗ്യം
തിരുമാതാവിൻ രസാരസ [2] മറിഞ്ഞപുത്രൻ
തിരുവാമൊഴിഞ്ഞു താനിതിനെ കേൾപ്പിച്ചമ്മെ.

എത്രയും പ്രിയമുള്ള മാതാവെ! മമതായെ!
തത്രസംവേണ്ടാനിന്റെയിഷ്ടമൊക്കെയുംസാദ്ധ്യം

---

1 തെസ്സമെന്തു്— ടെസ്റ്റമെന്റ്, ഉടമ്പടി. 2 രസാരസം—ഇഷ്ടാനിഷ്ടം—

അടുത്തുള്ളവരൊക്കെ എളുപ്പംവന്നീടുമെ
അടപ്പിച്ചീടും ദൂതരകന്നദിക്കിൽനിന്നും

ഇതുകേട്ടുടനമ്മ പെരികെത്തെളിവൊടെ
അധികമെളിമയാൽ സാഷ്ടാംഗംചെയ്തുപുത്രാ
അധികഘോഷത്തോടെ മഹാരാജനാംശ്രേഷ്ഠോൻ
അതിബുദ്ധിയാൽചെയ്ത സ്വർണ്ണ "ക്രോവകൾ" മദ്ധ്യ

തിരു "പേഴയെ" 1 സ്ഥിതിചെയ്തതി നിച്ഛിച്ചപ്പോൾ
തിരുപ്പുത്രനും ദേവൻമേല്പെട്ടജതുശ്രേമിൽ
സ്തുതികൾക്കൊക്കെയുകതമാകും തിരുമാതൃവെ
സ്തുതിഘോഷത്താലെഴുന്നള്ളിപ്പാൻ വിധിച്ചോരു

ദിനമായതിന്നുടെ ത്രിദിനം മുമ്പിൽത്തന്നെ
ദിവ്യദിനകരന്റെ ശിഷ്യരൊക്കെയുംകൂടി
മുമ്പിനാൽത്തലവനാം പത്രോസ്സതന്റെപങ്കാ
മുമ്പതാംനഗർ റോമ്മായെന്നതിൽപാക്കംവിധൗ

ദിവ്യദൂതനും തനിക്കറിയിച്ചുടൻവാർത്ത
ദിവ്യശക്തിയാൽത്തന്നെയെത്തിച്ചുസേനാക്കളിൽ
ദിവ്യമാതാവുമിതുഗ്രഹിച്ചക്ഷണംതന്നെ
ദിവ്യപുത്രനാംക്രിസ്തു വികാരിക്കെതേപ്പിന്നായ്

വാതിലിനടുത്തുടൻ മുട്ടുകൾകുത്തിക്കൊണ്ടും
വാതുറന്നുടൻ വാഴ്ത്തിപ്രാർത്ഥിച്ചങ്ങിതുചൊല്ലി
മേല്പെട്ടദൈവംതന്റെ ദയയാൽദാസിയുടെ
കീഴ്പ്പെട്ട എളിമയെപ്പാർത്തുതാൻ കരുണയാൽ

പരലോകത്തിന്നുള്ള കടപ്പിൽ2 തുണപ്പാനായ്
ഗുരുവേയയച്ചതിൽ സ്തുതിചെയ്യുന്നുദാസി
ഇങ്ങനെമാതാദൈവ വന്ദനംചെയ്തശേഷം
മംഗലൻപത്രോസിന്റെ വാഴ്വുംകൈക്കൊണ്ടുടൻ

എന്നതിൻവണ്ണംതന്നെ വമ്പനാംപൗലോസിന്നും
വന്ദനവഴക്കവുംചെയ്തമ്മ മഹാമോദാൽ
ഇങ്ങനെശ്രീഹർശിഷ്യ ജനങ്ങളൊക്കെക്കൂടി
മംഗലരാജ്യമതിൽ പുക്കവർനീക്കിശേഷം

എന്നവരെല്ലാവരും മാതാവിൻചാരത്തിങ്കൽ
ചെന്നുദൈവമാതാവിൻ വന്ദനംചെയ്തശേഷം
മാതാവുംബഹുമോദാലാചാരം ചെയ്തുകൊണ്ടും
മാതൃവാൽസ്നേഹശിഷ്യൻ തന്നോടങ്ങുരുൾചെയ്തു

1 പേഴ–പെട്ടകം.  2 കടപ്പിൽ—പ്രവേശനത്തിന്.

വന്നോരാംസഹോദരരൊക്കെയ്യും സൽക്കാരങ്ങാം
നന്ദിയാൽചെയ്യുക്ഷീണംതീപ്പ്തിന്നതിസ്നേഹാൽ
എന്നതുക്ഷണംതന്നെ യേശുവിൻസഹോദരൻ
എന്നയാക്കോബുശ്ലീഹാതാനുമായ് സാധിച്ചുടൻ 48

അന്നിതു സ്വകാര്യത്തെ ജനശ്രേ ചാറും ധാര
എന്നുള്ള വിശ്വാസികാം അറിഞ്ഞു ദൈവഗത്യാ
ഓരോരോ ജനങ്ങളായ് കൂടിയ സ്ഥലമതിൽ
ഈ നരർക്കൂട്ടത്തിനെപ്പാർത്തുടൻ ശീമോൻ കേപ്പാ 52

പേത്തയാം വരവിന്റെ കാരണം ഗ്രഹിപ്പിച്ചു
പേത്തിതുമരുംചെയ്തു വിശ്വാസ്യജനത്തൊടു
ശ്ലീഹന്മാരാദിയായിത്തുടങ്ങിയിതു വാക്യം
ശ്ലീഹയിൽ സ്നേഹപുത്രൻ മമ ഭ്രാതാക്കന്മൊരും 56

സ്നേഹമേറിടും മമ മക്കളാം ക്രിസ്ത്യാനികാം
സ്നേഹമായ് സൂക്ഷിക്കണം നമ്മുടെ നാഥൻ യേശു
തന്നുടെ തിരുവേദം പ്രസിദ്ധപ്പെടുത്തുവാൻ
തന്ന കല്പനവശാലോരോരോ നാടുകളിൽ 60

നമ്മുടെ തൊഴിൽ നിവർത്തിച്ചിടും സ്ഥലങ്ങളിൽ
നിന്നിവിടത്തിൽ നമ്മെയണച്ചു സർവ്വേശ്വരൻ
എന്നതു തന്റെ ദൈവശക്തിയെന്നതും ദൃഢം
എന്നപോൽ വിശ്വാസികളുള്ളിലും ദൈവം കാട്ടി 64

അപ്പഴോ ഭ്രാതാക്കളെ നമ്മുടെ നിക്ഷേപവും
ഈപ്പരിമകംക്കൊക്കെക്കാരണമായമ്മയെ
തന്നുടെ പുത്രൻ താൻറെ രാജ്യത്തിൽ കരേറുവാൻ
തന്നുടെ പുത്രി തന്നെ കൈക്കൊംവാൻ ദൈവപിതാ 68

എന്നപോൽ സ്നേഹ ദൈവം തന്നുടെ സ്നേഹപത്നീ
മന്ദിരേ കരേറുവാൻ നിശ്ചയം ചെയ്തു ദൃഢം
ഇനിമേൽ നമുക്കുള്ള സങ്കടം കേംപ്പാനാരോ
ഇനിമേൽക്കാത്തീടുവാൻ കരുണകടലേതോ? 72

എങ്കിലുമുള്ള നേരംകൊണ്ടു നാമപേക്ഷിക്ക
ശങ്കയില്ലമ്മ നമ്മെത്തുണയ്ക്കും പരലോകെ
എന്നിതുമാത്രം ചൊല്ലിയെന്നപ്പോളയാളുടെ
മന്ദമായ് സ്വരം, വാർത്തു കണ്ണീരിൽ നദിസമം 76

എന്നതിനേടു ശിഷ്യക്കൂട്ടമൊക്കെയും ദുഃഖാൽ
മന്ദിച്ചുനിന്നു മഹാദുഃഖആക്കത്താൽ സർവ്വർ
എങ്കിലും ശിരസിയാം ആകയാൽ വീണ്ടും സ്ഥിരം
ചങ്കിലങ്ങുറപ്പിച്ചു കല്പിച്ചുക്കൂട്ടത്തോടെ 80

---

1 ആക്കം—ആധിക്യം

അമ്മ സന്നിധാനമ്മേം ചേൎന്നുകൊണ്ടിരന്നീടാം
ഒന്മയാൽ തന്റെ വാഴ്‌വു കൂടശി കൈക്കൊള്ളണം
എന്നരുൾചെയ്തു കൂട്ടം സൎവ്വരും സന്നിധാനം
ഒന്നിച്ചു കേപ്പായോടെ പുക്കതുനേരത്തിങ്കൽ 84

അമ്മയുമുടനൊരു "പ്രദെല്ലാ"[1]യതിൻമീതെ
ഒന്മയാൽ മുട്ടുംകത്തിയല്ലാശ്വാസത്താൽപ്പാൎത്തു
അപ്പൊഴുതുടൻ മുഖമൊക്കയും പകൎന്നിതാ
ആകാൽാണങ്ങളും ദൈവദൂതന്മാരുടെ 88

ആയിരം കടന്നുള്ള ശുശ്രൂഷി സമൂഹവും
അല്പമായടങ്ങിയ നേരത്തു മാതാവു താൻ
പത്രോസു മുതലായ കൂട്ടത്തെ തൃക്കൺപാൎത്തു
എത്രയുമെളിമയാലിങ്ങനെയരുൾചെയ്തു 92

എത്രയും സ്നേഹപ്പെട്ട മക്കളെ നിങ്ങൾക്കുള്ള
ശുശ്രൂഷ ദാസിയഹം നിങ്ങടെ സമൂഹത്തിൽ
എന്നുടെയപേക്ഷയെ, അറിയിപ്പതിന്നായി
തന്നിടേണമെ നിങ്ങളനുവാദത്തെമയാ 96

പത്രോസും യോഹന്നാനും പാദസന്നിധൌചേൎന്നു
പാൎത്തുകൊള്ളുന്ന ഞങ്ങളരുളിച്ചെയ്തീടണം
എന്നതിൻശേഷം പത്രോസമ്മയെപ്പാൎത്തുചൊല്ലി
എന്നിതു മമ തായേ ഒന്നു നീയിരിക്കണം 100

എന്നതുകേട്ടക്ഷണം പൊൽവിളിക്കാസ്ഥപ്പെട്ടു
പന്നെയും പാൎത്തു പത്രോസിന്നുടെ പക്കൽത്തന്നെ
അണഞ്ഞുമുട്ടും കത്തി ബഹു ആചാരത്തോടെ
കരഞ്ഞുംകൊണ്ടു ചൊല്ലിയിവണ്ണം മഹാരാജ്ഞി 104

ഗുരുനീശ്രേഷ്ഠൻ സൎവ്വവിശ്വാസക്കൂട്ടത്തിന്നു
ശിരസ്സും നീയെ മമ മാതൃവാം പള്ളിക്കമേ
ഇതിനാൽത്താനും തന്റെ കൂട്ടരാം കൂട്ടത്തോടെ
ഇതാ നിൻ ദാസിയഹം വാഴവെക്കേണീടുന്നു 108

ഇതുമെന്നിയെ മമ ജീവിതകാലം സൎവ്വം
മതിയാൽ മമ ചെയ്ത കുറച്ചിൽ പൊറുക്കണം
തരണം പരലോകേ ചെയ്യുവാൻ ദാസിക്കിപ്പോൾ
തരണം നിങ്ങൾ സൎവ്വർ മനസാലനുവാദം 112

മമ സ്നേഹപുത്രനാം യോഹന്നാൻ തന്റെ കൈയിൽ
മമ സമ്പത്താലുള്ള "തുനിക്കാ" രണ്ടും മാംതാ
ഇതു ഞാനേല്പിച്ചതിലിരുവസ്ത്രങ്ങൾ രണ്ടു
ഇതിതുവരെത്തുണചെയ്തിരു പെൺപൈതങ്ങൾ 116

---

1 പ്രദെല്ലാ—പീഠം (ഇററാലിയൻ പദം)

അവക്കായിക്കൊടുപ്പാനുമനുവാദമുണ്ടെങ്കിൽ
അവയിൽ "ഫാംതാ" മമ പുത്രനാം യോഹന്നാനും
ഇതിന്റെ ശേഷം മുത്തി പത്രോസിൻ പാദങ്ങളെ
ഇതു കല്പിച്ചശേഷം തിരിഞ്ഞു യോഹന്നാനിൽ

അപ്പോലെ മുട്ടുകുത്തി പ്രാത്ഥിച്ചു മമ സുതാ!
മേല്പെട്ട നാഥൻ തന്റെ ഗുരുവെ സെഞ്ഞോതാർമയും
എന്നുടെ സ്നേഹസുതൻ കരിശിൽ നില്ക്കും വിധൗ
തന്നെന്നെമാതാവുമായ്ത്താൻ മമ പുത്രനുമായ്

അമ്മകുള്ളൻപാൽതന്നെ ശുശ്രൂഷിച്ചില്ലെന്നതും
അമ്മെ ഞാൻ തന്നാൽ സവ്വം നന്ദികൾ കൈക്കൊണ്ടിതാ.
എന്നതൊക്കയും മമ പുത്രനേ പൊറുക്കണം
വീണ്ടമ്മ കൂട്ടത്തെപ്പാർത്തീവണ്ണമുരചെയ്തു

ആണ്ടവൻ ദൈവപുത്രൻ നമ്മുടെ സ്നേഹസുതൻ
താനെന്നെ പഠിപ്പിച്ചവെന്നപോൽ സ്നേഹിക്കന്നോൻ
തന്നുടെ മക്കൾ നിങ്ങളെന്നപോൽ തമ്മിൽ തമ്മിൽ
സ്നേഹമെന്നിതു തന്നെ സവ്വർക്കും ഭാഗ്യംമുക്തി

സ്നേഹരാജ്യത്തിൽ ഞാനുമോത്തിടും "നിങ്ങൾ സവ്വം"
ഇങ്ങനെ മാതാവരുൾചെയ്തതു നേരത്തിങ്കൽ
തിങ്ങീന ദുഃഖം പൂണ്ടു സവ്വരും വീണുധരെ
കമ്പിട്ടുമുത്തി നിലം കണ്ണുനീർ വാത്തുംകൊണ്ട്

ബിംബിഷും മുട്ടിക്കൊണ്ടും നില്ക്കുന്ന നേരം മാതൃ
സവ്വേശൻ തന്റെ ചിത്തം സർവ്വരും ചേത്തുകൊണ്ടു
സവ്വരക്ഷയ്ക്കായിട്ടും പ്രാത്ഥിപ്പാൻ കല്പിച്ചമ്മ
അമ്മയുമെത്തുനേരം കണ്ണുനീർ ചിന്തിക്കൊണ്ട്

നന്മയ്ക്കായ്‌ക്കേണ സർവ്വമടങ്ങി അല്പനേരം
അപ്പൊഴുതാകാശത്തിൽ നിന്നുതൻ പുത്രൻ ദേവൻ
മുപ്പൊഴുതിനെത്തോല പ്രിപ്പിടുന്ന ശോഭയുതൻ
ആകാശവ്വാസികളും മാലാഖാവൃന്ദത്തോടും

ആകവേ പുണ്യാത്മാക്കൾ സർവ്വരുമൊരുമിച്ചായ്
ആകാശപ്രഭാകരനുദിച്ച നേരത്തിങ്കൽ
ആകാശമോക്ഷം സമം വിളങ്ങി സെഹിയോനും
അപ്പൊഴുതമ്മ തന്റെ പുത്രന്റെ പാദാന്തികെ

അപ്പെരുമയെപ്പാത്തു സാഷ്ടാംഗം പ്രണമിച്ചു
എത്രയുമെളിമയാൽ കമ്പിട്ടുമുത്തി പാദം
തത്രനില്ക്കുന്ന മഹാ സമൂഹം നിർജീവരായ്
ആകാശരാജ്യേ തന്റെ പുത്രന്റെ തിരുമുമ്പിൽ

ആകവെ ചെയ്താചാരം കണ്ടവർ ഭ്രമം പൂണ്ടു
മാതൃവിന്നപേക്ഷപോൽ പുത്രനും തൻെറ വാഴ്വു
മോദമായ്ക്കൊടുത്തുടനരുളിച്ചെയ്തീവണ്ണം
അമ്മയെ! സ്നേഹതായെ! നമ്മുടെ ഭവനമായ്

നിർമ്മല തവോദരെ നമ്മെ നീ പാർപ്പിച്ചിതാ
നമ്മുടെ പിതാദൈവം നിന്നെപ്പാർത്തിരിക്കുന്നു.
നമ്മുടെ വലത്തേതതിൽ വച്ചിതാസിംഹാസനം
മരണസ്ഥലേ നിന്നങ്ങായുസ്സിൻ സ്ഥലത്തിലായ്

വരണം നിത്യത്തിന്നാശ്ച നിത്യമതിൽനിന്നും
മമ മാതൃവായ് മലഹീനമായ് പുക്കലേകെ
മമ നാടതിലിതഃ മരണം വിനാപൂകാം
മമ മാതൃവും നീയേയിതിനാൽ മമസമം

മരണം വഴിയായിക്കടെപ്പാൻ മനസ്സെങ്കിൽ
അതിനും പിതൃചിത്തം നിന്നിഷ്ടം യഥാസാദ്ധ്യം
അല്ലെങ്കിൽ മമ രാജ്യെയധുനാമയാസഹ
അന്നേരം മാതാ ബഹുവന്ദനം ചെയ്തുകൊണ്ടു

സുന്ദരതിരുമേനി പാർത്തുകൊണ്ടുരചെയ്തു
എന്നുടെ സ്നേഹസുതൻ നാഥനേ! മമദേവ!
നന്ദനൻ നീയേ ദാസിയാഗ്രഹം കേട്ടീടേണം
മാതൃവും ദാസി തവ ആദത്തിൻ പുത്രിപ്പുഴ

നീതിയാ സർവ്വർക്കുള്ള ഭരണം മയാവഴി
എന്നുടെ ദൈവം നീയേ നരജന്മവുംപൂണ്ടു
മന്നിലിപ്പാടു സർവ്വം പെട്ടുനീ മരിച്ചല്ലൊ
അപ്പൊഴോ തവദാസിയല്പമാം പൊടിയഹം

എത്രയോ നീതി സർവ്വർ വാതിലാൽ കടക്കുവാൻ
ഈവണ്ണം സ്നേഹമാതൃചൊല്ലിയക്ഷണം തന്നെ
അവ്വണ്ണംതന്നെ തൻെറ പുത്രനമിഷ്ടംശുഭം
മാതൃവിന്നാശയതാ തികപ്പാൻ നാമും തൻെറ

മതിയാൽപ്പുറപ്പെട്ട മനസ്സേ അഴിച്ചഹം
എന്നതു നാഥൻ കല്പിച്ചെന്നയാക്ഷണം തന്നെ
സുന്ദരഅരൂപികൾ നാദഗീതങ്ങൾ പാടി
ശുദ്ധമാം മൂഹസ്യാലെ പാട്ടുകൾ പാട്ടിൻവാക്യം

ശുദ്ധാരൂപികൾ പാടി രണ്ടാംകപ്പിത്താംശം
വചനമതീവണ്ണം ബഹുസന്തോഷാൽചൊല്ലി
വചനമിതുതന്നെ മമ സ്നേഹിതേ! ഏറക്ക!!
അന്വേഷം ചെയ്തുമിതു പൂശുവാൻ രണ്ടാംസ്ത്രീകൾ

മുന്നമായമ്മയ്ക്കുവർ ദാസ്യവേലകൾചെയ്തു
എന്നതിനമ്മതന്നെ സമ്മാനിച്ചവരിവർ
എന്നവർ തിരുമേനി കിടക്കും കേതമതിൽ
മന്ദമായ്പ്പുക്ക ബഹുവന്ദനയോടുംകൂടെ 192

അപ്പൊഴത്തിരുമേനിയൊട്ടുമേ സൂക്ഷിപ്പാനും
ഇപ്പെരുമയാൽക്കട്ടിൽക്കൂടെയും കാണുന്നില്ല
ഒക്കെയും മഹാശോഭ പ്രകാശംതന്നെ കാഴ്ച
ഒട്ടുമേ സൂക്ഷിപ്പാനും ഭ്രമിച്ചു പുറപ്പെട്ടു. 196

മുഖ്യനാം പത്രോസാദി കേട്ടുടൻ കൂട്ടത്തോടെ
വാക്യവും ശരിതന്നെ സൂക്ഷിച്ചു ഭ്രമിച്ചവർ
ദിവ്യകോവിലാം ദേഹം "പേഴയും" "തേസ്സമെന്നും"
ദിവ്യമാകയാൽ നരർ തൊടുവാൻ യോഗ്യംപോരാ 200

എന്നതു സ്മരിച്ചവർ പിന്നെയും പത്രോസ് ജോണും
മന്ദിരമുള്ളിൽ പുക്കതെല്ലു ധ്യാനിച്ചു ക്ഷണം
ഉന്നതമതിൽ സ്തുതി വാനവർ പാടിക്കേട്ടു
നന്മയാൽ പൂർണ്ണരായി! ദൈവത്താൽ സ്വതംനിന്നിൽ 204

നന്മകൾക്കധിപതി സർവ്വേശൻ നിന്നിൽ സഹ
എന്നിതു പ്രധാനികൾ മുൻപരായ്പ്പാടുന്നേരം
വന്നവരെല്ലാവരും കൂട്ടമായ് രണ്ടാമതും
പ്രസവം മുൻപിൽ കന്യപ്രസവമതിൽ കന്യ 208

പ്രസവശേഷം കന്യസർവ്വനേരവുമേവം
പ്രഥമപള്ളിയായ സർവ്വ വിശ്വാസിക്കൂട്ടം
പ്രസാദം വേിച്ചോറമിതിനെത്തന്നെ പാടും
പ്രഥമ ശിഷ്യൻ പേരു യോഹന്നാനുമായുടൻ 212

പ്രാർത്ഥിച്ചു മുട്ടുകുത്തിത്തിരുച്ചിത്തത്തെക്കേൾപ്പാൻ
അപ്പൊഴുതുടൻ ദ്യോവിൽ നിന്നൊരുസ്വരംകേട്ടു
ഇപ്പെരിയ ദേഹത്തെതൊടങ്ങാ"നസ്സം"വിനാ
എന്നതു കേട്ടക്ഷണം ശ്ലീഹന്മാർ തിരുദേഹം 216

വന്ദനം ചെയ്തശേഷം "പ്രസിസം"[1] വട്ടംകൂടി
മഞ്ചലുവിരിച്ചുടൻ തന്നുടെ ദേഹത്തിനെ
മംഗലൻ പത്രോസ് ജോണിയെന്നിവർ ബഹുഭക്ത്യാ
തിരുദേഹത്തിൻ വസ്ത്രവിളമ്പിൽപ്പിടിച്ചവർ 220

തിരുക്കട്ടിലിൽനിന്നു തേരതിൽ സ്ഥാപംചെയ്തു
അപ്പൊഴുതുടൻ കണ്ട ശക്തിയാലുള്ള വെട്ടം
സ്പഷ്ടമായ്ത്തിരുദേഹം കാണ്മതിനൊട്ടുനീങ്ങി
മരണരേഖ തന്റെ മേനിയിലദൃശ്യമായ് 224

1 പ്രസിസം—പ്രദക്ഷിണം

സ്മരണമേവക്രമായ് സമമെ മുൻ ചെന്നപോൽ
ഇതുമിന്നിയെ ജനനാദിയായ് മലഹീനം
അതുപോൽ ദേഹത്തിന്നും ക്ഷയലക്ഷണംവിനാ
അതു നേരത്തിൽ ശിഷ്യരാദിയായ് ഭക്തജനം
അതിനെ രക്ഷിപ്പാനായ് യോഗ്യരാം ജനങ്ങളും,
ഗ്രഹിപ്പാൻ തക്കവിധം തന്റെ കാവൽദൂതർ
ഗൃഹത്തിൽ പുറപ്പാട്ടിൽ സംഖ്യയില്ലെന്നവിധം
ആകാശെയിവർ മുൻപെയാകാശ ധ്വനികളായ്
ആകാശസൂര്യൻ തന്നും മാതാവിൻ തായ് തന്തയും
മുൻപരാം പിതൃക്കളും വൻപരാം ദശികളും
അൻപിനാൽ മണവാളൻ, മുൻപനാം ബത്തീസ്തയും[1]
ഇങ്ങനെയാദിയായി ആകാശെയിവർ മുൻപിൽ
മംഗലനഗർക്കാരരൊക്കവേ ഗർവ്വംവിനാ
ശുദ്ധമാം തിരുദേഹം പൂക്കടൻ വഴിയതി–
ലശുദ്ധാത്രുപി പീഡയൊക്കയുമൊഴിഞ്ഞുപോയ്
എണ്ണമില്ലാതുള്ളൊരു രോഗികരം പലേതരം
ദണ്ഡമൊക്കയുമുടൻ നീങ്ങിയാരോഗ്യസിദ്ധം
യൂദരുമജ്ഞാനികളായുള്ള ജനംബഹു
മോദമായ് രക്ഷാനാഥന്നമ്മയെയെന്നു സ്വരം
പുറപ്പാടതിൽ പുറപ്പെട്ടത്തിക്കൊണ്ടുമവർ
ഉറപ്പോടുടൻ സ്ഥാനം സ്വരത്താലപേക്ഷയും
ഇങ്ങനെ നാഥൻ തന്റെ മാതാവിൻ നിമിത്തമായ്
ഇതിനെ മാലാഖമാർ പാടിയനേരമമ്മ
അതുനേരത്തിൽ തന്റെ തലയേച്ചായിച്ചമ്മ
മമസ്നേഹിതെ! ''മിയാകോളംബാ''[2] വരിക നീ
മമ മാതൃവേഷം കഴിഞ്ഞു വേനൽവന്നു
മമ നാടതിൽ പുഷ്പം ശോഭിച്ചു കാണപ്പെട്ടു
അതു നേരത്തിൽ മാതൃപുത്രനെ സൂക്ഷിച്ചുടൻ
ഇതിതാനിൻ തൃക്കൈമമ ദേഹിയെ വച്ചേൻ
ഇതിനെ ചൊല്ലിക്കൊണ്ടു തിരുക്കണ്ണുകളെ പൂട്ടി
ഇതിതു ക്ഷണം തന്റെ ശ്വാസവുംവിട്ടു മാതൃ
തിരുമരണത്തിൻമൂലം മറുകാരണം വിനാ
തിരുസ്നേഹമേ തന്നെ വ്യാധിയും മരണവും
ധരയിലമൃതാക്കിത്തീർത്തല്ലോ മാതാവപ്പോരം
ഉതിരുമായി ക്ഷണമവിടെ മഹാശോഭ
ഉദിതമായി മഹാ സൗരഭ്യം വീശിയെങ്ങും.

---

1 ബത്തീസ്ത—സ്ഥാപകൻ (ബാപ്റ്റിസ്റ്റ്)
2 മിയാകൊളംബാ—എന്റെ മാടപ്രാവേ (ഇറ്റാലിയൻപദം)

ഭംഗിയാൽ പുത്രൻ സമം പുത്തനാം കവറതിൽ
അത്തിരു ദേഹത്തിനെ വച്ചവർ ശ്രീഹന്മാരും
പുത്തനായ് തന്റെ ദൂതൻ ഒന്നെയ്യോരു "നിചോളത്താൽ"
ശുദ്ധമാം ശരീരത്തെ മൂടിയെന്നതിൻ ശേഷം 264

ശുദ്ധപുത്രന്റെ സമം കൽപലകയാൽമൂടി
ഇത്തിരുദേഹം തേരിൽ ചുമന്നു ശുദ്ധന്മാരും
അത്തിരു ശരീരത്തെ വസ്ത്രത്താൽ പൊക്കിമഞ്ചം
എന്നതിൽ വച്ചു പത്രോസാദിയായുള്ള ജനം 268

സുന്ദരദേഹത്തിനു മണ്ണിന്റെ ഭാരംവിനാ
എന്നവർ സാക്ഷിചൊല്ലി സ്ഥിരമായറിയിച്ചു
മന്ദമായ് ശിഷ്യജനം കണ്ണുനീർയാവ്യം സമം
ശുദ്ധകർമ്മത്തിൻ ശേഷം ശിഷ്യരും സേനാക്കളിൽ 272

ശുദ്ധർാം മോക്ഷജനം മേൽപ്പെട്ടുവെന്നാകിലും
ദിവ്യനിക്ഷേപത്തിന്റെ കാവലാമായിരവും
ദ്യോവതിൻ ഗാനഗീതം സർവ്വനേരവും ദൃഢം
അന്നു നാംമുതൽ സെഹിയോൻ തന്റെ ഒരത്തോരിൽ 276

സുന്ദരദേഹം പേശാല്ലുണ്ടായ സൗരഭ്യങ്ങാം
എന്നതിൻ തന്നെയല്ല ജരുശ്ലേം പാദംനീളെ
നന്നായി ഘ്രാണിച്ചിതു പലതാം സമകളിൽ
ഇങ്ങനെ പരലോകേ മാതൃവാത്മത്തെ നാഥൻ 280

തിങ്ങിന മഹിമയാലണച്ച ശേഷത്തിങ്കൽ
പിതൃവാം സർവ്വേശ്വരത്രോണോസിൻ മുൻപിൽ നാഥൻ
നമ്മുടെ സൃഷ്ടികളില്ലയന്ന സൃഷ്ടിയിതാ
നമ്മുടെയിഷ്ടം യഥാ സർവ്വതും തികച്ചിവരം 284

നരരക്ഷയ്ക്കായഹം അനുഷ്ഠിച്ചതും സർവ്വം
പരരക്ഷയ്ക്കായെന്നോടൊന്നിച്ചു ക്ലേശിച്ചവരം
നരജന്മത്തിനുള്ള പൊതുവാം ജന്മശാപം
നിഴലും തീണ്ടാതിവരം ജനനം മുതൽ സർവ്വം 288

ഒന്നിച്ചു ദൈവ വേലയനുഷ്ഠിച്ചതിനാലെ
ഒന്നിച്ചു സിംഹാസനേ സമ്മാനം കൊടുക്കണം
പുത്ര "ദെക്രേത്തു"[1] കേട്ട പിതാവും റൂഹാദൈവം
തത്ര സന്തോഷാൽ ദൈവസിംഹാസനത്തിൻ ചാരേ 292

ദൈവപുത്രനാം തന്റെ ദക്ഷിണേ സിംഹാസനം
ദൈവമാതാവിന്നിട്ടയിരുത്തി നിത്യത്തിന്നായ്

---

1 ദെക്രേത്ത് — ഡിക്രി.

ഇങ്ങനെ മൂന്നുദിനം കഴിഞ്ഞശേഷം തിങ്കൾ
മംഗലൻ പുത്ര സമ്മേയും ചേർന്നീടുവാൻ

പുത്രന്റെ ഉയിർപ്പതിൻ ദിനമാം ഞായർദ്ദിനേ
തത്രയങ്ങെഴുന്നെള്ളി പുത്രനും മാതൃവാത്മം
മുൻപിലേപ്പോലെതന്നെ വൻപിച്ച കൂട്ടത്തോടെ
അൻപിനാൽ സെപ്പുൾക്കരിൽ ചേരെയങ്ങെഴുന്നെള്ളി

കല്ലടപ്പിനെത്തുറക്കാതുടൻ മാതൃദേഹേ
നല്ലൊരു വരങ്ങളെ നൽകിയെന്നതിനാലെ
മാതൃവൃാത്മാവുമതിൽ പൂക്കടനൊരുമിച്ച്
മാർത്താണ്ഡശോഭായുതമുയിർത്തു പുറപ്പെട്ടു

ദേഹത്തിൽ ധരിച്ചെന്ന വസ്ത്രവും സാക്ഷിക്കായി
ദേഹമൂടിയായ് വിരിച്ചെന്നൊരു ത്രുപാലയും
ഇങ്ങനെ പരലോകെ ഉയരപ്പെട്ടശേഷം
പൊങ്ങിന തെളിവോടെ മന്ദിരം പ്രസാദിച്ചു.

ത്രീയേക സർവ്വേശ്വരൻ പ്രസാദം പൂണ്ടിവളിൽ
ത്രീത്വത്തിൻ മുൻപാളായ പിതാവാം സർവ്വേശ്വരൻ
മോക്ഷ വൃന്ദമായിടുമശരി1 പുണ്യവാന്മാർ
സൂക്ഷ്മമായെന്നൊന്നേസ്സു പരസ്യം ചെയ്തീവണ്ണം

നമ്മുടെ സൃഷ്ടികളിൽ പ്രധാന സൃഷ്ടിപ്പായി
നമ്മുടെ സ്നേഹ പുത്രിയിവളെന്നറിഞ്ഞല്ലൊ
ഇതിതായെന്നേസ്സുമായ് നമ്മുടെ രാജ്യംതന്നിൽ
നാഥയായുയർത്തിനാം രാജ്ഞിയായ് മുടിചൂടി.

1 അശരി—അശരീരി

## അന്ത്യപാദം

മാതാവിന്റെ മൃതദേഹസംസ്കാരത്തെയും മാതാവുവഴി ലഭിച്ച ചില 'അനുഗ്രഹങ്ങളെയും കുറിച്ചാണ് ഇവിടെ പ്രസ്താവിക്കുന്നത്. മാതാവിനോടുള്ള മാദ്ധ്യസ്ഥാപേക്ഷയുടെ ഫലസിദ്ധിയെപ്പററിയും സൂചിപ്പിക്കുണ്ട്.

ഇങ്ങനെയമ്മ പിറന്നോരുനാൾമുതൽ തന്റെ
മംഗലായുസ്സിന്ന് ദശംരണ്ടുമാംഷാദിനങ്ങളും
മുൻപായിസ്തുതിയാം വത്സരം തികഞ്ഞപ്പോൾ
അൻപനാം പുത്രമൃത്യുദിനവും, നാഴികയും
ആയനേരത്തിൽത്തന്നെ പുത്രനോടൊരുമിച്ച
ആയുസ്സിൻരാജ്യേവാഴ്‌വാൻ ലോകത്തെപ്പിരിഞ്ഞമ്മ
അതുനേരത്തിൽ പുത്രമരണേ സൂര്യൻയഥാ
അതുപോൽതന്നെ നിറംപകർത്തിദുഃഖംകാട്ടി.
ഇതുമെന്നിയെ പലപക്ഷിവർഗ്ഗങ്ങൾക്കൂടി
അതിസങ്കടംകാട്ടിപ്പറത്തി സ്വരാൽദുഃഖം
മരണസ്ഥലത്തിന്നുസമീപേയതുനേരം
മരണംഭവിച്ചൊരു പുരുഷൻസ്ത്രീകൾരണ്ടും
ഇവരുവിധികേൾപ്പാൻ പുത്രസന്നിധൗചേർന്ന
കരുണയ്ക്കിടയില്ല പാപത്താൽ മരിക്കയാൽ
ഇതിനെക്കരുണയാലമ്മ പാർത്തുടൻതന്നെ
അതിനെപൊറുപ്പാനായ' പ്രാർത്ഥിച്ചനിമിത്തമായ്
മാതാവിനപേക്ഷയാൽ നീതിമാൻ വിധിമാററി
ഭൂതലേതിരിപ്പിച്ചു തെററത്താൽ പൊറുതിയും
വീണ്ടവർമരണത്താൽ രക്ഷയുംനാകിനാഥൻ
പിന്നെയുംസേനാക്കളിൽ വന്നെന്നരോഗികളും
അന്നവർസമസ്തർക്കും പൊറുതിലഭിച്ചുടൻ
''പ്രുഗത്തോ''[1]രെന്നസ്ഥലേ കിടന്നപുണ്യന്മാരും
കടത്തെവീട്ടിമോക്ഷേ കരേററിമാതാസഹ
ഇങ്ങനെ ബഹുഗുണ പ്രത്യക്ഷമപ്പോൾത്തന്നെ
മംഗലൻസുതനമ്മേ തോഷിപ്പാനായിച്ചെയ്തു
എന്നതിലിതുമുഖ്യം താൻതന്നെ ''മാര്യാഗ്രതാ''[2]

---

1. പ്രുഗത്തോ-ശുദ്ധീകരണസ്ഥലം (പ്രുഗത്തോരിയോ-ഇററാലിയൻപദം) 2 മാര്യഗ്രതാ— മരിയ അഗ്രതാ. സ്റററി ഓഫ് ഗോഡ് എന്ന പുസ്തകത്തിന്റെ കർത്താവ്.

എന്നവർക്കറിയിച്ചു നാംമൃത്യുകൈക്കൊണ്ടുതാൻ
മന്നിലുള്ളവർക്കുള്ള മരണസമയത്തിൽ

എന്നുടെകടാക്ഷത്തെ പ്രാർത്ഥിക്കുംജനത്തിനായ്
നൽമൃത്യുകൈക്കൊൾവാനായ്തുണച്ചുസഹായിച്ചു
മൽപുത്രസന്നിധാനേ നൽവിധിക്കായിക്കൊണ്ടും
പ്രാർത്ഥിച്ചുകൊടുപ്പിപ്പാൻ കർത്തവ്യംനമുക്കെന്നും

പ്രാർത്ഥനമമസർവ്വം കൈക്കൊണ്ടുനടത്തീടും
എന്നതുതന്റെ തിരുനാവിനാൽത്തന്നെമമ
നന്ദിയാൽകയ്യേറെന്ന മരണഫലംദൃഢം
എന്നതിൻശേഷം ശ്രീഹർരാജ്ഞിയിൻതിരുദേഹം

സുന്ദരതിരുമേനിയടക്കംചെയ്തീടുവാൻ
തന്നുടെപുത്രദേഹമെന്നപോൽ പൂശീടുവാൻ
അന്നുയൂദന്മാർക്കുള്ള ചട്ടംപോൽചെയ്തീടണം
എന്നുറച്ചുടൻവിലയേറിയ സുഗന്ധത്തെ

നരജന്മത്തിൻനാഥ മമമാതൃവുംസ്ഥിരം
ഇതിതാരാജൻനാമേ മമമാതരാജ്ഞിയും
ഉടനേറൂഹാദേവൻ കഴല[1]പ്പെട്ടോർ മമ
മഹിഷിസ്നേഹമണവാട്ടിയും രാജ്ഞിയുമേ

ഇതുപോൽദൈവർ മൂന്നമരുളിച്ചെയ്തശേഷം
ഉദിതപ്രകാശത്തിൻകിരീടം ചൂടിച്ചെന്നിൽ
അപ്പൊഴതെരുസ്വരം ശുദ്ധസമൂഹേനിന്നും
ഇപ്പെരുമയിൽസ്ഥിരം കാട്ടുവാൻപുറപ്പെട്ടു.

നമ്മുടെസ്നേഹനാഥ നമ്മുടെരാജ്യംസർവ്വം
രാജ്ഞിയും സർവ്വർക്കുംനീ, ഒക്കെക്കുംമേലപ്പെട്ടവൾ
അപ്പുഴെതെളിവോടെ നിത്യമായ്‌വാണീടുക
ഇപ്പെരുമയെന്നേക്കും നിത്യമായ്ഭരിക്കനീ

ഉന്നതസ്തുതിയോഗ്യ നമ്മുടെസമൂഹത്തിൽ
ഇന്നിതാസ്ഥാപിതിചെയ്തു തന്നുകർത്തവ്യംത്വയാ.

1 കഴലപ്പെട്ടു— സങ്കടപ്പെട്ടു.

# കടശിയപേക്ഷ

ഇവിടെ മാതാവിൻെറ കൃപയും അനുഗ്രഹവും പിശാചിൻെറ ശക്തികളിൽനിന്നും രക്ഷപ്പെടുവാൻ കവി യാചിക്കുന്നു.

കന്നിയമ്മെ! നിൻെറ ദാസി[1]യായ്യേ പാപി ഞാനിതാ
മന്നിലുള്ള നിൻെറ ശുദ്ധജീവിതത്തെയല്പമായ്
എന്നശുദ്ധനാവിനാലേ പാപിയെന്ന ദാസിമേ
നിൻെറ ശുദ്ധനാവിനാലെ ശ്രുരികയിന്നു ശരണവും.

പാപിയെൻെറ കരമിതിനെയെഴുതിയെന്നതാകയാൽ
പാപശുദ്ധിനൽകി നിൻെറ സന്നിധിയണഞ്ഞിനി
നിൻെ സ്നേഹപുത്രൻ മുൻപിലഞ്ജലിയണയ്ക്കുവാൻ
നിൻെറ കരുണയിന്നെനിക്കു തരണമെൻെറയമ്മയെ.

പാപമായതധികമെന്നിലെന്നതില്ല സംശയം
പാരിൽ നിന്നു നീങ്ങിനിൻെറ പാദമഞ്ചുചേരുവാൻ
ശരണമില്ലെനിക്കു മറ്റുകരുണയുള്ള നാഥയെ!
സ്മരണനിൻമനോജ്ഞമായ ദയ നിറഞ്ഞകൈകളിൽ.

മരണമെന്ന സ്മരണയെന്നിലുണരുമെന്ന സമയമേ
സ്മരണ രണ്ടു വിധമതായി ഉഴലുമെൻെറ ചേതസി
മരണമെന്ന തിര[2]യിറക്കിൽ ദയനിറഞ്ഞതിരുമുഖം
നയനമെന്നതിന്നു ദൃശ്യമാക്കുവാനപേക്ഷയും.

മരണമെന്ന ശേഷമുള്ള വിധിസുതൻെറ സന്നിധൗ
കരണങ്ങു കഠിനമായി വിധിയതെന്ന സ്മരണയിൽ
പെരികയെൻെറ മനമിതിന്നു ഭയമതുണ്ടു നാഥയേ!
തരിക നിൻെറ കരുണയെൻെറ മനമതിൽ നിനയ്ക്കയിൽ

പെരികെയുള്ള ലജ്ജയെൻെറ കരണമായതെന്നതാൽ
തരണമിന്നെനിക്കു നിൻെറ കരുണയുള്ള കേതമെ
അധികമായ നിൻെറ കരുണ സൂര്യശോഭയെന്നപോൽ
അനുദിനേ മഹാജനം ലഭിച്ചിടുന്നു ഭാഗ്യവും.

എന്നതെന്നിയെ സുതൻ നിനക്കു തന്ന മുഷ്കരം
സുന്ദരി നിനക്കു ത്രീത്വം തന്നതായ വാഴ്ച്ചയും
സ്നേഹപുത്രനേകദാവചിച്ചു നിൻെറ മുഷ്കരം
ദാഹമായ് നരജനങ്ങൾ നിന്നിലൻപു വയ്ക്കുവാൻ

1 ദാസി—സ്വന്തം ആത്മാവിനെ ഉദ്ദേശിച്ച് 2 തിര—കർട്ടൻ

ഞാൻ സഹ നിൻ സർവ്വവും വശം നിനക്കു നിർണ്ണയം
സർവ്വതും കരിഷ്യാമി[1] യഥോചിതം മൽമാതൃവെ!
ഇപ്രകാരമൊക്കെ നിന്റെ സ്നേഹപുത്ര കല്പിതം
തൽ പ്രകാരമാകയാലെനിക്കതെത്ര ഭാഗ്യമായ്!

അപ്പോഴോ ദയാഗുരു കരുണനാഥ മാതൃവെ!
എപ്പഴേ തവതിരുമനസ്സിതെന്ന സ്വയമെ
എന്റെ മരണനേരവും സ്ഥലം ദിനം വിനാഴിക
നിന്റെ ചിത്തമിഷ്ടമെന്നതിൻ വിധം മമഭ്രൂയാത്[2]

ഏതു നേരമെങ്കിലുമിതെന്റെ യോഗ്യശക്തിയാൽ
ആവതില്ല എന്നതു നിനക്കു ദൃശ്യമമ്മയെ
ശക്തിപെട്ട ശത്രുവിന്റെ ദുഷ്ടയിഷ്ടമൊക്കെയും
ഭക്തവത്സലേ നിനക്കു ബോദ്ധ്യമെന്നു നിശ്ചയം

സ്വല്പമായ കാലമായി പാർത്തു കോപ്പിടുന്നവൻ
അല്പമില്ല കുറവവന്റെ ചിത്തക്രോധമുന്നധി
ഇഷ്ടമായി അക്ഷിയെന്നിലെന്നതന്നു കാൺകിലോ
നഷ്ടനായവന്റെ ശക്തികാട്ടുവാൻ തുനിഞ്ഞീടും

സുമതി കരുണരശ്മി വീശിയെന്നതിന്നുകണ്ടുടൻ
തമസിശ്രേഷ്ഠ[3] ജേതുകാമതനു[4] വ്യയത്തിനിന്നതാ
നിന്റെ ശിഷ്ടനമ്മയെന്ന മുക്തിയവനു സങ്കടം
നിന്റെ ശുദ്ധനാമവുമിവനു ശത്രുമാംഭയപ്രദം

നിന്റെ ദാസ്യമെന്നതിന്നു ശത്രുദ്വേഷിയാകിലും
നിന്റെ അൻപതെന്നു കാൺകിലങ്ങണഞ്ഞു നോക്കീടാ
എങ്കിലുമവന്റെ ശക്തിയെന്നപോലെ നോക്കുമേ
ചങ്കിൽ മുൻപവന്റെ കഷ്ടകാ പിരട്ടിയെന്നതാൽ

നിന്റെയൻപനോടു ദാസി കുററമൊക്കെയും മഹാ
നിന്റെ കരുണ ശക്തിയാലെയെൻ മലങ്ങളം സർവ്വവും
എന്നതിന്റെ ശിക്ഷയീ ജഗത്തിലും പരത്തിലും
നന്ദിയേറെയുള്ളയമ്മ നിന്നപേക്ഷ ശക്തിയാൽ

നീക്കി നിന്റെയിഷ്ട സ്നേഹപുത്രനും സഹഗുണ-
മൊക്കയും നിറഞ്ഞ സ്നേഹ ഭത്തൃവും മമപിതാ
ഇമ്പമോടെന്റെ ലോകതരണ[5]മായനേരമേ
അൻപിനോടനുഗ്രഹിച്ചു വന്നു നീ തുണക്കണം

---

1 കരിഷ്യാമി—ഞാൻ ചെയ്യും 2. ഭ്രൂയാത്—ഭവിക്കട്ടെ
3 തമസിശ്രേഷ്ഠ-ഇരുട്ടിന്റെ അധിപതി (പിശാച്) 4 ജേതുകാമതനു-ജയിക്കാൻ കൊതിക്കുന്ന ആകാരം 5 തരണ.—മറികടക്കൽ

എന്ന നേരമൻപിനോടു നിൻ സുതന്റെ നാമവും
നന്ദിയാലെയമ്മ നിന്റെ ശുദ്ധനാമവും തഥാ
എന്റെ രക്ഷ പള്ളി തന്റെ പത്രോസും സ്വകർത്യനും 64
എന്റെ നിഷ്ഠകേതമെന്നതിന്റെ രക്ഷ കാവലും

തൻസുതസ്യ ജീവിതത്തിലേകമായി ജീവിതം
താൻ കഴിച്ച "കായസംഖ്യപാദസന്നിധൗ അഹം
പാപിയായ ഞാൻ കഴിച്ച ജീവിതം സുമന്ദിരേ 68
പാപലോകതരണമായ മരണ സമയമെന്നതിൽ

തന്റെ ശുദ്ധനാമവും വിളിച്ചുകൊണ്ടു ദേഹിയെ
തന്റെ പുത്രകൈ വശത്തിൽ ദാസിവച്ചുകൺകളിൽ
ലോകമെന്ന കാഴ്ച നിന്ന നേരമെന്റെ യക്ഷികൾ 72
ലോകരക്ഷനാഥനായ നിൻ സുതന്റെയാനനം

തെളിവു സ്നേഹദയയിനാലെ പാപ്പതിന്നു ദാസിമെ
അരുളിടേണമമ്മാ നിന്റെ ശരണമെന്റെ ശിരസ്സതിൽ
മരണ നേരമതിനു മുൻപിൽ കരുണവച്ചു ദാസിയെ
കരുതിക്കാത്തു രക്ഷചെയ്യു കരുണയുള്ള നാഥയെ. 76

# മരണവീട്ടിൽ പാടുന്നതിനുള്ള പാന

## ആമുഖം

**കൈയെഴുത്തുപ്രതി**

നമുക്കു ലഭിച്ചിരിക്കുന്ന കൈയെഴുത്തുപ്രതി മൂലത്തിൽ 46 പേജുകളുണ്ട്. (20 x 13 cm.) ഈ പ്രതിയിലെ കൈയക്ഷരം ചാവറയച്ചന്റേതു തന്നെയെന്നു തീർച്ചയില്ലെങ്കിലും കൃതിയിൽ അങ്ങുമിങ്ങും കാണുന്ന തിരുത്തലുകൾ ചാവറയച്ചന്റേതു തന്നെയാണ്.

മരണവീട്ടിൽ പാടുന്നതിനുള്ള പവ്വം എന്നാണ് ഗ്രന്ഥകാരൻ ഇതിനു പേരു നൽകിയിട്ടുള്ളത്. എന്നാൽ 1939–ൽ മാന്നാനത്തുനിന്നും ഈ കൃതി ആദ്യം പ്രസിദ്ധീകരിച്ചപ്പോൾ മരണവീട്ടിൽ പാടുന്നതിനുള്ള പാനയെന്നു പ്രസാധകൻ പേരു കൊടുത്തു.

**ഉള്ളടക്കം**

ഒരു പ്രത്യേക ലക്ഷ്യത്തെ മുൻനിർത്തിയാണ് ചാവറയച്ചൻ ഇതു് എഴുതിയിട്ടുള്ളതു്. മരണമടഞ്ഞ ആളുടെ മൃതശരീരം, ബന്ധുമിത്രാദികളുടെ സ്നേഹാദരവുകൾ സമർപ്പിക്കുന്നതിനായി വീട്ടിൽ വയ്ക്കുന്ന അവസരത്തിൽ പാടുന്നതിനാണു് ഈ പദ്യകൃതി അദ്ദേഹം ക്രോഡീകരിച്ചിട്ടുള്ളതു്. മരണത്തോടു് അനുബന്ധിച്ച വിശ്വാസ സത്യങ്ങൾ കവി തന്റെ സ്വതസിദ്ധമായ ശൈലിയിലൂടെ വർണ്ണിക്കുകയാണു്.

മനുഷ്യന്റെ മൂന്നു് സഖികളെക്കുറിച്ച് ഗ്രന്ഥകാരൻ തന്മയത്വത്തോടെ വർണ്ണിക്കുന്നതു് ശ്രദ്ധേയമാണ്; ലോകം, വസ്തുവിമാനം, സ്വന്തശരീരം. എന്നാൽ മരണസമയത്തു് ഇവ മൂന്നും മനുഷ്യന്റെ സാക്ഷാൽ സഖികളല്ലായെന്നു് അവനു് വ്യക്തമാകുന്നു. ഇത്തരുണത്തിൽ നാലാമത്തു് ഒരു സഖിയെ ഗ്രന്ഥകാരൻ എടുത്തുകാണിക്കുന്നു, "സുകൃതങ്ങൾ." ജീവിതത്തിൽ ഉപകരിക്കുന്ന സാക്ഷാൽ സഖി സുകൃതങ്ങൾ ഒന്നുമാത്രമാണെന്നു് അവൻ മരണസമയത്തു് മനസ്സിലാക്കുന്നു. ഈ സുകൃതാഭ്യാസത്തിനു് വായനക്കാരെ ഗ്രന്ഥകാരൻ ആഹ്വാനം ചെയ്യുകയാണു് ഈ കൃതിയിലൂടെ.

ശുദ്ധീകരണസ്ഥലത്തിലെ ആത്മാക്കൾക്കുവേണ്ടി പ്രാർത്ഥിക്കുന്നതും തപസനുഷ്ഠിക്കുന്നതും ഏതൊരു വിശ്വാസിയുടെ

യും കടമയും ധർമ്മവും ആണെന്നു വ്യക്തമാക്കുന്ന നിരവധി കഥകൾ ഈ പുസ്തകത്തിൽ വിവരിക്കുന്നുണ്ട്. പ്രസ്തുത കഥകൾ സംക്ഷിപ്തമായി താഴെ ചേർക്കാം.

1) വൃദ്ധയും ദരിദ്രയുമായ ഒരു പുണ്യസ്ത്രീ രോഗാധീനയായി മരിക്കുന്നു. ഇവളുടെ രണ്ടു പുത്രിമാർ കന്യകാലയത്തിലുണ്ട്. ആയിടെ ഒരു പുണ്യവതി തൻെറ ധ്യാനസമയത്ത് ഒരു കാഴ്ച കണ്ടു. മുൻപറഞ്ഞ വൃദ്ധ മരിച്ചപ്പോൾ അവളുടെ ആത്മാവിനെ ദൈവമാതാവു വന്നു സ്വീകരിക്കുന്നുവെന്നതായിരുന്നു ആ കാഴ്ച. ഈ വസ്തുത പ്രസ്തുത പുണ്യവതി പരസ്യമാക്കിയതുകൊണ്ട് വൃദ്ധയുടെ മക്കളോ, സ്നേഹിതരോ അവളുടെ ആത്മാവിനുവേണ്ടി പ്രാർത്ഥിച്ചില്ല. കുറെ നാളുകൾക്കുശേഷം പുണ്യവതി ധ്യാനസ്ഥയായിരിക്കേ, വീണ്ടും വൃദ്ധയുടെ ആത്മാവ് അവൾക്കു കാണപ്പെട്ട്. ശുദ്ധീകരണസ്ഥലത്ത് താൻ കഠിനവേദന അനുഭവിക്കുന്നതായും തനിക്കുവേണ്ടി ആരും പ്രാർത്ഥിക്കാത്തതിൽ ഖേദിക്കുന്നതായും ആത്മാവു പുണ്യവതിയെ അറിയിച്ചു. സ്വർഗ്ഗപ്രവേശനത്തിനു പാപത്തിൻെറ നിഴൽപോലും ഉണ്ടാകാൻ പാടില്ല. അതുകൊണ്ടാണ് ദൈവമാതാവിനാൽ സ്വീകൃതയായെങ്കിലും ശുദ്ധീകരണസ്ഥലത്ത് കിടക്കേണ്ടിവന്നത് എന്ന് അവൾ പുണ്യവതിയെ അറിയിച്ചു. ഈ വസ്തുത അറിഞ്ഞ എല്ലാവരും ഒരുമിച്ചു പ്രാർത്ഥിച്ചു. തൽഫലമായി, വൃദ്ധയുടെ ആത്മാവ് സ്വർഗ്ഗപ്രാപ്തയായി.

2) ഒരു താപസൻ സർവ്വാംഗം വ്രണപ്പെട്ട് രോഗിയായിക്കഴിഞ്ഞു. കഠിനവേദന സഹിക്കവയ്യാതെ അയാൾ, തന്നെ എത്രയും വേഗം മൃത്യുവിനിരയാക്കി ഈലോകത്തുനിന്നു യാത്രയാക്കണമേ എന്ന് സർവ്വേശ്വരനോടപേക്ഷിച്ചു. അന്നുതന്നെ അയാളുടെ കാവൽമാലാഖ വന്ന് അയാളോടു പറഞ്ഞു: ''ഒന്നുകിൽ നീ വളരെ നാൾ ഭൂമിയിൽ രോഗിയായി പീഡ സഹിക്കണം. അല്ലെങ്കിൽ മൂന്നു ദിവസം ശുദ്ധീകരണസ്ഥലത്തു കഴിയണം.'' ശുദ്ധീകരണസ്ഥലത്തു മൂന്നു ദിവസം കിടക്കുന്നതാണ് തനിക്കിഷ്ടമെന്ന് അയാൾ പറഞ്ഞു. ഉടനേ അയാൾ മരിച്ചു. അഗ്നിനിറഞ്ഞ വിലങ്ങിടത്തിൽ ആത്മാവു വീണു. അന്നു രാത്രി മാലാഖാ ശുദ്ധീകരണസ്ഥലത്ത് അയാളെ കാണാൻ ചെന്നു അഗ്നിയിൽ വെന്തുരുകിയ ആ ആത്മാവ് കാവൽ ദൂതനോട് പറഞ്ഞു: ''മൂന്നു ദിവസം എന്നു പറഞ്ഞിട്ട് എത്രയോ കാലമായി താങ്കൾ എന്നെ ഇവിടെ ഇട്ടിരിക്കുന്നു. ഇനിയും മൂന്നു ദിനമായിട്ടില്ലെന്നോ?'' മാലാഖാ പറഞ്ഞു: ''അഗ്നിയുടെ തീവ്രതകൊണ്ടു താങ്കൾക്ക് കാലദൈർഘ്യം തോന്നുന്നതാണ്; മരിച്ചിട്ട് ഒരു ദിവസംപോലും തികഞ്ഞിട്ടില്ല. മൃതദേഹം സംസ്കരിക്കപ്പെടാതെ കട്ടിലിൽത്തന്നെ കിടക്കുന്നു.'' ആത്മാവ് കാവൽദൂതനോടു കേണപറഞ്ഞു: ''എന്നെ ഭൂമിയിലേയ്ക്കയയ്ക്കുക. എത്രകാലം വേണ

മെങ്കിലും ഞാൻ ലോകസഹജമായ പീഡകൾ സഹിച്ചുകൊള്ളാം.'' ദൈവാനുമതിയോടെ ആ ആത്മാവിനെ മൃതശരീരത്തിൽ പ്രവേശിപ്പിച്ച മാലാഖാ ജീവൻകൊടുത്തു. പുനർജ്ജീവൻ ലഭിച്ച ആ മനുഷ്യൻ തനിക്കു സംഭവിച്ചതെല്ലാം ബന്ധുമിത്രാദികളെ തന്മയത്വത്തോടെ അറിയിക്കുന്നു.

3) ഇലിയോൺനിന്നുള്ള രാജ്യത്തിലെ രാജാവായിരുന്ന ജുവാനി മരിക്കുന്നു. അയാൾക്കുവേണ്ടി രാജ്ഞി പ്രാർത്ഥന, ധ്യാനം, ഉപവാസം എന്നിവ അനുഷ്ഠിക്കുന്നു. ഒരു ദിവസം ശുദ്ധീകരണസ്ഥലത്തു അവർണ്ണനീയമായ വേദന അനുഭവിക്കുന്ന ഭർത്താവിനെ അവൾ കണ്ടു. തനിക്കുവേണ്ടി ഇനിയും കൂടുതലായി പ്രാർത്ഥിക്കണമെന്ന് അവളോടു അയാൾ അപേക്ഷിച്ചു. അതനുസരിച്ച് കൂടുതലായി പ്രാർത്ഥിക്കയും നാല്പതു ദിവസങ്ങൾക്കു ശേഷം ആ ആത്മാവ് മോക്ഷപ്രാപ്തനാകുന്നതു് രാജ്ഞി കാണുകയും ചെയ്തു.

4) സ്നേഹിതന്മാരായ രണ്ടു സന്യാസിമാരിൽ ഒരാൾ മരണമടയുന്നു. മൃത്യു പൂകിയവനുവേണ്ടി പൂജയണച്ചതിനുശേഷം ധ്യാനിക്കുന്നവേളയിൽ ശുദ്ധീകരണസ്ഥലത്തുനിന്നു് മോക്ഷപ്രാപ്തനായ സ്നേഹിതൻ കാണപ്പെട്ടു തന്റെ ദുരിതം വിവരിച്ചു. ചുരുങ്ങിയ സമയമെങ്കിലും താൻ അനുഭവിച്ച വേദന ആയിരം നാളുകൾ എന്നപോലെ തീവ്രതരമായിരുന്നു എന്നാണു് അയാൾക്കു പറയുവാനുണ്ടായിരുന്നതു.

5) ശുദ്ധീകരണസ്ഥലത്തിലെ ആത്മാക്കൾക്കുവേണ്ടി നിരന്തരം പ്രാർത്ഥിക്കുമായിരുന്ന ഒരു വിശുദ്ധയായിരുന്നു മോനിക്കാ. അവളുടെ പിതാവു് മരിച്ചു. ഒരു ദിവസം സ്വപിതാവു് കാണപ്പെട്ടു അവളോടു പറഞ്ഞു: ''നീ മററുള്ള ആത്മാക്കൾക്കു വേണ്ടി പ്രാർത്ഥിക്കുകയും അവർ സ്വർഗ്ഗസ്ഥരാവുകയും ചെയ്യുന്നു. എന്തുകൊണ്ടു് എനിക്കുവേണ്ടി പ്രാർത്ഥിക്കുന്നില്ല.''

മോനിക്കാ പറഞ്ഞു: ''അപ്പൻ മരിച്ചയുടൻതന്നെ ഞാൻ അങ്ങേയ്ക്കുവേണ്ടി പ്രാർത്ഥിക്കുന്നതിൽ ജാഗ്രത പാലിച്ചിരുന്നു. പക്ഷേ, പ്രാർത്ഥനമുറിയിൽ എത്തിയാലുടനേ അങ്ങയുടെ കാര്യം ഞാൻ വിസ്മരിച്ചുപോകും.'' പിതാവു് അവരോടു പറഞ്ഞു: ''നീ പറഞ്ഞതു സത്യംതന്നെ. ജീവിതകാലത്തു് ഞാൻ ശുദ്ധീകരണസ്ഥലത്തെ ആത്മാക്കളെ സ്മരിച്ചില്ല അതുകൊണ്ടാണു് ഇപ്രകാരം സംഭവിച്ചതു്.'' മോനിക്കാ അയാൾക്കുവേണ്ടി തീക്ഷ്ണമായി പ്രാർത്ഥിച്ചു. തൽഫലമായി അയാളുടെ ദേഹി മോക്ഷപ്രാപ്തമായി.

6) ഒരു രോഗിയുടെ വീട്ടിൽ പുണ്യപുരുഷനായ ഒരു വൈദികൻ അന്ത്യശുശ്രൂഷക്കായി എത്തുന്നു. വഴിയിൽവച്ച് ആരുടെയോ സംസാരം കേൾക്കുന്നു. ''ജീവിതകാലത്തു നമ്മെ സഹായിച്ചയാൾ മരണത്തിന്റെ വക്കിൽ കിടക്കുന്നു. ഉടനെ

നമുക്കു പോയി സഹായിക്കാം;'' ശുദ്ധീകരാത്മാക്കളായിരുന്നു ഇപ്രകാരം പറഞ്ഞതു്. രോഗിയുടെ മരണസമയത്തു് വളരെയധികം ആളുകൾ വെണ്മയുള്ള വസ്ത്രം ധരിച്ചുനിൽക്കുന്നതും കോപവെറിയും നിരാശതയും പൂണ്ട പിശാചുക്കൾ അകലെ നിൽക്കുന്നതും ആ വൈദികൻ കണ്ടു.

7) ഉത്തമനായ ഒരു ക്രൈസ്തവനും അയാളുടെ പത്നിയും സന്തോഷസമേതം ജീവിക്കുകയായിരുന്നു. അയാളുടെ ഒരു സ്നേഹിതൻ പലപ്പോഴും കൂടപ്പിറപ്പെന്നപോലെ വീടു സന്ദർശിച്ചിരുന്നു. ആ സ്നേഹിതന്റെ മനസ്സിൽ ദുഷ്ടവിചാരം കടന്നുകൂടി. പതിവ്രതയായ ആ സ്ത്രീയെ കാമുകിയാക്കുവാൻ അയാൾ ആഗ്രഹിച്ചു. എങ്കിലും അവൾ അയാൾക്കു വശംവദയായില്ല. ആ സ്ത്രീ ഭർതൃസ്നേഹത്തിൽ ഉറച്ചുനിന്നു.

ഭർത്താവിനു് ഭാര്യയെക്കുറിച്ചു സംശയം ഉണ്ടായി. അടിക്കടി ആ സംശയം വർദ്ധിച്ചുവന്നു. തന്റെ ഭാര്യ പതിവ്രതയോ എന്നു പരീക്ഷിക്കുവാൻ ആഗ്രഹിച്ചു് ആ മനുഷ്യൻ കോട്ടയ്ക്കു വെളിയിലുള്ള ഒരു ഭവനത്തിൽ ഭാര്യയോടുകൂടി താമസിച്ചു. ഒരു ദിവസം അവളെ നിർബന്ധിച്ചു് ഒരു കത്തു് എഴുതിച്ചു. ആ കത്തു് ഇപ്രകാരമായിരുന്നു. ''എന്റെ ഭർത്താവു് ഇന്നു് മറ്റൊരു ഗൃഹത്തിൽ പോയിരിക്കുകയാണു്. ഇന്നു രാത്രി എന്റെ വീട്ടിൽ വരണം. വീടിന്റെ ഒരു ഭാഗത്തു് ചാരിവച്ചിരിക്കുന്ന ഗോവണി വഴി അകത്തു് കടക്കാം. നമുക്കു് ഒരുമിച്ചു ചേരാം.'' ഈ കത്തു് അയാൾ ഒരു പരിചാരകന്റെ കയ്യിൽ കൊടുത്തു് സ്നേഹിതന്റെ പക്കലെത്തിച്ചു അയാൾ കത്തു വാങ്ങി. അതേസമയം കത്തു കൊടുത്തയച്ച ഗൃഹസ്ഥൻ ഖഡ്ഗവും തോക്കും ഒരുക്കി ഒളിച്ചിരുന്നു.

തെറ്റുചെയ്യാൻ ആഗ്രഹിച്ച സ്നേഹിതൻ കത്തുകിട്ടിയതനുസരിച്ചു് സന്ധ്യയായപ്പോൾ ഒരുങ്ങി, അശുദ്ധനായി പുറപ്പെട്ടു. രാജനീതി മൂലം തൂക്കുമരത്തിൽ മരിച്ചുകിടക്കുന്ന ഒരു മനുഷ്യന്റെ പ്രേതം അയാൾ വഴിയിൽവച്ചു കണ്ടു. കുററക്കാരനെങ്കിലും ഈ മരിച്ച മനുഷ്യനുവേണ്ടി അല്പം പ്രാർത്ഥിക്കുന്നതു നല്ലതാണല്ലോ എന്നുറച്ചു് അയാളുടെ പാപശുദ്ധിക്കായി പരി. കന്യകയോടു പ്രാർത്ഥിച്ചു.

ആ മനുഷ്യൻ വീണ്ടും അശുദ്ധമേറി സ്ത്രീ മോഹം നിറവേറുവാൻ യാത്ര തുടങ്ങവേ ഒരു ശബ്ദം കേട്ടു. തിരിഞ്ഞു നോക്കിയപ്പോൾ തൂക്കുമരത്തിലെ പ്രേതമാണു് സംസാരിക്കുന്നതെന്നു മനസ്സിലായി. ''താങ്കൾ ആ വീട്ടിലേക്കു പോകരുതു്, അപകടം ഉണ്ടാകും'' എന്നു പറഞ്ഞ പ്രേതത്തെ കെട്ടുകളഴിച്ചു് അയാൾ വിമുക്തനാക്കി. സംശയമുണ്ടെങ്കിൽ എന്റെ കൂടെവരൂ എന്നു പ്രേതം പറഞ്ഞു. അവർ യാത്രയായി. ഏണി ചാരിവച്ചിട്ടുള്ള വീടിന്റെ അടുത്തെത്തി. ''നിന്റെ വസ്ത്രം അഴിച്ചു് എനിക്കു തരുമെങ്കിൽ

ഞാൻ പറഞ്ഞ കാര്യം തെളിയിച്ചുതരാ''മെന്നു് പ്രേതം അയാളോടു പറഞ്ഞു. അയാറം അതനുസരിച്ചു.

അയാളുടെ വസ്ത്രം ധരിച്ചശേഷം പ്രേതം, ഒരു വീടിന്റെ ഭിത്തിയിൽ ചാരിവച്ചിരുന്ന ഗോവണിയിലൂടെ കയറി മുകളിലെത്തി. പെട്ടെന്നു് അതു സംഭവിച്ചുകഴിഞ്ഞു. കയറിയ ആറം തുണ്ടം തുണ്ടമായി അരിയപ്പെട്ടു് താഴെ വീണു. ഇതുകണ്ടു് ആ മനുഷ്യൻ ഭയന്നു വിറച്ചു. മുറിഞ്ഞു വീണ ശരീരഭാഗങ്ങറം വീണ്ടും കൂടിച്ചേർന്ന പ്രേതം ആ മനുഷ്യനോടു പറഞ്ഞു: ''നിന്റെ പാപത്തിന്റെ ദുഷ്ഫലം എന്താകുമായിരുന്നുവെന്നു് ഇപ്പോറം മനസ്സിലായല്ലോ. ദൈവമാതാവിനോടു് ശുദ്ധീകരാത്മാവായ എനിക്കുവേണ്ടി നീ പ്രാർത്ഥിച്ചതുകൊണ്ടു് ഈ അപകടത്തിൽനിന്നു് തൽക്കാലം രക്ഷപ്പെട്ടു. ഇനിമേൽ സൂക്ഷിച്ചു കൊള്ളുക.'' പ്രേതം മറഞ്ഞു.

ഈ കാര്യങ്ങളെല്ലാം കണ്ട ആ മനുഷ്യൻ ലോകം മുഴുവനും ഉപേക്ഷിച്ചു് ഒരു സന്യാസാശ്രമത്തിൽ ചേർന്നു പരിശുദ്ധ ജീവിതം നയിച്ചു.

8) ധനികനൊരാറം മരിക്കവേ, തന്റെ പുത്രനെ വിളിച്ചു് അവനോടു പറഞ്ഞു. ''എന്റെ ആത്മാവിനുകുലാർത്ഥം പ്രാർത്ഥിക്കുന്നതിനായി എന്റെ കുതിരയെ വൈദികർക്കു ദാനം ചെയ്യണം'' എന്നു്. അയാളുടെ നിർദ്ദേശം പുത്രൻ വളരെക്കാലത്തേക്കു നിറവേററാതിരുന്നു. അതിനാൽ വളരെ ബുദ്ധിമുട്ടുകറം ഉണ്ടായി. പിന്നീടു തികച്ചു. പീഡയിൽനിന്നു രക്ഷപ്പെട്ടു.

9) ഒരു സന്യാസാശ്രമത്തിലെ പ്രൊക്കദോർ (സാമ്പത്തിക കാര്യദർശി) അറുപിശുക്കനായിരുന്നു. എങ്ങനെയും ആശ്രമത്തിനു മുതൽ കൂട്ടുന്നതിനായിരുന്നു ആ സന്യാസിയുടെ ശ്രദ്ധ മുഴുവനും. ഏതെങ്കിലും ഒരു സന്യാസി ആശ്രമത്തിൽ മരിക്കയാണെങ്കിൽ അയാളുടെ ഒരുമാസത്തെ ചിലവിനുള്ള വസ്തുക്കറം പാവപ്പെട്ടവർക്കു ദാനം ചെയ്യണമെന്നു് അവിടെ നിയമമുണ്ടായിരുന്നു. ആയിടെ ഉണ്ടായ ഒരു വസന്തമൂലം നിരവധി സന്യാസികറം മരണമടഞ്ഞു. എന്നാൽ പിശുക്കനായ പ്രൊക്കദോർ മരിച്ചവർക്കുവേണ്ടി ധർമ്മാനുഷ്ഠാനം നടത്താതെ പണം ആശ്രമത്തിനു കൂട്ടിവച്ചു.

പ്രൊക്കദോർ ഒരു ദിവസം രാത്രി അയാറം തന്റെ ശയനമുറിയിലേയ്ക്കു് പോകുന്ന സമയം കോൺഫറൻസു ഹാളിൽ ഇരുന്നു് ആരൊക്കെയോ സംസാരിക്കുന്നതുകണ്ടു അയാറം വിളക്കുമായി അടുത്തെത്തി സൂക്ഷിച്ചുനോക്കി. അവിടെ മുൻപു മരിച്ച സന്യാസിമാർ തന്നെയാണവർ. അവർ അയാളെ സമീപിച്ചു. താങ്കറം ഞങ്ങറംക്കുവേണ്ടിയുള്ള ദാനധർമ്മങ്ങറം മുടക്കിയതുകൊണ്ടു് ഞങ്ങറം ഇപ്പോഴും ശുദ്ധീകരണസ്ഥലത്തു കിടന്നു് വേദന അനുഭവിക്കുകയാണു്. നാലുദിനങ്ങറംക്കുശേഷം

നിനക്കും ഈ ഗതികേട വന്നുചേരും. അതിൻെറ അച്ചാരമായി ഇതാ ഇവ ഇപ്പോഠം പിടിച്ചോളൂ'' എന്ന പറഞ്ഞു" അയാളെ അവർ മർദ്ദിച്ചവശനാക്കി.

പിറേറദിവസം ശ്രേഷ്ഠനും സഹസന്യാസിമാരും വന്നപ്പോഠം അർദ്ധപ്രാണനായി കിടക്കുന്ന പ്രൊക്കദോരെ കണ്ടു. കാര്യങ്ങഠം എല്ലാം മനസ്സിലാക്കിയ അവർ വേണ്ടതെല്ലാം ചെയ്തു ദാനധർമ്മങ്ങഠം തികച്ചു. ആത്മാക്കഠം അറിയിച്ചതുപോലെ നാലുദ വസത്തിനുശേഷം മരിച്ച പ്രൊക്കദോർ ശുദ്ധീകരണസ്ഥലത്തു" ചെന്നുചേർന്നു. മററു സന്യാസിമാർ മോക്ഷപ്രാപ്തരായശേഷം ഇയാളും ശുദ്ധീകരണസ്ഥലമോചിതനായി.

10) വലിയ ഒരു നഗരത്തിലെ പ്രഭു മനോഹരമായ ഒരു മാളിക തീർത്തു. അയാളുടെ മരണശേഷം ആ മാളികയിൽ പുത്രന്മാർക്കു പാർക്കാൻ കഴിഞ്ഞില്ല. രാത്രിയിൽ ഘോരസ്വരങ്ങളും തീയും പ്രത്യക്ഷപ്പെട്ടു. അതുകൊണ്ടു" എല്ലാവരും ആ സ്ഥലം ഉപേക്ഷിച്ചു ഭക്തനായ ഒരു ക്രൈസ്തവൻ ഈ സ്ഥലം വാങ്ങി. പഴയ അനുഭവങ്ങഠം അവിടെ തുടർന്നു. അടുത്തുള്ള സന്യാസാശ്രമത്തിലെ മണിയൊച്ച കേട്ടപ്പോഠം ഭീകരശബ്ദം നിലക്കുന്നതും ഒരു കബർ മാഞ്ഞുപോകുന്നതും പുതിയ ഉടമസ്ഥൻ കണ്ടു. ശുദ്ധീകരണസ്ഥലത്തെ ആത്മാവിനെ മോചിപ്പിച്ചാൽ പ്രശ്നം അവസാനിക്കുമെന്ന മനസ്സിലാക്കിയ വീട്ടുടമസ്ഥൻ വേണ്ടത്ര ദാനധർമ്മങ്ങഠംചെയ്തു. അതോടെ മാളിക വാസയോഗ്യമായി.

ശുദ്ധീകരണസ്ഥലത്തു" കഷ്ടപ്പെടുന്ന ആത്മാക്കഠം നമ്മുടെ സഹോദരങ്ങളാണ്". സ്വർഗ്ഗത്തിലെ വിജയസഭയും, ഭൂമിയിലെ സമരസഭയും , ശുദ്ധീകരണസ്ഥലത്തെ സഹനസഭയും ഉഠംച്ചേരുന്നതാണു" ആകമാനസഭയെന്നു" ഗ്രന്ഥകർത്താവു വ്യക്തമാക്കുന്നു പുണ്യവാന്മാരുടെ ഒരുമ്പാട്" എന്ന വസ്തുത ഇവിടെ പരാമൃശിതമാണു".

കവി, താൻ വായിച്ചതും അറിഞ്ഞതുമായ സംഭവങ്ങളും കഥകളും തൻെറ പ്രതിപാദ്യവിശകലനത്തിനായി ഉപയോഗപ്പെടുത്തുന്നുവെന്ന മനസ്സിലാക്കിയാൽ മതി. അവശക്കും, അശരണക്കും നന്മ ചെയ്യുവാൻ ക്രിസ്തു കല്പിച്ചിട്ടുണ്ടെന്നും, അതു" ഓരോ ക്രൈസ്തവൻെറയും അവശ്യധർമ്മമാണെന്നും വേദവാക്യങ്ങഠം ഉദ്ധരിച്ചുകൊണ്ടു സമർത്ഥിക്കുന്നുണ്ടു". പരസ്പരസഹായം സഭാംഗങ്ങളുടെ ഒഴിച്ചുനിറുത്താനാവാത്ത കടമയാണെങ്കിൽ ഏററവുമധികം നമ്മുടെ സഹായവും സഹതാപവും അർഹിക്കുന്നു. ശുദ്ധീകരാത്മാക്കളെ സഹായിക്കാൻ ഏവരും തൽപ്പരരാകണമെന്നു" വ്യംഗ്യമായും വാച്യമായും കവി ഉൽബോധിപ്പിക്കുന്നുണ്ടു" ഈ കാവ്യകൃതിയിൽ.

## മരണവീട്ടിൽ പാടുന്നതിനുള്ള പാന

### സർവ്വേശപരനു സ്തുതി

ജന്മദിനത്തേക്കാൾ[1] മരണദിനം നല്ലു[2]
ജന്മഘോഷത്തേക്കാൾ മരണഘോഷം

കല്യാണ പന്തലിൽ പോകുന്നതിനേക്കാൾ
കണ്ണോക്കിൻ കേതത്തിൽ[3] പോക നന്നു

എന്നുള്ളൊരീവാർത്ത ഇന്നുള്ളതല്ലഹോ
മുന്നുള്ള ബുദ്ധിമാൻ രാജസുതൻ

മാന്യനാം കൊഹ്‌ലസാൽ ചൊല്ലപ്പെടുന്നതും
ധന്യരാം മേ ജനം കേട്ടീടണം

എന്നതിനാലിന്നു നിങ്ങൾ മേ കേതത്തിൽ
വന്നതു നന്നെന്നു കേട്ടീടണം

നിങ്ങളും ഞാനുമായൊന്നിച്ചു മോദിച്ചു
ഇന്നു ഞാൻ നിങ്ങളാൽ വേർവിട്ടിതാ

ഒന്നിച്ചു സ്നേഹത്താൽ മോദിച്ച നാളതിൽ
നന്ദിയാൽ യാതൊന്നും കേൾപ്പിച്ചില്ലാ.

ഇന്നിതായെന്നുടെ കാഴ്ചയും കേൾവിയും
ഒന്നിച്ചു നിങ്ങളറിഞ്ഞീടിലും,

എങ്കിലുമെന്നുടെ ദേഹത്തെ കാണുന്ന
നിങ്ങളോടാകിലുമല്പം ചൊൽവൻ.

ക്രീഡിച്ചും തോഷിച്ചും ഞാൻ നടന്നപ്പോളാ
ക്രോധത്തിൽ ശാസന ഓർത്തില്ലയ്യോ.

നിങ്ങളിലൊന്നു പോലായിരുന്നിന്നലെ
നിങ്ങളുമെന്നെപ്പോലാകും നാളെ

ഇപ്പോളിനിക്കു ലഭിച്ചോരു നീതിയെ-
യല്പം പകത്തുവാൻ ആവതില്ലാ.

ഈ വിധി നിങ്ങൾക്കും നേരിട്ടിരിക്കുന്നു
ആ വിധിയോർത്തു നടന്നു കൊൾവിൻ.

---

1 സഭാപ്രസംഗകൻ 7:2-3. 2 നല്ലു – നല്ലത്
3 കണ്ണോക്കിൻ കേതം – വിലാപസ്ഥലം

ജീവിത കാലത്തിൽ സ്നേഹിതന്മാർ പലർ;
ജീവൻ പിരിയുമ്പോൾ ആരുമില്ലാ.

കൂട്ടരുണ്ടായ് പലർ സ്നേഹിതന്മാരവർ
കൂടെ വരുവതിന്നാരുണ്ടിപ്പോൾ?

എത്രയും സ്നേഹത്താൽ സേവിച്ചു മൂവരെ
മിത്രരായ് ചേർത്തു ഞാൻ സർവ്വനേരം

എങ്കിലും മൂവരിൽ മുമ്പനായേകനെ
ചങ്കിൽ സമൻപോലെ യാദരിച്ചേൻ

ഏതൊരു ദിക്കിൽ ഞാൻ പോയിടുന്നാകിലും
എന്തൊരു വേലയനുഷ്ഠിക്കിലും

ചിന്തയിൽ മറ്റൊന്നു ധ്യാനമെന്നാകിലും
വെന്തുരുകിടുമിവന്റെ സ്നേഹാൽ

ദേഹാനുഷ്ഠങ്ങളും ദേഹഗുണങ്ങളും
മോഹിതമൊക്കെയും തള്ളും ശക്തൻ

മാനവികാരത്താൽ ശോകിതനാകുമ്പോൾ
മാനം നിനക്കു മേ സ്നേഹം മതി

ഞാനെവിടത്തിലിരിക്കുന്നെന്നാകിലോ
മാനമശേഷമവിടെയുണ്ട്

ആപൽ കാലത്തുങ്കൽ നിന്നെ തുണപ്പതി-
നാവതില്ലാക്കും ദൃഢം മേ സമം.

ഞാനിരിക്കുന്ന സ്ഥലമതിലേവരും
മാനമെടുപ്പാനായോടി വരും

ഇത്യാദിയൊക്കെയും മേ മനതാരതിൽ
നിത്യം സ്മരിപ്പിച്ചു തോഷിപ്പിച്ചോം.

ആലോചനയിതു കേട്ടു ഞാൻ തോഷിച്ചു
മേ ഹൃത്തിൻനേത്രം തുറന്നതില്ല.

എന്നതിനാലെന്റെ സ്നേഹമിവനിൽ ഞാൻ
നന്നെന്നു ബോധിച്ചുറപ്പിച്ചേറ്റം

രണ്ടാമനെന്നപോൽ മറ്റൊരു സ്നേഹിതൻ
ഉണ്ടായിനിക്കിതിലല്പ ഭേദം.

എന്നവനെ പ്രതി എപ്പൊഴും ക്ലേശിച്ചു
മന്ദമുപേക്ഷിച്ചു ദണ്ഡിച്ചേറ്റം.

നീതിമാൻ വച്ചൊരു സ്നേഹമിതെന്നോർത്തു
നീതിയും കൂടെ മറന്നു സ്നേഹാൽ

ദേഹിയെ കൂടെ ഞാനോക്കാതെ പ്രേമത്താൽ
ദേഹദണ്ഡങ്ങളും സഹിച്ചേനേറവും.

മൂന്നാമതുള്ളൊരു സ്നേഹിതനായവൻ
നീങ്ങാതെ എന്നേരം എന്റെകൂടെ

ഒന്നിച്ചു ഞാനുമവനോടു ചേർന്നിട്ടു
മന്നിക്കും നേരവും സഹാവാസം.

ഇന്നവനിൽ നിന്നു വേർപിരിഞ്ഞെങ്കിലും
ഒന്നിച്ചല്ലാതെ ചരിച്ചില്ലെങ്ങും.

നന്മയ്ക്കും തിന്മയ്ക്കും പങ്കാളിയെങ്കിലും
തിന്മയിലത്രേയിവന്റെ ഗതി.

എന്നതും മുന്നമേ ഞാൻ ഗ്രഹിച്ചെങ്കിലും
ഇന്നു മാത്രം അതിൻ ഫലം കണ്ടേൻ

ഉററവരായ യീമൂവരല്ലാതിനി
മറെറാരു സ്നേഹിതനെനിക്കുണ്ടോയ്

ചുററ[1]വനിൽ ഞാൻ വച്ചെന്നതാകിലും
ഉററവരായയിവരിലല്ലം

സ്നേഹിതരായ യീമൂവർക്കും ദാസിപോൽ
ദാഹത്താൽ ശുശ്രൂഷ ചെയ്തശേഷം

നാലാമതായൊരു സ്നേഹിതനെന്നോർത്തു്
ആലസ്യത്തോടവൻ പക്കൽ ചെല്ലും

എങ്കിലുമെന്നെ ത്യജിക്കാതെ അസ്മാസു[2]
ചങ്കിൽ പ്രേമത്താൽ ചരിക്കമെല്ലം

ഇപ്രകാരേണ ഞാൻ ജീവിക്കും നവ്വളതിൽ
ചക്രവർത്തി മഹാരാജ രാജൻ

തൻതിരുമുൻപതിൽ നിന്നൊരു നീതിയാൽ
എൻ ശിരച്ഛേദനം നിശ്ചയിച്ചു.

ഈ വിധി നാടതിലെത്തിയ നേരത്തിൽ
മേ വിധിയോർത്തു ക്ലേശിച്ചേനഹം

നീതിക്കാരൻ മുൻപിലെന്നുടെ ന്യായത്തെ
ഭീതികൂടാതെ ധരിപ്പിക്കുകിൽ

ഭേദമില്ലീ വിധി നീങ്ങിയൊഴിഞ്ഞിടും
ഭേദ്യംചെയ്തീടുവാൻ[3] മിത്രം വേണം

1 ചുററം – സ്നേഹം 2 അസ്മാസു – ഞങ്ങളിൽ
3 ഭേദ്യംചെയ്ക – സമ്മർദ്ദംചെലുത്തുക

എങ്കിലോ ഉണ്ടെനിക്കെത്രയും ശക്തനാം
ചങ്ങാതിന്റെ സ്നേഹിതനെന്ന വൻപൻ

ആപൽ കാലത്തുങ്ക ലാദരിപ്പാൻ ശക്തി
ആവതില്ലാക്ക മിവനെന്നിയേ

എന്നവൻ തന്നെ വപിച്ചെന്നതുപോലെ
ഇന്നവൻ പക്കലണഞ്ഞീടണം.

എന്നുറച്ചെന്നുടെ ദുഃഖമുഖത്തോടെ
ചെന്നങ്ങണഞ്ഞവൻകേതേ തന്നെ

കാണുന്നതിൻ മുൻപിൽ കേൾവിയാലൊക്കയും
കണ്ടറിഞ്ഞെന്നപോൽ ഗ്രഹിച്ചവൻ

കണ്ടതുനേരം ഞാൻ മിണ്ടുന്നതിൻ മുമ്പേ
കുണ്ഠിതനെന്നപോൽ ചൊന്നീവണ്ണം

മുന്നമേ നിന്നുടെ സ്നേഹിതൻ ഞാനെന്നു_
മെൻ നാമമാക്കും നീ കേൾപ്പിക്കല്ലേ.

വന്നു ഭവിച്ചൊരു നിന്നുടെ നാശത്തെ
ഇന്നു തടപ്പതിന്നാളല്ലഹം

എങ്കിലും നിന്നുടെ മിത്രം ഞാനെന്നൊരു
ശങ്കയൊരുത്തക്കും തോന്നിക്കണ്ട.

അല്ലെങ്കിൽ വന്നീടും പങ്കുനിൻ നാശത്തിൽ
തെല്ലെങ്കിലുമെനിക്കിതു ദുഃഖം

ആയതിനാലിനി താമസം വേണ്ടഹോ
ആരുമറിയാതെ പോക വേഗം.

എന്നിതുകൊണ്ടു ഞാൻ ക്ലേശിച്ചെന്നാകിലും
നന്ദിഹീനന്റെ പടികടന്നേൻ.

നല്ലൊരു വാർത്തയും സ്നേഹിതെന്നുള്ള
ചിഹ്നമതെങ്കിലും കാട്ടീല്ലല്ലോ

എങ്കിലും രണ്ടാമൻ തന്നുടെ പക്കലും
ചെന്നെന്റെ ദുഃഖത്തെ കേൾപ്പിക്കണം

എന്നു നിരുപിച്ചു മണ്ടിയുടൻ തന്നെ
ചെന്നവൻ മന്ദിരേ പൂവതിന്നായ്

എന്റെ ചെലവിനെ കണ്ടതു നേരത്തിൽ
മണ്ടിയവൻവന്നു കൈക്കൊണ്ടെന്നെ

ക്ലേശിച്ചും ദുഃഖിച്ചും ശോകാദിവാർത്തയാൽ
ക്ലേശം നിറുത്തുവാൻ തേടി വഴി

നിന്നുടെ ശിക്ഷതടുപ്പാൻ വശഹീനൻ
എന്നുള്ള ചെയ്തി ഗ്രഹിക്കുന്നു നീ.

ദുഃഖത്തിന്നൊക്കെയ്യും പങ്കാളി ഞാൻ തന്നെ
ദുഃഖത്തെ തീർപ്പാൻ മേ ശക്തിപോരാ

എങ്കിലോ നിന്നോടുക്കൂടവേ ക്ലേശിപ്പാൻ
ശങ്കക്കൂടാതെ ചരിച്ചിടാം ഞാൻ.

എന്നുള്ള വാർത്തയെ ചൊല്ലിപ്പടിവരേ
വന്നു പിരിഞ്ഞവൻ യാത്രയാക്കി.

മൂന്നാമനായൊരു സ്നേഹിതനെന്നവൻ,
നന്ദിയുണ്ടാകിലും ശക്തിഹീനൻ

ദുഃഖത്തിലപ്പൊഴും വേർ പിരിയാതവൻ
ദുഃഖമരത്തിൻ ചുവടുവരേ

വേർവിട്ടു പോകാതെ ചാരത്തിലപ്പൊഴും
വേർ പിരിയാതവൻ പാർക്കും ദൃഢം,

ദുഃഖിതനായി ഞാൻ ചെല്ലുന്ന നേരത്തിൽ
സഖ്യതയോടവൻ ഓടിവന്നു.

കെട്ടിപ്പിടിച്ചവൻ മാറിലണച്ചെന്റെ
കോട്ടം മുഖേ കണ്ടു പാർത്തു ചൊല്ലി:

എന്തിതുമൽ സഖേ നിന്നുടെ പത്യത്തിൽ[1]
കണ്ടിത ഭാവത്തെ ദർശിക്കുന്നു.

എന്തൊരു ദുഃഖം നിനക്കു ഭവിക്കിലും
സന്തതം തീർപ്പതിന്നാളു ഞാനേ

ശോകിപ്പതിന്നൊട്ടും കാരണമില്ലഹോ
ശോകങ്ങളൊക്കയും തീർപ്പാൻ ശക്തി

നിന്നുടെ സ്നേഹിതൻ ഞാനെന്നു ചിന്തിക്ക
എന്നുടെ ശക്തി ഗ്രഹിച്ചില്ലാ നീ

മർത്ത്യർക്കു നേരിടും ദുഃഖങ്ങളൊക്കയിൽ
മൃത്യു സമം ദുഃഖം ലോകേയില്ലേ

മൃത്യുഞ്ജയനെന്നു മേ നാമ കേൾക്ക നീ
ശത്രുക്കളൊട്ടും ഫലിപ്പിക്കില്ലാ.

രാജസമൂഹത്തിൽ ശത്രുക്കൾ നിന്നുടെ
ജീവനാശത്തിനായ് ക്ലേശിച്ചെങ്കിൽ

---

1 പത്യം – പഥ്യം (ക്ഷേമം)

മന്ത്രിജനങ്ങളും തന്ത്രിഗണങ്ങളും
ബന്ധുക്കളെന്നുടെ ഭൃത്യന്മാരും

എന്നുടെ സ്നേഹിതൻ നീയെന്നു കേൾക്കിലോ
നിന്നുടെ സ്നേഹിതർ തന്നെ അവർ

പ്രാണനാശത്തിനായ് ഈ വിധി ചെയ്കിലും
പ്രേമത്തിനാലേയതു പകുത്തും

ഒക്കെയും ശക്തൻ ഞാൻ പാക്യയിവിടത്തിൽ
ഒന്നുമിളകേണ്ട; നീ തെളിയുക.

രാജസമൂഹത്തിൽ ഒന്നിച്ചു പൊയ്ക്കൊൾവൻ
ചെയ്യിയിതിപ്പതേ! നീ ധരിക്കു.

എന്നിവയൊക്കയും ചൊന്നതു പോലുടൻ
വന്നു തെളിഞ്ഞു തോഷിപ്പിച്ചേററം.

ഇന്നിതിൻ വണ്ണമെനിക്കു ഭവിച്ചപോൽ
വന്നീടും നിങ്ങൾക്കും ഭേദമില്ലാ.

ഈ മൂന്നു സ്നേഹിതരാരെന്നു മോക്കണം
ആ നന്ദിഹീനം സ്മരിച്ചിടേണം

നാലാമതായവൻ ചൊന്നതും ചെയ്തതും
മേലിൽ മറക്കൊണ്ടൊരിക്കലും നീ

പ്രഥമ സ്നേഹിതനാരെന്നു കേൾക്കുവിൻ
പ്രധാനി ഭൂലോകം തന്നെയല്ലോ

രണ്ടച്ചന്മാക്കുള്ള വേലയസാദ്ധ്യമായ്
ഇണ്ടൽ കൂടാതിതു സ്വാമിവാക്യം.

രണ്ടാമതായുള്ള സ്നേഹിതൻ സ്വജനം
കണ്ടിതമെപ്പുഴമീവക്കായി,

ദേഹദണ്ഡങ്ങളിവരെപ്രതി സദാ
ദേഹിയെപോലും വെടിഞ്ഞുചെയ്യും

മൂന്നാമനാകുന്ന സ്നേഹിതൻ സ്വദേഹം
അന്നത്തിലുമിവൻ ഒന്നിച്ചല്ലോ.

ഈ മൂവരിൽ മമക്ലേശമതെങ്കിലും
നാലാമതായൊരാ പുണ്യത്തെയും

സ്നേഹമവനിൽ ഞാൻ കാണിച്ചകാരണം
സ്നേഹത്താൽ ചാരെയിരുത്തിക്കൊണ്ടു

1 ഇതിപ്പതേ – ഈ പദത്തിൽ.

ചതുര്യബന്ധു[1] മൽ സ്നേഹിതനാകയാൽ
ചതുരന്ത്യമോൎമ്മ വരുത്തിമയാ-

കേട്ടതു നേരമെനിക്കുമൊരു ദാഹം
കേട്ടതിന്മേൽ വച്ചു മമ ബോധം

സാരസ്യമായൊരു ശ്ലോകത്തെ കേൾപ്പിപ്പാൻ
സാരമായ് നീയിതു ദിനേ ദിനേ

ഭേദം വരുത്താതെ നീ ജപിച്ചീടുകിൽ
ഭേദമില്ലാ മഹാഭാഗ്യം ലഭ്യം

മൃത്യു ജയമെന്ന നാമം നിനക്കുമായ്
തത്ര ജീവിക്കുകിൽ കിട്ടും നൂനം

എന്നവൻ ചൊന്നപോൽ കേട്ടുനടക്കയാൽ
ഇന്നെനിക്കീ ഭാഗ്യം ലഭ്യമായി

മേ വിധി ശാസനം നീക്കി തുണപ്പാൻ
ഈ മഹാശ്ലോകത്താൽ[2] ഭാഗ്യം കിട്ടി,

മൃത്യുവിധിമോക്ഷം ദുർഗ്ഗതിയെന്നിവ
ധീസ്മരണയതിൽ സൎവ്വനേരം

എന്നിതു നിങ്ങളുമോൎത്തു ജപിപ്പാനായ്
ഇന്നെന്റെ കാഴ്ചയിലോൎപ്പിക്കുന്നു.

മേ ജനം നിങ്ങളും സ്നേഹിതരെന്നതും
മേ ബോധത്തിലുറച്ചീടുന്നു ഞാൻ

എന്നതിനാൽ തന്നെ നിങ്ങളിതുവരെ
മന്ദമൊഴിഞ്ഞിങ്ങു പാൎത്തീടുന്നു.

എങ്കിലുമിന്നലെ യെന്നുടെ വേദന
ചങ്കിലുണൎന്നു തുണച്ചു നന്നായ്

വ്യാധിയൊഴിപ്പതിന്നുള്ളൊരു ക്ലേശങ്ങൾ
വ്യാകുലം ഏറെ സഹിച്ചു നിങ്ങൾ

ദാഹമിനിക്കെന്നു കാണുന്ന നേരത്തിൽ
പാനം പലവിധം തന്നു നിങ്ങൾ

ഉഷ്ണത്തിൻ നേരത്തിൽ വീശിതണുപ്പിച്ചും
ശീതത്തെ തീൎപ്പതിന്നാടകളും

ഇപ്രകാരമുള്ള സൽക്കാരമൊക്കയും
തൽക്ഷണം മാറാതനുഷ്ഠിച്ചേററം

---

1 ചതുര്യബന്ധു-നാലാമത്തെ ബന്ധു 2 ശോകത്തിൽ എന്നു പാഠഭേദ

ഇപ്പോൾ മമഗാത്രെ സൂക്ഷിക്കും നേരത്തിൽ
അപ്പാരവശ്യത്തിലൊന്നുമില്ലാ

ആരെയുമിന്നിനി ആവശ്യമല്ലെന്നും
ആകെ നിനച്ചു മന്നിച്ചിടുന്നു.

എങ്കിലോ മേതാപ മെങ്ങനെയെന്നതും
ശങ്കയില്ലൊട്ടു ഞാൻ കേൾപ്പിച്ചിടാം

മോക്ഷാലയത്തിൽ കടപ്പതിനാക്കമേ
സൂക്ഷരായ് യോഗ്യരെ കാണുന്നില്ലാ

ഭൂലോകെ ജീവിച്ച പുണ്യജനങ്ങളും
ഭൂതലത്തിലവർ മേവും കാലം

താപസന്മാരായി ജീവിച്ചവരുടെ
തപസ്സിനാൽ തന്നെ വെളുപ്പിക്കും

സുവർണ്ണം ചൂളയിൽ മാററു വരുത്തുമ്പോൾ
സുകൃതം ദുഃഖത്താൽ പ്രകാശിക്കും

എങ്കിലും സർവ്വേശൻ തൻ തിരുക്കൺകളിൽ
തങ്കമിതായില്ല[1] എന്ന മൂലാൽ[2]

കാഞ്ചനം കാച്ചിത്താഡിച്ചു പരത്തീടും
വീണ്ടും സ്പുടം വച്ചു സുവർണ്ണിക്കും

എന്നപോലീലോകേ കാച്ചിയടിച്ചിട്ടു
സ്വർണ്ണ സമമുള്ള മാറേററിടും

എങ്കിലും നാഥന്റെ കണ്ണിനു നിർമ്മലം
വന്നില്ലതിന്നാലെ പരലോകേ

വഹ്നിയിലേററവും ശക്തി പെരുകിയൊ
രഗ്നിക്കുള്ളമുണ്ടതിൽ ശയിക്കും

എന്നതല്ലാതൊരു പുണ്യനും സ്വർഗ്ഗത്തിൽ
ചെന്നുപൂകുന്നതിതെത്രയല്ലം

ഇന്നതിന്നൊരുള്ളൊരു ചെയ്തിയറിയണം
എങ്കിൽ ഞാൻ ചൊന്നിടാം മുൻകാലത്തിൽ

ദ്രദ്രീയ[3]ത്തോടെ ജീവിച്ചൊരു പുണ്യസ്ത്രീ
വൃദ്ധതപൂക്ക രോഗത്തിലായി

ശേഷിച്ചു തന്നുടെ രണ്ടു പെൺമക്കളും
ദ്വേഷിച്ചു ലോകം വെറുത്തവരായ്

1 തങ്കമിതായില്ല – ഇതു തങ്കമായില്ല
2 മൂലാൽ – കാരണത്താൽ 3 ദ്രദ്രീയം–ദാരിദ്ര്യം

കന്യാത്വം നേർന്നു ജീവിക്കുന്ന നേരത്തിൽ
തന്നുടെ മാതൃ മരിപ്പാറായി

ആ സമയത്തിൽ ജീവിച്ചിരിക്കുന്നൊരു
മഹാ പുണ്യവതി കാണ്മാൻ വന്നു

ഭദ്രീയപ്പെട്ടയീ കച്ചിലിൽ[1] പുക്കപ്പൊഠം
ആശ്ചര്യപ്പെട്ടൊരു കാഴ്ച കണ്ടു.

രാജരാജൻ തന്റെ മാതൃരാജസ്ത്രീതാൻ
ഏറിയ കന്നികഠം ചൂഴപ്പെട്ടും

വാനവരായുള്ള മാലാഖാമാരവർ
വാനതാക്കോൽക്കാരൻ പത്രോസുമായ്

ഈ ദേഹം കച്ചിലിൻ വാതുക്കൽ ചിഹ്നമായ്
ഭൂതപ്പിശാചുക്കളെയോടിക്കുന്നു.

ദൈവമാതാവുതാൻ രോഗീ ശിരോഭാഗേ
സ്വേദം തുടയ്ക്കുന്നു തൻ കരത്താൽ

കന്യാസ്ത്രീ കൂട്ടമതൊക്കയും കട്ടിലിന്നു
കാവൽ ദാസികളായ് ചുററീടുന്നു.

ഈ മഹാഘോഷത്തിൻ മധ്യേവിധവയും
ശ്വാസവും വിട്ടു പിരിഞ്ഞു ദേഹി

ആ നേരം മാതാവ്, ആത്മാവുതൻ കയ്യിൽ
ആദരാലേററുമറഞ്ഞു കാഴ്ച

ഈ രണ്ടു കന്നികഠം ദുഃഖിക്കും നേരത്തിൽ
ഈ കണ്ട കാഴ്ചയാൽ തോഷിപ്പിച്ചു.

അപ്പഴെ തങ്ങഠം മാതാവിന്റെ ആത്മാവും
തൽക്ഷണം മോക്ഷത്തിൽ പുക്കെന്നോർത്തു

മേൽചൊന്ന പുണ്യവതിയുമീമക്കളും
ആച്ചൊന്നയാത്മാവെത്തുണച്ചില്ലാ.

ഒട്ടനാഠം ചെന്നപ്പോഠം ആ പുണ്യവാളത്തി
മുട്ടും മേൽ നിന്നു ധ്യാനിക്കുംനേരം

അഗ്നിയിൻ ജ്വാലകഠം വീശുന്നതിൻ മധ്യേ
അഗ്നി വസ്ത്രമണിഞ്ഞൊരു ദേഹി

ആശ്വാസമില്ലാത്ത ദീർഘശ്വാസത്തൊടെ
അത്യന്ത ദുഃഖസ്വരം കേഠപ്പിച്ചു.

1 കച്ചിലിൽ- കടിലിൽ

കേട്ടാക്ഷണം ഭയത്തോടടൻ ചോദിച്ചു
തിട്ടതി1 എന്തു നീ ആരു ചൊൽക?

കേട്ടടൻ ഞാൻ നിന്റെ സ്നേഹിതയായവൾ
കഷ്ടപ്പെടുന്നയ്യോ മഹാദുഃഖം

സ്നേഹിതയായ നീ എന്നെ മറന്നുപോയ്
സ്നേഹമേറെയുള്ള എൻമക്കളും

ആയവരെങ്കിലും എന്നെപ്രതി ചില
ദയവു ചെയ്യേനെ നീ അല്ലെങ്കിൽ

അപ്പഴൊ എന്നെ നീ തുണച്ചീതില്ലയ്യോ
നൽത്തുണ കൂടെമുടക്കിയല്ലോ

ഇച്ചൊന്നതൊക്കെയും കേട്ടടൻ പുണ്യസ്ത്രീ
ആശ്ചര്യപ്പെട്ടു ഭ്രമിച്ചു ചൊല്ലി:

"സ്നേഹ സഹോദരീ നിന്റെ മരണത്തിൽ
സ്നേഹം നിറഞ്ഞൊരു ദൈവമാതാ

കാട്ടിയ സ്നേഹവും കൂട്ടിയഘോഷവും
കണ്ടുനിനച്ചു ഞാൻ നിന്റെയാത്മം

തൽക്ഷണം മോക്ഷത്തിൽ രാജ്ഞിയോടൊന്നിച്ചു
മോക്ഷത്തിൽ പുക്കെന്നു ഞാനുറച്ചു

കണ്ടൊരു കാഴ്ചയും നിന്നുടെ മക്കളെ
കണ്ടപോൾ കേൾപ്പിച്ചേൻ ബുദ്ധിഹീനാൽ

അയ്യയ്യോ സ്നേഹിതേയപ്പുരി പൂകുവാൻ
എത്രയോ ശുദ്ധിതൻ വെണ്മവേണം.

അല്പമാലിന്യ നിഴലാപ്പുരിയെത്താൻ
തൊല്പം2 തടവെന്നുമോർത്തു കൊൾക

ദൈവമാതാവിൻ ദയയുടെ കാരണാൽ
ദൈവകോപത്തിൽ നിന്നെന്നെ നീക്കി

എങ്കിലുമെന്നുടെ അല്പാശുദ്ധങ്ങളിൽ
ചെങ്കൽച്ചൂളസമം വേകുന്നു ഞാൻ

നീയെന്നെ ഇന്നിയും മറന്നിടാർത്തുടൻ
ദയയാലെ നീയുമെൻ പ്രിയമക്കളെ

സർവ്വേശരൻ തന്നോടെ പ്രാർത്ഥിക്കമെങ്കിലോ
സർവ്വദയാപരൻ ക്ഷമിച്ചിടും

1 തിട്ടതി - ആശ്ചര്യം    2 തൊല്പം - സ്വല്പം

തന്നുടെ നീതിദയയായ് പകുത്തുവാൻ
നിങ്ങൾക്കീ നേരത്തിൽ സാധ്യമല്ലോ.

എന്നുടെ വേലയിൽ നേരം കഴിഞ്ഞുപോയ്
ഇന്നെന്റെ രോദനം കേൾക്കുന്നില്ലാ

നിങ്ങളെനിക്കായി പ്രാർത്ഥിക്കമെങ്കിലൊ
അമ്പൊടനുകൂലമുണ്ടാമെന്നിൽ

എന്നതു കേട്ടുടൻ പുണ്യവാളത്തിയും
നന്നായി ക്ലേശിച്ചു പ്രാർത്ഥിച്ചുടൻ

മക്കളുമൊന്നിച്ചു പ്രാർത്ഥിക്ക കാരണം
ദുഃഖം ക്ഷണം തീർന്നു മോക്ഷംപൂകി,

കേട്ട ജനങ്ങളെ, സ്നേഹ സഹോദരെ
കൂട്ടണമെന്നിലും ദയയിപ്പോൾ

ഇപ്പോലെയുള്ളൊരു വിസ്മയക്കാഴ്ചകൾ
അപ്പുണ്യനാരി മരണത്തുങ്കൽ

സംഭവിച്ചെങ്കിലും പാപക്കറതീർപ്പാൻ
ശുദ്ധീകരസ്ഥലെ എത്ര ദുഃഖം

ആ സ്ഥലം കിട്ടുന്നതെത്രയും ഭാഗ്യമെ
ന്നെപ്പോഴുമോർത്തു നടന്നു കൊൾവിൻ

ഇപ്പോലെയുള്ളൊരു പുണ്യന്മാർക്കല്ലാതെ
അപ്പുരി കിട്ടുവാൻ യോഗ്യമില്ലാ

രക്ഷിതാവിന്നുടെ രക്തവിലയാലെ
രക്ഷിക്കപ്പെട്ടൊരു ആത്മം ഞാനും

ആ തിരുരക്തത്തിൽ വിശ്വശരണത്താൽ
ശുദ്ധീകരസ്ഥലം മദ്ഭാഗ്യം

എന്നതിനാൽ മമ സ്നേഹിതർ നിങ്ങളും
നന്ദിയോടെന്നെത്തുണച്ചിടേണം

ഇന്നലെ എന്നുടെ സങ്കടം കണ്ടപ്പോൾ
നന്നായ് സഹായിച്ച് നിങ്ങൾ മോദാൽ

ഉഷ്ണിച്ചു ഞാൻ വിയർക്കുന്നെന്നു കണ്ടപ്പോൾ
ഉഷ്ണിച്ചു നിങ്ങൾ തണുപ്പിപ്പാൻ മേ

വ്യാധിമേ തീർപ്പതിന്നെത്രയും ക്ലേശിച്ച്
ഔഷധം തേടുവാനോടി നിങ്ങൾ

എന്നുടെ സങ്കടം നിങ്ങളും കാണുന്നു
അന്യോന്യം നിങ്ങളെ ഞാനും ദൃഢം

എന്നതു കാരണം ക്ലേശിച്ചെന്നെ പ്രതി
ഇന്നിതന്യോന്യമായ് നഷ്ടമല്ലോ–

എന്നതു കൊണ്ടിവൻ നാവിനാൽ ഞാൻ തന്നെ
ചൊല്ലുന്നതെന്നു നിനച്ചു കൊൾവിൻ

ഇന്നലെ കണ്ടമൽ ദുഃഖമല്ലീ നേരം
എന്നിതും ബോധാൽ സ്മരിച്ചു കൊൾക.

ഈയ്യമുരുക്കുന്ന തീയുടെ ശക്തിയിൽ
സ്വർണ്ണമുരുകുവാനായീടുമോ?

ഭൂലോക മാനുഷാതിഷ്ഠതി പോകുവാൻ
ഭൂമിനാഥൻ തന്നൊരു അഗ്നിയിതു്

പാപക്കറകൾ ദഹിപ്പിച്ചു ദേഹിയെ
പ്രതാപമേറുവാൻ സർവ്വനാഥൻ

നീതിക്കു തക്കപോൽ ശുദ്ധി വരുത്തുവാൻ
ശുദ്ധീകരസ്ഥലം സൃഷ്ടിചെയ്തു.

എന്നതിലുള്ളൊരു ദുഷ്കർമ്മസംഹാരം
ചൊന്നീടുവാൻ തക്ക നാവില്ലഹോ

ആസ്ഥലെ ചെന്നു കണ്ടിങ്ങു വന്നൊന്നൊരു
ക്രിസ്ത്യാനി രോഗിക്ഷപൻ താപസൻ

തന്നുടെ കട്ടിലിൽ രോഗത്താലൊട്ടുനാൾ
തന്റെ സർവ്വാംഗവും വ്രണപ്പെട്ടും

നിദ്രയൊഴിഞ്ഞു സഹിക്കുന്ന ദുഃഖത്താൽ
രാത്രിയൊരു സമമു എന്നസമം

ഇങ്ങനെ ക്ലേശിച്ചുകൊണ്ടൊരു രാത്രിയിൽ
മംഗല ദൈവത്തെ നോക്കിച്ചൊല്ലി

ദയവു് നിറഞ്ഞുള്ള ദൈവമേ, നായകാ,
ദയാധിക്യത്താലെ എന്നെ പാർക്ക

എന്നുടെ ദേഹം വിലങ്ങിനെവെട്ടി നീ
നിന്നുടെ സന്നിധേയാക്കണമേ

ഇങ്ങനെ ക്ലേശിച്ചു പ്രാർത്ഥിക്കുന്നേരത്തിൽ
മംഗലൻ തന്നുടെ കാവൽദൂതൻ

പ്രത്യക്ഷ ദർശനമായിട്ടു രോഗിയെ
സൂക്ഷിച്ചറിവിച്ചു, ദൈവചിത്തം

ഇന്നി നീ നിന്നുടെ ദേഹത്തോടൊന്നിച്ച
മന്നിൽ സഹിക്കണമൊരു കാലം

അല്ലെങ്കിൽ നിന്നുടെ ദേഹി മൂന്നുദിനം
നന്നായ് ക്ഷമിക്കണം ശുദ്ധീകരെ

എന്നതിലൊന്നിനി നിന്മനസ്സെന്ന പോൽ
തന്നീടും സർവ്വേശൻ ഭേദമില്ല

എന്നതു കേട്ടുടൻ മൂന്നുദിനം ക്ഷണം
എന്തൊരു ശിക്ഷയും ഞാൻ സഹിക്കാം.

ഈ മഹാദുഃഖത്തിലിനിയൊരു സമഃ
സഹിക്കമെന്നതിൽ സ്വല്പംനന്നു

ആ മൂന്നുവാസരം തീരുന്നതു ക്ഷണേ
ആ സ്വർഗ്ഗരാജ്യത്തിലണഞ്ഞീടാം

എന്നതിനാലതു തന്നെ എനിക്കിപ്പോഴം
തന്നീടണമെന്നും പ്രാർത്ഥിച്ചുടൻ

മരണമാത്രുജ്ജ വട്ടമടപ്പിപ്പാൻ
മാലാഖാ ചൊന്നപോൽ ചെയ്തു ക്ഷപൻ

മരിച്ചുടൻ തന്നെ പിരിഞ്ഞൊരു ആത്മത്തെ
മരിച്ചങ്ങഗ്നിവിലങ്ങിടത്തിൽ

സൂര്യൻ മറഞ്ഞതിൻ ശേഷത്തിൽ മാലാഖാ
ശുദ്ധീകരത്തിങ്കൽ ചെന്നു കാണ്മാൻ

ഭൂലോകേ രോഗത്താൽ നീ സഹിച്ചെന്തൊരു
ഭൂമി ദുഃഖത്തെക്കാളം ചെറുതിതൊ

ഈ വാർത്ത കേട്ടിട്ട കോപദുഃഖത്താലെ
ക്ലേശിച്ചു കൊണ്ടുടൻ ചൊന്നീവണ്ണം

മൂന്നു ദിനമതിൽ കൂട സഹിച്ചിട്ട
സന്ദേഹമില്ലാതെ സ്വർഗ്ഗം പ്രാപ്യം

എന്നു വദിച്ചു നീയെന്നുടെ ആത്മത്തെ
അന്നീ മഹാഗ്നിയിൽ മുക്കിവെച്ചു

എന്നതിൽ പിന്നെ ഇതെത്ര കാലങ്ങളായ്
ഇന്നു മാത്രം നിന്നെ കണ്ടു ഞാനും

എന്നതിനാലെ നീ ദൈവത്തിൻ മാലാഖാ
അല്ലെന്നു നിശ്ചയം തോന്നുന്നഹോ

ഓഹോമൽ സോദരാ നമ്മുടെ സൽബുദ്ധി
ഈ മഹാ ദുഃഖാലിരുണ്ടു പോയി

ഞാനൊരുനാളുമേ വേളസം[1] ചൊന്നില്ലാ
വാനവൻ ഞാൻ തന്നെ ഭേദമില്ലാ

നീ മരിച്ചന്നതിൻ ശേഷമിതുവരെ
ഏകദിനം തികഞ്ഞില്ല ദൃഢം

നിന്നുടെ ദേഹത്തെ മണ്ണിൽ മറപ്പാനായ്
ഇന്നിതു നേരം മതിയായില്ല

നീ മരിച്ചെന്നൊരാ കട്ടിലതിൽ തന്നെ
നിൻ ദേഹമപ്പോൾ കിടന്നീടുന്നു.

നീ സഹിച്ചീടുന്നൊരഗ്നിയിൻ ശക്തിയാൽ
ഈ നേരങ്ങൾ ബഹുകാലങ്ങൾ പോൽ

നിന്റെ ചിത്തം തന്നിൽ തോന്നിയ കാരണം
ഈ വണ്ണം ചൊല്ലി നീ നേരല്ലിതു്

എന്നതു കേട്ടടൻ ആത്മാവു ദുഃഖത്താൽ
നന്ദിയപേക്ഷിച്ചു വീണ്ടും ചൊല്ലി

ഭൂലോകെ സർവ്വേശൻ തന്നൊരു വ്യാധിയെ
ഭേദമില്ലാതെ ക്ഷമിച്ചീടാം ഞാൻ.

ഒന്നല്ല കാലമതിലേററമെങ്കിലും
സന്ദേഹമെന്നിയെ സഹിച്ചീടാം

ഇനിയൊരു മണി നേരം മാത്രമെന്നാകിലും
ഈ കഠോരാഗ്നി സഹിപ്പാൻ മേലാ

ദൂതനിയാൾ ദൈവാനുഗ്രഹത്താലുടൻ
ദേഹിയെ ചേർത്തു തൻ ശരീരത്തിൽ

കാത്തിരുന്നോരായ സഹോദരന്മാരും
പ്രേത്തു ശരീരെയിളക്കം കണ്ടു.

ഭീതിയാലേവരുമോടുന്ന നേരത്തിൽ
ഭീതിയു വേണ്ട ഞാൻ ചൊൽവൻ സർവ്വം

ഞാൻ മരിച്ചന്നതിൻ ശേഷമുടൻതന്നെ
ഞാനപേക്ഷിച്ചപ്പോൾ ദൈവദൂതൻ

1 വേളസം — പിത്തണം

ശുദ്ധീകര സ്ഥലേ എന്റെ ആത്മാവിനെ
ശുദ്ധിവരുത്തുവാനഗ്നിക്കുള്ളിൽ

മുക്കിയിട്ടെന്നെ പിരിഞ്ഞതിൻ ശേഷത്തിൽ
ആത്തിക്കടലിൽ ഞാൻ ബഹുകാലം

വേകുന്ന നേരത്തിൽ ദൈവകാരുണ്യത്താൽ
കാവൽ ദൂതനീയാം വീണ്ടും വന്നു.

കണ്ടതു നേരത്തു ക്ലേശപ്പെരുപ്പത്താൽ
കണ്ടിച്ചു[1] ചൊല്ലി ഞാൻ "തട്ടിച്ചെന്നെ"

"ഞാനല്ല നിന്നെ തട്ടിച്ചതു നിന്നുടെ
ന്യായമില്ലാത്തൊരു ബോധം തന്നെ

നീ സഹിക്കുന്നൊരു ദുഃഖപ്പെരുപ്പത്താൽ
ഏകദിനം ബഹുകാലംപോലെ

നിന്റെ നിനവതിൽ തോന്നിയതെന്നിയെ
നിന്റെ ശരീരമോ അസ്ഥലേ താൻ

ഭൂമി ദഹനത്തിനു് നേരമില്ലായ്കയാൽ
ഭേദമില്ലാതെയുറ്റീടെത്തന്നെ.

ഇനിയും ദൈവത്തിൻ കാരുണ്യകാരണം
നിൻ വിധി മാററും താൻ മനസ്സെങ്കിൽ

പോരാത്ത മൂന്നു ദിനത്തിന്റെ ശേഷങ്ങൾ
പോക്കണമിസ്ഥലേ ഭേദമില്ലാ.

അല്ലെങ്കിൽ നിന്നുടെ മുൻപുള്ള രോഗത്തെ
അല്പം കുറയാതെ സഹിക്കണം."

എന്നുള്ള വാത്തയെ കേട്ട ക്ഷണം തന്നെ
സന്ദേഹമെന്നിയെ പ്രാത്ഥിച്ചഹം

ഒന്നല്ല രണ്ടു സമകളെന്നാകിലും
മന്ദഹാസത്തോടെ ക്ഷമിപ്പൻ ഞാൻ

എന്നതിനാലിതായെന്നുടെ ദേഹിയെ
ഒന്നിപ്പിച്ചെന്നുടെ ദേഹത്തോടെ

ഇന്നിമേൽ സർവ്വേശചിത്തം പോലൊക്കെയും
ഈയെനിക്കാകട്ടെയെന്നുറച്ചു

---

1 കണ്ടിച്ചു—ഖണ്ഡിതമായി

ഇന്നെന്നെ കാണുന്ന മൽസഹോദരരെ
മന്നിൽ തന്നെ പാപശുദ്ധിനല്ല

എന്നുള്ള സത്യത്തെ ബോധിച്ചു നിങ്ങളും
ഇന്നു മുതൽ താപം ചെയ്തുകൊൾവിൻ

എന്നരചെയ്തടൻ തൻ പിതാവാകുന്ന
അഞ്ചുകായൻതന്നെ പിഞ്ചെന്നിയാൾ

ഇന്നിതുകേട്ട മേ സ്നേഹഭ്രാതാക്കളെ
ഇന്നിനിക്കമിതു തന്നെ നേരം

എന്നു നിനച്ചിപ്പളെന്നെത്തുണയ്ക്കുകിൽ
നിങ്ങൾക്കമീത്തുണ താൻ ലഭിക്കും

മർത്യൻ വിതച്ചീടും വിത്തെന്നപോലെ
സത്യം കൊയിത്തിലും ആയതുതാൻ

കാരുണ്യം കാട്ടുന്ന മർത്ത്യർക്ക ഭാഗ്യമേ
കാരുണ്യ യോഗ്യരായ്ത്തീരുവാൻ

എന്നുള്ള നാഥന്റെ വാക്യത്തിന്നൊത്തപോൽ
ഇന്നെന്നെ നിങ്ങൾ തുണച്ചീടുകിൽ

എന്നെപ്പോലുള്ള നാൾ നിങ്ങൾക്കും വന്നിടും
അന്നു നിങ്ങൾക്ക തുണയിതുണ്ടാം

ഇപ്പോളെന്നോടുള്ള സ്നേഹംനിമിത്തമായ്
ദുഃഖിച്ചു ക്ലേശിക്കും ഭ്രാതാക്കളെ

ഇപ്രലാപത്താലെനിക്കെന്തു സദ്ഫലം
അപ്പോലെ നിങ്ങൾക്കും ബഹുഖേദം

എങ്കിലുമെന്നുടെ മൃത്യു നിമിത്തമായ്
ചങ്കിന്നുണ്ടാകുന്ന ദുഃഖമെന്തു്

എന്നാലീ ദുഃഖത്തിൻ മൂലമാം കാരണം
നിങ്ങൾ ഗ്രഹിച്ചല്ലൊ ദുഃഖിക്കുന്നു.

എത്രയുമേറ്റം സ്നേഹിച്ചെന്നമേ ജനം
അത്രയധികമായ് ക്ലേശിക്കുന്നു

ക്ലേശത്തിൻ കാരണം നേരറിയിക്കുമ്പോൾ
ക്ലേശമധികരിച്ചീടും ദൃഢം.

എങ്കിലും നേരറിഞ്ഞുണ്ടാകും ക്ലേശത്താൽ
രണ്ടു ഭാഗർക്കും സുഖം ലഭിക്കും

എന്നതിനാലിതിൻ മൂലമാം കാരണം
നന്നായ് തെളിച്ചു ഞാൻ ചൊല്ലീടുന്നു.

കേൾക്കുന്നു മേ ജനം ക്ലേശിക്ക വേണ്ടഹോ
കേട്ടു പരിഭവം ഭാവിക്കണ്ടാ.

നേരിതു നിങ്ങൾക്കും ഭവിഷ്യതിത്തന്നെ
നേരറിഞ്ഞീടുകിൽ നന്നു നന്ന്.

എങ്കിലോ കേട്ടുകൊൾ ദുഃഖനിമിത്തങ്ങൾ
ശങ്ക കൂടാതെ ഞാൻ ചൊല്ലീടുന്നു

പൂട്ടിത്തെളിഞ്ഞുള്ള കാളക്കു യൗവന
ക്കൂട്ടം കൊടുത്തു വളർത്തീടുന്നു.

കോട്ടം പിടിച്ചു തളർന്നു കിടക്കിലോ
നഷ്ടമതിലുള്ളയിഷ്ടം ദൃഢം

എന്നപോലെന്നുടെ ദേഹമാമീജന്തു
ഇന്നു തളർന്നിനി നില്ക്കുന്നില്ലാ

ഈ മൃഗം കൊണ്ടുള്ള വേലമുടിഞ്ഞല്ലോ[1]
യിന്നിഫലമെന്തു നമ്മൾക്കുള്ളൂ?

എത്ര യാളായിതിൻ വേലയാൽ നമ്മുടെ
ഗാത്ര സുഖം വന്നു സുഖിച്ചു നാം

ഭാരം ചുമക്കുന്ന കോവർ കഴുതയും
ഭാരചുമട്ടിനാൽ വീണുപോയി

നിത്യവും നമ്മുടെ മെച്ചമാം വണ്ടിയിൽ
വാത്സല്യമേറും ശിശുക്കളുമായ്

ഒന്നിച്ചു കേറിയിരിക്കുന്ന നേരത്തിൽ
മന്നിച്ചു[2]കൊണ്ടു വലിച്ചീടുന്നു

പൊട്ടക്കഴുത ഇതെങ്കിലുമോട്ടത്തിൽ
ഒട്ടും കുറവില്ല ക്ഷണം തന്നെ

ഏററംതട്ടിച്ചുള്ള തൻഗളമായതിൽ
ഊററംപെരുത്ത നുകത്തട്ടിയെ

വച്ചുവലിക്കുന്ന പോത്തിൻെറ ശക്തിയും
മെച്ചവിലയും നശിച്ചിതിപ്പോൾ

1 മുടിഞ്ഞു—അവസാനിച്ചു. 2 മന്നിച്ചുകൊണ്ട്—ക്ഷമയോടെ

ഗൃഹഭാരംപൂമന്നോടന്ന ഗൃഹസ്ഥൻ
കാലഗ്രഹത്തിലകപ്പെട്ടുപോയ്

ദാഹിച്ചുതീററി വളത്തുന്നോരീദേഹം
മോഹിച്ചുവീണു വിറച്ചുപോയി

ഈവണ്ണമുള്ളൊരു കാരണമൂലങ്ങൾ
നേരാകുംവണ്ണം സ്മരിച്ചിടാതെ

ആകയാലോത്തുക്ലേശിച്ചീടും ദുഃഖത്തിൻ
കാരണമായതെന്നോർത്തുകൊൾക.

ശുദ്ധമാംസ്നേഹത്തിൻ കാരണമെങ്കിലൊ
സൂക്ഷത്തൊടായതും കേൾപ്പിപ്പൻ ഞാൻ

ഇലിയോനെന്നുള്ള രാജ്യത്തിൻരാജനാം
ജൂവാനിയെന്ന പുണ്യപുരുഷൻ.

തന്നുടെ രാജ്ഞിയുമൊന്നിച്ചുമേവുമ്പോൾ
തൽക്ഷണം ഭത്താവുമൃത്യുപൂക,

സ്നേഹംനിമിത്തമായ് രാജ്ഞിയുമപ്പാഴെ
ദേഹത്താലേറിയ ദാനംചെയ്തു

പൂജകൾക്കുള്ളൊരു ശക്തിഗ്രഹിക്കയാൽ
ഏറിയപൂജകൾ ചെയ്യിപ്പിച്ചു.

ഭത്താവിൻദേഹം മറച്ചുടൻവേഗമായ്
പേത്തവൾപൂക മൊണസ്തേരി[1]യിൽ

കന്നികൾക്കൂട്ടത്തിൽ ചേന്നയുടൻതന്നെ
കന്നിമാതാവിനോടേററം കേണു.

ഭത്താവിന്നാത്മത്തെ ശീഘ്രമായ്മോക്ഷത്തിൽ
കേററിടുവാനായുപോസി[2] ച്ചേററം.

ഇങ്ങനെയുള്ള തപസ്സിനിടയതിൽ
വന്നൊരുരാത്രിതൻ ഭത്തൃദേഹി

അഗ്നിജ്വാലകളിൻ മദ്ധ്യേയവനുടെ
അംഗങ്ങൾതീത്തുടൽകൊണ്ടുപൂട്ടി

കണ്ടൊരുനേരംതൻ ഭാര്യയെസ്സൂക്ഷിച്ചു
ഇങ്ങൽസ്വരത്തോടെ ചൊല്ലിമെല്ലെ.

---

1 മൊണസ്തരി– സന്യാസനീമഠം. (Monastery)
2 ഉപോസിച്ചു— ഉപവസിച്ചു.

സ്നേഹിതേ, സ്നേഹമേറീടും മൽജായയേ.
മോഹത്താൽ നീ ചെയ്യതൊക്കെ കണ്ടേൻ

എങ്കിലുമെന്നുടെ പാപപ്പെരുപ്പത്താൽ
വഹ്നിയിൽ വേകുന്നേൻ മഹാദുഃഖം

എന്നുടെ മേലുള്ള സ്നേഹം മറക്കാതെ
മന്നിപ്പ്[1] കിട്ടുവാൻ പ്രാർത്ഥിക്ക നീ

എന്നുരചെയ്തു മറഞ്ഞതിൻ ശേഷമായ്
മന്ദത്തിലും ബഹുഭയം ദുഃഖം

അന്നുതുടങ്ങി[2] ചതുർദശവാസരം
ഒന്നൊഴിയാതെ ഉപോസിച്ചവൾ

എന്നതുമെന്നിയെ ഏറിയ ധർമ്മങ്ങൾ
നന്ദിയോടെയവൾ ചെയ്തശേഷം

മുടിയപ്പർ[3] തന്നുടെ കോവിലിൻ ചെന്നുതൻ
മുട്ടാക്ക[4] എന്ന വസ്ത്രാഭരണം

കാഴ്ചകൊടുത്തു താൻ ഭർത്താവിന്നായിട്ടും
കാഴ്ചയണപ്പാനായ് പ്രാർത്ഥിച്ചവൾ

ഇങ്ങനെ നാല്പതു നാളതും ക്ലേശിച്ചു
തിങ്ങിന ദുഃഖത്താൽ പ്രാർത്ഥിച്ചപ്പോൾ

നാല്പതാം നാളിൽ ശനിദിനേ സൂര്യനെ
തോല്പിക്കും ശോഭയാൽ ഭാര്യപക്കൽ

ചെന്നുടൻ സന്തോഷവാർത്തയറിയിച്ചു
മന്ദഹാസത്തോടെ മോക്ഷം പുക്ക.

ഇപ്രകാരമുള്ള സ്നേഹമിതെങ്കിലോ
തൽഫലമിപ്പോളെനിക്ക ദൃഢം

ദുഃഖിച്ചു കേഴ്പ്പിക്കും ദീർഘസ്വരത്തിനാൽ
അല്പഫലംവിനാ വൃഥാനുഷ്ഠം[5].

അത്യാഗ്നി ശക്തിയിൻ ഉഗ്രം നിമിത്തമായ്
അത്യല്പനേരം ക്ഷമിച്ചുകൂടാ,

എന്നുള്ള സത്യം ഗ്രഹിപ്പതിന്നിന്നിതും
ചൊല്ലുന്നു ഞാൻ നിങ്ങൾ കേട്ടുകൊൾവിൻ

---

1 മന്നിപ്പ—മാപ്പ്, 2 ചതുർദശവാസരം—നാല്പതുദിനം,
3 മുടിയപ്പർ— എസ്തഫാനോസ് 4 മുട്ടാക്ക്—മൂടുപടം (പുതകവണി)
4 വൃഥാനുഷ്ഠം—വെറുതെ അനുഷ്ഠിക്കുന്നതു്.

സ്നേഹിതന്മാരായ താപസന്മാരവർ
സ്നേഹമോടൊന്നിച്ചു മേവുംകാലേ

ആയിതിലേകന്നു വ്യാധി ഭവിച്ചുടൻ
ഭേദമില്ലാതന്ത്യരോഗം തന്നെ

നീതിമാൻ സർവ്വേശൻ തൻദയമൂലമായ്
ദൂതൻ വഴിയാലറിയിച്ചിതും

നീ മരിച്ചിന്നതിൻ ശേഷത്തിൽ നിന്നുടെ
പാപശുദ്ധിക്കായ് ശുദ്ധീകരേ

പോയിടുമെങ്കിലും ഭൂലോകേ നിന്നൊരു
പൂജയണയ്ക്കുന്നനേരംവരെ

ശുദ്ധീകരസ്ഥലേ വേകമെന്നാകിലും
ശുദ്ധം നന്നപ്പൊഴെ മോക്ഷം പൂകും

സത്യമറിഞ്ഞുടൻ തന്നുടെ സന്യാസി
മിത്രത്തോടൊക്കയും കേൾപ്പിച്ചയാൾ

കേട്ടുടൻ സ്നേഹിതൻ സന്തോഷചിത്തത്താൽ
കോട്ടം വരുത്താതെ ഞാൻ തികപ്പേൻ

എന്നയാളേററപ്പൊൾ അന്നേദിനം തന്നെ
നന്നായ് പുലർകാലേ ശ്വാസ വിട്ടു.

അക്ഷികൾ താൻ വിരലാലേയടച്ചുടൻ
പക്ഷത്താൽ താൻ പള്ളി പുക്കുടനെ

എത്രയും ഭക്തിയാൽ പൂജയണച്ചുടൻ
തത്രമവിടത്തിൽ ധ്യാനത്തിന്നായ്

മററുള്ള സന്യാസിക്കൂട്ടമതൊക്കയും
ചുററും മരിച്ചവൻ ദേഹത്തിന്റെ

ധ്യാനത്തിലായൊൾ സന്യാസി സ്വാമിക്ക
ക്രൂരത്താൽ സ്നേഹിതൻ കാണപ്പെട്ടു.

സന്യാസി നിന്നുടെ സ്നേഹമിതോ, സഖേ
അന്യക്കുമിപ്പോലെ ചെയ്യീടൊല്ലേ

നിന്റെ നിമിത്തമായ് എത്രയിയാമൽസഖേ,
എന്റെ ദുഃഖാഗ്നി നീളിച്ചയ്യോ

എങ്കിലുമിക്കാലെ നീ തികച്ചെന്നതാൽ
ശങ്കയില്ലിപ്പോൾ ഞാൻ മോക്ഷവാസി

കേട്ടടൻ സന്യാസിപുക്ക വിഷാദത്തിൽ
നിർജ്ജീവനന്നപോൽ സ്വല്പം പാർത്തു

ശോകപ്രാപ്തനായ സന്യാസി തന്നുടെ
സൂക്ഷമുഖംകണ്ടു ചൊന്നീവണ്ണം

മൽസഖേ, നിൻദേഹി വേർപിരിയും മുൻപേ
സൂക്ഷത്തോടാസ്സപ്പാടൊ1ക്കെ ചെയ്തു

കൃഷ്ണമണി മറിഞ്ഞനേരം ഞാൻ തന്നെ
സൂക്ഷമായ് കണ്ണടച്ചുടൻപോയി

ചൊല്ലിയപോൽതന്നെ കാഴ്ചയണച്ചു ഞാൻ
ചൊല്ലുന്നിതാ സ്തുതിസ്തോത്രം തന്നെ

അപ്പോഴൊയെന്തു ഞാൻ ഭേദംചെയ്തു സഖേ
ചൊൽപ്പര്യ നിന്നുടെ കൂട്ടരൊക്കെ

നിൻെറ ദേഹത്തിൻെറ പക്കൽ നിന്നിപ്പോഴും
പിന്തിരിഞ്ഞില്ലഹോ; ദൃഢംതന്നെ

അപ്പോഴൊ, മൽസഖേ, ഞാൻ സഹിച്ചെന്നൊരാ
അഗ്നിബലത്തിനെ ഓർത്തുകൊൾക

അരമണിനേരമതായിരം നാൾപോലെ
ആരംഭത്തിൽത്തന്നെ തോന്നിപ്പോയി

ആയതും നീയോർത്തു മേലിൽ നിൻപാപത്തെ
ഭൂലോകേതന്നെ മോചിപ്പിച്ചുകൊൾ:

എന്നയാൾചൊല്ലി മറഞ്ഞതുപോലിപ്പോൾ
എന്നുടെ നേരവുമോർത്തു കൊൾവിൻ

എന്നുടെ ദേഹിയിതു നേരമഗ്നിയിൽ
വെന്തുരുകന്നെന്നു മോർത്തീടണം.

നിങ്ങൾക്കിതു നേരമെന്നെത്തുണപ്പതി
നെന്തുയോ പോംവഴിയോർത്തിടണം

ഓർത്തിടാതെ മറന്നീടുകിൽ നിങ്ങൾക്കും
ഓർത്തുകൊൾ സംഭവമിങ്ങനെതാൻ.

കീർത്തിയേറിടുന്ന കന്യക മോനിക്ക
പാർത്തിരുന്നന്നൊരു മഠം തന്നിൽ

1 ആസ്സപ്പാട്—ഒരുക്കം

ശുദ്ധീകരത്തിലെ ആത്മങ്ങളിലൊരു
ശ്രദ്ധയധികമിവരാക്കണ്ടായി

എപ്പൊഴും തന്റെ ധ്യാനജപമൊക്കെ
ഇപ്പരലോക ദുഃഖങ്ങൾ തീർപ്പാൻ.

എത്രയോ ആത്മങ്ങൾ ഈ കണികാരണാൽ
നിത്യദിനേ ദിനേ മോക്ഷം പൂകും

എന്തെല്ലാം പുണ്യമിതിനായ് ദിനേചെയ്യു-
മെന്നുള്ള സങ്കല്പം ചൊല്‌വാൻ മേലാ

ഇങ്ങനെ വാഴുന്നകാലേയൊരുദിനം
തന്റെ സ്നേഹമേറീടും താതൻ

തന്നുടെ ദേഹിമഹാദുഃഖഭാഷയാൽ
തന്റെ മകൾക്കുടൻ കാണപ്പെട്ടു.

അഗ്നിയിൽനിന്നു പുറപ്പെട്ടന്നെന്നപോൽ
ദുഃഖസ്വരത്തോടെ പാർത്തുചൊല്ലി

സ്നേഹമകളേ നീയെന്നെ മറന്നുപോയ്
ന്യായമിതെന്തയ്യോ, മഹാദുഃഖം

നിയ്യ നിമിത്തമായ് യുണ്ടാകും നന്മകൾ
നിത്യമായ് കണ്ടു ഞാൻ ക്ലേശിക്കുന്നു.

അന്യജനത്തിനു ചെയ്യുന്ന നന്മകൾ
അത്യല്പമെങ്കിലുമെനിക്കില്ലേ,

നിന്നെ വളർത്തി ഞാൻ പാലിച്ചതോർത്തെന്നാൽ
എന്നെ മറപ്പതിനെന്തുമൂലം?"

താതന്റെ വാർത്തയെ കേട്ടുടൻ കന്യക
നീതിയിതുതന്നെ മൽപിതാവേ

സ്നേഹമേറീടുന്ന താതനെ എന്തിതു
നീതിയറിയില്ല ഞാനും ദുഃഖം

നിന്നുടെ മൃത്യുവിൽ സംഗതി കേട്ട ഞാൻ
അന്നുമുതൽ മഹാജാഗ്രതയാൽ

പാപാഗ്നിമോചനം വേഗം വരുത്തുവാൻ
പാപി ഞാനെത്രയും ദാഹത്തോടെ,

പ്രാർത്ഥിപ്പാനായിട്ടുറച്ചു ഞാനെന്നുടെ
പ്രാർത്ഥനഗേഹത്തിൽ പൂകുന്നേരം

നിശ്ചയമൊക്കെയും തൽക്ഷണം മാഞ്ഞുപോം
ഇച്ഛയും മറെറാരു സാദ്ധ്യത്തിന്നാം

ഇങ്ങനെ നിത്യവും ഞാൻ മറന്നീടുവാൻ
സംഗതി എന്തിതോ, മഹാദുഃഖം.

എങ്കിലുമിന്നുതുടങ്ങി ഞാനെന്നുടെ
ചങ്കിൻെറ വ്യാധിയാൽ പ്രാത്ഥിച്ചീടും

ചൊന്നതു കേട്ടുടൻ, പിതാവു തന്നുടെ
മന്നം തെളിഞ്ഞതുപോൽ ഓത്തുചൊല്ലി

സ്നേഹമേറീടും മകളേ, യിതെന്നുടെ
ജീവിതകാലഫലങ്ങൾതന്നെ

എന്നുടെ ജീവിതകാലത്തിൻ ഭൂലോകെ
നിന്നു പിരിയുന്നൊരാത്മാക്കളെ

ഞാൻ തുണച്ചീടുവാനോക്കാതെ മിക്കപ്പോൾ
മന്നിച്ചു[1]പോയതിൻ ഫലം തന്നെ

എങ്കിലുമെന്നുടെ സ്നേഹ മകൾ നീയെ—
എന്നെ തുണയ്ക്കു മറന്നിടാതെ

ചൊന്നതു കേട്ടുടൻ, പിതാവു തന്നുടെ
മന്നം തെളിഞ്ഞതുപോൽ ഓത്തുചൊല്ലി

സ്നേഹമേറീടും മകളേ, യിതെന്നുടെ
ജീവിതകാലഫലങ്ങൾ തന്നെ

എന്നുടെ ജീവിതകാലത്തിൻ ഭൂലോകെ
നിന്നു പിരിയുന്നൊരാത്മാക്കളെ

ഞാൻ തുണച്ചീടുവാനോക്കാതെ മിക്കപ്പോൾ
മന്നിച്ചുപോയതിൻ ഫലം തന്നെ

എങ്കിലുമെന്നുടെ സ്നേഹ മകൾ നീയെ—
എന്നെ തുണയ്ക്കു മറന്നിടാതെ

എന്നതുപോൽതന്നെ പുണ്യവതിയുടൻ
മന്ദ[2] മൊഴിഞ്ഞു തുണച്ചു ദൃഢം

ഇന്നിതുകേട്ടുള്ള സഹോദരന്മാരെ,
ഇന്നെന്നെ നിങ്ങൾ തുണച്ചീടുകിൽ

നിങ്ങൾക്ക ഭൂലോകേ നേരിടും ദുഃഖങ്ങൾ
നീക്കിത്തുണപ്പാനും ശക്തർ ഞങ്ങൾ

---

1 മന്നിച്ചു- ഉപേക്ഷ വിചാരിച്ചു 2 മന്ദം—മനം എന്ന സങ്കല്പം

കേട്ടില്ലയോ നിങ്ങൾ ശ്രേഷ്ഠനൊരുഗുരു
യാഗ്രത[1]യാലൊരു രോഗി വീട്ടിൽ

അന്ത്യമാം ലേപനം നൽകുവതിന്നിയാൾ
സന്ധ്യാസമയത്തിൽ പുറപ്പെട്ടു

സിമിത്തേരി തന്റെയരികത്തിലൂടവേ
ചരിക്കുന്നനേരമതിന്റെയുള്ളിൽ

എല്ലുകൾ തങ്ങളിൽ മുട്ടി കിടുകിടു
തല്ലുന്നതിൻ സമമുള്ളൊരൊച്ച

കേട്ടതിൻ ശേഷമതിൽ പിന്നൊരു സ്വരം
കേട്ടൊരു കൂട്ടന്റെ വാക്യം പോലെ,

കൂട്ടരേ, വേഗത്തിൽ പോകണം നാമിപ്പോൾ
കൂട്ടന്റെ തിട്ടതി നേരമിതാ,

നമ്മെത്തുണച്ചവനെ തുണച്ചീടുവാൻ
ഒന്നിച്ചു നാമിപ്പോൾ പോയിടേണം

എന്നതും കേട്ടിയാൾ എന്തെന്നറിയാതെ
പിന്തിരിഞ്ഞന്നപ്പോൾ കണ്ടില്ലൊന്നും

ഇങ്ങനെ ചൊന്നയാൾ രോഗി കേതം പുക്കു
മംഗളം ചൊല്ലി തളിച്ചു തീർത്ഥം.

യാത്ര പ്രകാരത്തിൽ കൂദാശ[2]യൊക്കയും
ജാഗ്രതയോടു കൊടുക്കും നേരം

രോഗിക്കു ചുററുമായ് ഏറിയൊരാളുകൾ
ശോഭിത വസ്ത്രം ധരിച്ചുംകൊണ്ട്

ആദരവോടിവർ ചാരത്തു നില്ക്കയായ്
ദൂരത്തിൽ കോപത്താൽ പൂതങ്ങളും

വാലുവളച്ചവർ കോപവെറിയോടേ
നാലു ദിക്കും നോക്കിയോടീടുന്നു.

ഈ കണ്ട കാഴ്ചയാൽ സ്വരങ്ങളൊക്കയും,
ആ ഗുരുസ്വാമിക്കു ബോധ്യമായി.

രോഗിയീയാളുടെ ജീവിത നേരത്തിൽ
നേരായ ഭക്തിയാൽ കൂടെക്കൂടെ

---

1 യാഗ്രത—ജാഗ്രത

2 യാത്രപ്രകാരത്തിൻ കൂദാശ—അന്ത്യകൂദാശ (തിരുപ്പാഥേയം)

ശുദ്ധീകരസ്ഥലേ യാത്മങ്ങൾക്കായിയാം
ഭക്തിയോടെപ്പോഴും പ്രാത്ഥിക്കയാൽ

ഏറിയൊരാളുകൾ മോക്ഷം കരേറുവാൻ
കാരണമായൊരു രോഗിയിയാം

നന്ദിയറിയുന്ന ആത്മങ്ങളായവർ
വന്നിന്നിയാളെ ത്തുണച്ചീടുവാൻ

ഇന്നിതു കേട്ടൊരു സ്നേഹഭ്രാതാക്കന്മാർ
വന്നീടും നിങ്ങൾക്കും നേരമിതു

മരണമെന്നൊരു കടൽ കടപ്പതി-
ന്നരിമയെത്രയെന്നോർത്തുകൊൾവിൻ

ഇപ്പോലെയുള്ളൊരു സഹായം തേടുകിൽ
അപ്പരവേശത്തിൽ സുഖം വരും

ശക്തിയേറീടുന്ന ശത്രുവിൻ ദുഷ്ടത
നഷ്ടതന്ത്രമൊക്കെയെത്തു നേരം

അക്ഷണം ദുഷ്ടൻെറ കയ്യിൽ നിന്നായാത്മം
രക്ഷപെട്ടെങ്കിലവനു നഷ്ടം

എന്നിതു ദുഷ്ടൻെറ ചേതസി ബോധിച്ചു
നന്നായ് ശ്രമിച്ചീടുമാനേരത്തിൽ

ദുർഗ്ഗമമായൊരു യാത്രയിതുതന്നെ
തത്രാഗമിക്കണം മർത്ത്യജനം

മുള്ളുകൾ കുണ്ടുകുഴി നിറഞ്ഞുള്ളൊരു
പള്ളയിൻ മധ്യേ നടന്നീടണം.

പണ്ടൊരുനാളും നടന്നിട്ടില്ലാത്തോരു
നീണ്ട വഴിയതിൽ പല യോഗ്യം

വീണ്ടതിൻ മധ്യത്തിലുള്ളൊരു സാഗരം
കണ്ടാൽ ഭ്രമിച്ചീടും കാററിൻ ശക്തി

ചുററിയടിക്കും ചുഴലി പലതരം
മററും പലതരം യോഗ്യ[1]ങ്ങളും

ആയതു നേരമിതുപോലെയുള്ളൊരു
സ്നേഹതുണകളേ തേടിക്കൊൾവിൻ

ഇക്കേട്ടതല്ലാതെ മററുള്ള യോഗ്യങ്ങൾ
ഒക്കെയും തീർത്തിടുമീയാത്മങ്ങൾ

---

1 യോഗ്യം—അപകടം.

ഇന്നവരെ പ്രതി നിങ്ങൾ ചെയ്യുന്നൊരു
നന്ദി മറന്നിടാ എന്നുമവർ.

എന്നതുപോൽതന്നെ നിന്ദിച്ചതല്ലകിൽ
വന്നീടും ദുഃഖവും ഭേദമില്ലാ.

ദൈവത്തിൻ സ്നേഹിതർ ഞങ്ങളെന്നുള്ളതും
ഭേദമില്ലാതുള്ള സത്യംതന്നെ

നമ്മെ തുണപ്പതിന്നെണ്ണമില്ലാതുള്ള
നന്മകൾ പള്ളിയിൽ സ്ഥാപം ചെയ്തു.

അല്പമായുള്ള ജപതപങ്ങൾക്കു-
നല്പമാം പാപപ്പൊറുതിവച്ചു

എന്നതിന്നുള്ളൊരു ഭേദവിശേഷവും
നന്നായി സൂക്ഷിച്ചു കേട്ടുകൊൾവിൻ

പാപപ്പൊറുതിക്കു കല്പിച്ച പുണ്യങ്ങൾ
പാപസങ്കീർത്തനം ചെയ്തശേഷം

ദൈവേഷ്ടദാനത്തിൽ പാർക്കുന്ന നേരത്തിൽ
ദൈവതിരുമുൻപിൽ കാഴ്ചവെക്ക

എന്നുള്ള കല്പന ശേഷമെല്ലാററിനും
ഇന്നിതും ഞങ്ങൾക്കായ് നീക്കി പള്ളി

ശുദ്ധീകർത്തിലെ: ആത്മാക്കൾക്കെങ്കിലോ:
ശുദ്ധികുറഞ്ഞാലും കൈക്കൊണ്ടിടും.

മററുള്ള യോഗ്യങ്ങളൊക്കെയും നീക്കുവാൻ
മററവരെക്കാളും ശക്തന്മാരും

എന്നതും ബോധിച്ച നന്ദിയാൽ ഞങ്ങളെ
നിങ്ങൾ തുണപ്പാനായ് കേട്ടുകൊൾവിൻ

ഉത്തര ദിക്കതിലുള്ളൊരു ക്രിസ്ത്യാനി
ഉത്തമൻ തന്നുടെ പത്നിയുമായ്

ജീവിച്ചു വാണിടും കാലത്തിൽ തന്നുടെ
സോദരനെന്നപോൽ മററൊരുവൻ

സ്നേഹപ്പെരുപ്പത്താൽ കൂടെപ്പിറപ്പുപോൽ
മോഹിതനെങ്കിലും വച്ചുജായാം[1]

പതിവ്രതയായവൾ അറിയുന്നുവെങ്കിലും
പത്യുഃ സ്നേഹമ[2]ല്ലാതിച്ഛയില്ലാ

1 ജായാം—ഭാര്യയെ 2 പത്യുഃ സ്നേഹം—ഭർത്തൃസ്നേഹം

ഭോഷനവനതു ബോധിച്ചിടാതെ
രോഷിതം കൊണ്ടു നിറഞ്ഞിടുന്നു.

സ്നേഹമേറിടും സ്വഭർത്താവിനൊക്കെയും
മോഹിതം ദൗഭാഗെയെന്നു തോന്നി

സന്ദേഹസ്ഥാനത്തിലുണ്ടാകും സംബന്ധേ
സ്സന്ദേഹമില്ലാതിദൃഷ്യം നൃണാം.

എന്നുള്ള നൽചൊല്ലു മുൻപുള്ള നല്ലോരാൽ[1]
ചൊന്നകാര്യമിവൻ ഗ്രഹിക്കാതെ

സ്നേഹിതം വാച്ചൊരു കാരണം ഹേതുവാൽ
സ്നേഹഭർത്താവിനു ക്ലേശമായി

കട്ടുകടിക്കും ജലത്തിന്റെ മാധുര്യം
വെട്ടവെളിവായി കാട്ടിരാജൻ

തന്റെബുദ്ധിയിൻ ശക്തിക്കതക്കപോൽ
താൻതന്റെ നാവിനാൽചൊല്ലിക്കാട്ടി.

എങ്കിലുംതന്നുടെ വാർദ്ധക്യനാളതിൽ
ശങ്കകൂടാതെതാൻ താണുപോയി,

കല്ലുപറപ്പിക്കും കാററിൻമുഖമതിൽ
വെല്ലുമോ, ശുഷ്കപത്രാദിവർഗ്ഗം?

എന്നിവയൊന്നുമേയോർത്തിടാതെയവൻ
മന്നത്താൽസ്നേഹത്തിൽ മുങ്ങിപ്പോയി

എങ്കിലുംപുണ്യസ്ത്രീ തന്നുടെയുള്ളതിൽ
ശങ്കയില്ലായിതിൽ തെല്ലുപോലും

എങ്കിലും ഭോഷന്റെയുള്ളതിൽവച്ചൊരു
ശങ്കയില്ലാതുള്ളൊരാഗ്രഹത്താൽ

സംശയംപൂക്കുന്ന ഭർത്താവിൻബോധത്തിൽ
സന്ദേഹംതീർപ്പാനുപായംനോക്കി

കോട്ടപ്പുറത്തുള്ള കേതത്തിൽതന്നുടെ
ശ്രേഷ്ഠയാംഭാര്യയും താനുമായി

പാർത്തുസുഖിക്കുവാനായി പുറപ്പെട്ടു
ചേർത്തൊരുശുശ്രൂഷി ചാരനേയും

1 നല്ലോരാൽ—നല്ലവരാൽ

പേൎത്തവിടത്തിലിരിക്കുന്ന നാളതിൽ
പാൎത്തുരചെയ്തുതൻ ഭാൎയ്യയോടായ്

ഇന്നിശാമന്ദിരേ നമ്മുടെഭൎത്താവു
പിന്തിരിഞ്ഞുതന്റെ മററുകേതെ

നന്ദിയല്ല്യുള്ളൊരു സ്നേഹത്താലിന്നുഞാൻ
മന്ദമൊഴിഞ്ഞിതാ പാൎത്തിടുന്നു.

കേതത്തിൻഭാഗത്തിൽ വച്ചൊരുഗോവണി
വേഗത്തിലേറിയാൽ കാണുംദ്വാരം

അത്തട്ടിവാതലിൽക്കൂടെയകംപുക്കാൽ
കോട്ടമില്ലാതമ്മിൽ പാൎത്തുകൊള്ളാം

എന്നിതുവാചകം നിന്റെകരത്തിനാൽ
ഇന്നിതുപത്രത്തിൽ ലേഖിക്കനീ

ഭേദംചെയ്തീടുകിൽ ഞാനിതുനേരത്തിൽ
നീതിയാൽ നിന്റെശിരസ്സറുക്കും.

കോപാഗ്നിപൂണ്ടിവൻ ചൊന്നതുകേട്ടവൻ
വേഗത്തിൽലേഖിച്ചങ്ങൊപ്പുംവച്ചു

വാങ്ങിയുടനതു തന്നുടെഭൃത്യനെ
ഭംഗിയിലേല്പ്പിച്ചു യാത്രയാക്കി.

ശീഘ്രമായ്പ്പോയവൻ വിശ്വാസശുശ്രൂഷി
ജാഗ്രതയോടച്ചന്റിഷ്ടംപോലെ

ചൊല്ലിയതൊക്കെയും ഈഷൽവരുത്താതെ
നല്ലതിൻവണ്ണം തികച്ചുവന്നു

ഓട്ടം കലക്കുട്ടി 1 തന്നുടെ പള്ള 2 യിൽ
വേടന്റെഅസ്ത്രം പതിയുംപോലെ

കേട്ടുള്ളഭോഷന്റെ ചങ്കതിൽമോഹത്തിന്റ
കഠോരാസ്ത്രമിതും കടക്കും

എന്നുള്ളബുദ്ധിമാൻ രാജന്റെവാക്യംപോൽ
ഇന്നിവൻഭോഷനായ്ച്ചീട്ടുവാങ്ങി.

കേട്ടൊരുശൂരനാം പുരുഷൻക്രൂരത്താൽ
കോട്ടമില്ലാതൊക്കെ ചട്ടംകെട്ടി

1 കലക്കുട്ടി - കലമാൻകുട്ടി; 2 പള്ള - വയറ്.

മൂർച്ഛയധികരിച്ചുള്ളൊരു ഖഡ്ഗവും
ഈർച്ചയാൽതോക്കും നിറച്ചുവച്ചു

സൂര്യൻമറഞ്ഞതിൽ ശേഷത്തിൽവേഗമായ്
വീര്യസ്നേഹത്താൽ പുറപ്പെട്ടവൻ

മെച്ചമായ തന്നുടെ അശ്വംചമയിച്ചു
കൊച്ചുകടിവാറും മുറുക്കിയോടി

പോകുംവഴിയതിൽ രാജന്റെനീതിയാൽ
പാതകംചെയ്തൊരു കള്ളൻതന്നെ

തൂക്കുമരത്തിൻ മുകളതിൽകേററീട്ടു
പാർക്കുന്നവർക്കൊക്കെ നോട്ടത്തിനായ്

ചത്തവൻ തന്നുടെ ദേഹമതിൽ തന്നെ
തൂക്കിക്കിടക്കണം ചിലദിനം.

എന്നുള്ള നീതിക്കു തക്കപോലന്നൊരു
കൊന്നവൻ ദേഹം കിടന്നിരുന്നു

തൂക്കുമരത്തിൻ ചുവടതിൽ ചെന്നുടൻ
പാർത്തവനീ ദേഹം സൂക്ഷത്തോടെ

കുററക്കാരനിവൻ എങ്കിലും തന്നുടെ
കുററം പോക്കിക്കൊണ്ടു ശിക്ഷയേററു.

എങ്കിലും തന്നുടെ പാപവിശുദ്ധിക്കായ്
ശങ്കയില്ലായിപ്പോൾ ശുദ്ധീകരേ

ഇപ്പൊളിവന്നുടെ ആത്മത്തിൻ സങ്കടം
അല്പമല്ലല്ലൊ ക്രൂരാഗ്നിയതിൽ

എന്നാലാകുംവണ്ണം നന്ദി ചെയ്തീടുവാൻ
ഇന്നിവനെ പ്രതി പ്രാർത്ഥിക്കേണം.

എന്നുറച്ചപ്പോളവന്നുടെയശ്വത്തിൽ
നിന്നിറങ്ങിയവൻ മുട്ടുംകുത്തി

കാരുണ്യമേറുന്ന ദൈവമാതാവിന്റെ
ചാരുകരുണയെ പ്രാർത്ഥിച്ചവൻ

പഞ്ചദശംചത്രി സന്ത ജപ[1]ത്തിനെ
ചഞ്ചലമില്ലാതവൻ ജപിച്ചു.

1 പഞ്ചദശംചത്രി സന്തജപം - അൻപത്തിമൂന്നുമണിജപം

പ്രാൎത്ഥിച്ചശേഷത്തിൽ വേഗമെഴുന്നേററു
പേത്രു തുനിഞ്ഞു തൻ യാത്രയ്ക്കായി.

അശ്വം കരയേറിയോടുന്ന നേരത്തിൽ
നിശ്ചയമില്ലാത്ത നാദം കേട്ടു.

തിട്ടമറിയാഞ്ഞു കാരണഹേതുവാൽ
പെട്ടെന്നുഴറി തിരിഞ്ഞു പാൎത്തു

വൃക്ഷമരത്തിൻ മുകളിൽ നിന്നാസ്വരം
കേൾക്കുന്നതെന്നുടൻ നിശ്ചയമായ്

പേത്രും വിളിച്ചുതിരിച്ചു പറഞ്ഞവൻ
പാൎക്കായവിടത്തിൽ യോഗ്യം യാത്ര

കേട്ടവൻ പക്കലണഞ്ഞപ്പോളാശവം
കെട്ടഴിച്ചീടുവാൻ വീണ്ടും ചൊല്ലി.

വൃക്ഷമരത്തിന്റെ ബന്ധമഴിച്ചപ്പോൾ
വാക്കാലെയൊക്കെയും കേൾപ്പിച്ചവൻ

പോകേണ്ട മൽസഖേ, നിന്നുടെ യാത്രയിൽ
പൊയ്പ്പോകും ജീവനും ഭേദമില്ലാ.

അല്ലെങ്കിൽ നിന്നുടെ ബന്ധുവതെന്നപ്പോൾ
അല്ലലൊഴിപ്പാനടിയൻ കൂടെ,

എന്നതും സംവദിച്ചന്യോന്യം കൂട്ടരായ്
ഒന്നിച്ചുചെന്നു ചുവരിൻ പക്കൽ

തീട്ടിൽ[1] പറഞ്ഞപോലെച്ചുവരിന്നുടെ
തിട്ടിയിൽ വച്ചുള്ള എണ്ണിയതും

കണ്ടതുനേരത്തു ചൊല്ലി മരിച്ചവൻ
ഇങ്ങൽ മമസൗഖ്യമുണ്ട്; കേൾക്ക

നിന്നുടെ വസ്ത്രമിനിക്ക തന്നീടുകിൽ
വന്നീടും സംഭവമൊക്കെ കാണാം.

എന്നതുപോൽതന്നെ വേഷം പകൎന്നവൻ
ചെന്നേണിയേറിയടുത്തു തിട്ടിൽ,

കണ്ടുടൻ ശത്രുയിവനെന്നു ബോധിച്ചു
കണ്ടിച്ചു തുണ്ടിച്ചു താഴെത്തള്ളി

വീണു ശിരസ്സും തൻ ഗാത്രവും വേറായി
നാണം ഭവിച്ചു ചിറിച്ചുകൂട്ടൻ

1 തീട്ടു് - എഴുത്തു്

വേഗത്തിലശ്ശ്വവമൊന്നിച്ചു ചേൎന്നടൻ
സ്നേഹത്താൽ കുട്ടനെ പാൎത്തു ചൊല്ലി

നിന്നുടെ പാപത്തിൻ ദുഷ്ഫലം കണ്ടില്ലീ
ഇനിമേലെങ്കിലും സൂക്ഷിച്ചുകൊൾ

ദൈവമാതാവെ നീ പ്രാൎത്ഥിക്ക കാരണം
ദൈവനീതിയെന്നെ വിട്ടയച്ചു

ശുദ്ധീകരമതിൽ രക്ഷയെനിക്കായി
ശുദ്ധമിനി നിന്റെ ആത്മത്തിനും

കേട്ടതു പോലുടൻ കുട്ടൻ മറഞ്ഞപ്പോൾ
കോട്ടമില്ലാതവനശ്വമേറി

തന്നുടെ വീടും കുടിയും സംബന്ധവും
മന്നിലെ സ്നേഹമതൊക്കെവിട്ടു.

ആ വഴിയെതന്നെയോടിയണഞ്ഞവൻ
ആ നകരീലുള്ളൊരാശ്രമത്തിൽ

ചെന്നവൻ പ്രാൎത്ഥിച്ചു തന്നെയുമായതിൽ
ചേൎത്തു ഭരിപ്പാനായ് ശ്രേഷ്ഠരോടായ്

ദൈവ മാതാവിന്റെ കാരുണ്യകാരണം
ദൈവിക ജീവിതം ചെയ്തുവിടെ

എന്നപോലെന്നുടെ സ്നേഹസഹോദരെ
നിങ്ങളുമോൎത്തു നടന്നുകൊൾവിൻ

മരണ സമയത്തിൽ പറയുന്ന വാൎത്തകൾ
മറവാതെ വേഗത്തിൽ നിറവേററുവിൻ

എത്രയോ ക്രിസ്ത്യാനി വിശ്വാസ പാതകം
തത്ര ചെയ്യുന്നതിൻ കാരണത്താൽ

ഭൂലോകേ തന്നെയവരുടെ പ്രായശ്ചിത്തം
ഭേദമില്ലാതെ കാട്ടീടും ദൈവം

എന്നതു കാരണാലോരോരോ വീടതിൽ
എന്തെല്ലാം ദുഃഖങ്ങൾ സംഭവിച്ചു

കേട്ട ക്ലേശങ്ങളും ഛേദനാശങ്ങളും
കാരണം മിക്കതുമിതുതന്നെ

മാമ്മേനൊരുത്തൻ മരിക്കുമ്പോൾ തന്നുടെ
മരുമകന്നേൽപ്പിച്ചു തന്റെ യശം

---

1 നകരി - നഗരി

മെച്ചം കതിരയിതിനെയുടൻ തന്നെ
അച്ചന്മാർക്കേൾപ്പിക്കെന്നൊരുത്തമത്തിന്നായ്

ഇച്ചൊന്നുടൻ തന്നെ അച്ചൻ മരിക്കയിൽ
അശം തനിക്കാക്കി ഒട്ടുനാളെ

വന്നുഭവിച്ചതിൻ ദണ്ഡമതുനേരം
ചൊന്നതുപോൽ പിന്നെ ചെയ്തുതീർത്തു

ആശ്രമമെന്നതിലൊന്നിൻെറ പ്രക്കുറദോർ1
അൽപം പിശിനിയായ്2 എന്നതിനാൽ

അച്ചൊന്ന ആശ്രമത്തിനുടെ ചട്ടംപോൽ
അന്നു മരിക്കുന്ന സന്യാസിക്കായ്

ആ മാസം മുഴുവനുമാകുന്നൊരത്ഥങ്ങൾ
അപ്പൊഴെ ഭിക്ഷയായ് നൽകീടണം

അങ്ങനെ ചൊല്ലുന്ന നാളിലൊരു കാലം
ഉണ്ടായൊരു മഹാ വസന്ത രോഗം

ആയതു കാരണാലേറിയ മാരണം
ആശ്രമേ സംഭവിച്ചെന്നതിനാൽ

ഏറിയവർക്കുള്ള മാസചിലവുകൾ
കൂടിയൊരുമിച്ചു കൂട്ടിയപ്പോൾ

ഇത്രയധികമായുള്ളൊരു ധർമ്മങ്ങൾ
ഇപ്പോൾ കൊടുപ്പതിനില്ല നീതി

എന്നയാൾ തന്നുടെ സ്വന്ത മനസ്സിനാൽ
നന്നെ നിനച്ചു മുടക്കി ധർമ്മം

രണ്ടായി വാസരമന്നൊരു രാത്രിയിൽ
തന്നുടെ വേലക്കായ് പാർത്തിരുന്നു

രാത്രിസമയം തനിക്കുള്ള ശാലയിൽ
ചേർന്നു ശയിക്കുവാൻ പോകും മദ്ധ്യേ

ആലോചനസ്ഥലേ കേറിക്കിടന്നപ്പോൾ
ആയതിലേറിയ സന്യാസികൾ

കൂടിയിരിക്കുന്ന കാഴ്ചയെ കണ്ടിയാൾ
തേടിയിതിനെന്തു നീതിയിപ്പോൾ

1 പ്രക്കുറദോർ - പ്രൊക്കുറേറർ (ധനകാര്യദർശി)
2 പിശിനി - പിശുക്കൻ

എന്തൊരു സംഗതിയെന്നു വരികിലും
ബന്ധമില്ലായിതു നേരത്തിങ്കൽ

എന്നു നിനച്ചവൻ ചെന്നടുത്തപ്പൊഴെ
മങ്ങുന്ന വെട്ടത്തെ വർദ്ധിപ്പിച്ചു.

സൂക്ഷിച്ചു പാർത്തവൻ നോക്കിയ നേരത്തിൽ
സൂക്ഷ്മമായ് ചത്തവരെന്നറിഞ്ഞു

ഭീതിപെട്ടിച്ചു ഭ്രമിക്കുന്നനേരത്തിൽ
നീതിയറിവിപ്പൻ വന്നുകൊൾക,

എന്നതിലേകനുരച്ചതു നേരത്തിൽ
ഒന്നിച്ചെല്ലാവരും ചുററിക്കൂടി.

നിൻെറ പിശിനത്തന[1] ത്തിനാലാശ്രമ-
ത്തിൻെറദ്രവ്യത്തെ നീ കൂട്ടേണ്ടിനി

നിൻറെപ്രസ്ഥികാരണം ഞങ്ങളിതെത്രയോ
വഹ്നിയിൽമുങ്ങി വലഞ്ഞിടുന്നു.

നാലുനാൾ ശേഷത്തിൽ നീയുമവിടത്തിൽ
നാലരേപോലുള്ള പങ്കാളിയായ്

ഒന്നിച്ചു ഞങ്ങൾ പാർത്തീടുന്നശുദ്ധത്തി
നഗ്നിസ്ഥലത്തിൽ നീ വന്നുചേരും

അന്നു നിനക്കുലഭിപ്പാനിരിക്കുന്ന
സമ്മാനംതന്നുടെ അച്ചാരമായ്

ഞങ്ങളെ ദുഃഖിപ്പിച്ചെന്നതിൽചിഹ്നമായ്
ഇന്നിതുകൂടെ നീ ഏററുകൊൾക.

എന്നിതുചൊല്ലിയടുത്തു പിടിച്ചവർ
തല്ലിച്ചതച്ചവൻ ദേഹമൊക്കെ.

വിട്ടുപിരിഞ്ഞപ്പോൾ ചത്തശവംസമം
പട്ടുകിടക്കയിൽ; ശ്രേഷ്ഠൻവന്നു,

ഉണ്ടായതൊക്കയും ചൊല്ലിഅറിയിപ്പാൻ
മിണ്ടാൻവശഹീനമെന്നാകിലും

കണ്ടുബോധിച്ചവർ ദേഹക്ഷതങ്ങളും
മുണ്ടൻവടിയടിച്ചിഹ്നങ്ങളും

പാടുപോലുള്ള സഹായത്തിൻശേഷമായ്
പാപപ്പെട്ടുതികളൊക്കെയേററു.

---

1 പിശിനത്തനം— പിശുക്കരീതി.

തന്റെകൂട്ടരു ചൊല്ലിയതുപോലെ
തന്നെയുടൻസർവ്വം സംഭവിച്ചു.

ഇങ്ങനെയെത്രയൊ ക്രിസ്ത്യാനികൾക്കുമായ്
മംഗലർസ്നേഹിതർ തന്നെശത്രു

ഈവണ്ണമല്ലാതെ മററുംപലവിധം
ദണ്ഡങ്ങൾമററുവിധേനവരും.

എന്തെന്തുമേതെന്നും സംഗ്തികാണാതെ
വെന്തുരുകിടും മഹാഭയത്താൽ

എന്നതിതൊക്കയും ചൊല്ലിട്ടവാനിനി
നന്നായ് പെരുപ്പമെന്നോർത്തുവച്ചു.

വൻപിച്ച മാനഗര[1]ത്തിന്റെ നൽപ്രഭു
കല്പിച്ചുതീർപ്പിച്ചു ചിത്രകേതം

തൻമരണത്തിന്റെ ശേഷത്തിൽപുത്രന്മാർ
അമ്മഹാകേതത്തിൽ പാർപ്പാൻമേലാ

രാത്രിതോറുംമഹാ ഘോരസ്വരങ്ങളും
പേർത്തുമഹാഗ്നികൾ വെട്ടങ്ങളും

വീരാവിലങ്ങുകൾ ഘോരെയിളകുന്ന
ഓരോസ്വരങ്ങളിൽ ഭീതിവശാൽ

പാർപ്പാൻവശമില്ലായെന്നതുകാരണാൽ
പാർത്തവരൊക്കെ പുറപ്പെട്ടുപോയ്

കണ്ടൊരുനല്ല ക്രിസ്ത്യാനിയിതിനുടെ
സംഗതിബോധിച്ചു വാങ്ങിക്കൊണ്ടു.

പാർത്തവൻരാത്രിയിൽ നിദ്രയൊഴിഞ്ഞുകൊ
ണ്ടസ്ഥലെവന്നൊരു അഗ്നിമർത്യൻ

അഗ്നിത്തുടലിനാൽ പൂട്ടിയിരിക്കുന്ന
അഗ്നിയുവനുടെ ചുററുംദ്ധ്വം.

സന്യാസിക്കാവിലിൽ കേട്ടമണിസ്വരം
വന്നവൻകേട്ടടൻ പിന്തിരിഞ്ഞു.

സൂക്ഷിച്ചുനേരമവിടത്തില്പ്പുള്ളൊരു-
മെച്ച കവുര[2]തിൻ മാഞ്ഞുപോയി.

ബോധിച്ചവനിതിൻ നാഥന്റെ ദേഹിയെ
ന്നാപത്തുതീർപ്പാനായ് ദാനംചെയ്തു.

---

1 മാനഗരം – മഹാനഗരം. 2 കവറ് – ശവമഞ്ചം.

വീണ്ടുസ്വരമതിൽ കേട്ടില്ലൊരിക്കലും
ആണ്ടുസുഖിച്ചവനക്കേതത്തിൽ

ഇങ്ങനെയെത്രയൊ സംഗതിയൊന്നോർത്തു
മംഗലത്തിന്നായി പുണ്യംചെയ്‌വിൻ

പുണ്യവാളന്മാരുടെ ഒരുമ്പാടു[1] മേൽ
പുണ്യമായുള്ളൊരു വിശ്വാസത്താൽ

ജയവിരുത്തു ധരിച്ചുള്ളപള്ളിയും
ജഗതിയിലുള്ള യുദ്ധക്കാരും

ശുദ്ധീകരത്തിലെ ദുഃഖജനങ്ങളും
ശുദ്ധമായ്‌മൂന്നു ജനപള്ളികൾ

അന്യോന്യമായുള്ള പുണ്യസഹായത്താൽ
അങ്ങിങ്ങുമുണ്ടാകും സൽഗുണം

എന്നതുകാരണാൽലെന്നെ തുണയ്ക്കുകിൽ
നന്ദിയാൽനിങ്ങൾക്കു ശുഭംദ്ധം.

എന്നതിനാലിനി തമ്മിൽസഹായിപ്പാൻ
നന്നായ്‌ചുരുക്കുള്ള മാർഗ്ഗംചൊല്ലാം.

ആകമാനത്തിന്നായ് നേർവഴിമൂന്നതും
ആകെസകലർക്കും ബോധംതന്നെ

ജപതപദാനമെന്നിതു മൂന്നിലായ്,
ജയമേവം സൽക്കർമ്മിതിന്നാൽതന്നെ.

എങ്കിലുമൊക്കെയും ചെയ്യുന്നലാക്കിനാൽ
ശങ്കയില്ലാസൽഗുണാഗണങ്ങൾ

എന്നതിനാൽ നിങ്ങൾ ചെയ്യുന്നതൊക്കെയും
നല്ലൊരുലാക്കു കുറിച്ചീടുകിൽ

തീനുംകുടി നിദ്രയാദിയായുള്ളൊരു
ദേഹയിളക്കങ്ങളൊക്കെ പുണ്യം

എന്നിവയൊക്കെയും നമ്മുടെനാഥൻെറ
പുണ്യചലനത്തോടൊന്നിപ്പിക്ക.

എന്നതിനാലുള്ള പുണ്യമഹത്വത്തെ
ചൊല്ലിലടക്കുവാൻ സാദ്ധ്യമല്ലാ.

അപ്പോലെയുള്ളതാമീമഹായോഗ്യവും
അല്പരാംനമ്മുടെ കർണങ്ങൾക്കു

1 ഒരുമ്പാട്‌– കൂട്ടായ്‌മ.

എന്നതിനാലിപ്പോഴും നന്നായ്‌ തെളിവിനായ്‌
ചൊല്ലുന്നു ഞാനിതും കേട്ടുകൊൾവിൻ

രോഗിയെ കാണ്മാനായ്‌ പോകുന്ന നേരത്തിൽ
രോഗിയിതാരെന്നുമോർത്തുകൊൾക.

രോഗത്തിൽ ഞാനാസ്സലഞ്ഞത്തു നേരത്തിൽ
ചാരത്തുവീണെന്നെ തോഷിപ്പിച്ചു.

ഇത്യാദിവാക്യങ്ങൾ കേൾക്കണമെന്നാകിൽ
ഇപ്പോളിതുപോലെ ചെയ്തുകൊൾവിൻ

രോഗിക്കുനൽത്തുണ ചെയ്യുന്നനേരത്തിൽ
നേരിതുനാഥനെന്നോർത്തിടുവിൻ

വൻപനെന്നാകിലും നീചനെന്നാകിലും
ഭേദം നിനക്കുണ്ടോ, നാഥൻ തന്നെ.

എന്നുള്ള ചേതസി നന്നായ്‌ സ്മരിക്കിലോ
നന്ദിയധികരിച്ചൊക്കെ ചെയ്യും

രോഗിയിൽനിന്നു വീശുന്നോരരോചവും1
സ്നേഹത്താൽ സുഗന്ധമായ്‌ പകരും.

ഈ വണ്ണമെത്രയൊ പൂർവ്വന്മാർ പുണ്യത്തിൽ
രോഗിവ്രണങ്ങളും നാവാൽ കൂടെ

തുത്തുതുടയ്ക്കയും പേർത്തു കഴുകിയും
ആർത്തിയാൽ തന്നെ ചെയ്തിടും ദൃഢം

പുണ്യവാന്മാരായവരൊക്കെയും മുൻപിനാൽ
പുണ്യാഭ്യാസത്തിന്നാരംഭമിതാം.

ഞാൻ ചെയ്യുന്നെന്നപ്പോൽ നിങ്ങളും ചെയ്‌വാനായ്‌
ഞാൻ തന്നെ മാതൃക തന്നീടുന്നു

എന്നരുൾ ചെയ്തു തൻ തൃക്കൈയ്യിൽ വെള്ളവും
നന്നാ വെളുത്തൊരു തുവാല്യവും2

മേൽവസ്ത്രം നീക്കിയരയിൽ മിസറാനെ3
താഴ്ചയാൽ ചുററി ഈ ദൈവ പുത്രൻ

ശിഷ്യരു മുൻപതിൽ മുട്ടുകുത്തിക്കൊണ്ടും
പത്രോസുമാദിയായ്‌ യൂദാവരെ

1 അരോചം—അരോചകം 2 തുവാല്യ—തുവാല
3 മിസറാനെ—കച്ച

കാലുകഴുകി തൻ തൃക്കൈയാൽ തോർത്തിയും
ഭേദമില്ലാതെ തികച്ച ശേഷം

നിങ്ങൾക്കു നാഥനും ദൈവവും നാം തന്നെ
തന്നിതുമാതൃകാ നൽപഠിനം

എന്നു വരുമ്പൊഴൊ നിങ്ങളും തങ്ങളിൽ
നന്ദിചെയ്യീടുവാനെത്ര കടം

ഇച്ചൊന്ന തന്നുടെ ശുദ്ധ തിരുമൊഴി
മേൽചൊന്ന പുണ്യന്മാർക്കുറവുകൊണ്ടു

ഈ വഴിയോടി അകംപുക്കു മോക്ഷത്തിൽ
ആ വഴി നിങ്ങളും തേടിക്കൊൾവിൻ

രോഗിക്കു ശുശ്രൂഷ തോഷിച്ചു ചെയ്യീടു
മാരണനേരത്തു മീസ്സരണ.

നാഥൻ മരിച്ചതിൽ ശേഷത്തിൽ നായകി
നാരിമാർ യോഹന്നാൻ മാറിയില്ലാ

എന്നീ നിനവിനെ യോർത്തിന്നു നിങ്ങളും
മന്ദമൊഴിഞ്ഞു മേ കാത്തുകൊൾവിൻ

വീണ്ടും നാറീടുന്നൊരീ, ദുഷ്ടമാംസത്തെ
വേണ്ടുന്ന ന്യായംപോൽ ഭൂമിക്കുള്ളിൽ

കൊണ്ടു മറപ്പതിനായു ചരിക്കമ്പോൾ[1]
വീണ്ടുമീ ഓർമ്മ നിനച്ചുകൊൾവിൻ

നാഥനശേഷത്തിന്നാരുമില്ലാഞ്ഞാറെ,
മാനുഷമാനം നിനച്ചില്ലിവർ

ദിക്' ദേവന്മാരായ യൗസെ നിക്കൊദെമ്മൊസ
ദുഃഖിതനായൊരു നൽ സുതനും

ആക്കലക്കാരക്കു മുഖ്യനാം കെന്ത്രോനൊ[2]
അക്കൻ മറഞ്ഞ താൻ വിശ്വാസിയായി

ഈ ചതുർമുഖ്യരു മത്തിരുദേഹത്തെ
വച്ചുടൻ തോളതിൽ ദാഹത്തൊടെ

---

1 ഉചരിക്കുമ്പോൾ- ഉപചരിക്കുമ്പോൾ എന്നു വിവക്ഷ 2 കെന്ത്രോന (സെഞ്ചൂറിയൻ)- ശതാധിപൻ.

പ്രസൂതിജം 1 നിറഞ്ഞന്ന പ്രസൂനമാം
പ്രസൂവും 2 മററു ത്രിമറിയങ്ങളും 3

ആദരവോടെ പുറകേ നടന്നപോൽ
ആകവേയോൎത്തു നടപ്പിൻ നിങ്ങൾ

പുത്തൻകുഴിയതിൽ വച്ചടച്ചെങ്കിലും
തൊല്ലും പിരിയാതെ മാതൃചങ്കും

അക്കുഴിയെന്നതിൽ വച്ചടച്ചെന്നപോൽ
ആ ത്രിദിനങ്ങളും പാൎത്തു ദുഃഖാൽ

ഇച്ചൊന്നതൊക്കയുമെന്നെപ്രതി നിങ്ങൾ
വച്ചുണച്ചീടുകിൽ ലെത്രഭാഗ്യം

മേൽഗതിയൊക്കെയിതിനാൽ ലഭിച്ചീടും
ഭാഗ്യവും നാഥൻയിൎപ്പിൻ ദിനേ,

ഇപ്പോലെ രോഗികൾക്കായ് നിങ്ങൾ ചെയ്യുകിൽ
അല്പരമനാഥനേററുകൊള്ളും.

---

1 പ്രസൂതിജം— പ്രസവവേദന 2 അന്നപ്രസൂനമാം പ്രസൂ—അന്നയുടെ പുത്രിയായ മാതാവ് 3 ത്രിമറിയങ്ങൾ— കരിശിൻ ചുവട്ടിലേശു ക്രിസ്തുവിനെ അനുഗമിച്ച മൂന്നു മറിയമാർ.

# അനസ്താസിയായുടെ രക്തസാക്ഷ്യം

അതിമനോഹരമായ ഒരു ഖണ്ഡകാവ്യമാണ് അനസ്താസിയായുടെ രക്തസാക്ഷ്യകഥ. ശീശ്മയും ഛിദ്രങ്ങളും കേരള സഭാന്തരീക്ഷത്തിൽ കൊടുങ്കാററുപോലെ ആഞ്ഞടിച്ച വേളയിൽ ചഞ്ചലചിത്തരായ വിശ്വാസികളെ യഥാർത്ഥ സത്യവിശ്വാസത്തിൽ അരക്കിട്ടുറപ്പിക്കാൻവേണ്ടിയാകണം അനസ്താസിയായുടെയും സിറിലോസിൻെറയും ധീരകഥകൾ തിരഞ്ഞെടുത്ത് ചാവറയച്ചൻ കാവ്യരൂപം കൊടുത്തത്. വള്ളപ്പാട്ടുകൾക്ക് ഉപയോഗിക്കുന്ന നതോന്നതവൃത്തം തിരഞ്ഞെടുത്തത് ഈ കാവ്യം ജനഹൃദയങ്ങളിൽ ആഴത്തിൽ പതിയണമെന്ന ലക്ഷ്യം കണ്ടുകൊണ്ടാകണം.

അനസ്താസിയായുടെ രക്തസാക്ഷ്യം ഇങ്ങനെ സംഗ്രഹിക്കാം. എ. ഡി. മൂന്നാം നൂററാണ്ടിൽ വലേരിയൻചക്രവർത്തി റോമയിൽ ഭരണം കൈയ്യേററു. ക്രൈസ്തവരെ നിഹനിക്കാനും ജനങ്ങളെയെല്ലാം ജോവ് എന്ന ദേവൻെറ ആരാധകരാക്കാനും ചക്രവർത്തി പരിശ്രമിച്ചു.

അക്കാലഘട്ടത്തിൽ സോഫിയാ എന്ന ഒരു കന്യാസ്ത്രീ ഒരു കന്യകാമഠം നടത്തിയിരുന്നു. അനസ്താസിയാ പ്രസ്തുത കന്യകാലയത്തിൽചേർന്നു. ഇതറിഞ്ഞ ചക്രവർത്തിയുടെ മന്ത്രി അനസ്താസിയായെ കന്യകാലയത്തിൽനിന്ന് ആളയച്ചുവരുത്തി. അവളെ അയയ്ക്കുന്നതിനു മുൻപ് സോഫിയ വേണ്ട നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. സ്നേഹമണവാളനായ ക്രിസ്തുവിനുവേണ്ടി ജീവത്യാഗം ചെയ്യാൻ തയ്യാറാകണം എന്നതായിരുന്നു ആ ഉപദേശസാരം.

ക്രിസ്തുമതം ഉപേക്ഷിക്കണമെന്നും ജോവ് ദേവനെ ആരാധിച്ചാൽ ധനവും സ്ഥാനമാനങ്ങളും നൽകാമെന്നും അനസ്താസിയായോട് മന്ത്രി വാഗ്ദാനംചെയ്യുന്നുണ്ട്, പക്ഷേ അനസ്താസിയാ തൻെറ ക്രൈസ്തവവിശ്വാസത്തിൽ ചാഞ്ചല്യമില്ലാതെ ഉറച്ചുനിന്നു. ക്രൂരമായ പീഡനങ്ങൾ അവൾക്കെതിരേ പ്രയോഗിക്കപ്പെട്ടു. അവയെല്ലാന്നും ആ ധീരവനിതയുടെ ആദർശങ്ങളുടെ

മേൽ മങ്ങലേല്പിക്കാൻ കഴിഞ്ഞില്ല. തടവറയിൽക്കിടന്നപ്പോഴും അവൾ തന്റെ സ്നേഹമണവാളനായ ക്രിസ്തുനാഥന്റെ സ്തുതികൾ പാടി. ഇതുകേട്ട് കുപിതനായ മന്ത്രി അവളുടെ നാവ് അറുത്തുകളഞ്ഞു. ഇതെല്ലാ കണ്ട് സമീപംനിന്നിരുന്ന സിറലോസ് എന്ന ക്രൈസ്തവയുവാവിനോട്, മരണാസന്നയായ അനസ്താസിയാ അന്ത്യമായി ദാഹജലം യാചിച്ചു. വൈരികളെ വകവയ്ക്കാതെ സിറിലോസ് അവൾക്കു ജലം പകർന്നുകൊടുത്തു. അനസ്താസിയായെയും അവൾക്കു ജലം പകർന്നുകൊടുത്ത സിറിലോസിനേയും ചക്രവർത്തിയുടെ പിണിയാളുകൾ ക്രൂരമായി വധിച്ചു. ഇങ്ങനെ രണ്ടു രക്തസാക്ഷികൾ ക്രിസ്തുവിന്റെ കാലടികളെ പിന്തുടർന്ന് വിശ്വാസികൾക്ക് ധീരമാതൃക കാണിച്ച് സ്വർഗ്ഗപ്രാപ്തരായി.

# അനസ്താസ്യായുടെ രക്തസാക്ഷ്യം

(വഞ്ചിപ്പാട്ടു രീതി)

അത്ഭുതമായ് വിളങ്ങുന്ന സോഫിയാ എന്നുള്ളശ്രേഷ്ഠ
ചൊൽപ്പെരിയ റോമ്മാതന്നിൽ ജീവിച്ചകാലം

അനസ്താസ്യയെന്നപൈതൽ പുത്രകന്നിഗണത്തോടെ
അണച്ചുചേർപ്പതിന്നായിട്ടുണർത്തിച്ചപ്പോൾ,

അമ്മ സോഫ്യ പ്രിയമാതാ സ്നേഹമോടെ മകളായി
അങ്ങവളെ ചേർത്തു തന്റെ പുണ്യകേതത്തിൽ

എദ്രക്കന്തോത്തത്തിൽ[1] തന്നെ വളർത്തുന്ന ഗുരുത്തിയമ്മ
എടുത്തുചേർത്തതി സ്നേഹത്താൽ പുലർത്തിവന്നു.

അപ്പെരിയനഗരത്തിൽ ചൊൽപ്പെരിയ ഗൃഹസ്ഥന്മാർ
സത്യവേദികളും കന്യാഗോത്ര കർത്താക്കൾ

ആകിലും നായക[2] ജാതത്രിയുഗമാമിത്തു കാലേ
ഏകനായി വാണടക്കി വലേരിയാനാം

ദുഷ്ടനാമി എംപ്രദോരിൻ കല്പനകൾ ബഹുക്രൂരം
ശിഷ്യനാമി ക്രിസ്ത്യാനിക്കൂട്ടം നശിപ്പിപ്പാൻ

കെട്ടവന്റെ ഭൃത്യരായ സേനകരം സേനാത്തു[3]മാരും
തീട്ടത്തിന്റെ വാചകത്തെ നടത്തി നീളേ

സേവകന്മാർ ചാരന്മാർ നഗരിനീളെ പുറപ്പെട്ടു
ദേവസേവി ജനങ്ങളെ തേടുവാനായി

കന്നികളെകാത്തുകൂട്ടി ഭരിക്കുന്നമഠമായ
കന്നിസോഫ്യഅമ്മ പുണ്യശ്രേഷ്ഠകേതത്തിൽ

പൊന്നിനെക്കാൾ വിലയേറും സ്വർണ്ണമാണിക്ക
ങ്ങളൊക്കെ

മണ്ണുപോലെ ത്യജിച്ചങ്ങു ജീവിച്ചീടുന്ന

ഉന്നതമാം ഗോത്രി കന്നി അനസ്താസ്യാ എന്ന പൈതൽ
കന്നിത്വം നേർന്നവിടത്തിലടങ്ങീടുന്നു

---

1 എദ്രക്കന്തോത്തു്— പരിശീലനസ്ഥലം (ബോർഡിങ്ങ്) 2 നായക ജാതത്രിയുഗം— ക്രിസ്തുവർഷം മൂന്നാംനൂറാണ്ടു്. 3 സെനത്തുമാർ—സെനററ് അംഗങ്ങൾ.

സൂക്ഷമുള്ള പുട്ടകത്തിൽ[1] താഴ്ചയുള്ള പുണ്യപൈതൽ
നേത്രകാഴ്ച[2] താഴ്ത്തിയുള്ളിൽ ഭജിച്ചീടുന്നു.

കീർത്തിയുള്ളതന്റെഗൃഹേ വളർന്നീടുംനാളുതൊട്ടേ
ആർത്തിയുള്ള തന്റെ പുണ്യശോഭ വീശിച്ചു.

പുണ്യമായ ധനങ്ങളിലന്യരായ രാജഭൃത്യർ
സുന്ദരിയിൽ ദേഹമോഹാലന്ധകരായി

മോഹദഹനം മറപ്പാൻ ദൈവഭക്തരെന്നു കാട്ടി
ദേവന്മാരെ ത്യജിച്ചീടും സത്യവേദികൾ

എന്നീ നാമം തന്റെ രാജ്യേ കേൾവി വേണ്ടാ ഒരുനാളും
ഇന്നുതന്നെ സർവ്വരെയും മുടിച്ചീടേണം

എന്നു കാട്ടിയുടൻ തന്നെ സോഫിയായിൻ മൊനെസ്തരി[3]
ഇന്നിവിടെ വസിക്കുന്നൊരനസ്താസിയാ

എന്നവളെ ശീഘ്രമായി വരുത്തേണമിവിടത്തിൽ
എന്നു ചൊല്ലി ദുഷ്ട പ്രൊബാ എന്ന മന്ത്രിയും

കേട്ടു,വന്റെ സേനകളും ഭടന്മാരും പുറപ്പെട്ടു
ഓട്ടമായി മൊനസ്തേരി പുട്ടുവാതുക്കൽ

രാജശക്തി എന്നതിനാൽ വാതിൽക്കാവൽ നിനയ്ക്കാതെ
വേഗമായി പൊളിച്ചവർ വിളിച്ചുചൊല്ലി.

അനസ്താസ്യാ എന്ന സത്യവേദിയായ സുന്ദരിയെ
സെനാത്തി[4]ന്റെ സമൂഹത്തിൽ വിളിച്ചീടുന്നു.

വാർത്തയൊക്കെ കേട്ടുടനെ പാർത്തുനിന്ന പുണ്യസോപ്യാ
ചേർത്തു തന്റെ മാർവ്വിടത്തിൽ സ്നേഹപുത്രിയെ

സ്നേഹമേറും മകളേ നിൻഭാഗ്യമേറും മണവാളൻ
ദാഹമോടെ വിളിക്കുന്നു വേഗമായ് പോക

പൂർവ്വകാലേ നിൻ കരത്തെ നീട്ടി നിന്റെ ദാഹമൊടേ
മാറിടത്തിലണച്ചൊരു രാജനെയോർക്ക

നിൻ മണത്തെ മുടിപ്പാനായ്[5] ഒൺമയൊടെ ധരിത്രിയിൽ
ഭംഗിയേറും കൊടിയേന്തി വൻ ഗിരിയേറി

---

1 പുട്ടകത്ത്— മുറിക്കുള്ളിൽ 2 നേത്രക്കാഴ്ച, താഴ്ത്തി—കണ്ണടക്കത്തോടെ 3 മൊനസ്റ്റേരി-Monastery 4 സെനാത്ത്- അധികാരസഭ 5 മണത്തെ മുടിപ്പാനായ്—കല്യാണം നടത്തുന്നതിന് (തമിഴശൈലി)

മെച്ചമേറും കിരീടത്തെ വച്ചുചൂടി ശിരസ്സിനെ
അർച്ചനയായണച്ച തൻ ജീവനുംകൂടെ

എന്ന നിൻെറ സുന്ദരനാം പുണ്യരാജമണവാളൻ
ഇന്നു തൻെറ മഹത്വം നീ കാട്ടുക വേഗം.

മന്നിലുള്ള മണവന്മാരല്ല നിൻെറ സ്നേഹഭർത്താ
ഉന്നതൻ നിന്നോടുകൂടെ എന്നു നീ ഓർക്ക

എന്നു ചൊല്ലി പുണ്യസോപ്യാ സ്നേഹമകൾകന്നിതന്നെ
നന്ദിയോടെ മുത്തിവിട്ടു ധൈര്യമോടപ്പോൾ

സ്നേഹമേറും പുണ്യകന്നി വേഗമോടെ പുറപ്പെട്ടു
ആ മഹാ നഗരി റോമ്മാ തെരുവിൽകൂടെ

ചെന്നണഞ്ഞു മന്ത്രിപക്കൽ പുണ്യധൈര്യതലത്തുനേരം
മന്ദഹാസത്തോടു നിന്നു ധൈര്യമാംവണ്ണം

ദുഷ്ടനായ മന്ത്രിയപ്പോൾ ദൃഷ്ടിനോക്കി കാംക്ഷയോടെ
വിസ്മയിച്ചു ഭ്രമിച്ചവൻ സുന്ദരത്വത്തിൽ

മോദമോടെ ഉരചെയ്തു സ്നേഹഭാഷ കാട്ടിയവൻ
മാന്യമായ നാമമെന്തു പൈതലേ നിൻെറ

കാരണമ്മാർ വിളിക്കുന്ന നാമമാകും അനസ്താസ്യാ
കേവലമാം ശോഭനാമം ക്രിസ്ത്യാനായെന്നാം

ക്രിസ്ത്യാനായെന്നുള്ള നാമം കേട്ടുടനെ ദുഷ്ടനപ്പോൾ
സൂത്രസ്നേഹാൽ പുണ്യകന്യേ പാർത്തവൻ ചൊല്ലി,

സ്നേഹമേറും മേ മകളെ നിൻെറ ഗോത്രശ്രേഷ്ഠതയും
സ്നേഹദാഹമുണർത്തുന്ന ശോഭയും നിൻെറ

ഭാഗ്യഗുണഗണമൊക്കെയെന്ധകാരം ഭവിപ്പിക്കും
യോഗ്യനാമം വരുത്തുന്ന നാമം ക്രിസ്ത്യാനാ

യുക്തമല്ലാ നിനക്കൊട്ടും വെസ്സയായി[1] സ്മരിക്കണം
ജാഗ്രതയാൽ ത്യജിക്ക നീ യീക്ഷണം തന്നെ

സ്നേഹമുള്ള താതനെപ്പോൽ മേ വചനം സ്മരിക്കുകിൽ
മോഹദാഹാദികളൊക്കെ നടത്തീടും നാം.

വെള്ളി പൊന്നുകൊണ്ടു ചെയ്തുള്ളകൂത്തിൻ മഹാദേവൻ
പള്ളികൊള്ളും മന്ദിരത്തിൽ നടക്കവേഗം

ജോവ്[2] തൻെറ തിരുമുമ്പിൽ നീതിയോടെ പൂജചെയ്യിൽ
ജാതി ശ്രേഷ്ഠ സർവ്വഭാഗ്യപൂർണ്ണതയിപ്പോൾ

---

1 വെസ്സയായി—വ്യവസ്ഥയായി (വിശദമായി എന്നു സാരം)
2 ജോവ്—റോമ്മാചക്രവർത്തി ആരാധിച്ചിരുന്ന ദേവൻ

സ്നേഹമോടെ വചിക്കുന്ന മേ വചനം ത്യജിക്കുകിൽ
ഈ മഹാ ക്രൂരശിക്ഷകൾ നിനക്കു യോഗ്യം
കേൾവിയുള്ള നിന്റെ ഗോത്രം നേർമ്മയുള്ള നിന്റെഗാത്രം
വീഴുവാനും താഴുവാനും താമസമില്ല

കേട്ടടനെ മഹാപുണ്യപൈതലായ അനസ്താസ്യാ
കോട്ടമില്ലാതുടൻ തന്റെ നയനം പൊക്കി

സ്നേഹമേറും മമനാഥൻ യേശു തന്റെ ഗോത്രനാമം
മാനമേറും ക്രിസ്ത്യാനാ എന്നുള്ള നാമമേ,

എന്നതിനാൽ മമ ബാല്യകാലമെ തൻ തിരുപത്നി
എന്ന പദം നേർന്നുകൊണ്ടു ഭേദമില്ലൊട്ടും

ലോകഭാഗ്യം സമർപ്പിക്കാൻ ദാഹമില്ല മമ ചിത്തേ
കൊലഹലമായ ശിക്ഷാ ഭീതിയുമില്ല

നിന്റെ ദാനം ത്യജിക്കുംപോൽ നിന്റെ ക്രൌര്യം ക്ഷമിപ്പാനും
എന്റെ നാഥൻ സർവ്വശക്തൻ തന്നിടും ശക്തി.

കന്നി തന്റെ മറുമൊഴി കേട്ടടനെ മന്ത്രി വീരൻ
ഒന്നി[1] തന്റെ മോഹമൊന്നും ഫലിക്കില്ലൊട്ടും

ക്രൂരഭാവം നടിച്ചവൻ ചക്ഷു രണ്ടും ചുമപ്പിച്ചു
ക്രോധവീര്യാൽ മുഖം സൂര്യം മേഘമായ് മൂടി

കടുത്തൊരു സിംഹവ്യാഘ്രം കയർത്തന്നസമമായി-
ട്ടടുത്തു കന്നിയിൻ മുഖത്തടിപ്പിച്ചപ്പോൾ

സ്നേഹവാർത്ത പുകർത്തീ തൻ ദൂഷണങ്ങൾകക്കികഷ്ടൻ
മോഹിതമാം കന്നിമുഖം ച്ചോരയാൽ പൂശി.

ശീഘ്രമായി തടവിട്ടു പൂട്ടിയുള്ള വിലങ്ങതിൽ
ജാഗ്രതയാൽ ഭടന്മാരെ കാവലും വച്ചു.

കന്നി തന്റെ ഉള്ളകത്തിലുള്ള മോദം ദുഷ്ടർ കണ്ടു
വഹ്നിപോലെ ക്രോധഘോരം നിറഞ്ഞു വീണ്ടും

വീണ്ടും ദുഷ്ടമന്ത്രി തന്റെ മുൻപിലങ്ങുവരുത്തീട്ട്
കണ്ടകത്രീ മുതലായ ക്രൂര ചക്രത്താൽ

കന്നി തന്റെ ദേഹമൊക്കെ ചീന്തിയവർ പൊളിച്ചിട്ടു
ചിന്തി വീഴും ചോരകൊണ്ടു കുതിത്തു ഭൂമി

ക്രൂരനായ ദുഷ്ടപ്രൊബാ മതിയില്ലാതുള്ള ക്രോധാൽ
ക്രൂരതയാൽ മുറിവുകൾ ചുട്ട പന്തത്താൽ

1 ഒന്നുക—സമ്മതിക്കുക, (ഒന്നി—സമ്മതിച്ചു)

കഷ്ടമൊക്കെ സഹിക്കിലുമെപ്പഴും സന്തോഷഭാവം
ദുഷ്ടനിതു കണ്ടു വീണ്ടും കൂട്ടി കൃച്ഛ്റങ്ങൾ

വെള്ളിപോലെ വെളുത്തുള്ള കന്നിതന്റെ പല്ലുകളെ
വല്ലിയൊരു ചുററികയാൽ തല്ലി വീഴിച്ചു

പുണ്യകന്നികാലുകയ്യിൻ നഖങ്ങളെപറിപ്പിച്ചു
തണ്യവാൻ ലജ്ജയില്ലാതെ പിന്നെയുംക്രോധാൽ

മാതൃതന്റെമാറിൽനിന്നു പാൽകുടിച്ചതോർത്തീടാതെ
[illegible]നഹീനാൽ അറുപ്പിച്ചു തൻമുലകളെ

അക്ഷണേയാകന്നിജീവൻ പിരിഞ്ഞില്ലെന്നതുകണ്ടു
സൂക്ഷമിതുദൈവശക്തി എന്നുരപ്പിട്ടു.

ദുഷ്ടമന്ത്രിയിതുകണ്ടു ലജ്ജയിൽമുങ്ങിയെങ്കിലും
കഷ്ടതകൾ വീണ്ടുംകൂട്ടികാവലിൽവച്ചു.

കന്നിതന്റെ നൊമ്പരത്തിൻ ക്രൂരതൊന്നുംകാട്ടിടാതെ
ഉന്നതമാംദൈവനാമം സ്തുതിച്ചിടുന്നു

ചെന്നുടൻവിലങ്ങിടത്തിൽ പുക്കടനെസുഖമായി
മന്ദഹാസംപൂണ്ടുകന്നി ക്ഷതവുംമാഞ്ഞു

കണ്ടുടനെചെന്നവരുമറിയിച്ചു മന്ത്രിതന്നെ
വീണ്ടുവരുചൊല്ലികന്നി നാവിനാലിപ്പോൾ

ജോവ്മുതലായദേവർ കല്ലുമരംപിത്തളയും
ജീവനില്ലാതുള്ള ദുഷ്ടാരൂപിരൂപങ്ങൾ

എന്നുചൊല്ലിദുഷിക്കുന്നു നമ്മുടെ ഈശ്വരന്മാരെ
എന്നവരങ്ങറിവിച്ചാക്ഷണമേ ദുഷ്ടൻ

കന്നിതന്റെപുണ്യനാവു വേരിനോടെപറിപ്പാനായ്
പന്നിപോലെഎരിഞ്ഞവൻ തീർപ്പുകല്പിച്ചു

കേൾവിയുടൻകന്നിപൈതൽ ശ്രോത്രമതിലെത്തിയപ്പോൾ
നായകനെസ്തുതിച്ചവൾ പാടിനന്നായി

ദുഷ്ടരായകൊലയാളരോട്ടമായി അടുത്തുടൻ
കഷ്ടമയ്യോശിഷ്ടനാവും പിഴുതുവേരാൽ

ശുദ്ധവായിൽനിന്നുടനെ കൊച്ചോരാറെന്നതുപോലെ
രക്തധാരാപുറപ്പെട്ടു നനച്ചുസർവ്വം

ധൈര്യശോഭവിളങ്ങുന്ന കന്യപൈതൽ ദിവ്യറിവാൽ
വീര്യമായൊരൗഷധത്തെ തേടുവാൻതോന്നി

ച്ചേരെനിന്ന ക്രിസ്തിയാനി ചീറിലോസെന്നൊരുത്തനെ
ചാരയങ്ങുനയനത്താൻ വിളിച്ചുകാട്ടി

അല്പമായജലംതന്നെക്കുടിപ്പിപ്പാൻ കാട്ടീയവർ
സൽപുരുഷൻക്ഷണത്തോടെ കൊടുത്തുധൈര്യാൽ

കുടിച്ചുടൻ പുണ്യകന്നിസ്തുതിച്ചു; ഹീനനാവാലെ
കൊടുത്തുചീറിലൊാസിന്നും മരിപ്പാൻഭാഗ്യം

തൻെറയാത്ര സമീപമായെന്നറിഞ്ഞുപുത്രകന്നി
തൻകരങ്ങളുയർത്തികൊണ്ടണച്ചുസ്തോത്രം

പാപികൾക്കുരക്ഷചെയ്‌വാൻ നിന്നുനീ
പൂജിച്ചപോലെ

പാപിയാമെൻജീവപൂജ പൂർത്തിയാൽഏൽക

ഇക്കഠോരശിക്ഷയൊക്കെ സഹിച്ചിട്ടുംധൈര്യമോടെ
നാട്യഭാവംനടിക്കുന്ന കൈകളുംകാലും

ഖണ്ഡമായിമുറിച്ചുടൻ കാതലായശിരസ്സിനെ
ദണ്ഡമിനിവരുത്തായ്‌വാൻ ഖണ്ഡിക്കുവേഗം

ഇക്കഠോരവിധിയാലെ പുണ്യകന്നിജീവപൂജ
ഇഷ്ടമോടേനിറവേററി ദൈവസന്നിധേ

കന്നിപൈതൽമുന്നമായി കൊടുത്തെന്നവരത്താലെ
തന്നെവേറുപിരിയാതെ തൽക്ഷണംതന്നെ

പുണ്യനായചീറിലോസും തൻശിരസ്സുകനിച്ചുടൻ
പുണ്യഭാഗ്യമുടിനേടി വാളിനാലപ്പോൾ

തൻെറനാമാൽഅല്പംവെള്ളം കൊടുത്തോനാലവൻകൂടെ
തൻെറരാജ്യേഭാഗഹീനം ഭവിക്കുന്നില്ല

എന്നതൻെറ തിരുനാവാലരുളിയശ്ലുഭവാക്യം
ഇന്നുപുണ്യൻചീറിലോസിൽ കണ്ടുബോധിച്ചു.

പുണ്യകന്നിഅനസ്താസ്യാ തൻെറആത്മംക്ഷണംതന്നെ
പുണ്യശോഭനിറഞ്ഞുള്ള വിസ്മയത്താലേ

ദേഹസത്തുക്കളൊക്കയിക്രൂരശോകംഭവിച്ചപോൽ
ദേഹിശോഭകിരീടങ്ങൾ ചൂടിയാനന്ദാൽ

പുഷ്യരാഗം പഞ്ചരത്നം വൈരവൈഡൂര്യമാണിക്കം
പച്ചമരതകമാദിയലംകാരത്താൽ

സ്നേഹമേറുംമണവാളന് യേശുതൻെറമന്ദിരത്തിൽ
ദാഹമൊടെകുടിവച്ചു മണിയറയിൽ

അമ്മയായസോഫിയായും തൻെറപുത്രകന്നിദേഹം
ഒന്മയാലെയെടുപ്പിച്ചു സ്ഥാപകംചെയ്തു.

# ചാവറയച്ചന്റെ സാഹിത്യ കൃതികൾ

അനുപമവും ആധ്യാത്മിക ചൈതന്യം നിറഞ്ഞുതുളുമ്പുന്നവയുമായ കാവ്യകൃതികളുടെ ഒരു സമാഹാരമാണിത്. സാരാംശത്തിലും പ്രതിപാദനത്തിലും അനന്യലബ്ധമായ ആധ്യാത്മികത ഇതിൽ തെളിഞ്ഞു കാണുന്നുവെന്നു മാത്രമല്ല; രചയിതാവ് ജീവിച്ചിരുന്ന കാലത്തും ജീവിത ശേഷവും പുണ്യപരിമളംകൊണ്ടു കേരളക്കരയെ ധന്യമാക്കിയ പുണ്യപുരുഷനാണ് എന്നതും ശ്രദ്ധേയമായ കാര്യമാണ്. ആത്മാനുതാപം, മരണവീട്ടിൽ പാടുവാനുള്ള പാന, അനസ്താസിയാ എന്നീ കൃതികൾക്ക് നിരവധി പതിപ്പുകൾ ഇതിനോടകം ഉണ്ടായിട്ടുണ്ട്. എങ്കിലും ചാവറയച്ചന്റെ പദ്യകൃതികൾക്ക് ഒരു വിദഗ്ധസംഘം മേൽനോട്ടം വഹിച്ച് ഒരു സംശോധിത പതിപ്പ് തയ്യാറാക്കിയിട്ടുള്ളത് ആദ്യമായാണ്.

---

വിതരണം:

സാൻജോസ് ബുക്ക്സ്റ്റാൾ, മാന്നാനം
കോട്ടയം